വാല്യം 117

**മങ്കട ബ്ലോക്ക്**

(മലപ്പുറം ജില്ല)

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊളത്തൂർ
9. അങ്ങാടിപ്പുറം

## ജനകീയാസൂത്രണം

# കുറുവ ഗ്രാമ പഞ്ചായത്ത്



# സമഗ്ര വികസന രേഖ


കേരളം
കുറുവ
മലപ്പുറം

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# കുറുവ ഗ്രാമ പഞ്ചായത്ത്

# ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

# സമഗ്ര വികസന രേഖ



# ജനകീയാസൂത്രണം കുറുവ ഗ്രാമപഞ്ചായത്ത്
# സമഗ്ര വികസന രേഖ


## എഡിറ്റോറിയൽ ബോർഡ്

കെ.പി. കുഞ്ഞലവി മാസ്റ്റർ
കെ. മുഹമ്മദ് ഹനീഫ.
പി. അബൂബക്കർ
വി. അബ്ദുൽ നാസർ
കെ.കെ കോയിമർ മാസ്റ്റർ
പി. ഹംസ മാസ്റ്റർ
എ. അബ്ദുൽ കരീം
യു.എ. ജലീൽ
പി.പി. അബൂബക്കർ മാസ്റ്റർ
എം. അബ്ദുൽ മജീദ്
എം. ബഷീർ മാസ്റ്റർ
കെ. സുഹറാബി
ഇ.പി. ഗോപിനാഥൻ
പി. അഷ്റഫ്
പി. ഉണ്ണീൻ



*Design, Layout & Type Setting*
അക്ബർസാദിക്. കെ. എം. (ഡാറ്റാഫ്ളക്സ്, മഞ്ചേരി)
കവർ ഡിസൈൻ :
ZAINUDHEEN MADATHIL (ഡാററാഫളക്സ്)
പ്രിൻറിംഗ് :
മക്കരപ്പറമ്പ പ്രിൻറിംഗ് വർക്സ്, മക്കരപ്പറമ്പ.

## മൺമറഞ്ഞ പഞ്ചായത്ത് സാരഥികൾ



കൊളപ്പുറത്ത് കേശവൻ നായർ



പി.കെ. ബാപ്പുട്ടി സാഹിബ്



പി.കെ. കുഞ്ഞുസാഹിബ്



# സന്ദേശം

**K.P.A MAJEED**
(MANKADA)
KERALA LAGISLATIVE ASEMBLY
PADAPARAMBA
VATTALUR .P.O.
(Via) MAKKARAPARAMBA
PIN - 676507

PHONE : (Res) 04935-2060
04933-42350
THIRUVANANTHAPURAM
(RES) 0471-438749
M.L.A. HOSTEL 0471-443970/367

കുറുവ ഗ്രാമപഞ്ചായത്ത് ജനകീയ ആസൂത്രണത്തിൻെറ ഭാഗമായി ഒരു വികസന റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട് എന്ന റിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നു. വളരെ വിസ്തൃതവും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതുമായ ഈ പഞ്ചായത്തിൻെറ സർവ്വതോന്മുകമായ പുരോഗതിക്ക് ഈ വികസന റിപ്പോർട്ട് മാർഗ രേഖയാവട്ടെ എന്നാശംസിക്കുന്നു.

# സന്ദേശം



**പി.കെ. റായിൻ**

പ്രസിഡൻറ് മങ്കട ബ്ലോക്ക് പഞ്ചായത്ത്

പി.ഒ.രാമപുരം. 679 350

ഫോൺ: (04935) 2034

പന്തപ്പറമ്പ്

പി.ഒ.പാങ്ങ്

കൊളത്തത്തൂർ 679 328

ഫോൺ: (04933) 42326

കുറുവ ഗ്രാമപഞ്ചായത്ത് ഒരു വികസന റിപ്പോർട്ട് ഇറക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. പ്രസ്തുത റിപ്പോർട്ട് പഞ്ചായത്തിൻെറ വികസ പ്രക്രിയക്ക് ഒരു മാർഗ്ഗരേഖയായി തീരുമെന്നും വികസന പ്രവർത്തനത്തിന് ആക്കം കൂട്ടുമെന്നും പ്രതീക്ഷിക്കുന്നു.

എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

P. K. Rayin

## ഉള്ളടക്കം

1- ആമുഖം
2- പഞ്ചായത്ത് പൊതുവിവരണം
3- സാമൂഹിക-സാംസ്കാരിക ചരിത്രം
4- ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി
5- സാമൂഹിക-സാമ്പത്തിക മേഖലകൾ
5.1 കൃഷിയും ജലസേചനവും
5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
5.3 വ്യവസായം
5.4 വിദ്യാഭ്യാസം
5.5 കുടിവെള്ളവും പൊതുജനാരോഗ്യവും
5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും
5.8 സംസ്കാരം
5.9 വനിത
5.10 സഹകരണം
5.11 പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
5.12 വിഭവ സമാഹരണം
6. ഉപസംഹാരം

# കുറുവ ഗ്രാമ പഞ്ചായത്ത്
## ഭരണ സമിതി.



പി.സുബൈദ ടീച്ചർ (പ്രസിഡണ്ട്)



കെ.പി.കുഞ്ഞലവി മാസ്റ്റർ (വൈസ് പ്രസിഡണ്ട്)



പി.കെ. മുഹമ്മദ് എന്ന കുഞ്ഞാപ്പു
(ചെയർമാൻ,സ്റ്റാൻറിംഗ് കമ്മറ്റി)

1. കോപ്പിലാൻ സുഹറാബി (മെമ്പർ)
2. മുല്ലപ്പള്ളി യൂസഫ് (മെമ്പർ)
3. സി.പി. ഹംസ (മെമ്പർ)
4. കക്കേങ്ങൽ സുഹറ ടീച്ചർ (മെമ്പർ)
5. എം. സുബൈദ (മെമ്പർ)
6. പാറമ്മൽ കുഞ്ഞിമുഹമ്മദ് എന്നബാപ്പുക. (മെമ്പർ)
7. വി. അബ്ദുൽ നാസർ. (മെമ്പർ)
8. ടി. മൊഖാരി മാസ്റ്റർ. (മെമ്പർ)
9. മാമ്പറ്റക്കുഴി സക്കീന. (മെമ്പർ)
10. എം.പി.കോത (മെമ്പർ)

# 1




# ആമുഖം

കേരള ജനതക്ക് അവരുടെ ആവശ്യങ്ങൾ സ്വയം കണ്ടെത്തി അത് നേടിയെടുക്കുന്നതിനുള്ള അവസരം സ്വാതന്ത്ര്യത്തിൻെറ ഈ അൻപതാം പിറന്നാളാഘോഷ വേളയിലെങ്കിലും കൈവന്നതിൽ നമുക്കു ആഹ്ളാദിക്കാം . ജനങ്ങൾ അവരുടെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ വരുത്തിയ ഈ കാലതാമസം ക്ഷന്തവ്യമല്ലാത്ത വിധം സുദീർഘമായിരുന്നു എന്നതു വളരെ ഖേദകരമാണ്. ഇത് മൂലം ജനതയ്ക്ക് വന്ന നഷ്ടങ്ങളും ദുരന്തങ്ങളും ചിന്താവിഷയമാക്കേണ്ടതാണ്.

1947 ആഗസ്റ്റ് 15ന് വിദേശാധിപത്യത്തെ ചെറുത്തു തോൽപിച്ചിട്ടും ഇതുവരെയായി ഭരണരംഗത്തും വികസന രംഗത്തും ജനകീയ പുന:സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ നമുക്കായില്ല. ജനങ്ങളുടെ പ്രശ്നങ്ങൾ അവരുടെ അഭിപ്രായങ്ങൾക്ക് വിട്ടുകൊടുക്കാതെ, അഭിപ്രായം അറിയാതെ, അന്വേഷിക്കാതെ കൈകാര്യം ചെയ്യുന്നതിൻെറ ഫലമായി ഒന്നും തന്നെ ഉദ്ദേശ്യ ലക്ഷ്യത്തോടടുക്കുകയുണ്ടായില്ല. മാത്രമല്ല പരിസ്ഥിതി പ്രശ്നങ്ങൾ മൂലം മലിനീകരിക്കപ്പെട്ട പ്രാണവായു ഒഴികെ മറ്റെല്ലാ ആവശ്യങ്ങൾക്കും ഭരണകർത്താക്കളുടേയും ഉദ്യോഗസ്ഥരുടേയും മുൻപിൽ ഒച്ചാനിച്ചു നിൽക്കണ്ട ഗതികേടിലേക്ക് ജനങ്ങൾ എത്തിച്ചേർന്നു. ഇതിൻെറ ഫലമായി എല്ലാമെല്ലാം സർക്കാറുകൾ ചെയ്തുതരണമെന്ന ദിശയിലേക്ക് ജനങ്ങളുടെ മനോഭാവം എത്തിച്ചേർന്നു. സ്വന്തമായി എന്തെങ്കിലും ചെയ്യാനുള്ള അവസരം നഷ്ടമായ ജനങ്ങൾ ഇങ്ങനെ ചിന്തിച്ചതിൽ അത്ഭുതപ്പെടാനില്ല. ജനങ്ങളുടെ ഈ മനോഭാവം മുതലെടുത്തുകൊണ്ട് ഏതാനും പേർക്ക് സ്വന്തം സങ്കുചിത താൽപര്യങ്ങൾ സംരംക്ഷിക്കുന്ന തിനുവേണ്ടിയുള്ള ഒരായുധമായി 'അധികാരം' മാറുകയും അതു നിലനിർത്താനും തിരിച്ചു

പിടിക്കാനും മാത്രമായുള്ള ഒരു മത്സരവേദിയായി തരം താഴ്ത്തുകയും ചെയ്തു നമ്മുടെ ജനാധിപത്യം.

നമുക്കു സംഭവിച്ച ഈ അപചയത്തിനൊരു മാറ്റം വരുത്തുന്നതിനും രാഷ്ട്രപിതാവു മഹാത്മജിയുടെ സ്വപ്നമായ 'ഗ്രാമസ്വരാജ്' യാഥാർത്ഥ്യമാകുന്നതിനുള്ള ഒരു വിപ്ലവകരമായ കാൽവെപ്പാണ് ഈ ജനകീയാസൂത്രണ പ്രസ്ഥാനം. ഇത്തരമൊരു കുതിച്ചു ചാട്ടത്തിനു ഭരണഘടനയുടെ പിൻബലത്തോടെയുള്ള ഒരു സാഹചര്യമൊരുക്കി തന്നെ പഞ്ചായത്തീരാജ്-നഗരപാലിക ഭരണ ഘടനാഭേദഗതി നിയമങ്ങളുടെ ശിൽപി അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി യശ:ശരീരനായ ശ്രീ രാജീവ് ഗാന്ധിയെ നമുക്കു ആദരപൂർവ്വം അനുസ്മരിക്കാം.

9-ാം പഞ്ച വത്സര പദ്ധതി പ്രകാരം പഞ്ചായത്തിൽ നീക്കിവെച്ചിട്ടുള്ള 40%വും സ്റ്റേറ്റ് ഗവൺമെൻറിൻെറ 60%വും തുകയിലെ പദ്ധതികളും, കേന്ദ്ര വിഹിതം ഉപാധിരഹിതഫണ്ട്, നികുതി വരുമാനം എന്നിവയും സാമ്പത്തിക ഏജൻസികളിൽ നിന്നുള്ള വിഹിതവും ജനകീയാസൂത്രണം മൂലം സംജാതമാകുന്ന ജനപങ്കളിത്തം വഴി ലഭ്യമാകുന്ന പണം കായിക ശക്തി, ബുദ്ധിപരമായ സംഭാവനകൾ എന്നിവയും സ്വരൂപിച്ച് തട്ടിപ്പിനും വെട്ടിപ്പിനും തടയിട്ടു. നേട്ടകോട്ടങ്ങൾ വിലയിരുത്തി ഈ പ്രസ്ഥാനവുമായി മുന്നോട്ടുപോയാൽ ഉദ്ദേശിച്ചതിനേക്കാൾ കൂടുതൽ ഫലം സിദ്ധിക്കുമെന്നുറപ്പാണ്.

# 2 പഞ്ചായത്തു പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | കുറുവ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | കുറുവ, കോടൂർ(പഴമള്ളൂർ) |
| ബ്ലോക്കു പഞ്ചായത്ത് | മങ്കട |
| താലൂക്ക് | പെരിന്തൽമണ്ണ |
| അസംബ്ലി മണ്ഡലം | മങ്കട |
| വിസ്തീർണ്ണം | 35.765 ചതുരശ്ര കി. മി. |
| അതിരുകൾ | വടക്ക് കുട്ടിലങ്ങാടി പഞ്ചായത്ത്, കോഡൂർ പഞ്ചായത്ത്, കിഴക്ക് മക്കരപ്പറമ്പ്, മൂർക്കനാട് പഞ്ചായത്ത്, തെക്ക് എടയൂർപഞ്ചായത്ത്. മാറാക്കര പഞ്ചായത്ത്. പടിഞ്ഞാറ് കോടൂർ പഞ്ചായത്ത് പൊൻമള പഞ്ചായത്ത്. |
| ജനസംഖ്യ | 33711 |
| പുരുഷൻ | 16565 |
| സ്ത്രീകൾ | 17146 |
| ജനസാന്ദ്രത | 943 |
| വാർഡുകൾ | 13 |
| പ്രസിഡണ്ട് | പി. സുബൈദ ടീച്ചർ |
| വൈസ് പ്രസിഡണ്ട് | കെ. പി. കുഞ്ഞലവി മാസ്റ്റർ |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | പി. കെ. മുഹമ്മദ് എന്ന കുഞ്ഞാപ്പു. |

3




# സാമൂഹിക സാംസ്കാരിക ചരിത്രം.

കുറുവ പഞ്ചായത്ത് പഴയ വള്ളുവനാട് രാജ്യത്തിൻെറ ഭാഗമായിരുന്നു. ഈ പ്രദേശം ഭരിച്ചിരുന്ന രാജകുടുംബത്തിൻെറ ആസ്ഥാനകേന്ദ്രമായിരുന്ന 'കുറുവ' കോവിലകം എന്ന നാമത്തിൽ നിന്നാണ് ഈ പഞ്ചായത്തിന് കുറുവ എന്ന പേര് ലഭിച്ചത്.

വളുവനാട് രാജാക്കൻമാരുടെ(വള്ളുവകോനാതിരി) ആയിരംകോൽതട്ടകത്തിൽ ഉൾപെട്ട കുറുവ ഗ്രാമ പഞ്ചായത്തിന് തിരുന്നാവായിൽ വെച്ച് നടത്തിയിരുന്ന മാമാങ്കവുമായി ബന്ധപ്പെട്ട ഒരു ചരിത്ര പശ്ചാതലമുണ്ട്. മാമാങ്കത്തിൽ മേൽക്കോയ്മ തീരുമാനിക്കാനുള്ള വള്ളുവനാട് രാജാക്കൻമാരുടെ ചാവേർപട ചന്ദ്രോത്ത് എന്ന ചന്ദ്രാട്ടിൽ (ചന്ത്രത്തിൽ) പണിക്കൻമാരുടെ നേതൃത്വത്തിൽ മദ്ധ്യത്തിലുള്ള പടപ്പറമ്പ് എന്ന കുന്നിൻപുറത്തു ഒത്തു കൂടി അവിടെ നിന്നായിരുന്നു തിരുന്നാവായിലേക്ക് മാർച്ച് നടത്തിയിരുന്നത്. വള്ളുവനാട് രാജാവും സാമൂതിരി രാജാവും തമ്മിൽ പടപ്പറമ്പ് സ്ഥലത്തു വെച്ച് ഒരു യുദ്ധം നടന്നതു കൊണ്ടാണ് പ്രസ്തുത സ്ഥലത്തിന് പടപ്പറമ്പ് എന്ന പേര് ലഭിച്ചത്. വള്ളുവനാട് രാജാക്കൻമാരുടെ ചാവേർപടയുടെ നായകൻമാരായിരുന്ന ചന്ത്രത്തിൽ പണിക്കൻമാരുടെ കളരി ഇന്നും ഈ പഞ്ചായത്തിലുണ്ട്. വള്ളുവനാട് വല്ലഭ വലിയരാജാ പൊന്നുള്ളി തമ്പുരാൻ താമസിച്ചിരുന്നത് ഈ പഞ്ചായത്തിലായിരുന്നു. പഞ്ചായത്തിൻെറ പ്രഥമ പ്രസിഡണ്ടായിരുന്ന കൊളപ്പുറത്ത് കേശവൻ നായർ പൊന്നുള്ളി തമ്പുരാൻെറ രണ്ടാമത്തെ

മകനാണ്. ഇന്ത്യയുടെ പ്രഥമ രാഷ്ട്രപതി ഡോ. ബാബു രാജേന്ദ്ര പ്രസാദിൽ നിന്നും യോഗാഭ്യാസ പ്രദർശനം നടത്തി അവാർഡ് നേടിയ കൊളപ്പുറത്ത് പത്മനാഭൻ നായർ 'പൊന്നുണ്ണി' തമ്പുരാന്റെ മൂത്ത മകനാണ് ''ഹിസ് ഹോളിനസ് റവറന്റ് യോഗി പത്മ നാഭൻ'' എന്ന ബഹുമതിയും രാഷ്ട്രപതി അദ്ദേഹത്തിനു നൽകുകയുണ്ടായി.

ടിപ്പുസുൽത്താന്റെ പടയോട്ടകാലത്ത് സുൽത്താന്റെ സൈന്യങ്ങൾ ഈ പഞ്ചായത്തിന്റെ മധ്യത്തിലൂടെയായിരുന്നു നീങ്ങിയിരുന്നത്. പൊൻമള പഞ്ചായത്തിലെ ആക്കപറമ്പ് റോഡും കുറുവ പഞ്ചായത്തിലൂടെയുള്ള മലപ്പുറം കുളത്തൂർ റോഡും പടപ്പറമ്പ് പുഴക്കാട്ടിരി റോഡും ടിപ്പുസുൽത്താന്റെ പടയോട്ടകാലത്ത് നിർമ്മിച്ചതാണെന്ന് പറയപ്പെടുന്നു. ഈ പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തുള്ള കുന്നിൻ പുറത്ത് ടിപ്പുസുൽത്താൻ നിർമ്മിച്ച കോട്ടയുടെ അവശിഷ്ടം ഇന്നും കാണാം. പ്രസ്തുത പ്രദേശത്തെ 'പാലൂർ കോട്ട' എന്ന് വിളിക്കുന്നു.

ഈ പഞ്ചായത്തിലെ കരിഞ്ചാപ്പാടി ദേശം ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസ പരമായും സാംസ്കാരിക പരമായും വളരെ മുമ്പു മുതലേ മുൻപന്തിയിലാണ്. പ്രമുഖ സ്വാതന്ത്ര്യ സമര സേനാനിയും പ്രഗൽഭ പണ്ഡിതനും ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നായകനും ഡിസ്ട്രിക്ക് ബോർഡ് മെമ്പറുമായിരുന്ന കട്ടിലശ്ശേരി മുഹമ്മത് മുസ്ല്യാർ ഈ പ്രദേശത്തുകാരനാണ്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളാണ് ഈ പ്രദേശത്തെ വിദ്യഭ്യാസ - സാംസ്കാരിക രംഗങ്ങളിലെ വളർച്ചക്ക് കാരണമായത്. ഉന്നതമായ സർക്കാർ ജോലിയിൽ നിന്നും വിരമിച്ച് വിശ്രമ ജിവിതം നയിക്കുന്ന കരുവള്ളി മുഹമ്മത് മൗലവി കരിഞ്ചാപ്പാടി സ്വദേശിയാണ്. കേരളത്തിൽ പരക്കെ അറിയപ്പെടുന്ന മൗലവി സാഹിബ് ഉന്നത പണ്ഡിതനും ഉജ്ജ്വല വാഗ്മിയുമാണ്. വിദ്യഭ്യാസ സാംസ്കാരിക രംഗങ്ങളിൽ അദ്ദേഹത്തിന്റെ അതുല്യ സേവനം ഇന്നും ലഭിച്ചുകൊണ്ടിരിക്കുന്നു.

ഗുരുവായൂർ സത്യാഗ്രഹത്തിൽ കേളപ്പജിയുമൊന്നിച്ച് പങ്കെടുത്തിട്ടുള്ള പ്രമുഖ സ്വാതന്ത്ര്യ സമര സേനാനിയായ പി.എൻ.കെ.പണിക്കർ കുറുവ പഞ്ചായത്തിലെ പാങ്ങ് സ്വദേശിയാണ്. അദ്ദേഹമാണ് പാങ്ങ് അംശത്തിൽ ആദ്യമായി ഒരു വിദ്യാലയം സ്ഥാപിച്ചത്. പാങ്ങ് സർവ്വീസ് സഹകരണ ബാങ്കിന്റെ സ്ഥാപകനും അദ്ദേഹമാണ്.

സ്വാതന്ത്ര്യസമര സേനാനികളായ പി.എസ്.നായരും, എൻ.താവുണ്ണി വൈദ്യരും കുറുവ സ്വദേശികളാണ്. മതസൗഹാർദ്ധത്തിനും സഹവർത്തിത്വത്തിനും പണ്ടു മുതലേ ഇവിടം പേരു കേട്ടതാണ്. 1921ലെ ഖിലാഫത്ത് പ്രസ്ഥാനം കൊടുമ്പിരികൊണ്ട സമയത്ത് ഈ പഞ്ചായത്തിലെ പഴമള്ളൂർ പോലുള്ള പ്രദേശങ്ങളിൽ പല ഹിന്ദു വീടുകൾക്കും മുസൽമാൻമാർ കാവൽ നിന്നിരുന്നു.

ഉജ്ജ്വല വാഗ്മിയും, വികസന പ്രവർത്തനങ്ങൾ വഴി മങ്കട മണ്ഡലത്തിന്റെ മുഖച്ഛായ മാറ്റിയ വ്യക്തിയും, ഐക്യ ജനാധിപത്യമുന്നണി ഗവർമെണ്ടിന്റെ ചീഫ് വിപ്പുമായ സ്ഥലം എം.എൽ.എ. കെ.പി.എ.മജീദ് സാഹിബ് ഈ പഞ്ചായത്തിന്റെ സന്തതിയാണ്.

സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ എന്ന പ്രമുഖ സംഘടനയുടെ സ്ഥാപകരിൽ പ്രധാനിയും, മദ്രസ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച വ്യക്തിയും,മദ്രസ പാഠ്യ പദ്ധതി ആദ്യമായി തയ്യാറാക്കിയ വ്യക്തിയുമായ മൗലാന പാങ്ങിൽ അഹമ്മദ് കുട്ടിമുസ്ല്യാർ ഈ പ്രദേശത്തുകാരനാണ്. ആധികാരിക ഗ്രന്ഥങ്ങളുടെ കർത്താവുമാണദ്ദേഹം.

പാലക്കാട് ജില്ലയിൽ ആദ്യമായി രൂപം കൊണ്ട പഞ്ചായത്തുകളിലൊന്നാണിത്. 1954ൽ പഞ്ചായത്ത് രൂപംകൊള്ളുമ്പോൾ ഇതിന്റെ വിസ്തീർണ്ണം 1059.395 ഹെക്ടർ മാത്രമായിരുന്നു. കൊളപ്പുറത്ത് കേശവൻ നായർ പ്രസിഡണ്ടും പി.വി.മുഹമ്മത് എന്ന മാനുഹാജി വൈസ് പ്രസിഡണ്ടുമായ ഭരണ സമിതിയാണ് ആദ്യമായി അധികാരമേറ്റത്.

നോമിനേറ്റ് ചെയ്യപ്പെട്ട പ്രസ്തുത ബോർഡിലെ ഇതര അംഗങ്ങൾ

1.ഉപ്പുടൻ ഹുസ്സൻ, 2.കുറുവ നാരായണൻ നമ്പൂതിരി, 3.എൻ.താവുണ്ണി വൈദ്യർ, 4.മച്ചിങ്ങൽ മുഹമ്മത് എന്ന ബാപ്പു, 5.കെ.പി.ബാലകൃഷ്ണ പണിക്കർ, 6.വി.പി.കാസിം എന്ന ബാപ്പുക്ക എന്നിവരായിരുന്നു. വറ്റല്ലൂരിയായിരുന്നു അന്ന് പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്നത്. പ്രസ്തുത ബോർഡിന്റെ കാലത്തുണ്ടായ നേട്ടങ്ങളിൽ പ്രധാനമായത് ചെറുകുളമ്പ്-കീരൻകുണ്ട് റോഡ് നിർമ്മാണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, കമ്മ്യൂണിറ്റി ഹാളിന്റെ മുറ്റത്തു നിർമ്മിച്ച കുഴൽ കിണർ എന്നിവയാണ്. മലപ്പുറം ആസ്ഥാനത്തുപോലും വൈദ്യുതി എത്തുന്നതിനു മുമ്പായി ഈ പ്രദേശത്ത് വൈദ്യുതി എത്തിയത് പറയത്തക്ക ഒരു നേട്ടമാണ്.

വില്ലേജ് പുനർ നിർണ്ണയത്തെ തുടർന്ന് പാങ്ങ് അംശം (വിസ്തീർണ്ണം 1993.421 ഹെക്ടർ) കുറുവ പഞ്ചായത്തിന്റെ ഭാഗമായി മാറി. വിസ്തീർണ്ണം കൊണ്ടും ജന സംഖ്യകൊണ്ടും ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾകൊണ്ടും പാങ്ങിന് മാത്രമായി ഒരു പഞ്ചായത്ത് വേണമെന്ന ശക്തമായ ആവശ്യം വിവിധ ഭാഗങ്ങളിൽ നിന്നു ഉയർന്നു വന്നിട്ടുണ്ട്. ശ്രീ.എ.കെ.ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവർമെണ്ട് കുറുവ പഞ്ചായത്തിനെ വിഭജിച്ച് പാങ്ങ് പഞ്ചായത്തെന്നും കുറുവ പഞ്ചായത്തെന്നും രണ്ടു

പഞ്ചായത്തുകളാക്കാൻ ഉത്തരവിറക്കിയെങ്കിലും നിയമപരമായ പ്രശ്നങ്ങൾ കാരണം അത് നടപ്പിലാക്കാൻ കഴിഞ്ഞില്ല.

1960നു ശേഷം നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിൽ പി.കെ.ബാപ്പുട്ടി സാഹിബ് പ്രസിഡണ്ടും പി.പി.മൂസ്സകുട്ടി വൈസ് പ്രസിഡണ്ടുമായ ഭരണ സമിതി നിലവിൽ വന്നു. പ്രസ്തുത പഞ്ചായത്ത് ബോർഡിലെ മറ്റു അംഗങ്ങൾ 1.കെ.കുഞ്ഞിൻ എന്ന കുഞ്ഞു ഹാജി, 2.പി.കെ.അഹമ്മദ് കുട്ടി ഹാജി, 3.സ്കൂൾപറമ്പിൽ ചങ്ങൻ, 4.എൻ.തങ്കം, 5.മുല്ലപ്പള്ളി കുഞ്ഞഹമ്മതാജി, 6.മഠത്തിൽ അബദുല്ല കുട്ടി മുസ്ല്യാർ, 7.കെ.വി.കെ.ഇമ്പിച്ചി കോയ തങ്ങൾ എന്നിവരായിരുന്നു.

പ്രസ്തുത പഞ്ചായത്ത് ബോർഡിൻെറ പ്രധാന നേട്ടങ്ങൾ കുറുവ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണവും പാങ്ങ്-എടയൂർ റോഡിൽ ചേണ്ടി ഭാഗത്ത് ഒരു ക്രോസ് ബാർ കം ബ്രിഡ്ജ് നിർമ്മിച്ചതുമാണ്. എന്നാൽ ആരോഗ്യ രംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ പ്രസ്തുത ബോർഡിനു കഴിഞ്ഞിട്ടുണ്ട്. നാലു ഭാഗവും കുന്നുകളാൽ ചുറ്റപ്പെട്ട് യാതൊരു വിധ ഗതാഗത സൗകര്യവുമില്ലാതെ കിടന്നിരുന്ന പാങ്ങ് അംശത്തിൽ ഒരു ഗവർമെൻറ് ഡിസ്പെൻസറി ആരംഭിക്കാൻ കഴിഞ്ഞത് പഞ്ചായത്ത് പ്രസിഡണ്ട് ബാപ്പുട്ടി സാഹിബിൻെറ നിരന്തര പരിശ്രമ ഫലമായാണ്. അതുകൊണ്ട് തന്നെയാണ് പിൽകാലത്ത് ജനപങ്കാളിത്തത്തോടെ പ്രസ്തുത ആശുപത്രിക്ക് വേണ്ടി പുതുയ കെട്ടിടം നിർമ്മിച്ചപ്പോൾ അതിന് ബാപ്പുട്ടി സ്മാരക മന്ദിരം എന്നു പേരിട്ടത്. മലപ്പുറം ജില്ല എന്ന ആശയം ആദ്യമായി മുന്നോട്ടു വച്ചതും ബാപ്പുട്ടി സാഹിബായിരുന്നു.

ബാപ്പുട്ടി സാഹിബിൻെറ മരണ ശേഷം വൈസ് പ്രസിഡണ്ട് പി.പി.മൂസ്സകുട്ടി പ്രസിഡണ്ടും പി.കെ.അഹമ്മതു കുട്ടി ഹാജി വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. പ്രസ്തുത ബോർഡിൻെറ കാലത്താണ് പാങ്ങിലേക്ക് ഒരു ഹൈസ്കൂൾ അനുവദിച്ച് കിട്ടിയത്. പഞ്ചായത്തു സമിതികളുടെ കാലാവധി നിരന്തരമായി നീട്ടികൊടുക്കുക കാരണം ഈ പഞ്ചായത്തു സമിതിക്കു വളരെകാലം തുടരാൻ സാധിച്ചു.

1970ൽ അതുവരെ കോഡൂർ പഞ്ചായത്തിൻെറ ഭാഗമായിരുന്ന പഴമള്ളൂർ ദേശം കുറുവ പഞ്ചായത്തിൻെറ ഭാഗമായി മാറി. ഇതിനിടക്ക് പഞ്ചായത്ത് ആസ്ഥാനം വറ്റലൂരിൽനിന്ന് പടപറമ്പിലേക്ക് മാറ്റുകയുണ്ടായി.

പിന്നീടു നടന്ന തെരഞ്ഞെടുപ്പിൽ പി.കെ.കുഞ്ഞു. പ്രസിഡണ്ടും എം.നാരായണൻ നായർ വൈസ് പ്രസിഡണ്ടുമായി ഭരണ സമിതി നിലവിൽ വന്നു. ബോർഡിലെ മറ്റു മെമ്പർമാർ 1.മുല്ലപള്ളി ഹംസ ഹാജി, 2.വലിയകത്ത് അഹമ്മത്, 3.പി.വി.അബ്ദുൽ അസീസ്, 4.തോട്ടോളി അബ്ദുൽ കരീം, 5.ഡോ.സുബൈദ, 6.കെ.പി.എ.മജീദ്, 7.വി.പി.ശങ്കരൻ എന്നിവരായിരുന്നു.

ഈ പഞ്ചായത്ത് ബോർഡിൻെറ ഭരണ കാലത്താണ് കൂട്ടിലങ്ങാടി-കാടാമ്പുഴ റോഡിൻെറ ടാറിടൽ പൂർത്തീകരിക്കാൻ കഴിഞ്ഞത്.

പിന്നെ നടന്ന തെരഞ്ഞെടുപ്പിലും പി.കെ.കുഞ്ഞു പ്രസിഡണ്ടായി ഭരണസമിതി നിലവിൽ വന്നു. കെ.വി.എസ്.തങ്ങളായിരുന്നു വൈസ് പ്രസിഡണ്ട്. ബോർഡിലെ മറ്റു മെമ്പർമാർ 1.എം.അലവിക്കുട്ടിമാസ്റ്റർ, 2.മുല്ലപ്പള്ളി ഹംസ ഹാജി, 3.എ.ചാത്തപ്പൻ, 4.മേലേതിൽ മുഹമ്മതാജി, 5.പാറമ്മൽ കുഞ്ഞി മുഹമ്മത് എന്ന ബാപ്പുക്ക, 6.പൂഴിത്തറ മുഹമ്മത് കുട്ടി ഹാജി, 7.കെ.പി.കുഞ്ഞലവി മാസ്റ്റർ, 8. പി.കെ.ആമിന, 9.മുണ്ടാണിക്കാട് സൈനബ എന്നിവരായിരുന്നു. പിന്നീട് കുഞ്ഞു സാഹിബിൻെറ മരണ ശേഷം കെ.വി.എസ്.തങ്ങൾ പ്രസിഡണ്ടായും കെ.പി.കുഞ്ഞലവി മാസ്റ്റർ വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു.

ഈ ബോർഡിൻെറ ശ്രമഫലമായി പാങ്ങ് ഗവർമെൻറ് ഡിസ്പെൻസറി കെട്ടിടം ജനപങ്കാളിത്തത്തോടെ നിർമ്മിക്കാൻ സാധിച്ചു, കൂടാതെ നിരവധി റോഡുകളും കുഴൽ കിണറുകളും നിർമ്മിച്ചു എന്നതും ശ്രദ്ധേയമായ നേട്ടമാണ്.

ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി 1996 സെപ്തംബറിൽ പി.സുബൈദ ടീച്ചറുടെ നേതൃത്വത്തിൽ അധികാരമേറ്റു. കെ.പി.കുഞ്ഞലവി മാസ്റ്റർ വൈസ് പ്രസിഡൻറ്, പി.കെ.മുഹമ്മതെന്ന കുഞ്ഞാപ്പു സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനുമാണ്. 1.കെ.സുഹറാബി, 2.മുല്ലപ്പള്ളി യൂസുഫ്, 3.സി.പി.ഹംസ, 4.കക്കേങ്ങൽ സുഹറ ടീച്ചർ, 5.എം.സുബൈദ, 6.പാറമ്മൽ കുഞ്ഞി മുഹമ്മദ് എന്ന ബാപ്പുക്ക, 7.വി.അബ്ദുൽനാസർ, 8.ടി.ബുഖാരി മാസ്റ്റർ, 9.എം.സക്കീന, 10.എം.പി.കോത എന്നിവരാണ് മറ്റംഗങ്ങൾ.

### സേവന രംഗം

സേവനരംഗത്ത് അൽഭുതകരമായ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും അതു വഴി ജനങ്ങളുടെ ശ്രദ്ധ നാടിൻെറ പുനർ നിർമ്മാണത്തിലേക്ക് തിരിച്ചു വിടുവാനും പഞ്ചായത്തു പ്രസിഡൻറുമാരായിരുന്ന പി.കെ.ബാപ്പുട്ടി സാഹിബിനും കുഞ്ഞു സാഹിബിനും കഴിഞ്ഞു എന്നത് സ്മരിക്കപ്പെടേണ്ട വസ്തുതയാണ്.

ആദ്യമായി നടന്ന ഒരു പ്രധാനപ്പെട്ട ഒരു ശ്രമദാന

പ്രവർത്തനം ചേണ്ടി മുതൽ കോടാംകുളങ്ങരവരെ രണ്ടര കിലോമീറ്റർ നീളത്തിലും 8 മീറ്റർ വീതിയിലുമുള്ള റോഡ് നിർമ്മാണമാണ്. പ്രസ്തുത റോഡ് നിർമ്മാണ കമ്മറ്റിയുടെ പ്രസിഡൻറ് ബാപ്പുട്ടി സാഹിബും സെക്രട്ടറി കെ.കെ.കോയിമർ മാസ്റ്ററും ഖജാൻജി കുഞ്ഞുഹാജിയുമായിരുന്നു. പൂർണ്ണമായും ജന പങ്കാളിത്തത്തോടെ നിർമ്മിച്ച ഈ റോഡാണ് പാങ്ങിൻെറ മുഖഛായ മാറ്റി ഇന്നത്തെ നിലയിൽ എത്തിച്ചത്.

ജനപങ്കാളിത്തത്തോടെ നടത്തപ്പെട്ട മറ്റൊരു പ്രധാന പ്രവർത്തനം പാങ്ങ് ഗവർമെൻറ് ഹൈസ്കൂളിനാവശ്യമായ സ്ഥലവും കെട്ടിടവും നിർമ്മിച്ചു നൽകിയതാണ്.അന്നു പഞ്ചായത്തു പ്രസിഡണ്ടായിരുന്ന പി.പി.മൂസ്സകുട്ടിയുടെ സേവനവും സഹായവും ഈ പ്രവർത്തനത്തിനുണ്ടായിരുന്നു. സ്കൂൾ നിർമ്മാണത്തിന് വി.ടി.കുട്ടിരാമൻ നായർ പ്രസിഡണ്ടും കെ.കെ.കോയിമർ മാസ്റ്റർ സെക്രട്ടറിയും പി.കെ. കുമാരനെഴുത്തച്ചൻ മാസ്റ്റർ ഖജാൻജിയുമായി ഒരു കമ്മറ്റി രൂപീകരിക്കുകയും ആ കമ്മറ്റിയുടെ ശ്രമഫലമായി ഇന്ന് ഹൈസ്കൂൾനിൽക്കുന്ന സ്ഥലത്തിൽ ഏതാനും ഭാഗം വിലകൊടുത്തും ശേഷിച്ച ഭാഗം പി.കുമാരനെഴുത്തച്ചൻ മാസ്റ്റർ, കമ്മറ്റി അംഗങ്ങളായിരുന്ന കൊച്ചുണ്ണി മാസ്റ്റർ, കെ.എം.ഗംഗാധരൻ എന്നിവർ സൗജന്യമായി നൽകുകയും ചെയ്തു. ആറു ക്ലാസ്സ് മുറികളോടു കൂടിയ ഒരു കെട്ടിടം നിർമ്മിച്ച് ഗവർമെൻറിലേക്കു നൽകുകയും ചെയ്തു. പ്രസ്തുത ഗവർമെൻറ് ഹൈസ്കൂളിൻെറ ഉൽഘാടന കർമ്മം നിർവഹിച്ചത് കരുവള്ളി മുഹമ്മത് മൗലവിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ച് അന്നത്തെ ഉത്തര മേഖല വിദ്യാഭ്യാസ ഡെപ്പ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ.ചിത്തരൻ നമ്പൂതിരിപ്പാടാണ്. അന്ന് യാതൊരു ഔദ്യോഗിക പദവികളും ഇല്ലാതിരുന്ന ശ്രീ.കുഞ്ഞുസാഹിബിൻെറ നേതൃത്വത്തിലായിരുന്നു ആശുപത്രി നിർമ്മാണം നടന്നത്.

മറ്റൊരു പ്രവർത്തനം പാങ്ങ് ഗവർമെൻറ് ഡിസ്പെൻസറിക്ക് ഒരേക്കർ സ്ഥലം വിലക്കു വാങ്ങി ബിൽഡിംഗ് നിർമ്മിച്ചു നൽകി എന്നുള്ളതാണ്. ഇതിനായി പി.കെ.കുഞ്ഞുസാഹിബ് പ്രസിഡണ്ടും, കെ.കെ.കോയിമർ മാസ്റ്റർ സെക്രട്ടറിയായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. കെ.കെ.കോയിമർ മാസ്റ്റർ സെക്രട്ടറി പദം രാജിവെച്ചതിനെ തുടർന്ന് സി.കെ.ഗോവിന്ദനുണ്ണി മാസ്റ്റർ സെക്രട്ടറിയായി പ്രസ്തുത ആശുപത്രി നിർമ്മാണം പൂർത്തീകരിച്ചു.

മറ്റൊരു പ്രധാന പൊതു ജന സംരംഭം പാങ്ങ് ഗവർമെൻറ് ഡിസ്പെസറിയിൽ പുരുഷൻമാരെ കിടത്തി ചികിൽസിപ്പിക്കാൻ 10കിടക്കകളുള്ള കെട്ടിടത്തിൻെറ നിർമ്മാണമായിരുന്നു. പ്രസ്തുത കമ്മറ്റിയുടെ പ്രസിഡണ്ട് ഇന്നത്തെ മങ്കട ബ്ലോക്ക് പ്രസിഡണ്ട് പി.കെ.രായിനും, സെക്രട്ടറി കെ.പി.അബ്ദുൽ റഹിമാൻ മാസ്റ്ററുമായിരുന്നു. ആയതിൻെറ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ആവശ്യമായ സ്റ്റാഫിനെ നിയമിക്കാത്തതു കാരണം ജനങ്ങൾക്കു ഇതുവരെ അതിൻെറ പ്രയോജനം ലഭിച്ചിട്ടില്ല. ഇത്തരം വളരെയധികം സേവന പ്രവർത്തനം പഞ്ചായത്തിൻെറ പലഭാഗത്തും നടത്തപ്പെടുകയുണ്ടായി.

ഇതെല്ലാം ജനപങ്കാളിത്തത്തോടെ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി പഞ്ചായത്തിൽ നടപ്പിലാക്കാമെന്നുള്ളതിന് ഏതാനും ഉദാഹരണങ്ങൾമാത്രം.



4




# ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

1954ൽ പാലക്കാട് ജില്ലയിൽ ആദ്യമായി രൂപീകരിക്കപ്പെട്ട പഞ്ചായത്താണ് കുറുവ. വള്ളുവനാട് രാജാവിൻെറ ആയിരം കോൽതട്ടകത്തിൽ പെട്ടതായിരുന്നു കുറുവ. ചെണ്ണാഴി മൂസക്. എടപ്പള്ളി വലിയ രാജ. കോട്ടക്കൽ കിഴക്കേ കോവിലകം സാമൂതിരി രാജ. ചെങ്ങോട്ടൂരിലെ പുല്ലാനിക്കാട് മന. അവത്തിക്കാട്ട് മന. പൊൻമള ദേവസ്വം. കരിപ്പോട് മൂസ്സത്, നേമത്ത് മൂസ്സത്. തറക്കൽ വാരിയും, അപ്പൻ കളം തുടങ്ങിയ ഏതാനും ജന്മിമാരുടെ വകയായിരുന്നു ഇത്. ഇവിടുത്തെ നാട്ടുരാജാവായിരുന്ന കവിയൂർ മൂസ്സതിനെ പടപ്പറമ്പിൽ വെച്ച് നടന്ന യുദ്ധത്തിൽ സാമൂതിരിയുടെ സേനാനായകനായ മുനൽപാട് തോൽപ്പിക്കുകയും അങ്ങനെ ആ പ്രദേശം സാമൂതിരി രാജാവിൻെറ അധീനതയിൽ വരികയും ചെയ്തു. പടപ്പറമ്പിൽ മൂടപ്പെട്ട ഒരു കിണർ ആ യുദ്ധം കഴിഞ്ഞ് അവിടുത്തെ അവശിഷ്ടങ്ങൾ ഇട്ടുമൂടിയതാണെന്നു പറയപ്പെടുന്നുണ്ട്.

## ഭൂപ്രകൃതി

മലപ്പുറം ജില്ലയിലെ മറ്റു പഞ്ചായത്ത്കളെ അപേക്ഷിച്ചു വളരെ സങ്കീർണ്ണമായ ഭൂപ്രകൃതിയാണ് ഇതിനുള്ളത്. പച്ചപിടിച്ചു നിൽക്കുന്ന കുന്നുകളും, മലകളും, ചെരുവുകളും, താഴ്വാരകളും, സമതലങ്ങളും, പുഴകളും, തോടുകളും പഞ്ചായത്തിൻെറ ഭൂമി ശാസ്ത്ര പരമായ പ്രത്യേകതകളാവുന്നു. കുറുവ അംശത്തിലെ കുറുവ. വറ്റലൂർ. അയിനിക്കാട്, കരിഞ്ചാപ്പാടി, പാങ്ങ് ദേശങ്ങളും കോഡൂരംശത്തിലെ പളമള്ളൂർ ദേശവും അടങ്ങിയതാണ് ഈ പഞ്ചായത്ത് ഇതിൻെറ വടക്കു

ഭാഗത്ത് പശ്ചിമ ഘട്ടത്തിൽ നിന്നു ഉത്ഭവിച്ച് കടലുണ്ടി പുഴയിലേക്കൊഴുകുന്ന ചെറുപുഴ കിടക്കു പടിഞ്ഞാറായി സ്ഥിതി ചെയ്യുന്നു. എന്നാൽ തെക്കുഭാഗത്ത് എടയൂർ, പടിഞ്ഞാറു ഭാഗത്തു പൊൻമള, കോടൂർ കിഴക്കു ഭാഗത്ത് പുഴക്കാട്ടിരി തുടങ്ങിയ പഞ്ചായത്തുകൾ സ്ഥിചെയ്യുന്നു.

ഉത്തര അക്ഷാംശം 11° 32' 12"നും 11° 37'നും കിഴക്കെ രേഖാംശം 76° 77'നും, 76° 86'നും ഇടയിലായി സ്ഥിതി ചെയ്യുന്ന പഞ്ചായത്തിൻെറ വിസ്തൃതി 36.29ച.കിലോമീറ്ററാണ്.

ഭൂമിയുടെ കിടപ്പനുസരിച്ച് പഞ്ചായത്തിനെ പ്രധാനമായി രണ്ടു മേഖലകളായി തരം തിരിക്കാവുന്നതാണ്. കുറുവമേഖലയും പാങ്ങ് മേഖലയും. കുറുവ മേഖലയുടെ വടക്കു കടലുണ്ടി പുഴയിലേക്കൊഴുകുന്ന ചെറുപുഴയാണ്. എന്നാൽ മറ്റു മൂന്നു ഭാഗത്തും ഗാംഭീര്യത്തോടെ തലയുയർത്തി നിൽക്കുന്ന പെരുന്നമ്മൽ പടപ്പറമ്പ്, തരിയം പറമ്പ്, ചെറുകുളമ്പ്, ചട്ടിപറമ്പ്, രായിപറമ്പ്, മുല്ലപ്പള്ളി കുളമ്പ് തുടങ്ങിയ മലമ്പ്രദേശങ്ങളാണ്. ഭൂമിശാസ്ത്ര പരമായ ഈ പ്രത്യേകത പ്രസ്തുത മേഖലയെ മുമ്പു കാലത്ത് മറ്റു ഭാഗങ്ങളിൽ നിന്ന് വേർപ്പെടുത്തിയിരുന്നു. വടക്കു ഭാഗത്തുള്ള ചെറുപുഴ മുറിച്ചു കടന്നായിരുന്നു ഇവിടുത്തെ ജനങ്ങൾ അയൽ പ്രദേശങ്ങളുമായി കലാസാംസ്കാരിക സാമ്പത്തിക ബന്ധങ്ങളിൽ ഏർപ്പെട്ടിരുന്നത്.

പരേതനായ എസ്.കെ.പൊറ്റക്കാടിൻെറ ഭാഷയിൽ ''കേരളത്തിലെ കാശ്മീർ'' എന്ന് വിശേഷിപ്പിക്കാവുന്ന ഒരു മേഖലയാണ് പാങ്ങ് മേഖല. ഈ മേഖലക്ക് ചുറ്റും പച്ചപുതച്ചു കിടക്കുന്ന ആളമ്പാറ, നരിയംപറമ്പ്, പടപ്പറമ്പ്, മൂച്ചിക്കൽ, പലകപറമ്പ്, തോരായത്തിൽപറമ്പ്, നെച്ചിക്കപറമ്പ്, പൂക്കോട്, കോണംപറമ്പ്, പെരുമ്പള്ളിയാൽ, കോണിക്കൽ, വാൽപറമ്പ്, എരുമതടം, മുതിരപറമ്പ് തുടങ്ങിയ മലമ്പ്രദേശങ്ങൾ ഒരു കോട്ട പോലെ സ്ഥിതിചെയ്യുന്നു. ഇതിനുള്ളിൽ ചരിവു പ്രദേശങ്ങളും, താഴ്‌വരകളും, സമതലങ്ങളും, തോടുകളും സ്ഥിതി ചെയ്യുന്നു. 72 മൂലകളും 72ചോലകളുമാണ് ഈ മേഖലകളുടെ മറ്റൊരു പ്രത്യേകത. ഭൂപ്രകൃതിയിലുള്ള ഈ വൈവിദ്യം മറ്റൊരു സംസ്കാരത്തിൻെറ ഉടമകളാക്കുവാൻ ഇവിടെത്തുകാരെ സഹായിച്ചിട്ടുണ്ട്.

ഭൂപ്രകൃതിയനുസരിച്ച് കുറുവ,,പാങ്ങ് മേഖലകൾ ഉൾക്കൊള്ളുന്ന കുറുവ പഞ്ചായത്തിനെ അഞ്ചായി തിരിക്കുന്നു.

1. കുന്നിൽ പ്രദേശം
2. ചെരിവു പ്രദേശം
3. താഴ്‌വാര
4. തീരപ്രദേശം
5. ജലാശയങ്ങൾ




ഇവ ഓരോന്നിൻെറയും വിസ്തീതിയും ശതമാനവും പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

## ഭൂപ്രകൃതി മേഖലകൾ

| ക്രമനമ്പർ | ഭൂപ്രകൃതിമേഖലകൾ | വിസ്ത്രിതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1 | കുന്നിൻ പ്രദേശം | 1738.90 | 48.62 |
| 2. | ചരിവു പ്രദേശം | 69920 | 19.55 |
| 3. | താഴ്‌വര | 145.29 | 4.06 |
| 4. | തീര പ്രദേശം | 865.33 | 24.20 |
| 5. | ജലാശയങ്ങൾ ചെറുപുഴ തോടുകൾ | 127.78 | 3.57 |
| | കുളങ്ങൾ തുടങ്ങിയവ | | |
| ആകെ | | 3576.70 | 100 |

സമുദ്ര നിരപ്പിൽ നിന്ന് കുറുവയുടെ ശരാശരി ഉയരം 250അടിയാണ്. ഏറ്റവും ഉയരം കൂടിയാണ് ഭാഗം 580 അടിയാണ്. അത് മൂച്ചിക്കലാണ്. അവിടെയാണ്

മൈക്രോവേവ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത്. ഏറ്റവും കുറഞ്ഞ ഉയരം 150 അടിയാണ്.

ഭൂപ്രകൃതിയിലുള്ള വൈവിദ്യം കാർശിക രംഗത്തും പ്രതി ഫലിക്കുന്നുണ്ട്. കുന്നിൻ പ്രദേശങ്ങളിൽ തെങ്ങും പറങ്കിമാവുമാണ് പ്രധാന കൃഷി. അതുപോലെ മഴകാലത്ത് ഇഞ്ചി മുളക് മഞ്ഞൾ തുടങ്ങിയവ ധാരാളമായി കൃഷി ചെയ്തു വരുന്നു. മലഞ്ചെരുവു പ്രദേശങ്ങളിൽ തോട്ടകൃഷിയാണ് കണ്ടുവരുന്നത്. തെങ്ങ്, കവുങ്ങ്, കുരുമുളക്, പറങ്കിമാവ് എന്നിവ സമൃദ്ധിയായി വളരുന്നു. താഴ്വരകളിലും തീരപ്രദേശങ്ങളിലും നെല്ല്, കപ്പ, വാഴ തുടങ്ങിയ കൃഷികൾക്കാണ് പ്രാമുഖ്യം നൽകി വരുന്നത്.

**കൃഷിയെ അടിസ്ഥാനമാക്കി ഭൂമിയുടെ ഇനം തിരിവ് ഏക്കറിൽ**

| ദേശം | തോട്ടം | പറമ്പ് 1 | പറമ്പ് 2 | പള്ളിയാൽ 1വിള | പാടം 2വിള | പുറമ്പോക്ക് | ഒട്ടാകെ ഏക്കറിൽ | ഹെക്ടറിൽ |
|---|---|---|---|---|---|---|---|---|
| വറ്റലൂർ | 356.80 | 149.68 | 439.61 | 122.04 | 150 64 | 35 11 | 1253.88 | 507.643 |
| അയനിക്കാട് | 49.04 | 0.36 | 1.72 | 0.57 | 42.93 | 1.72 | 96 34 | 39.004 |
| കുറുവ | 230.33 | 89.90 | 99.28 | 66.75 | 120.37 | 35.83 | 642.46 | 260.105 |
| പാങ്ങ് | 625.42 | 2575.93 | 598.58 | 481.08 | 603 33 | 39.41 | 4923 75 | 1993.421 |
| കരിഞ്ചപ്പടി | 144.13 | 220.41 | 204.34 | 36.57 | 176.41 | 15 11 | 747 57 | 302.659 |
| പഴമള്ളൂർ | | | | | | | 1169.98 | 473.676 |

ഭൂപ്രകൃതിയിലുള്ള ഈ വൈവിദ്യം മണ്ണിന്റെ സ്വഭാവത്തേയും സ്വാധീനിച്ചിട്ടുണ്ട്. കുറുവ ഗ്രാമ പഞ്ചായത്തിന്റെ 38.143 ശതമാന ഭാഗവും ചെമ്മണ്ണാണ്. കുന്നിൻ പ്രദേശങ്ങളും മലഞ്ചെരുവുകളിലുമാണ് ഇതിന്റെ സിംഹ ഭാഗവും കാണപെടുന്നത്. എന്നാൽ 31.35% ഭാഗവും ചെങ്കൽ പ്രദേശങ്ങളാണ്. ചെങ്കൽ പ്രദേശങ്ങളും ചെമ്മണ്ണ് പ്രദേശവും ഇടകലർന്നാണ് കാണപ്പെടുന്നത്.

ചെങ്കൽ പ്രദേശങ്ങളിൽ യന്ത്രവൽകൃത ചെങ്കൽ ക്വാറികൾ ധാരാളമായി കണ്ടുവരുന്നു. ചെങ്കൽവെട്ടി ഇവിടുത്തെ പ്രധാന ഉപജീവന മാർഗ്ഗമാണ്. പഞ്ചായത്തിന്റെ 26.66% ഭാഗം എക്കൽ മണ്ണ് ചേർന്നതാണ്. എന്നാൽ 28% ഭാഗം കരിങ്കല്ലു പ്രദേശമാണ്. കരിങ്കൽ പ്രദേശങ്ങളിൽ ക്വാറികളും യന്ത്രവൽകൃത ക്രഷറുകളും കണ്ടു വരുന്നു.

ഉപരിതല മൺ തരങ്ങളുടെ ഇനവും വിസ്തിയും താഴെ കൊടുത്തിരിക്കുന്നു.

**ഉപരിതലമൺ തരങ്ങൾ ഇനവും വിസ്തിതിയും**

| ഉപരിതലമൺ തരങ്ങൾ | വിസ്തിതി ഹെക്ടറിൽ | ശതമാനം |
|---|---|---|
| ചെങ്കല്ല് | 1121.40 | 31.35 |
| ചെമ്മണ്ണ് | 1363.99 | 38.14 |
| എക്കൽ മണ്ണ് | 953.53 | 26.66 |
| കരിങ്കല്ല് | 9.80 | 0.28 |
| ജലാശയങ്ങൾ (തോട്, കുളങ്ങൾ തുടങ്ങിയവ) | 127.78 | 3.57 |
| ആകെ | 3576.50 | 100 |

അവലംബം വിഭവ ഭൂപടങ്ങൾ, റവന്യൂരേഖകൾ, പഠന പര്യടനം

## ജനപ്രകൃതി

1991ലെ കാനേഷുമാരി പ്രകാരം കുറുവ ഗ്രാമ പഞ്ചായത്തിലെ ജന സംഖ്യ 32967ആയിരുന്നു. അതിൽ 15892 പേർ പുരുഷൻമാരും ബാക്കി സ്ത്രീകളുമാണ്. അവരുടെ എണ്ണം 17075ആണ്. പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകൾ 1183എണ്ണം കൂടുതലാണ്. എന്നാൽ 1996 സെപ്തംബർ മാസത്തിലെ മങ്കട ശിശുവികസന ഓഫീസിലെ കണക്കു പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 33711ആകുന്നു. ഇതിൽ 16565 പുരുഷൻമാരും 17146 സ്ത്രീകളുമാകുന്നു. പട്ടിക ജാതി വിഭാകക്കാരുടെ എണ്ണം 1947ആകുന്നു. പട്ടിക താഴെ കൊടുക്കുന്നു.

| പുരുഷൻമാർ | സ്ത്രീകൾ | ആകെ | പട്ടിക ജാതി | | ആകെ |
|---|---|---|---|---|---|
| | | | പു | സ്ത്രീ | |
| 16565 | 17146 | 33711 | 938 | 1009 | 1947 |

സമീപകാലത്ത് വിദ്യാഭ്യാസ രംഗത്ത് ഒരു കുതുച്ചു

ചാട്ടം തന്നെ നടത്താൻ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. എന്നാൽ അഭ്യസ്ത വിദ്യരുടെ എണ്ണം കൂടി വരുന്തോറും പഠന നിലവാരം മോശമായി കൊണ്ടിരിക്കുന്നു.

തൊഴിലില്ലായ്മ ഇന്നൊരു വലിയ പ്രശ്നമാണ്. അഭ്യസ്ത വിദ്യരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കിയാലെ ഇതിനൊരു ശാശ്വത പരിഹാരം ഉണ്ടാവുകയുള്ളു.

മുൻകാലത്തു ജനങ്ങൾ സിംഹ ഭാഗവും കാർഷിക രംഗത്തായിരുന്നു തൊഴിൽ ചെയ്തിരുന്നത്. എന്നാൽ അടുത്ത കാലത്തുണ്ടായ കാർഷികോൽപ്പന്നങ്ങളുടെ വിലകുറവിന്റെയും വേതനവർദ്ധനവിന്റെയും ഫലമായി കാർഷിക രംഗം ആദായകരമല്ലാതായിതീർന്നിരിക്കുന്നു. തൽഫലമായി കാർഷിക രംഗത്തു നിന്നു പലരും മറ്റു തൊഴിൽ മേഖലകളിലേക്കു പോയിക്കൊണ്ടിരിക്കുന്നു. ഉദാഹരണമായി കെട്ടിട നിർമ്മാണ രംഗത്താണ് പലരും ഇന്ന് ജോലി ചെയ്യാൻ താൽപര്യം കാണിക്കുന്നത്. ഉയർന്ന വേതനം പ്രസ്തുത മേഖലയിൽ ലഭിക്കുന്നുവെന്നതാണ് ഈ കടന്നു കയറ്റത്തിന്റെ പ്രധാന കാരണം.

## ജലപ്രകൃതി

പശ്ചിമഘട്ടത്തിൽ നിന്ന് ഉത്ഭവിച്ച് കുറുവ പഞ്ചായത്തിന്റെ വടക്കെ അതിർത്തിയിലൂടെ കിഴക്കു പടിഞ്ഞാറായി കടന്നു പോകുന്ന ചെറുപുഴയും, എകരംപാറതോട്, കളത്തിങ്ങൽ തോട്, ഉഴക്കോറതോട്, കാാരത്ത്വറ്റലൂർതോട്, ഓമതോട്, പള്ളിയറതോട്, പള്ളിയാർകുണ്ട്തോട്, പുന്നതോട്, പട്ട്യാംതോട്, കാരാട്ട് തോട്, മണ്ണാത്തിപ്പാറ അൽപ്പചിറതോട്, കുളങ്ങൾ തുടങ്ങിയവയാണ് പ്രധാന ജലാശയങ്ങൾ. ചെറുപുഴക്ക് 6.230കിലോമീറ്റർ നീളമുണ്ട്. മൊത്തം 32.780കിലോമീറ്റർ തോടുകളാണ് ഈപഞ്ചായത്തിനുള്ളത്. മെയ്, ജൂൺ, ജൂലായ് മാസങ്ങളിൽ ധാരാളം മഴ ലഭിക്കുന്നുണ്ട്. ഇവിടുത്തെ കൃഷി പ്രധാനമായും മഴയെ ആശ്രയിച്ചാണിരിക്കുന്നത്.

## പ്രധാന കുളങ്ങൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | പ്രധാന കുളങ്ങളുടെ പേര് | വില്ലേജ് |
|---|---|---|---|
| 1 | 1 | കുണ്ടനിയൻകുളം | കുറുവ |
| 2 | 2 | ചോലകുളം | കോടൂർ |
| 3 | 3 | ഇല്ലത്തുകുഴി | കോടൂർ |
| 4 | 2 | മേക്രകുന്നത്തു ചോല | കോടൂർ |
| 5 | 2 | അമ്പലകുളം | കോടൂർ |
| 6 | 3 | പഴംകുളം | കോടൂർ |
| 7 | 3 | പള്ളികുളം | കോടൂർ |
| 8 | 3 | ഉറുവം കുഴികുളം | കോടൂർ |
| 9 | 4 | അമ്പലകുളം | കുറുവ |
| 10 | 3 | മഞ്ഞളം ചോല | കോടൂർ |
| 11 | 5 | കുളങ്ങരകുളം | കുറുവ |
| 12 | 5 | അമ്പലകുളം | കുറുവ |
| 13 | 6 | പള്ളികുളം | കുറുവ |
| 14 | 7 | കാരാകുണ്ട് ചോല | കുറുവ |
| 15 | 10 | ദേവസ്വംകുളം | കുറുവ |
| 16 | 11 | പുത്തംകുളം | കുറുവ |
| 17 | 11 | പഴംകുളം | കുറുവ |
| 18 | 11 | കമ്മുകുളം | കുറുവ |
| 19 | 12 | നാഗേരി ചോല | കുറുവ |
| 20 | 12 | വല്ലംകുളം | കുറുവ |
| 21 | 12 | പെരുവല്ലികുളം | കുറുവ |
| 22 | 13 | അയനികുന്നു ചോല | കുറുവ |
| 23 | 13 | കാടാകുളം | കുറുവ |
| 24 | 13 | മത്തിൽ അമ്പലകുളം | കുറുവ |
| 25 | 13 | കുക്കുറിഞ്ഞി കാവ്കുളം | കുറുവ |
| 26 | 13 | നാരായണൻകുളം | കുറുവ |
| 27 | 13 | ഉപ്പേരികുളം | കുറുവ |
| 28 | 13 | പാറകുളം | കുറുവ |
| 29 | 10 | ഇരുകുളം | കുറുവ |
| 30 | 10 | മണ്ണാത്തികുളം | കുറുവ |
| 31 | 10 | വല്ലംകുളം-വാഴേങ്ങൽ | കുറുവ |
| 32 | 11 | കളത്തിങ്ങൽകുളം | കുറുവ |
| 33 | 11 | എളംതിരുത്തികുളം | കുറുവ |

ജലക്ഷാമം, ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. കുന്നിൻ പ്രദേശങ്ങളിലും മലഞ്ചെരിവുകളിലും രൂക്ഷമായ ജലക്ഷാമം ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ അനുഭവപ്പെടുന്നു. സാധാരണ അഞ്ചു മീറ്ററിനും പത്തു മീറ്ററിനുമിടക്ക് കരിമ്പാറ കാണപ്പെടുന്നത്കൊണ്ട് ശുദ്ധ ജലം കിണറുകളിൽ വേനൽകാലത്ത് വറ്റിപോകുന്നു. പഞ്ചായത്തിലെ 57.8% ഭാഗങ്ങളിലും ജലക്ഷാമം അനുഭവപ്പെടുന്നു. ഉദാഹരണമായി പള്ളി പറമ്പ്, ചന്തപറമ്പ്, പടപറമ്പ്, ചെറുകുളമ്പ്, തോറ, പലകപറമ്പ്, കടന്നാമുട്ടി, അമ്പലപറമ്പ്, റീണാർകുഴി, മൊട്ടകുന്ന് മുതലായവ. സാധാരണ നിരക്കിൽ വെള്ളം ലഭിക്കുന്ന പ്രദേശങ്ങൾ 38.1% ആണ്. താഴ്വരകളിലും സമതലങ്ങളിലും സാമാന്യം ഭേദപ്പെട്ട നിലയിൽ ശുദ്ധ ജലം ലഭിച്ചുവരുന്നുണ്ട്. ജല ലഭ്യതുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ കൊടുക്കുന്നു.

### ജലപ്രകൃതി സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | മേഖലകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1 | താഴ്ന്ന നിരക്കിൽ ശുദ്ധജലം ലഭിക്കുന്ന പ്രദേശങ്ങൾ | 2065.91 | 57.8 |
| 2 | സാധാരണ നിരക്കിൽ ശുദ്ധജലം ലഭിക്കുന്ന പ്രദേശങ്ങൾ | 1361.97 | 38.1 |
| 3 | ഉയർന്ന നിരക്കിൽ ശുദ്ധജലം ലഭിക്കുന്ന പ്രദേശങ്ങൾ | 148.62 | 4.1 |

5




# സാമൂഹിക സാമ്പത്തിക മേഖലകൾ

**5**

**1**




# കൃഷിയും ജലസേചനവും

കുറുവ ഗ്രാമ പഞ്ചായത്ത് തികച്ചും ഒരു ഗ്രാമീണ മേഖലയാണ്. ഇതിൽ കുറുവ വില്ലേജ് പൂർണ്ണമായും കോഡൂർ വില്ലേജിന്റെ പഴമള്ളൂർ ദേശവും ഉൾപ്പെടുന്നു. 3576 ഹെക്ടർ വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിലെ ഭൂപ്രദേശം കുന്നിൻ നിരവുകൾ, ചെരിവുകൾ, വയലേലകൾ എന്നിങ്ങനെയായി തരം തിരിക്കാം. കുന്നിൻനിരവുകളിൽ ചെങ്കല്ലും ചെമ്മണ്ണും ചെരിവുകളിൽ ചെമ്മണ്ണും വയലേലകളിൽ പശിമരാശിയുള്ള മണ്ണും കാണപ്പെടുന്നു. കുറുവ പഞ്ചായത്തിലെ ഭൂമിയുടെ ഇനം തിരിച്ചുള്ള കണക്ക് പട്ടിക I ൽ കൊടുത്തിട്ടുണ്ട്.

പട്ടിക I

**ഭൂമിയുടെ ഇനം തിരിച്ചുള്ള കണക്ക്**

( അവലംബം - വില്ലേജ് ഓഫീസ് രേഖകൾ )

| ക്രമ നമ്പർ | ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | പുരയിടം | 2707.98 |
| 2 | നിലം | 813.52 |
| 3 | പുറമ്പോക്ക് | 55.00 |
| | ആകെ | 3576.50 |

പെരിന്തൽമണ്ണ താലൂക്കിൽ മങ്കട വികസന ബ്ലോക്കിൽ പെട്ട ഈ പഞ്ചായത്ത് കടലുണ്ടിപ്പുഴ, കോഡൂർ പഞ്ചായത്ത്, കൂട്ടിലങ്ങാടി, മക്കരപ്പറമ്പ, പുഴക്കാട്ടിരി പഞ്ചായത്തുകളുടെ അതിർത്തിയിലൂടെ ഒഴുകുന്ന ചെറുപുഴ, മൂർക്കനാട് പഞ്ചായത്ത്, എടയൂർ പഞ്ചായത്ത്, മാറാക്കര പഞ്ചായത്ത്, പൊന്മള പഞ്ചായത്ത് എന്നിവയാൽ ചുറ്റപ്പെട്ടു കിടക്കുന്നു.

കുറുവ, പഴമള്ളൂർ, കരിഞ്ചാപ്പാടി, പാങ്ങ് എന്നീ ദേശങ്ങളുള്ള ഈ പഞ്ചായത്തിലെ 95% ജനങ്ങളും കർഷകരും കർഷകതൊഴിലാളികളുമായ സാധാരണ ഗ്രാമീണരായിരുന്നു. ഇവിടത്തെ മുഖ്യ കാർഷിക വിളകൾ നെല്ല്, തെങ്ങ്, കവുങ്ങ്, കശുമാവ്, കപ്പ, പച്ചക്കറികൾ, മറ്റുകിഴങ്ങുവർഗ്ഗങ്ങൾ എന്നിവയായിരുന്നു. നാടൻ രീതിയിലുള്ള കാർഷിക വൃത്തിയിൽ പ്രാവീണ്യം നേടിയ ധാരാളം കർഷകരും കർഷകതൊഴിലാളികളും ഇവിടെ സുലഭമായിരുന്നു.

നീരുറവുള്ള ചെറുതോടുകളും ചോലകളും ഈ പഞ്ചായത്തിൽ ധാരാളം ഉണ്ട്. പണ്ട് കാലങ്ങളിൽ വരമ്പുകളിൽ കൈത വെച്ച് പിടിപ്പിച്ചും ചോലകളിൽ മണ്ണ് വാരിയും ഈ ജലസ്രോതസ്സുകളെ വേണ്ട വിധത്തിൽ സംരക്ഷിച്ചിരുന്നു. പാങ്ങ് ഭാഗത്തുള്ള തോടുകളും അരുവികളും ഇന്ത്യന്നൂർ തോടിലൂടേയും കുറുവ, വറ്റല്ലൂർ, കരിഞ്ചാപ്പാടി ഭാഗത്തുള്ള തോടുകൾ ഈ പഞ്ചായത്തതിർത്തിയിലൂടെത്തന്നെ ഒഴുകുന്നചെറുപുഴയിലും ചേർന്നതിന് ശേഷം കടലുണ്ടിപ്പുഴയിലേക്കൊഴുകുന്നു. കടലുണ്ടിപ്പുഴ ഒരു കിലോമീറ്റർ ദൂരവും ചെറുപുഴ 8 കിമീ ദൂരവും നമ്മുടെ പഞ്ചായത്തതിർത്തിയിലൂടെ ഒഴുകുന്നുണ്ട്. പണ്ടുകാലം മുതൽക്കുതന്നെ ഇവിടത്തെ വിനോദങ്ങൾ കൃഷിയുമായി ബന്ധപ്പെട്ടതായിരുന്നു. തുലാം മാസത്തിലെ "എരവ്" ധാരാളം ആളുകളെ ആകർഷിക്കുന്നതായിരുന്നു. 50 ജോഡിയിൽ അധികം പോത്തുകളെ പങ്കെടുപ്പിച്ചു നടത്തിയിരുന്ന ഊർച്ചകൾ കർഷകർക്ക് വിനോദവും മൽസരവുമായിരുന്നു. മറ്റു പഞ്ചായത്തുകളിലെ പോത്തുകൾ പോലും ഇതിൽ പങ്കെടുക്കാറുണ്ടായിരുന്നു. രാത്രി ഇരുട്ടിയാലും ഒരു പ്രത്യേക ഈണത്തിൽ വാശിയോടെ പോത്തുകളെ തെളിക്കുന്ന കാഴ്ച സർവ്വ സാധാരണമായിരുന്നു. നാട്ടിൻ പുറങ്ങളിലെ പീടികയിലെ സാധാരണസംസാരം പോലും പോത്തുകളുടെ നടത്തത്തെയും ഓട്ടത്തെയും കുറിച്ചും പൂട്ടുകാരുടേയും ഊർച്ചക്കാരുടേയും പ്രാവീണ്യത്തെക്കുറിച്ചുമായിരുന്നു. സ്ത്രീ തൊഴിലാളികൾക്ക് ഞാറുനടീൽ ഒരു വിനോദപ്രവർത്തിപോലെയായിരുന്നു. രാത്രിയാകുന്നത് വരെ പ്രത്യേക ഈണത്തിലുള്ള നടീൽ പാട്ടിന്റെ അകമ്പടിയോടെ സ്ത്രീ തൊഴിലാളികൾ അക്ഷീണം തൊഴിലെടുത്തിരുന്നു. മുമ്പ് പഞ്ചായത്തിലെ ഭൂമി ഏതാനും ജന്മിമാരുടെ ഉടമസ്ഥതയിലായിരുന്നു. എന്നാൽ ഇപ്പോൾ മൊത്തം ജനസംഖ്യയിൽ 30% പേർ ഭൂമിയുടെ ഉടമസ്ഥരാണ്. പഞ്ചായത്തിലെ ഭൂ ഉടമസ്ഥരുടെ എണ്ണം പട്ടിക II ൽ കൊടുത്തിട്ടുണ്ട്.

### പട്ടിക II
### ഭൂ ഉടമസ്ഥരുടെ എണ്ണം
( അവലംബം - വില്ലേജ് ഓഫീസ് രേഖകൾ )

| ക്രമ നമ്പർ | ഉടമയിലുള്ള വിസ്തൃതി | ഉടമസ്ഥരുടെ എണ്ണം |
|---|---|---|
| 1 | 1 മുതൽ 4 (ആർ) വരെ | 3725 |
| 2 | 4 മുതൽ 10 ,, ,, | 2160 |
| 3 | 10 മുതൽ 20 ,, ,, | 1524 |
| 4 | 20 മുതൽ 40 ,, ,, | 1129 |
| 5 | 40 മുതൽ 80 ,, ,, | 997 |
| 6 | 80 മുതൽ 200 ,, ,, | 480 |
| 7 | 200 ന് മുതൽ | 114 |
| | ആകെ | 10129 |

ഇതുപോലെത്തന്നെയായിരുന്നു കൃഷിഭൂമിയുടെയും അവസ്ഥ. ഇന്ന് 3950 കർഷക കുടുംബങ്ങൾക്ക് സ്വന്തമായി കൃഷിഭൂമിയുണ്ട്. കൃഷിഭൂമിയുള്ള കർഷക കുടുംബങ്ങളുടെ വിവരം പട്ടിക III ൽ കൊടുത്തിട്ടുണ്ട്.

### പട്ടിക III
### കൃഷിഭൂമിയുള്ള കർഷക കുടുംബങ്ങളുടെ വിവരം
( അവലംബം വില്ലേജ് ഓഫീസ് രേഖകൾ )

| ക്രമ നമ്പർ | കൃഷിഭൂമിയുടെ വിസ്തൃതി | കർഷക കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഒരു ഹെക്ടറിൽ താഴെ | 3848 |
| 2 | 1 മുതൽ 2 ഹെക്ടർ വരെ | 79 |
| 3 | 2 ഹെക്ടറിനു മുകളിൽ | 23 |
| | ആകെ | 3950 |

അടുത്ത കാലം വരെ പഞ്ചായത്തിലെ പ്രധാന കൃഷി നെല്ലായിരുന്നു. ചെറുതോടുകളിൽ ചിറകെട്ടിയും ചോലകളിൽ നിന്ന് വെള്ളം തിരിച്ചും, കുളം, കിണർ, ചെറുപുഴ എന്നിവയിൽ നിന്നും തേവിയുമായിരുന്നു നെൽകൃഷിക്ക് ജലസേചനം നടത്തിയിരുന്നത്. 150 ഹെക്ടർ വരെ പാടം പുഞ്ചക്കൃഷി നടത്തിയിരുന്നു. പുഴ, കിണർ, കുളങ്ങൾ എന്നിവയിൽ നിന്നും നാടൻ ഏത്തത്തിന് തേവി മാത്രമായിരുന്നു പുഞ്ചക്കൃഷിക്ക് ജലസേചനം നടത്തിയിരുന്നത്. നാടൻ ഇനം നെല്ലുമാത്രമേ കർഷകർക്ക് പരിചയമുണ്ടായിരുന്നുള്ളൂ. ഈ പഞ്ചായത്തിലെ 351 ഹെക്ടർ പാടവും പള്ളിയാൾ എന്നറിയപ്പെടുന്ന ഇരുപ്പൂകിൽ സ്ഥലവും 462.5 ഹെക്ടർ ഇരുപ്പൂകിൽ നിലവുമാണ്. ഈ 813.5 ഹെക്ടർ സ്ഥലവും പണ്ട് കാലത്ത് നെൽക്കൃഷിക്കുപയോഗിച്ചിരുന്നെങ്കിലും ഇന്ന് 450 ഹെക്ടർ സ്ഥലം മാത്രമാണ് യഥാർത്ഥത്തിൽ നെൽക്കൃഷി ചെയ്യുന്നത്. പറമ്പുകളിലുണ്ടാക്കിയിരുന്ന മോഡൻ നെല്ല് വളരെ അപൂർവമായിട്ടേ കാണുന്നുള്ളൂ. പണ്ട് കാലം മുതൽക്ക് തന്നെ നമ്മുടെ പഞ്ചായത്തിലെ രണ്ടാമത്തെ പ്രധാന കൃഷി തെങ്ങായിരുന്നു. കർക്കിടക മാസത്തിലും തുലാമാസത്തിലെ മുണ്ടകൻ കൃഷിക്കപ്പണിക്കുശേഷവും കർഷകർ തെങ്ങിൻതോട്ടങ്ങളിൽ ശ്രദ്ധചെലുത്തിയിരുന്നു. ശരാശരി 25ന്നും 30ന്നും ഇടയിൽ തേങ്ങ ഒരു തെങ്ങിൽനിന്നും ലഭിച്ചുവരുന്നു. പണ്ട് കാലങ്ങളിൽ ശരാശരി വിളവ് ഇതിലും കൂടുതലുണ്ടായിരുന്നുവെന്ന് കർഷകർ അഭിപ്രായപ്പെടുന്നു. തെങ്ങ് കൃഷിയുടെ വിസ്തൃതി കൂടിക്കൊണ്ടിരിക്കുന്നു. പാടത്ത് പുതുതായി തെങ്ങിൻതൈ പിടിപ്പിക്കുന്നത് സാധാരണമായിരിക്കുന്നു. കമുങ്ങ് വെറ്റില, കശുവണ്ടി കുരുമുളക് മുതലായവയും വർഷങ്ങളായി ഇവിടെ കൃഷിചെയ്യപ്പെടുന്നുണ്ട്. കമുങ്ങിനും വെറ്റിലക്കും നല്ലവണ്ണം മേൽനോട്ടവും ജലസേചനവും നടത്തിപ്പോന്നിരുന്നു. ഇടക്കാലത്ത് അവയുടെ വില വളരെ കുറഞ്ഞുപോയതിനാൽ കമുങ്ങ് കൃഷിയിലുള്ള താൽപര്യം കർഷകർക്ക് കുറഞ്ഞുപോയിരുന്നെങ്കിലും കഴിഞ്ഞ 5 വർഷമായിട്ട് സാമാന്യം തരക്കേടില്ലാത്ത വില ലഭിക്കുന്നതിനാൽ പാടങ്ങളിൽ പുതുതായി കമുങ്ങ് വെച്ചുപിടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. വെറ്റിലകൃഷി വിലയുണ്ടെങ്കിൽ നല്ല ആദായകരമാണ്. വിലയിലുള്ള അസ്ഥിരത കർഷകരെ നിരുൽസാഹപ്പെടുത്തുന്നുണ്ട്. വെറ്റിലത്തോട്ടങ്ങൾ ധാരാളം ഉണ്ടായിരുന്ന ഗ്രാമങ്ങളാണിതെല്ലാം. സംസ്ഥാനത്ത് കശുമാവിൻകൃഷി തുടക്കം മുതൽതന്നെ ഈ പഞ്ചായത്തിലും തുടങ്ങിയിരുന്നു. മലിയ മുതൽമുടക്കു കൂടാതെ ലഭിക്കുന്ന ഈ കാർഷികോൽപ്പന്നം അടുത്തകാലത്തായി കർഷകരെ ആകർഷിച്ചിട്ടുണ്ട്. അടുത്തകാലത്തായി ഏറ്റവും അധികം നാശം സംഭവിച്ച കുരുമുളകുകൃഷി വ്യാപകമായി ഇവിടെ കൃഷി ചെയ്തിരുന്നു. ധ്രുതവാട്ടം എന്ന രോഗം കുരുമുളകുകൃഷിയെ കുറച്ചുവർഷങ്ങളായിട്ട് നാമാവശേഷമാക്കുകയാണ്. ഈ രോഗത്തിനെതിരെ ഫലവത്തായ പ്രതിരോധം നടത്തിയേതീരൂ. മൈസൂർ, കതളി, പൂവൻ മുതലായ നാടൻ വാഴകളും പറമ്പിലും കമുങ്ങിൻതോട്ടത്തിലും ധാരാളം ഉണ്ടായിരുന്നു. വീട്ടുവളപ്പിൽ പയറ്, പച്ചക്കറികൾ, ചേമ്പ്, ചേന എന്നിവയും കൃഷിചെയ്തിരുന്നു.

കുറുവ പഞ്ചായത്തിലെ കാർഷിക രംഗത്തെ വിവിധ പ്രശ്നങ്ങളും നിർദ്ദേശങ്ങളും വിളക്രമാടിസ്ഥാനത്തിൽ താഴെ വിവരിക്കുന്നു.

നെൽകൃഷി

ഇപ്പോൾ യഥാർത്ഥത്തിൽ നെൽകൃഷി ചെയ്യുന്നത് 450 ഹെക്ടർ സ്ഥലത്ത് മാത്രമാണ്. മുൻ കാലങ്ങളിൽ നെൽകൃഷി ചെയ്തിരുന്ന ഒരുപ്പുകിൽ പള്ളിയാൽ തെങ്ങ്, കവുങ്ങ് മുതലായ ദീർഘ കാല വിളകളും പുരയിടവുമായി മാറിയിരിക്കുന്നു. മൂന്ന് വിളകളെടുത്തിരുന്ന കൃഷിഭൂമി പോലും പുരയിടങ്ങളായി മാറിക്കൊണ്ടിരിക്കയാണ്. നെൽകൃഷിയുടെ മൊത്തം വിസ്തീർണം കുറയാനുള്ള കാരണം കൃഷിയിറക്കാനുള്ള വർദ്ധിതമായ ചെലവും നെല്ലിന്റെ കുറഞ്ഞ വിലയും നിമിത്തം നെൽകൃഷി ആദായകരമല്ലാത്തതായതാണ്. ഭൂപരിഷ്ക്കരണത്തിലൂടെ കുടിയാൻമാർക്ക് കൃഷിഭൂമി ലഭിച്ചതിനാൽ ചെറുഭൂഉടമകളായ അവർക്ക് വീടുവെക്കാൻ മറ്റുസ്ഥലങ്ങളില്ലാത്തതും നിലങ്ങൾ പുരയിടങ്ങളായി മാറാൻ കാരണമായി. നെൽപാടം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചെങ്കിലേ ഈ പ്രവണത ഇല്ലാതാകൂ. നെൽകൃഷി മേഖലയിലെ ഉയർന്നകൂലിനിരക്ക് ഉൽപാദന വരുമാനവുമായി ഒരിക്കലും പൊരുത്തപ്പെടുന്നില്ല. 20 വർഷം മുമ്പ് ഒരു പറ നെല്ലിന്ന് 13 രൂപ വില ഉണ്ടായിരുന്നപ്പോൾ ഒരു കർഷകതൊഴിലാളിയുടെ ശരാശരി ദിവസക്കൂലി 10 രൂപ മാത്രമായിരുന്നു. ഇപ്പോൾ അതേ നെല്ലിന്ന് 35 രൂപ കിട്ടുമ്പോൾ ദിവസക്കൂലി 100 രൂപയായി. അഥവാ കൂലിയിൽ പത്തിരട്ടി വർദ്ധനവുണ്ടായപ്പോൾ ഉൽപന്നവിലയിലെ വർദ്ധനവ് 3 ഇരട്ടിയിൽ താഴെ മാത്രം. കൂലി കൂടുതലായാൽപോലും യഥാസമയത്ത് ആവശ്യാനുസരണം വിദഗ്ദരായ തൊഴിലാളികളെ കിട്ടാനില്ല. പ്രാദേശികമായ കർഷകതൊഴിലാളികളുടെ എണ്ണം കൊല്ലന്തോറും

കുറഞ്ഞുവരുന്നു. നമ്മുടെ കാർഷികപ്രവർത്തികളുമായ ഒരു പരിചയവുമില്ലാത്ത തമിഴരെയാണ് അധികവും പണിക്ക് വിളിക്കുന്നത്. അതിനാൽ കർഷകൻ എല്ലാസമയവും ജോലിക്കാരുടെ കൂടെത്തന്നെ ഉണ്ടാവേണ്ടതാണ്. ഈ പഞ്ചായത്തിൽ സ്ത്രീതൊഴിലാളികളുടെ എണ്ണം മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ കുറഞ്ഞിരിക്കുന്നു. പുരുഷന്ന് ചുരുങ്ങിയത് 100 രൂപയും സ്ത്രീക്ക് 70 രൂപയുമാണ് ദിവസക്കൂലി. പരമ്പരാഗതമായി സ്ത്രീതൊഴിലാളികൾ ചെയ്തിരുന്ന ഞാറു പറിക്കൽ, നടൽ, കൊയ്ത്ത് എന്നീ പ്രവർത്തികൾക്കാണ് ഏറ്റവും അധികം തൊഴിലാളിക്ഷാമം അനുഭവപ്പെടുന്നത്. 20 വയസിൽ താഴെയുള്ള സ്ത്രീതൊഴിലാളികളെ തീരെ കാണുന്നില്ല. കാർഷിക ജോലികൾ അഭ്യസിക്കാൻ ആരും മുന്നോട്ട് വരുന്നില്ല. സ്ത്രീകളും പുരുഷൻമാരും നിർമ്മാണ രംഗത്തേക്ക് ധാരാളമായി മാറിയിരിക്കുന്നു. ആ രംഗത്തെ ഉയർന്നകൂലി നിരക്കും സ്ഥിരമായ ജോലിസാധ്യതയുമാണ് അവരെ അങ്ങോട്ടാകർഷിക്കുന്നത്. ആധുനിക യന്ത്രസാമഗ്രികൾ കർഷകർക്കെത്തിക്കാനുള്ള നടപടികൾ ഉടനെ സ്വീകരിക്കണം. അല്ലെങ്കിൽ അടുത്തവർഷങ്ങളിൽ നെൽകൃഷി ഇറക്കാൻ ആളില്ലാത്ത ഒരവസ്ഥയുണ്ടാകും. ആധുനിക വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റം പരമ്പരാഗത കർഷക കുടുംബങ്ങളിലെ യുവാക്കളെ മറ്റുരംഗങ്ങളിലേക്കാകർഷിച്ചതും ഗൾഫ് കുടിയേറ്റം മൂലം കർഷകരും കർഷകത്തൊഴിലാളികളും കാർഷികരംഗത്തുനിന്നും അപ്രത്യക്ഷരായതും പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

ജൈവവളത്തിന്റേയും രാസവളത്തിന്റേയും അമിതമായ വിലവർദ്ധനവ് നെൽകൃഷിരംഗത്തെ മറ്റൊരു പ്രധാന പ്രശ്നമാണ്. രാസവളത്തിന്റേയും കീടനാശിനിയുടേയും വില കുറക്കാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുകതന്നെ വേണം. പച്ചിലവളങ്ങൾ ഉണ്ടാകുന്ന ചെടികളും വൃക്ഷങ്ങളും ധാരാളം വെച്ചുപിടിപ്പിക്കാനുള്ള പ്രോത്സാഹനം ഭൂഉടമകൾക്ക് നൽകണം. കമ്പോസ്റ്റ് വളനിർമ്മാണം പ്രോത്സാഹിപ്പിക്കണം.

നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്ന വേറൊരു പ്രധാനപ്രശ്നം ജലസേചന പ്രയാസങ്ങളാണ്. ധാരാളം ചെറു തോടുകളും കുളങ്ങളും ചോലകളും ഈ പഞ്ചായത്തിലുണ്ട്. ചെറുപുഴയും കടലുണ്ടിപ്പുഴയും ഈ പഞ്ചായത്തതിർത്തിയിലൂടെ കടന്നു പോവുകയും ചെയ്യുന്നു. ജില്ലാ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ജലസേചന പദ്ധതികൾ ഇവിടെ നടപ്പാക്കേണ്ടതുണ്ട്. വയലിലൂടെ ചെറുകനാലുകൾ നിർമ്മിച്ച് അതിലൂടെ ആവശ്യാനുസരണം വെള്ളം തിരിച്ച് വിടാൻ കഴിയണം. മുകൾ ഭാഗത്തുള്ള കർഷകന്ന് അയാളുടെ കണ്ടത്തിൽ കീടനാശിനി തെളിക്കാനോ വളം പ്രയോഗിക്കാനോ ഉണ്ടെങ്കിൽ എല്ലാവരുടെയും വെള്ളം മുടങ്ങുന്ന ഒരവസ്ഥ ഇന്നുണ്ട്. പഴയ കാലത്തുണ്ടായിരുന്ന വലിയ നടവരമ്പുകൾ ഇന്ന് കാണാനില്ല. ഈ വരമ്പുകൾ നിന്നിരുന്ന സ്ഥലം ചെറുകനാലുണ്ടാക്കാൻ ഉപയോഗിക്കാം. ഈ കനാലിലൂടെ വെള്ളം തിരിച്ച് കൊണ്ട് വരികയും അധികമുള്ള ജലം തിരിച്ച് വിടുകയും ചെയ്യാം.

ഈ പഞ്ചായത്തിൽ 11 ചെറുകിട പദ്ധതികൾ തുടങ്ങുകയും അവയിൽ ചിലത് പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു. അവ പട്ടിക IV ൽ കൊടുത്തിരിക്കുന്നു.

### പട്ടിക IV
### ജലസേചന പദ്ധതിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിസ്തീർണ്ണം | മറ്റു വിവരം |
|---|---|---|---|
| 1 | പട്ടിണിച്ചിറയോട നുബന്ധിച്ച് ഫാം റോഡ് നിർമ്മാണം | 20.5 H | Ward IX പൂർത്തിയായി |
| 2. | വറ്റല്ലൂർ വെറ്റിലാട്ടി ചിറ | 10 | Ward V പൂർത്തിയായില്ല |
| 3. | വറ്റല്ലൂർ മേക്കുളമ്പ കടാരത്ത് തോട്ടിൽ ചിറ | 22 | Ward IV ടെണ്ടർ ചെയ്തു |
| 4. | കാരാട് ചിറ | | Ward X ടെണ്ടർ ചെയ്തു |
| 5. | പട്ടിണിച്ചിറ റാമ്പ് നിർമ്മാണം | | Ward IX പൂർത്തിയായി |
| 6. | കടവണ്ടിച്ചിറ | | Ward XII പണി തീർന്നു |
| 7. | കടന്നാമുട്ടിച്ചിറ | 16 | പണി തീർന്നു |
| 8. | പണ്ടാറച്ചിറ | | പണി തീർന്നു |
| 9. | പള്ളിപ്പറമ്പച്ചിറ | | പണി തീർന്നു |
| 10. | അപ്പച്ചിറ | | പണി തീർന്നു |

• പട്ടികയിൽ കാണിച്ച പദ്ധതികൾക്ക് പുറമെ ഓരോ വാർഡിലും 4 വീതം ചെറിയ ചിറകളെങ്കിലും നിർമ്മിക്കേണ്ടതാണ്. പഞ്ചായത്തിൽ നടത്താവുന്ന പദ്ധതികൾ പട്ടിക VIII ൽ കൊടുത്തിട്ടുണ്ട്. ചെറുപുഴക്ക് മേലേപാത്തിക്കൽ ഒരു ചിറയും ട്രാക്ടർ പ്രവേശനത്തിനനുയോജിച്ച ഒരു പാലവും അത്യാവശ്യമാണ്.

## പട്ടിക V
## നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ജലസേചന പദ്ധതികൾ

| ക്രമ നമ്പർ | പേര് | വാർഡ് |
|---|---|---|
| 1. | പള്ള്യാംകുണ്ട് ചിറ | XII |
| 2. | കാരേങ്ങ ചിറ | IX |
| 3. | ഇല്ലിക്കൽ ചിറ | XI |
| 4. | പട്ടോടി ചിറ | IX |
| 5. | വാഴക്കോടു ചിറ | IX |
| 6. | മേലേ പാത്തിക്കൽ ചിറ | IV, V |

ചെറുപുഴക്ക് കുറുവ, വറ്റല്ലൂർ, ആറംകോട്ടുപാലം, വറ്റല്ലൂർ താഴേ പാത്തി, മേലേ പാത്തി, നാറാണത്ത് ഭാഗങ്ങളിൽ ബണ്ടുകെട്ടി വെള്ളം കെട്ടിനിർത്താൻ കഴിയും. ആറംകോട്ടുപാലത്തിങ്കൽ എല്ലാ വർഷവും ശ്രമദാനമായി ബണ്ടുകെട്ടാറുണ്ടെങ്കിലും അതു പൂർണ്ണമായി വെള്ളം കെട്ടിനിർത്താനോ ചോർച്ച തടയാനോ ഉപകരുക്കാറില്ല. ഡിസംബർ മാസത്തിൽ ചെറുപുഴക്ക് പല സ്ഥലത്തു ബണ്ടുകെട്ടിയാൽ 4 മാസത്തോളം വെള്ളം കെട്ടിനിർത്താൻ കഴിയും.

പാങ്ങ് ഭാഗത്ത് ധാരാളം ചോലകൾ ഉണ്ട്. ഇവ മണ്ണുനീക്കി സൈഡുകെട്ടി ജലസേചനത്തിനുപയോഗിക്കാം. വറ്റല്ലൂർ കരിഞ്ചാപാടി ഭാഗങ്ങളിലും പഴയ കുളങ്ങൾ റിപ്പയർ ചേയ്യേണ്ടതാണ്. മുകളിൽ പറഞ്ഞ ജലസ്രോതസ്സുകളെ വേണ്ടവിധത്തിൽ ഉപയോഗിച്ചാൽ നമ്മുടെ നെൽകൃഷിക്ക് ജലസേചനത്തിന് വലിയ പ്രയാസം വരില്ല. ജനങ്ങളുടേയും പൊതുസ്ഥാപനങ്ങളുടേയും സഹകരണം ആവശ്യമെന്ന് മാത്രം.

നെൽകൃഷിക്കാരൻ അധികവും ശരാശരിയിലും താഴ്ന്ന വരുമാനക്കാരനാണ്. അതിനാൽ തക്കസമയത്ത് വിള ഇറക്കാനുള്ള വളം ചേർക്കാനും കഴിയാതെ അവൻ പ്രയാസപ്പെടുന്നു. അതിനാൽ കുറഞ്ഞ പലിശക്ക് സഹകരം സ്ഥാപനങ്ങളിൽനിന്നും മറ്റു ദേശസാൽകൃത ബേങ്കുകളിൽ നിന്നും പ്രയാസമേറിയ നടപടിക്രമങ്ങൾ കൂടാതെ വായ്പ ലഭിക്കാൻ ഏർപ്പാടുണ്ടാക്കേണ്ടതാണ്. രാസവളത്തിന് നെൽകർഷകർക്ക് പ്രത്യേകം സബ്സിഡി ഏർപ്പെടുത്തുകയും വേണം. വിളനാശമുണ്ടായാൽ നെൽകർഷകർക്ക് നഷ്ടപരിഹാരം കുറഞ്ഞ നിരക്കിലേ ലഭിക്കുന്നുള്ളൂ. ഈ അവസ്ഥ മാറണം. മറ്റെല്ലാ കൃഷിയേക്കാളും മുൻഗണന നെൽകൃഷിക്ക് ഇക്കാര്യത്തിൽ നൽകണം.

ഇന്നത്തെ കൃഷിരീതിയിൽ ചില മാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. ഓരോരുത്തരും അവന്നിഷ്ടമുള്ള വിത്ത് കൃഷി ചെയ്യുന്നതിന്ന് പകരം മണ്ണ് പരിശോധിച്ച് ഓരോ പ്രദേശത്തേക്കും കൃഷി ഓഫീസർമാർ ശുപാർശ ചെയ്യുന്ന വിത്ത് കൃഷി ചെയ്യണം. ഇടവിട്ട വർഷങ്ങളിൽ നാടൻ ഇനങ്ങളും അത്യുൽപാദന ശേഷിയുള്ള ഇനങ്ങളും മാറി മാറി കൃഷി ചെയ്യാൻ കർഷകരെ ഉപദേശിക്കണം. ഏത്തവാഴ, കപ്പ, പച്ചക്കറി തുടങ്ങിയവയും ഇടവിട്ട വർഷങ്ങളിൽ ഉണ്ടാക്കിയാൽ ഉൽപാദനക്ഷമത വർദ്ധിപ്പിക്കും. പഞ്ചായത്തിലെ വിള വിസ്തീർണവും ഉൽപാദനവും പട്ടിക VI ൽ കൊടുത്തിണ്ട്.

## പട്ടിക VI
### വിള വിസ്തീർണ്ണവും ഉൽപാദനവും
( അവലംബം : കൃഷിഭവൻ രേഖകൾ )

| വിള | വിസ്തീർണ്ണം (ഹെക്ടർ) | ഉൽപാദനക്ഷമത (ഹെക്ടറിൽ Kg.) |
|---|---|---|
| നെല്ല് ഒന്നാം വിള | 520 | 2100 |
| നെല്ല് രണ്ടാം വിള | 591 | 2200 |
| നെല്ല് മൂന്നാം വിള | | |
| പയർ | 30 | 625 |
| എള്ള് | 24 | 562 |
| പച്ചക്കറികൾ | 52 | 5200 |
| തേങ്ങ | 869 | 6000 എണ്ണം |
| വാഴ | 70 | 2500 |
| മരച്ചീനി | 170 | 4000 |
| കശുമാവ് | 16995 എണ്ണം | 1800 |
| മാവ് | 92 | കണക്കുകൾ ലഭ്യമല്ല |
| റബ്ബർ | 37 | ,, |
| കമുങ്ങ് | 440 | ,, |

നമ്മുടെ പഞ്ചായത്തിൽ എട്ട് നെല്ലുൽപാദക പാടശേഖര കമ്മിറ്റികൾ റജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും രണ്ടെണ്ണം ഇപ്പോൾ പ്രവർത്തനരംഗത്തില്ല. പാടശേഖരകമ്മിറ്റികൾ താഴെ പറയുന്നവയാകുന്നു.

1. കുറുവ നെല്ലുൽപാദക സമിതി.

2. വറ്റല്ലൂർ നെല്ലുൽപാദക സമിതി.
3. കരിഞ്ചാപ്പാടി നെല്ലുൽപാദക സമിതി.
4. പഴമള്ളൂർ നെല്ലുൽപാദക സമിതി.
5. പിരാന്തൻകാവ് പാടശേഖര സമിതി.
6. പടിഞ്ഞാറ്റുമുറി പാടശേഖര സമിതി.
7. കിഴക്കൻ പാങ്ങ് പാടശേഖര സമിതി.
8. തെക്കൻ പാങ്ങ് പാടശേഖര സമിതി.

ഇതിൽ , 7, 8 സമിതികൾ അവയുടെ റജിസ്ട്രേഷൻ പുതുക്കുകയോ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയോ ചെയ്യുന്നില്ല.

സജീവമായി പ്രവർത്തിക്കുന്ന പാടശേഖര കമ്മിറ്റികൾ ഓരോ പാടശേഖരത്തിലും പ്രത്യേകം ആവശ്യമാണ്. ഇത് സംഘടിപ്പിക്കാൻ കൃഷിഭവൻ പ്രത്യേകം ശ്രദ്ധിക്കണം. ഈ സമിതികളുടെ കീഴിൽ കൂട്ടുകൃഷി സമ്പ്രദായം പ്രാവർത്തികമാക്കാൻ കഴിയും. കൂട്ടുകൃഷിയെക്കുറിച്ചു കർഷകർക്ക് ബോധവൽക്കരണം നടത്തണം. അതിന്നവർക്ക് പ്രോൽസാഹനവും ആനുകൂല്യങ്ങളും നൽകുകയും വേണം. ഒരു ഗ്രൂപ്പിലുള്ള കർഷകർക്ക് ആ പാടശേഖരത്തിന്നനുയോജ്യമായ വിത്ത് സൗജന്യമായി വിതരണം ചെയ്യുക, കീടനാശിനികൾ സൗജന്യനിരക്കിൽ വിതരണം ചെയ്തു ഒരേ സമയത്ത് ഉപയോഗിക്കുക മുതലായ കാര്യങ്ങൾ കൂട്ടുകൃഷി പ്രോൽസാഹിപ്പിക്കാൻ വേണ്ടി ചെയ്യാവുന്നതാണ്. ട്രാക്റ്റർ സൗകര്യം എല്ലാവർക്കും ഏർപ്പെടുത്താനും മെതിയന്ത്രം എത്തിക്കാനും ഗ്രൂപ്പ് ഫാമിങ്ങിൽ ശ്രദ്ധിക്കണം. ഗ്രൂപ്പ് ഫാമിങ്ങ് ഒരളവോളം കർഷകരെ സഹായിക്കുമെന്നതിൽ സംശയമില്ല. ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനും കൃഷിച്ചെലവ് കുറക്കാനും ഈ രീതി പ്രയോജനകരമാകും. നമ്മുടെ പഞ്ചായത്തിലെ നെൽകൃഷിമേഖലയിൽ കൃഷിഭവൻ ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം.

പാടത്തേക്ക് ലിങ്ക് റോഡുകൾ ധാരാളം നിർമ്മിക്കേണ്ടതുണ്ട്. ആധുനിക കൃഷി ഉപകരണങ്ങളായ ട്രാക്റ്റർ ഇറക്കാനും മെതിയന്ത്രം എത്തിക്കാനും വളങ്ങൾ പാടത്തെത്തിക്കാനും പഞ്ചായത്തുറോഡുകളും റാംബുകളും അത്യാവശ്യമാണ്. ചെറുപുഴക്കും തോടുകൾക്കും പാലം കെട്ടുകയും വേണം. ട്രാക്റ്റർ ഇറക്കാൻ പറ്റാത്തതിനാൽ വിള ഇറക്കാത്ത ധാരാളം കൃഷിസ്ഥലം ഇന്നുണ്ട്. കൊയ്ത്തിന് ശേഷം കറ്റകെട്ടാനും ഈ റോഡുകൾ കൂടിയേ തീരൂ. പഞ്ചായത്ത് ഇക്കാര്യത്തിൽ മുന്തിയ പരിഗണന നൽകണം.

മണ്ണൊലിപ്പ് നമ്മുടെ പഞ്ചായത്തിലെ നെൽകൃഷിക്കാരുടെ ഒരു തീരാശാപമാണ്. മഴ കൂടുതലാകുന്ന സമയത്ത് വെള്ളം പാടത്തേക്ക് കരകവിഞ്ഞൊഴുകി കൃഷി നശിക്കുകയും വളം ചേർന്ന മണ്ണ് ഒലിച്ചുപോവുകയും ചെയ്യുന്നു. ചെറുപുഴയുടെ തീരത്തുള്ള ഫലഭൂയിഷ്ടമായ വയലുകളിൽ ഇത് സാർവത്രികമാണ്. ഇതിന് ചെറുപുഴയുടെയും തോടിന്റെയും ഇരു വശങ്ങൾ ഭിത്തി കെട്ടി ഭദ്രമാക്കണം. പഴയ കാലത്ത് കൈത പിടിപ്പിച്ചും വേലി കെട്ടിയും തോടിന്റെ വശങ്ങൾ സംരക്ഷിച്ചിരുന്നുവെങ്കിലും അമിതമായ കൂലിച്ചെലവുകൊണ്ട് കർഷകർ അതെല്ലാം ഉപേക്ഷിച്ചിരിക്കുകയാണ്. അതിനാൽ ബ്ലോക്കടിസ്ഥാനത്തിൽ ചെറുപുഴയുടെയും പഞ്ചായത്തടിസ്ഥാനത്തിൽ ചെറുതോടുകളുടെയും വശങ്ങൾ കെട്ടാൻ നടപടി സ്വീകരിക്കണം. കഴിഞ്ഞ കൊല്ലം ചെറുപുഴക്കുണ്ടാക്കിയ കരിങ്കൽ കെട്ടുകൾ ഉയരം കുറഞ്ഞതിനാൽ വെള്ളം കൂടുതൽ കരകവിഞ്ഞൊഴുകുകയും കൃഷിനാശം മുൻവർഷത്തെക്കാൾ സംഭവിക്കുകയും ചെയ്തു. കെട്ട് ആവശ്യത്തിന് ഉയരം ഉണ്ടാക്കേണ്ടതാണ്.

പുഴയുടെയും തോടിന്റെയും പുറമ്പോക്ക് സ്ഥലങ്ങൾ കയ്യേറുന്നത് കണ്ടുപിടിച്ച് അതു തടയേണ്ടതാണ്. പുഴയുടെ വീതി കുറയുന്നത് വെള്ളപ്പൊക്കത്തിന്ന് കാരണമാകുന്നു.

കാർഷികാവശ്യത്തിന്ന് വൈദ്യുതി സൗജന്യമാക്കണം. പമ്പുസെറ്റിന് വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും കാലതാമസം ഒഴിവാക്കുകയും വേണം. ഈ മേഖലയിൽ പവർകട്ട് ഒഴിവാക്കണം. വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

കുറുവ പഞ്ചായത്തിൽ വളം ഡിപ്പോകൾ സ്ഥാപിക്കുക സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുക എന്നിവയും അത്യാവശ്യമാണ്.

നെല്ലിന്ന് അപ്രതീക്ഷിത സമയത്തുണ്ടാകുന്ന വിവിധതരം രോഗങ്ങൾ കർഷകരെ പ്രയാസപ്പെടുത്തുന്നു. ഓലചുരുട്ടിപുഴു, തണ്ടു തുരപ്പൻ, കുഴൽപുഴു, ചാഴി ഇവയൊക്കെ സാധാരണ കാണുന്ന രോഗങ്ങളാണ്. കൃഷിഭവൻ മുഖേന ഈ രോഗങ്ങൾക്ക് പ്രതിവിധി കാണേണ്ടതാണ്. പഞ്ചായത്തിലെ രാസവള കീടനാശിനി ഉപയോഗം പട്ടിക IX ൽ കൊടുത്തിട്ടുണ്ട്.

### പട്ടിക IX
### പഞ്ചായത്തിലെ രാസവള കീടനാശിനി ഉപയോഗം

| വർഷം | രാസവളം (Kg.) | കീടനാശിനി (Kg.) |
|---|---|---|
| 1993 94 | 48000 | 278 |
| 1994 95 | 54500 | 295 |
| 1995 96 | 64800 | ....... |

കൃഷി ഓഫീസർമാർ നെൽകൃഷിക്കാരുമായി ആഴ്ചയിൽ ഒരിക്കലെങ്കിലും ബന്ധപ്പെടണം. നെൽകർഷകരുടെ സെമിനാർ പഞ്ചായത്തിന്റെയും കൃഷി ഓഫീസിന്റെയും മേൽനോട്ടത്തിൽ സംഘടിപ്പിച്ച് കർഷകരെ ബോധവാന്മാരാക്കണം. മോൽക്കാണിച്ച കാര്യങ്ങൾ, പഞ്ചായത്തിലെ കൃഷിമേഖലയെ ഒരു പുതിയ ചൈതന്യത്തിലേക്ക് നയിക്കുമെന്നുറപ്പാണ്. പഞ്ചായത്തിലെ കാർഷികോപകരണങ്ങളുടെ കണക്ക് പട്ടിക ↓ഘഘ ൽ കൊടുത്തിട്ടുണ്ട്.

## പട്ടിക VII

## പഞ്ചായത്തിലെ കാർഷികോപകരണങ്ങൾ

( അവലംബം : കൃഷിഭവൻ )

| ക്രമ നമ്പർ | ഉപകരണം | എണ്ണം |
|---|---|---|
| 1. | ട്രാക്ടർ | 12 |
| 2. | ടില്ലർ | 1 |
| 3. | നാടൻ കലപ്പ | 1410 |
| 4. | റോക്ക് സ്പ്രേയർ | 25 |
| 5. | തെങ്ങു കയറ്റയന്ത്രം | 2 |
| 6. | പമ്പുസെറ്റുകൾ | 163 |

കുറുവ പഞ്ചായത്തിലെ ഇപ്പോഴത്തെ പ്രധാനപ്പെട്ട കൃഷി തെങ്ങ് കൃഷിയാണ്. ഏറ്റവും കൂടുരൽ സ്ഥലം കൃഷി ചെയ്യുന്നത് തെങ്ങുതന്നെയാണ്. 869 ഹെക്ടർ സ്ഥലത്ത് 136867 കായ്ക്കുന്ന തെങ്ങും 15208 കായ്ക്കാത്ത തെങ്ങിൻ തയ്യും ഈ പഞ്ചായത്തിലുണ്ട്. 612 തെങ്ങുകൾ വിവിധതരം രോഗങ്ങൾ ബാധിച്ചിട്ടുണ്ട്. ഒരു തെങ്ങിൽ നിന്നും ശരാശരി 25 മുതൽ 30 വരെ തേങ്ങ ലഭിച്ചുവരുന്നു. തെങ്ങുകൃഷി വർഷങ്ങളായിട്ടുതന്നെ ഇവിടെ നന്നായി സംരക്ഷിക്കപ്പെട്ടിരുന്നു. അടുത്ത കാലത്തായി പറമ്പിലെപ്പോലെതന്നെ പാടത്തും തെങ്ങുകൾ വെച്ചുപിടിപ്പിച്ചു തുടങ്ങിയിരിക്കുന്നു. അധിക കർഷകരും ശരാശരി വരുമാനക്കാരാണ്. പഞ്ചായത്തിലെ തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ പട്ടിക ↓ഘഘഘ ൽ കൊടുത്തിട്ടുണ്ട്.

## പട്ടിക VIII

## തെങ്ങുകൃഷി സംബന്ധമായ വിവരങ്ങൾ

| | | |
|---|---|---|
| 1. | പഞ്ചായത്തിലെ തെങ്ങുകൃഷി വിസ്തീർണ്ണം | 869 ഹെ. |
| 2. | കായ്ക്കുന്ന തെങ്ങിന്റെ എണ്ണം | 136867 |
| 3. | കായ്ക്കാത്ത തെങ്ങിന്റെ എണ്ണം | 15208 |
| 4. | രോഗം ബാധിച്ച തെങ്ങിന്റെ എണ്ണം | 612 |

തെങ്ങിന്റെ ഉൽപാദന ശേഷി വർദ്ധിപ്പിക്കാൻ ജലസേചനം അത്യാവശ്യമാണ്. ഡ്രിപ്പ് സമ്പ്രദായം നടപ്പാക്കാനനുയോജ്യമായ സ്ഥലമാണീ പഞ്ചായത്തിലുള്ളത്. അതിനു കർഷകർക്കുവേണ്ട സാങ്കേതിക ഉപദേശവും, പ്രായോഗിക ജ്ഞാനവും, സാമ്പത്തിക സഹായവും നൽകണം. ഇവിടെയുള്ള അധിക തെങ്ങിൻതോട്ടങ്ങളും മഴക്കാലത്തുമാത്രം ജലം ലഭിക്കുന്നവയാണ്. ജലസേചനം നടത്തിയാൽ ഉൽപാദന ക്ഷമത ഇരട്ടിയാവുമെന്നുറപ്പാണ്. ഈ പഞ്ചായത്തിൽ ചെറുപുഴക്കും തോടുകൾക്കും പുറമെ ധാരാളം കുളങ്ങളും, ചോലകളും ഉണ്ടെന്ന് പ്രസ്താവിച്ചുവല്ലോ. ഈ കുളങ്ങളും, ചോലകളും മണ്ണുനീക്കി വശങ്ങൾ കെട്ടിപ്പടുത്ത് ജലസേചനയോഗ്യമാക്കണം. തെങ്ങു കൃഷിക്കനുയോജ്യമായത് മേൽ പറഞ്ഞ ജല സ്രോതസ്സുകളിൽ നിന്നും പമ്പുസെറ്റ് സ്ഥാപിച്ച് ജലം പമ്പുചെയ്യലാണ്. പുഴ, തോട് എന്നിവക്ക് ബണ്ടു കെട്ടിയാൽ കുറെക്കാലം ജലസേചനം നടത്താൻ കഴിയും.

തെങ്ങുകൃഷിക്കാരൻ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം മണ്ണൊലിപ്പാണ്. കൂടുതൽ തെങ്ങും കൃഷി ചെയ്യുന്നത് കുന്നിൻ ചെരിവുകളിലാണ്. ശക്തമായ മഴ പെയ്താൽ വളം ചേർത്ത മണ്ണ് താഴോട്ട് കുത്തിയൊലിച്ചു പോകുന്നത് സാധാരണയാണ്. ഇതിന് കൃഷിസ്ഥലങ്ങളിൽ ബണ്ടുകെട്ടി മണ്ണൊലിപ്പു തടയേണ്ടതാണ്. ഇതിന് ഭീമമായ സംഖ്യ ചെലവുവരും. ചെറുകിട കർഷകർ ഭീമമായ ചെലവു താങ്ങാൻ സാമ്പത്തിക ശേഷിയുള്ളവരല്ല. അതിനാൽ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും പലിശരഹിത ദീർഘ കാല വായ്പകൾ തെങ്ങുകൃഷിക്കാർക്ക് ലഭ്യമാക്കണം. തെങ്ങ് നനക്കാൻ കിണർ കുഴിക്കുന്നതിന്നും, പമ്പുസെറ്റ് സ്ഥാപിക്കുന്നിനും ഇതുപോലുള്ള വായ്പകൾ അത്യാവശ്യമാണ്.

വളം പ്രയോഗിക്കുന്നതിലുള്ള അശാസ്ത്രീയത തെങ്ങുകളുടെ ഉൽപാദനക്ഷമതയെ ബാധിക്കുന്നു. ഓരോ ഇനം മണ്ണിലേക്കും ആവശ്യമായ വളം മണ്ണ് പരിശോധന നടത്തി ഏതൊക്കെയെന്ന് കൃഷിഭവനിൽനിന്നും നിർദ്ദേശം നൽകണം. ജൈവവളങ്ങൾ കൂടുതൽ ഉപയോഗിക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കുകയും വേണം. തെങ്ങിന് രാസവളം ഉപയോഗിക്കാൻ സാധാരണ കർഷകർ മടിക്കുന്നു. ഉപയോഗിക്കേണ്ട രാസവളത്തെക്കുറിച്ചും, അതിന്റെ അളവിനെക്കുറിച്ചും ഉപയോഗിക്കേണ്ട കാലത്തെക്കുറിച്ചും കർഷകർക്ക് ശരിയായ അറിവ് പകരേണ്ടതാണ്. ഇപ്പോൾ സാധാരണയായി

തെങ്ങിനുപയോഗിക്കുന്ന ജൈവവളം തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്ത വെണ്ണീറും ചാണകപ്പൊടിയും ഇവിടെ ത്തന്നെ ലഭിക്കുന്ന പച്ചില വളവുമാണ്. എല്ലുപൊടിയും മത്സ്യ വളവും ചില കർഷകർ ഉപയോഗിക്കാറുണ്ട്. ഈ ഉപയോഗത്തി ലൊന്നും തന്നെ ശാസ്ത്രീയ രീതി ആരും അവലംബിക്കുന്നില്ല. ഓരോ സ്ഥലത്തേയും മണ്ണു പരിശോധിച്ചതിനു ശേഷം അവിടേക്കാവശ്യമായ ജൈവ രാസ വളങ്ങൾ തിട്ടപ്പെടുത്തി ക്കൊടുത്താൽ ഉൽപാദനക്ഷമത വർധിക്കും. തൊഴിലാളികളെ കിട്ടാത്ത പ്രശ്നങ്ങളും, അമിതമായ കൂലി നിരക്കും തെങ്ങു കർഷകരേയും പ്രയാസപ്പെടുത്തുന്നുണ്ട്.

ഇവിടെ പരമ്പരാഗതമായി തെങ്ങുകയറ്റതൊഴിലാളികൾ ഈഴവരാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റം ഈ രംഗത്തുനിന്നും തൊഴിലാളികളെ പിന്തിരിപ്പിച്ചിരിക്കുന്നു. തെങ്ങുകയറ്റ യന്ത്രം സാർവത്രികമാക്കേണ്ടതുണ്ട്. തെങ്ങിൻ തോട്ടങ്ങൾ പൂട്ടുന്നതിന്ന് ട്രാക്റ്റർ സൗകര്യം ഏർപ്പെടുത്തുകയും വേണം.

നമ്മുടെ പഞ്ചായത്തിൽ ഒരു കേര കർഷക സമിതി പ്രവർത്തിക്കുന്ന കാര്യം മിക്ക ചെറുകിട കർഷകരെ സംബന്ധിച്ചേടത്തോളവും അജ്ഞാതമാണ്. ഇതിന്റെ പ്രവർത്തനം കൂടുതൽ ജനകീയമാക്കണം. ശാസ്ത്രീയതെങ്ങു കൃഷിയെക്കുറിച്ച് കേരകർഷക സമിതിയുടെ ആഭിമുഖ്യത്തിൽ കർഷകർക്കായി സെമിനാർ സംഘടിപ്പിക്കുകയും കർഷകർ ക്കുള്ള ആനുകൂല്യങ്ങളെക്കുറിച്ചും പ്രോത്സാഹങ്ങളെക്കുറിച്ചും കർഷകരെ ബോധവാൻമാരാക്കുകയും വേണം. പഞ്ചായത്തിൽ തെങ്ങു വെച്ചുപിടിക്കാൻ അനുയോജ്യമായ സ്ഥലം ഇനിയും ധാരാളമുണ്ട്. ഇവിടങ്ങളിൽ തെങ്ങു വെച്ചുപിടിക്കാൻ പ്രോൽസാഹനം നൽകണം. മേത്തരം തെങ്ങിൻ തൈകൾ കൃഷിഭവൻ മുഖേന സൗജന്യമായോ വിതമായ നിരക്കിലോ കർഷകർക്കു വിതരണം ചെയ്യണം. കൃഷി ഭവൻ മുഖേന ഇക്കൊല്ലം വിതരണം ചെയ്ത തെങ്ങിൻ തൈകൾ ഗുണമേന്മ കുറഞ്ഞവയായിരുന്നു എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. ഈ പഞ്ചായത്തിൽ തെങ്ങിന് ചെന്നീരൊലിപ്പ്, കൂമ്പ് ചീയൽ എന്നി രോഗങ്ങളും ചെമ്പ ചെള്ളിയുടെ ആക്രമണവും കാണുന്നു. തെങ്ങ് ചൊട്ടയിട്ട് കായ്ക്കാറായ സമയത്തും നന്നായി കായ്ക്കുന്ന സമയത്തും തെങ്ങിന് രോഗബാധ ഉണ്ടാകുന്നത് കർഷകരെ വളരെയധികം നിരുൽസാഹപ്പെടുത്തു ന്നു. ഈ രോഗങ്ങൾക്ക് സർക്കാർ തലത്തിൽ പരിഹാരം കാണേണ്ടതാണ്.

നാളികേരത്തിന്റെ അസ്ഥിരമായ വിലനിലവാരം കർഷകരെ അലട്ടുന്ന മറ്റൊരു പ്രശ്നമാണ്. ഒരു തേങ്ങക്ക് 7 രൂപ തോതിൽ തറവില നിജപ്പെടുത്തേണ്ടതാണ്. തെങ്ങിന് വിള ഇൻഷൂറൻസ് സാർവത്രികമാക്കേണ്ടതാണ്. പ്രകൃതി ക്ഷോഭം മൂലം തെങ്ങ് നശിച്ചുപോകുമ്പോൾ കർഷകന് മതിയായ തോതിൽ നഷ്ടപരിഹാരം നൽകണം. ഒരു തെങ്ങിന് 2500 രൂപ വെച്ച് ഇൻഷൂറൻസ് തുക നിജപ്പെടുത്തണം.

**കമുങ്ങും വെറ്റിലയും**

ഈ പഞ്ചായത്തിൽ കമുങ്ങും വെറ്റിലയും അനുബന്ധ കൃഷികളാണ്. വെറ്റിലയുടെ കൂട്ടക്കൊടി സമ്പ്രദായം ഇവിടെയില്ല. ഈ രണ്ട് കൃഷികൾക്കും ജലസേചനം വൻതോതിലാവശ്യമാണ്. രണ്ടും ഒരേ തോട്ടത്തിൽ ഒന്നിച്ചു കൃഷിചെയ്യുന്നു. കമുങ്ങിനും വെറ്റിലക്കും ജലസേചനത്തിന് വേണ്ടത്ര ജലം ലഭിക്കാത്തതുതന്നെയാണ് ഈ രംഗത്തെ വലിയ പ്രശ്നം. ബണ്ടു കെട്ടുക, കുളം, കിണർ എന്നിവ റിപ്പയർ ചെയ്യുക, മോട്ടോർ സ്ഥാപിക്കുക എന്നിവയാണ് പരിഹാര മാർഗ്ഗങ്ങൾ. പഞ്ചായത്തിൽ 440 ഹെക്ടർ സ്ഥല ത്തായി 1365000 കമുങ്ങുകളും, മുപ്പതു ഹെക്ടർ സ്ഥലത്ത് വെറ്റിലയും കൃഷി ചെയ്യുന്നു. ഈ രംഗത്ത് ധാരാളം വിപുലീ കരണ സാധ്യത നമ്മുടെ പഞ്ചായത്തിലുണ്ട്. അടക്ക വില കുറച്ചു വർഷങ്ങളായി കുറയാതിരിക്കുന്നത് കർഷകരെ ഈ കൃഷിയിലേക്കാകർഷിക്കാൻ കാരണമായിട്ടുണ്ട്. അടുത്തകാല ത്തായി 40 ഹെക്ടർ പാടമെങ്കിലും കമുങ്ങിൻ തോട്ടങ്ങളായി മാറിയിട്ടുണ്ട്. ജല സേചനം നടത്തുന്ന കമുങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി വെറ്റില കൃഷി സാർവത്രികമാക്കാൻ കഴിയും. വെറ്റിലയുടെ അസ്ഥിരമായ വിലയാണ് കർഷകരെ ഇതിൽ നിന്നും പിന്തിരിപ്പിക്കുന്നത്. വെറ്റില കയറ്റി അയക്കാൻ സ്ഥിര മായ സംവിധാനം ഉണ്ടായാൽ വെറ്റില കൃഷി രംഗത്ത് ഒരു കുതിച്ചു ചാട്ടം തന്നെ ഈ പഞ്ചായത്തിലുണ്ടാകും.

നമ്മുടെ ഭൂപ്രകൃതിയും ജലസ്രോതസ്സുകളും ഈ കൃഷികളുടെ വിപുലീകരണത്തിന് ഏറ്റവും അനുയോജ്യമാണ്. നമ്മുടെ നാട്ടിൽ പൊടികവുങ്ങ് എന്നറിയപ്പെടുന്ന നനക്കാത്ത ധാരാളം കമുങ്ങുകളുണ്ട്. കർഷകർക്ക് സാമ്പത്തിക സഹായം നൽകിയാൽ ഇവയും നനക്കാനുള്ള സംവിധാനം ഉണ്ടാക്കാം. നനച്ചാൽ ഉൽപാദനം ഇരട്ടിയാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കമുങ്ങിന് സാധാരണ കണ്ടുവരുന്ന മഹാളി

രോഗവും മഞ്ഞളിപ്പും വെറ്റിലക്ക് കാണുന്ന വാട്ടവും കൃഷി ഭവൻ മുഖേന പരിഹരിക്കേണ്ടതാണ്. മഹാളി രോഗത്തിന് ഓരോ പ്രദേശത്തെയും കർഷകർ ഒന്നിച്ചു ചെയ്യേണ്ടതാണ്. ഇതിന് കമുങ്ങ് കർഷകരുടെ സമിതിക്ക് രൂപം നൽകണം. പാടശേഖര കമ്മിറ്റികൾ പോലെതന്നെ നന്നായി പ്രവർത്തിച്ച് കർഷകർക്ക് ഉപദേശവും, പ്രോത്സാഹനവും നൽകാൻ ഈ സമിതികൾക്കു കഴിയും. കേരകർഷക സമിതിയുടെ മാതൃക ഇവിടെ സ്വീകാര്യയോഗ്യമാണ്. കമുങ്ങ് കർഷകർക്ക് പറയ ത്തക്ക ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ലെന്ന പരാതി പൊതുവെയുണ്ട്. ഇത് പരിഹരിക്കേണ്ടതാണ്. നല്ലയിനം തൈ കൾ കൃഷി ഭവൻ മുഖേന വിതരണം ചെയ്യണം. കമുങ്ങിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ വേണ്ട സമയത്ത് വള പ്രയോഗം നടത്തിയേമതിയാവൂ. അതിനാവശ്യമായ സാമ്പത്തിക സഹായത്തിന് പദ്ധതികളാവിഷ്ക്കരിക്കണം. കേര കർഷകർക്കെന്ന പോലെ ഇവിടെയും ദീർഘകാല പലിശരഹിത വായ്പകൾ നൽകാൻ സംവിധാനമുണ്ടാക്കണം. പ്രകൃതി ക്ഷോഭവും, കാലവർഷക്കെടുതിയും മൂലമുണ്ടാകുന്ന വിള നഷ്ടത്തിന് നഷ്ടപരിഹാരം നൽകണം. ഇൻഷൂറൻസ് പദ്ധതി കമുങ്ങ് കർഷകർക്ക് സാർവത്രികമാക്കണം. ഒരു കമുങ്ങിന് 250 രൂപ നിരക്കിൽ ഇൻഷൂറൻസ് പദ്ധതി നടപ്പാക്കണം. ഒരു കിലോ പഴുക്കടക്കക്ക് 15 രൂപ തറവില നിശ്ചയിക്കുക, വെറ്റിലക്ക് ചിലവിനനുപാതികമായി ഉയർന്ന വില ലഭ്യമാക്കുക, ജലസേചനത്തിനായി സാമ്പത്തിക സഹായം നൽകുക മുത ലായവ കമുങ്ങ് കൃഷിയെയും, വെറ്റില കൃഷിയെയും ഈ പഞ്ചായത്തിൽ കാര്യക്ഷമമാക്കാൻ ഉപകരിക്കും.

## കശുവണ്ടി

കുറുവ പഞ്ചായത്തിൽ 16995 കശുമാവുകളുണ്ട്. വലിയ ചെലവു കൂടാതെ ലഭിക്കുന്ന കാർഷിക വിളയിതാണെന്ന് എല്ലാ കർഷകരും സമ്മതിക്കുന്നു. കുന്നി നിരപ്പുകളിലും ചെരിവുകളിലുമാണിത് കൃഷി ചെയ്യപ്പെടുന്നത്. നമ്മുടെ പഞ്ചായത്തിലെ ചെങ്കൽ നിറഞ്ഞ കുന്നിൻനിരപ്പുകളിൽ കശുമാവു കൃഷിക്ക് നല്ല സാധ്യതയുണ്ട്. 150 ഹെക്ടർ സ്ഥലം കശുമാവു കൃഷിക്കായി ഇനിയും ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത സ്ഥലത്ത് കൃഷി ചെയ്യാനാവശ്യമായ മേത്തരം കശുമാവിൻ തൈകൾ കൃഷി ഭവൻ മുഖേന വിതരണം ചെയ്യണം.

കശുമാവിന് ചില കാലങ്ങളിലനുഭവപ്പെടുന്ന രോഗങ്ങൾ കൃഷി ഓഫീസ് മുഖേന പരിഹരിക്കേണ്ടതാണ്. കശുവണ്ടിക്ക് ഉയർന്ന വില ഉണ്ടാവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്. താഴ്ന്ന വരുമാനക്കാരായ കശുവണ്ടി കർഷകരെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കാൻ ഈ ഉൽപ്പന്നത്തിന്ന് ഉയർന്ന വില നിശ്ചയിച്ച് സംഭരണ കേന്ദ്രങ്ങൾ തുടങ്ങണം.

## കുരുമുളക്

നമ്മുടെ പഞ്ചായത്തിൽ 49 ഹെക്ടർ സ്ഥലത്ത് കുരുമുളകു കൃഷി ചെയ്യുന്നു. അടുത്ത കാലത്തായി ഏറ്റവും അധികം നാശത്തെ നേരിട്ട കൃഷിയാണിത്. ദ്രുതവാട്ടം കുരുമുളകുകൃഷിയെ നാട്ടിൻപുറങ്ങളിൽനിന്നും ഇല്ലാതാക്കി എന്നു പറയാം. ഈ രോഗത്തെ ഫലപ്രദമായി തടയാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. കർഷകർ കുരുമുളകു കൃഷിയിൽനിന്നും പിന്തിരിയാനുള്ള പ്രധാന കാരണം ദ്രുതവാട്ടം എന്ന മാറാരോഗംതന്നെയാണ്. പണ്ടുകാലം മുതൽതന്നെ ധാരാളം കുരുമുളകുകൃഷി ചെയ്തിരുന്ന പ്രദേശമാണ് കുറുവ പഞ്ചായത്ത്. ദ്രുതവാട്ടത്തിന്ന് പ്രതിവിധി കണ്ട് കർഷകരെ വീണ്ടും ഈ കൃഷിയിലേക്കാകർഷിക്കണം. രോഗപ്രതിരോധശേഷിയുള്ള മേത്തരം കുരുമുളകുവള്ളികൾ വിതരണം ചെയ്യുക, മണ്ണു പരിശോധനയിലൂടെ കുരുമുളകുകൃഷിക്കനുയോജ്യമായ നടപടികൾ ഈ കൃഷിയെ തട്ടിയുണർത്താൻ ഉപകരിക്കും. ഉയർന്ന വില സ്ഥിരമായി ലഭിക്കാൻ സംവിധാനമുണ്ടാക്കേണ്ടതാണ്.

## കപ്പയും മറ്റു കിഴങ്ങുവർഗ്ഗങ്ങളും

പണ്ടുകാലങ്ങളിൽ കപ്പയും മറ്റു കിഴങ്ങുവർഗ്ഗങ്ങളായ ചേമ്പ്, ചേന, മധുരക്കിഴങ്ങ് മുതലായവയും പറമ്പുകളിൽ ഗണ്യമായ തോതിൽ കൃഷി ചെയ്തിരുന്നു. ഓരോ കുടുംബവും അവരുടെ ഗാർഹികാവശ്യത്തിന്നായി ഇതെല്ലാം വീട്ടുവളപ്പുകളിൽ അടുത്തകാലം വരെ കൃഷി ചെയ്തിരുന്നു. എന്നാൽ ഇന്ന് കപ്പയും കിഴങ്ങുവർഗ്ഗങ്ങളും പറമ്പുകളിൽ വളരെ കുറഞ്ഞിരിക്കുന്നു. പാടത്ത് കപ്പകൃഷി അടുത്ത കാലത്തായി വർദ്ധിച്ചിട്ടുണ്ട്. പറമ്പിനെ അപേക്ഷിച്ച് ഉൽപാദനക്ഷമത കൂടുതലായതും, ഗുണനിലവാരം മെച്ചമായതും കപ്പകൃഷി പാടത്ത് കൂടുതൽ ആകർഷകമാക്കി. ജലസേചനത്തിന്നുള്ള സൗകര്യക്കുറവും മഴക്കാലത്ത് അധികജലം ഒഴുകിപ്പോകാനുള്ള സൗകര്യമില്ലായ്മയും ഈ

കൃഷി നേരിടുന്ന പ്രശ്നങ്ങളാണ്. ബണ്ടുകെട്ടി വെള്ളം തടഞ്ഞുനിർത്തുക, കിണർ, കുളം, ചോല എന്നിവ ഉപയോഗയോഗ്യമാക്കുക, പാടത്ത് ചെറിയ കനാൽ നിർമ്മിക്കുക എന്നീ കാര്യങ്ങൾ ഈ രംഗത്തും ചെയ്യാവുന്ന താണ്. വിളയിറക്കുന്ന സമയത്ത് വലിയ മുതൽമുടക്ക് ആവശ്യമായതിനാൽ കർഷകർക്ക് സാമ്പത്തികസഹായത്തിന് വായ്പാ ഏർപ്പാടുകൾ ചെയ്യണം.

കപ്പയുടെ അസ്ഥിരമായ വില കർഷകരെ അലട്ടുന്ന ഒരു പ്രശ്നമാണ്. തൃശൂർ, കോഴിക്കോട് മുതലായ പട്ടണങ്ങളിലും, നാടൻ കച്ചവടക്കാരുമാണ് കപ്പ സാധാരണയായി വാങ്ങുന്നത്. കപ്പ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന ഫാക്ടറികൾ ഉണ്ടായാൽ കർഷകർക്ക് വിപണന പ്രശ്നം ഒഴിവായിക്കിട്ടും. അതിനാവശ്യമായ പ്രവർത്തനം സർക്കാർ ഭാഗത്തുനിന്നും, വ്യവസായ സംരഭകരുടെ ഭാഗത്തുനിന്നും സംയുക്തമായി ഉണ്ടാകേണ്ടതാണ്.

മരച്ചീനിയുടെ പൊതുവായ രോഗങ്ങളെക്കുറിച്ചും അതിലുള്ള പ്രതിവിധികളെക്കുറിച്ചും കൃഷി ഓഫീസർമാർ കർഷകരെ ബോധവാന്മാരാക്കണം. പാടത്തും, പറമ്പിലും മരച്ചീനികൃഷി നമ്മുടെ പഞ്ചായത്തിൽ ആദായകരമായി നടത്താവുന്നതാണ്.

## പച്ചക്കറികൾ

നമ്മുടെ പഞ്ചായത്തിൽ ധാരാളം പച്ചക്കറികൾ പാടത്തും പറമ്പിലുമായി കൃഷി ചെയ്യുന്നു. വെള്ളരി, കുമ്പളം, പാവയ്ക്ക, മത്തൻ, വഴുതിന, വെണ്ട, പയർ എന്നിവ സാധാരണയായി കൃഷി ചെയ്യപ്പെടുന്നു. ജൂൺ, ജൂലായ് മാസങ്ങളിൽ പറമ്പിലും, സെപ്റ്റംബർ മുതൽ പാടത്തും പച്ചക്കറി കൃഷി ചെയ്യുന്നു. ഈ കൃഷിക്ക് വലിയ മുതൽ മുടക്ക് ആവശ്യമാണ്. ഈ കർഷകരെല്ലാം താഴ്ന്ന വരുമാനക്കാരും കൂലിവേലക്കാരുമാണ്. അവർക്കാവശ്യമായ ഹ്രസ്വകാല വായ്പകൾ നൽകാൻ സഹകരണ സ്ഥാപനങ്ങൾ മുന്നോട്ടുവരേണ്ടതുണ്ട്. പച്ചക്കറികൾക്കുണ്ടാകുന്ന വിവിധതരം രോഗങ്ങൾ കർഷകരെ അലട്ടുന്ന പ്രശ്നമാണ്. പ്രതിവിധി കണ്ടെത്താൻ കൃഷി ഓഫീസർമാർ വളരെയധികം ശ്രദ്ധിക്കണം.

ഈ കൃഷിക്ക് ധാരാളം ജൈവവളങ്ങളും, രാസവളങ്ങളും, കീടനാശിനികളും ആവശ്യമാണ്. ഇവകളുടെ അമിതമായ വില കർഷകരെ ഈ കൃഷിയിൽ നിന്നും പിന്തിരിപ്പിക്കുന്നു. രാസവളവും കീടനാശിനികളും കുറഞ്ഞ വിലക്ക് നൽകാൻ കഴിഞ്ഞാൽ കൂടുതൽ കർഷകർ ഈ രംഗത്തേക്ക് വരുമെന്നുറപ്പാണ്. ഈ രംഗത്ത് ഏറ്റവും വലിയ പ്രശ്നം വിലയിലുള്ള അസ്ഥിരതയാണ്. നമ്മുടെ പഞ്ചായത്തിലെ കർഷകർ കോഴിക്കോട്, പാലക്കാട് തുടങ്ങിയ വിദൂര പട്ടണങ്ങളിൽ കൊണ്ടുപോയാണ് പച്ചക്കറി സാധാരണ വിൽക്കുന്നത്. മലപ്പുറം, പെരിന്തൽമണ്ണ, വളാഞ്ചേരി തുടങ്ങിയ സമീപ പ്രദേശങ്ങളിലും വിൽപന നടത്താറുണ്ട്. പച്ചക്കറിക്ക് പെട്ടെന്നനുഭവപ്പെടുന്ന വിലക്കുറവ് കർഷകരെ തളർത്തുന്നു. ഇതിന് ഉയർന്നതും, സ്ഥിരമായതുമായ വില നിലവാരം ഉണ്ടാവാനുള്ള സംവിധാനം സർക്കാർ തലത്തിൽ സ്വീകരിക്കണം. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തിയാൽ ഒരളവുവരെ വില നിലവാരം പിടിച്ചു നിർത്താൻ കഴിയും.

## റബ്ബർ

റബ്ബർ ഈ പഞ്ചായത്തിൽ നാമമാത്രമായേ കൃഷി ചെയ്യപ്പെടുന്നുള്ളൂ. റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ എണ്ണവും നമ്മുടെ പഞ്ചായത്തിൽ കുറവാണ്. 37 ഹെക്ടർ സ്ഥലത്ത് റബ്ബർ ഉണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട ഫാക്ടറികളൊന്നും ഇവിടെയില്ല. സംസ്ഥാനത്തിൽ ഏറ്റവും വരുമാനമുള്ള കൃഷിയാണെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഈ കൃഷി സാർവത്രികമായിട്ടില്ല.

മണ്ണു പരിശോധനയും, ഗവേഷണവും നടത്തി കൃഷിയുടെ അനുയോജ്യത നമ്മുടെ പഞ്ചായത്തിൽ തെളിയിക്കേണ്ടതായിട്ടുണ്ട്.

## മറ്റു കൃഷികൾ

തികച്ചും കാർഷിക ഗ്രാമങ്ങൾ ഉൾക്കൊള്ളുന്ന ഈ പഞ്ചായത്തിൽ വേറെയും ധാരാളം ഹ്രസ്വ, വാർഷിക, ദീർഘകാല വിളകൾ ഉല്പാദിപ്പിക്കുന്നുണ്ട്. വാഴ അവയിൽ പ്രധാനപ്പെട്ട ഒന്നാണ്. ഏത്തവാഴ പാടങ്ങളിൽ ധാരാളം കൃഷി ചെയ്യുന്നു. പച്ചക്കറി കൃഷി പോലെ ഏത്തവാഴയും ധാരാളം മുതൽ മുടക്കും, ശുശ്രൂഷയും വേണ്ട ഒന്നാകുന്നു. കാലവർഷക്കെടുതികൾ ഏറ്റവും പ്രതികൂലമായി ബാധിക്കുന്ന ഈ കൃഷിക്ക് വേണ്ടത്ര നഷ്ടപരിഹാരം നൽകാനും ഇൻഷൂറൻസ് സംവിധാനം സാർവത്രികമാക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ട

താണ്. ജൈവവളങ്ങളും, രാസവളങ്ങളും കൂടുതലായി ഉപയോഗിക്കേണ്ട കൃഷിയായതിനാൽ ആ രംഗത്തുള്ള ആനുകൂല്യങ്ങളും ഈ കൃഷിയെ പ്രോൽസാഹിപ്പിക്കും. കൃഷിയിറക്കി ഉല്പന്നം മാർക്കറ്റിൽ വിൽക്കുന്നതുവരെ ഏത്തവാഴ കർഷകന് ഒരനിശ്ചിതത്വം അനുഭവപ്പെടുന്നു. ഇൻഷൂറൻസ് പദ്ധതി കർഷകന് സഹായകമാകും. ജലസേചന സൗകര്യവും, സാമ്പത്തിക സഹായവും കർഷകർക്ക് ലഭ്യമാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ ഏത്തവാഴ കൃഷി വളരെക്കൂടുതൽ ഉണ്ടാകും.

പണ്ടു കാലങ്ങളിൽ എല്ലായിടത്തും കാണപ്പെട്ടിരുന്ന നാടൻ വാഴയിനങ്ങൾ നമ്മുടെ നാട്ടിൽ കുറഞ്ഞുകൊണ്ടിരിക്കുന്നു. മൈസൂർ, കദളി, പൊണ്ണൻ, പൂവൻ, കുഞ്ഞൻ മുതലായ നാടൻ ഇനങ്ങൾ ഈ പഞ്ചായത്തിൽ ധാരാളം ഉണ്ടായിരുന്നു. രോഗബാധയില്ലാത്ത ഇത്തരം തൈകൾ കർഷകർക്ക് വിതരണം ചെയ്യാൻ സംവിധാനങ്ങളുണ്ടാക്കണം. നല്ല വളപ്രയോഗവും, മേൽനോട്ടവും നടത്തിയാൽ മൈസൂർ വാഴ ഏറ്റവും ആദായകരമാണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. ഈ രംഗത്തേക്ക് കർഷകരുടെ ശ്രദ്ധ തിരിക്കാൻ വേണ്ട ഏർപ്പാടുകളുണ്ടാവണം.

ചക്ക, മാങ്ങ എന്നിവയും നമ്മുടെ പഞ്ചായത്തിൽ ധാരാളമായി ഉൽപാദിപ്പിക്കപ്പെടുന്നു. ചക്കയുടെ വിപണനകേന്ദ്രം തമിഴ്നാടാണ്. ഈ ഉൽപന്നത്തിന്ന് നമുക്ക് മിതമായ വില ലഭിക്കുന്നില്ല. ചക്ക അസംസ്കൃത വസ്തുവായിട്ടുള കുടിൽ വ്യവസായങ്ങൾക്ക് പ്രചോദനം നൽകിയാൽ പ്രസ്തുത കാർഷിക ഉൽപന്നത്തിന്ന് മതിയായ വില ലഭിക്കാൻ സാധ്യതയുണ്ട്.

മേത്തരം മാവിൻ തൈകൾ പഞ്ചായത്തിൽ വിതരണം ചെയ്യണം. മാവു കൃഷിക്കനുയോജ്യമായ സ്ഥലസൗകര്യം നമ്മുടെ പഞ്ചായത്തിലുണ്ട്.

പട്ടിക X

## തൈകൾ വിതരണം ചെയ്ത കണക്കുകൾ

അവലംബം : കൃഷിഭവൻ രജിസ്റ്റർ

| | പേര് | 1993 94 | 1994 95 | 1995 96 |
|---|---|---|---|---|
| 1. | തെങ്ങ് | 722 | 485 | 655 |
| 2. | കശുമാവ് | 1600 | 640 | 1760 |
| 3. | കുരുമുളക് | 5000 | ........ | 3200 |
| 4. | കമുങ്ങ് | 166 | 100 | 250 |
| 5. | മാവ് | 256 | ....... | 176 |
| 6. | ജാതി | 115 | ....... | 75 |
| 7. | വാഴ | 2000 | ........ | 210 |

അതുപോലെ തന്നെ കീടനാശിനി, രാസവളം, മുതലായവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. കൃഷിഭവൻ മുഖേന നൽകിയിട്ടുള്ള മൊത്തം ദുരിതാശ്വാസ വിതരണത്തിന്റെ കണക്ക് പട്ടിക ൧൧ ൽ കൊടുത്തിട്ടുണ്ട്.

പട്ടിക XI

## ദുരിതാശ്വാസ വിതരണം

| | വർഷം | സംഖ്യ |
|---|---|---|
| 1. | 1993 94 | 712 രൂപ |
| 2. | 1994 95 | 69798 രൂപ<br>180 Kg. നെൽ വിത്ത് |
| 3. | 1995 96 | ............... |

വളരെ വിസ്തൃതമായ പഞ്ചായത്താണെങ്കിലും കൃഷിഭവനിൽ ആവശ്യത്തിന്ന് ജീവനക്കാരില്ലാത്തത് അതിന്റെ പ്രവർത്തനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഈ ഓഫീസിൽ ഒരു കൃഷി ഓഫീസറും മൂന്ന് അസിസ്റ്റന്റുമാരും മാത്രമാണുള്ളത്. ഇതിൽതന്നെ ഓഫീസറുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. മറ്റൊരു കൃഷിഭവനിലെ ഓഫീസർക്ക് ഈ ഓഫീസിന്റെ കൂടി അധിക ചുമതല നൽകിയിട്ടുണ്ടെങ്കിലും അതുകൊണ്ട് കാര്യമായ മാറ്റം കാണുന്നില്ല. ഇതുമൂലം കൃഷിഭവന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്ഥം നേരിട്ടിരിക്കുകയാണ്.

കൃഷിഭവന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ താഴെ പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്.

1. കൃഷിഭവനിൽ ആവശ്യമായ ജീവനക്കാരെ എത്രയും പെട്ടന്ന് നിയമിക്കുക.

2. കൃഷിഭവൻ വഴിയുള്ള പദ്ധതികളെപ്പറ്റി കൃഷിക്കാരെ ബോധവൽക്കരിക്കുന്നതിന്ന് ആവശ്യമായ പ്രചാരണ

പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

3. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത കാരണം പഞ്ചായത്തിന്റെ പല ഭാഗത്തുള്ളവർക്കും കൃഷിഭവനുമായി ബന്ധപ്പെടാൻ വളരെയധികം പ്രയാസമാണ്. അതുകൊണ്ട് കൃഷിഭവന്റെ രണ്ട് മേഖലാ ഓഫീസുകൾ പാങ്ങിലും കുറുവയിലും ആരംഭിക്കണം.

4. കൃഷിഭവനിലൂടെ സഹായങ്ങൾ അപ്പപ്പോൾ കർഷകരെ അറിയിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. ഉതിന് ഓരോ വാർഡിലും പ്രത്യേക സമിതികൾ രൂപീകരിക്കാവുന്നതാണ്.

5. കൃഷിഭവനിലൂടെയുള്ള സഹായങ്ങൾ വർദ്ധിപ്പിക്കണം.

## പൊതു നിർദ്ദേശങ്ങൾ

പരമ്പരാഗതമായി കാർഷിക ഗ്രാമമായ കുറുവ പഞ്ചായത്തിൽ താഴെ പറയുന്ന കാര്യങ്ങൾ അടിയന്തിര പ്രാധാന്യത്തോടുകൂടി നടപ്പാക്കേണ്ടതാണ്.

1. പഞ്ചായത്തിലെ മണ്ണുപരിശോധന സാർവത്രികമാക്കുക.
2. റിപ്പോർട്ടിൽ പറഞ്ഞപോലെ ജലസേചനത്തിന് പ്രാധാന്യം നൽകുക.
3. കാർഷികാവശ്യത്തിനുള്ള ലിങ്ക് റോഡുകൾക്ക് പഞ്ചായത്തുറോഡുകളുടെ കൂട്ടത്തിൽ മുൻഗണന നൽകുക.
4. കൂട്ടുകൃഷി സമ്പ്രദായം നെൽകൃഷി മേഖലയിൽ പ്രാവർത്തികമാക്കുക.
5. ദീർഘകാന വിളകൾക്ക് പഞ്ചായത്ത് തലത്തിൽ സൗജന്യ ഇൻഷൂറൻസ് പദ്ധതി നടപ്പാക്കുക.
6. കൃഷിഭവന്റെ പ്രവർത്തനം വിപുലീകരിക്കുക.
7. കാർഷിക സെമിനാറുകൾ സംഘടിപ്പിച്ച് കർഷകരെ ബോധവൽക്കരിക്കുക.
8. രാസവളം കീടനാശിനി എന്നിക്ക് കൂടുതൽ സബ്സിഡി അനുവദിക്കുക.
9. ഉൽപാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ ഉൽപന്നങ്ങൾക്ക് മതിയായ താങ്ങുവില ഏർപ്പെടുത്തുക.
10. കാർഷിക മേഖലയിലെ അമിത ചെലവ് കുറക്കുവാൻ ആധുനിക കാർഷികോപകരണങ്ങളുടെ ഉപയോഗം കർഷകന് ലഭ്യമാക്കുക.

കുറുവ ഗ്രാമ പഞ്ചായത്തിന്റെ കാർഷിക മേഖലയിൽ സമഗ്രമായ വികസനം നടപ്പാക്കാനാവശ്യമായ ഒട്ടേറെ കാര്യങ്ങൾ ഈ റിപ്പോർട്ടിൽ അടങ്ങിയിട്ടുണ്ട്. ജനകീയ പങ്കാളിത്തം ഉറപ്പായാൽ ഈ രംഗത്ത് ഒരു കുതിച്ചുചാട്ടം നടത്താൻ സാധിക്കും.

2




# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

പശു, എരുമ, ഉഴവുകാളകൾ, ആട് എന്നിവയാണ് പഞ്ചായത്തിൽ പ്രധാനമായും വളർത്തപ്പെടുന്ന മൃഗങ്ങൾ. പ്രധാന വളർത്തുപക്ഷി കോഴിയാണ്. പഞ്ചാത്തിലെ എല്ലാ വാർഡുകളിലും കൃഷി ആവശ്യാർത്ഥവും പാലുൽപാദനത്തിന് വേണ്ടിയുമാണ് കന്നുകാലികളെ വളർത്തപ്പെടുന്നത്. ഇപ്പോൾ പഞ്ചായത്തിൽ 112 കാളകളും 314 പശുക്കളും 57 എരുമകളും 616 ആടുകളും 2010 കോഴികളും വളർത്തപ്പെടുന്നുണ്ട്. (വിശദാംശങ്ങൾ പട്ടിക 1 ൽ)

അത്യുൽപാദനശേഷിയുള്ള കന്നുകാലികളുടെ അഭാവം കാരണവും ഉൽപാദിപ്പിക്കപ്പെടുന്ന പാൽ മുഴുവൻ ശേഖരുക്കുന്നതിന്ന് സൊസൈറ്റികളില്ലാത്തതിനാലും, പുല്ലും വൈക്കോലും ലഭിക്കാത്തതിനാലും കാലീത്തീറ്റയുടെ വിലവർദ്ധനവ് കാരണവും ചികിത്സാ സൗകര്യം തീരെ ഇല്ലാത്തതിനാലും കന്നുകാലികളെ വളർത്താൻ ആരും മുൻകൈ എടുക്കുന്നില്ല.

## പട്ടിക 1

### വളർത്തുമൃഗങ്ങളും പക്ഷികളും

| | | |
|---|---|---|
| കാള നാടൻ | വംശ വദ്ധനവ് | 5 |
| | മറ്റുള്ളവ | 35 |
| കാള സങ്കരം | വംശ വദ്ധനവ് | 7 |
| | മറ്റുള്ളവ | 65 |
| പശു നാടൻ | കറവ ഉള്ളത് | 78 |
| | കറവ ഇല്ലാത്തത് | 75 |
| പശു സങ്കരം | കറവ ഉള്ളത് | 114 |
| | കറവ ഇല്ലാത്തത് | 47 |
| എരുമ | കറവ ഉള്ളത് | 12 |
| | കറവ ഇല്ലാത്തത് | 8 |
| പോത്ത് | | 37 |
| ആട് | | 610 |
| പൂവൻ കോഴി | | 910 |
| പിടക്കോഴി | മുട്ട ഇടുന്നത് | 998 |
| | മുട്ട ഇടാത്തത് | 202 |
| താറാവ് | | 54 |

കുറുവ പഞ്ചായത്തിൽ വിൽക്കുന്നത് വീടുകളിലും കടകളിലുമാണ്. പാൽ ശേഖരിക്കുന്നതിന് സൊസൈറ്റി ഇല്ലാത്തതിനാൽ വളരെയധികം വിഷമം അനുഭവപ്പെടുന്നുണ്ട്. ഗോബർഗ്യാസിന്റെ ആവശ്യകതയെക്കുറിച്ചും ഉപയോഗത്തെക്കുറിച്ചും അറില്ലാത്തതിനാൽ പഞ്ചായത്തിൽ 2 വീടുകളിൽ മാത്രമാണ് ഗോബർഗ്യാസ് പ്ലാന്റ് ഉള്ളത്. മുഴുവൻ ആളുകളെയും ഗോബർഗ്യാസിനെക്കുറിച്ച് ബോധവർക്കരണം നടത്തൽ അത്യാവശ്യമാണ്.

പഞ്ചായത്തിൽ കാലികൾക്കുണ്ടാകുന്ന പ്രധാന രോഗങ്ങൾ കുളമ്പുരോഗം, അകിടുവീക്കം, വയറു സ്തംഭനം, പനി, വാൽ മുറിവ്, നാവു ചീയൽ എന്നിവയാണ്. കന്നുകാലികളെ ചികിത്സിക്കാൻ ഒരു കേന്ദ്രമില്ല എന്നത് വളരെ പ്രയാസമുള്ളത് തന്നെയാണ്. രോഗം വന്നാൽ 10 ഉം 15 ഉം കി. മീ. ദൂരെയുള്ള മക്കരപ്പറമ്പ, കുളത്തൂർ എന്നിവിടങ്ങളിലെ മൃഗാശുപത്രികളിലേക്കാണ് പോകാറുള്ളത്. ആകയാൽ പഞ്ചായത്തിൽ ഏറ്റവും ചുരുങ്ങിയത് മൂന്ന് മൃഗാശുപത്രികളെങ്കിലും അടിയന്തിരാവസ്ഥയിൽ അനുവദിക്കേണ്ടതായിട്ടുണ്ട്. പപ്പായ, ഇലവർഗ്ഗങ്ങൾ മുതലായവയുടെ പോഷകമൂല്യങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കണം. രാഗി, ചാമ മുതലായവ കുന്നിൻനിരപ്പുകളിൽ കൃഷി ചെയ്യാറുണ്ട്. ഇപ്പോൾ ഇത് ആദായകരമാണെന്ന് പറഞ്ഞുകൂടാ. ഇത് ആദായകരമാക്കാനുള്ള സംവിധാനങ്ങ

## കൃഷിഭവൻ

1987 സപ്തംബർ 1 നാണ് കൃഷിഭ
വന്നത്. കൃഷിഭവനിലൂടെ ധാരാളം ഉപ
പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെങ്കിലും
ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ക
ഭാഗത്തുമുള്ള കർഷകർക്ക് ഇതിന്റെ പ്രയോ
നിലയിൽ ലഭിക്കുന്നില്ല.

കൃഷിഭവനിലൂടെ കർഷകർക്കാവശ്യമ
തൈകളും വിതരണം ചെയ്യുന്നുണ്ടെങ്കിലും
പരിമിതമാണ്. വിവിധ തൈകളുടെ വിതരണ
യിൽ കൊടുത്തിട്ടുണ്ട്.

## കൃത്രിമ ബീജസ

## വിവരങ്ങൾ

| വളർത്തു മൃഗ ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗ 2 ന ഗ |
|---|---|---|---|
| പശു | 314 | 215 | |
| കിടാരി | 65 | 37 | |
| എരുമ | 20 | 10 | |

മുൻകാലങ്ങളിൽ മിക്കവാറും എല്ല
കോഴി വളർത്തൽ ഉണ്ടായിരുന്നു. എന്നാൽ
വേണ്ടി വൻതോതിൽ കോഴികളെ മറ്റുപ്രദേ
ഇറക്കുമതി ചെയ്യുന്ന അവസ്ഥയാണുള്ളത്.

ചുരുക്കം ചില വീടുകളിൽ കൗത
മുയലുകളേയും താറാവിനേയും വളർത്തുന്നു

## പ്രധാന പ്രശ്നങ്ങ

1. മേച്ചിൽ സ്ഥലങ്ങളുടെ അഭാവം.
2. കാലികളെ കഴുകാനുള്ള സ്ഥലത്തിന്റെ
3. പാൽ വിൽപനക്കുള്ള സൗകര്യമില്ലായ്മ.
4. രോഗപ്രതിരോധ കുത്തിവെപ്പ് യഥാസമയ
പ്രയാസം.

5. മൃഗാശുപത്രിയുടെ അഭാവം.

6. കാലിത്തീറ്റയുടെ വിലക്കൂടുതൽ.

7. പേപ്പട്ടി ശല്യം.

8. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്.

9. കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രയാസം.

## സാധ്യതകൾ

1. മൃഗ ചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കുന്നതിന് കുറുവ പഞ്ചായത്തിൽ പാങ്ങ് ചേണ്ടി, ചെറുകുളമ്പ, പഴമള്ളൂർ എന്നിവിടങ്ങളിൽ ഓരോ മൃഗാശുപത്രികൾ സ്ഥാപിക്കുക. ചന്തപ്പറമ്പിലുള്ള കൃത്രിമ ബീജസങ്കലന കേന്ദ്രത്തിൽ ചികിത്സാ സൗകര്യം ഉണ്ടാക്കുക. കുറുവ, കരിഞ്ചാപ്പാടി, പാങ്ങ് സൗത്ത്, പടിഞ്ഞാറ്റുമുറി എന്നിവിടങ്ങളിൽ ഓരോ സബ് സെന്റർ സ്ഥാപിക്കുക.

2. കുറുവ മേഖലയിലേയിലും പാങ്ങ് മേഖലയിലേയിലും പഞ്ചായത്ത് പ്രദേശത്ത് മൊത്തം പ്രവർത്തിക്കാനധികാരമുള്ള രണ്ട് മിൽക്ക് സൊസൈറ്റികൾ രൂപീകരിക്കുക. ഒരോ വാർഡിലും ഓരോ പാലു സംഭരണ കേന്ദ്രങ്ങളെങ്കിലും സ്ഥാപിക്കുക.

3. മുന്തിയ ഇനം പശുക്കളേയും ഉൽപാദനക്ഷമതയുള്ള കോഴികളേയും ആടുകളേയും ലഭ്യമാക്കണം. ഇവയെ വളർത്തുന്നതിന്ന് സാമ്പത്തിക സഹായവും ബോധ വൽക്കരണവും നൽകുക.

4. പേപ്പട്ടി ശല്യം തടയുക. ലൈസൻസില്ലാത്ത മുഴുവൻ നായ്ക്കളേയും പിടിച്ച് കൊല്ലാൻ സംവിധാനമുണ്ടാക്കുകയും ചെയ്യുക.

5. ക്ഷീരോൽപാദനം, കോഴി വളർത്തൽ എന്നിവക്ക് പഞ്ചായത്തിൽനിന്നും കഴിയുന്നത്ര വായ്പകൾ അനുവദിക്കുക. അതിനുവേണ്ട ഭക്ഷണങ്ങൾക്ക് സബ്സിഡി അനുവദിക്കുക.

6. ഗവൺമെന്റ് തലത്തിൽ തൊഴിലില്ലാത്ത യുവാക്കളെ കണ്ടെത്തി, ധനസഹായവും സ്ഥലസൗകര്യങ്ങളും പ്രോൽസാഹനവും നൽകി എല്ലാ വാർഡിലും ഓരോ പൗൾട്രി ഫാം എങ്കിലും ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

7. പഞ്ചായത്തിലെ ഒഴിഞ്ഞുകിടക്കുന്ന പൂക്കോട് പ്രദേശത്ത് സ്ഥലം സർക്കാർ വിലക്ക് വാങ്ങുകയും പ്രസ്തുത പ്രദേശം കാലി വളർത്താൻ താൽപര്യമുള്ളവർക്ക് പാട്ടത്തിനോ വാടകക്കോ വിട്ടുകൊടുക്കുകയും പ്രസ്തുത പ്രദേശം ഇതിന്റെ യൂണിറ്റുകൾ തുടങ്ങുവാനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുകയാണെങ്കിൽ ധാരാളം തൊഴിൽ സാധ്യത കൂടുകയും ക്ഷീരോൽപാദനം കൂടാനും സാധ്യതയുണ്ട്.

## മത്സ്യ ബന്ധനം

പഞ്ചായത്തിന്റെ വടക്കുഭാഗം 4 കി. മീറ്ററോളം മാത്രമാണ് പുഴ വക്കുകൾ ഉള്ളത്. പഞ്ചായത്തിൽ 17 ചെറിയ കുളങ്ങളും 3 വലിയ കുളങ്ങളുമാണ് ഉള്ളത്. കുളങ്ങൾ മുഴുവൻ സ്വകാര്യ വ്യക്തികളുടേതാണ്. ഇവിടത്തെ പുഴയിൽക്കൂടി സുമാർ 40 കി. മീ. ദൂരത്താണ് കടലുള്ളത്.

പഞ്ചായത്തിൽ മത്സ്യബന്ധനം കുറവാണ്. ശുദ്ധജല മത്സ്യം അപൂർവമായി കിട്ടുന്നുണ്ട്. മറ്റ് സ്ഥലങ്ങളിൽനിന്ന് വരുന്ന കടൽ മത്സ്യങ്ങളാണ് കൂടുതലായി ഉപയോഗിക്കുന്നത്. കടൽ ക്ഷോഭസമയങ്ങളിൽ മത്സ്യങ്ങൾ ലഭിക്കാറില്ല.

## പ്രശ്നങ്ങൾ സാധ്യതകൾ

1. ഒരോ വാർഡിലും പ്രധാന കേന്ദ്രങ്ങളിലെങ്കിലും മത്സ്യ വിപണനത്തിന് സൗകര്യങ്ങൾ ഉണ്ടാക്കണം.

2. കുളങ്ങളിൽ മത്സ്യകൃഷി നടത്താൻ താൽപര്യമുള്ളവർക്ക് മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കണം.

3. മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്നതിന് പഞ്ചായത്തിൽനിന്നും കഴിയുന്നത്ര വായ്പകൾ അനുവദിക്കണം.

4. പഞ്ചായത്തിലുള്ള തോടുകളും കുളങ്ങളും ചെറിയ പാട്ടത്തിനോ വാടകക്കോ നൽകുകയും മത്സ്യക്കുഞ്ഞുങ്ങളേയും തീറ്റയും ലഭ്യമാക്കുകയും ചെയ്താൽ ഈ മേഖലയിലും ധാരാളം തൊഴിൽ സാധ്യതകൾ വർദ്ധിക്കുകയും മീൻ വളർത്തൽ വിപുലമാക്കുകയും ചെയ്യാവുന്നതാണ്.

5. മത്സ്യ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ മത്സ്യവിതരണ തൊഴിലാളികൾക്കും നൽകണം.

# 3




# വ്യവസായം

വ്യവസായികമായി കുറുവ പഞ്ചായത്തിന്റെ അവസ്ഥ ഒട്ടും ആശാവഹമല്ല. പഞ്ചായത്തിനെ വ്യവസായവൽക്കരിക്കാൻ ആസൂത്രിതമായ ഒരു പ്രവർത്തനവും ഇതുവരെ നടന്നിട്ടില്ല. സ്വന്തം നിലയിൽ ചിലർ ആരംഭിച്ച ചുരുക്കം ചില ചെറുകിട വ്യവസായ സ്ഥാപനങ്ങളുണ്ടെന്നതൊഴിച്ചാൽ പറയത്തക്ക ഒരു പുരോഗതിയും ഈ മേഖലയിൽ പഞ്ചായത്തിനുണ്ടായിട്ടില്ല.

പൊതു മേഖലയിലോ സ്വകാര്യ മേഖലയിലോ സഹകരണ മേഖലയിലോ ഒരൊറ്റ ഇടത്തരം വൻകിട വ്യവസായങ്ങളും കുറുവ പഞ്ചായത്തിലില്ല. പഞ്ചായത്തിലാകെ 27 ചെറുകിട വ്യവസായ യൂനിറ്റുകളുണ്ടെങ്കിലും അതിൽ എടുത്തിപറയത്തക്കതായി 8 യൂനിറ്റുകൾ മാത്രമാണുള്ളത്. ബാക്കിയുള്ളതൊക്കെ വളരെ ചെറിയ കുടിൽ വ്യവസായങ്ങളോ ഗ്രാമീണ വ്യവസായങ്ങളോ ആണ്. മൊത്തം വ്യവസായ യൂനിറ്റുകളുടെ വാർഡ് തിരിച്ചുള്ള കണക്ക് ഒന്നാം പട്ടികയായി കൊടുത്തിട്ടുണ്ട്.

### പട്ടിക I
### പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങൾ

| | ഇനം | സ്ഥാപനങ്ങളുടെഎണ്ണം | തൊഴിലാളികളുടെഎണ്ണം |
|---|---|---|---|
| 1 | ഹാച്ചറി | 1 | 5 |
| 2 | പ്ലൈവുഡ് | 1 | 16 |
| 3 | ഗ്രാനൈറ്റ് ജെല്ലി | 2 | 35 |
| 4 | പി. വി. സി പൈപ്പ് | 2 | 9 |
| 5 | സെൻട്രിഫ്യൂജ്ഡ് ലാറ്റെക്സ് | 1 | 11 |
| 6 | റബ്ബർ ത്രെഡ് | 1 | 62 |
| 7 | റൈസ്, ഫ്ലവർ & ഓയിൽ മിൽ | 8 | 17 |
| 8 | തടിമില്ലുകൾ / ഫർണീച്ചർ യൂനിറ്റുകൾ | 7 | 26 |
| 9 | നാടൻ ഇഷ്ടിക | 1 | 30 |
| 10 | റെഡിമെയ്ഡ് വസ്ത്രം | 1 | 3 |
| 11 | സിമന്റ് ഹോളോ ബ്രിക്സ് | 2 | 6 |
| 12 | ഫുഡ് പ്രോസസ്സിംഗ് യൂനിറ്റ് | 1 | 4 |

പരമ്പരാഗത വ്യവസായ മേഖലയിൽ ജോലി ചെയ്യുന്നത് ഒന്നാം വാർഡിലുള്ള മൺപാത്രത്തൊഴിലാളികൾ മാത്രമാണ്. കുശവ സമൂഹത്തിൽ പെട്ട ഈ വിഭാഗക്കാരായ കുടുംബങ്ങൾ ഈ മേഖലയിൽനിന്നും ക്രമേണ പിൻവാങ്ങി ക്കൊണ്ടിരിക്കയാണ്. വിപണന പ്രശ്നങ്ങളും ഉൽപന്നത്തിന്റെ വിലക്കുറവ് വിറകുപോലുള്ള അസംസ്കൃത സാധനങ്ങളുടെ വിലക്കൂടുതൽ, ദൗർലഭ്യം എന്നിവയാണ് കാരണം.

## സ്ത്രീ പങ്കാളിത്തം

വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. സ്ത്രീ തൊഴിലാളികൾ തീരെ ഇല്ലെന്നുതന്നെ പറയാം. നാടൻ ഇഷ്ടിക നിർമ്മാണത്തിൽ മാത്രമാണ് ഈ മേഖലയിൽ സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നത്.

## പ്രശ്നങ്ങൾ

വ്യവസായ വളർച്ചക്കനുകൂലമായ ഘടകങ്ങളുടെ അഭാവവും ഈ മേഖലയിൽ ആസൂത്രിതമായ പ്രവർത്തനങ്ങൾ ഒന്നും നടക്കാത്തതുമാണ് പഞ്ചായത്ത് വ്യാവസായികമായി വളരെ പിന്നോക്കം പോകാൻ കാരണം. പാങ്ങ്, പടപ്പറമ്പ് പ്രദേശങ്ങളിൽ ലഭ്യമായ ഭൂമി വ്യവസായങ്ങൾ ആരംഭിക്കുവാൻ പലതവണ പരിശോധനകൾ നടത്തിയെങ്കിലും അത് പരിശോധനകളിൽ മാത്രമായി ഒതുങ്ങുകയാണുണ്ടായത്. ഈ പ്രദേശത്തെ പ്രകൃതി കാർഷിക വിഭവങ്ങൾ, ഉൽപന്നങ്ങളുടെ ആവശ്യം, തൊഴിലാളികളുടെ ലഭ്യത എന്നിവയെ അടിസ്ഥാനമാക്കി വ്യവസായങ്ങൾ വന്നില്ല. വ്യാവസായികമായി ഈ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥക്ക് പ്രധാന കാരണങ്ങൾ താഴെ കൊടുക്കുന്നു.

1. ഉൽപാദന സാദ്ധ്യതകളെക്കുറിച്ചുള്ള അറിവില്ലായ്മ.
2. വ്യവസായ സംരംഭകത്വശേഷിയുള്ളവരുടെ കുറവ്.
3. ധനസഹായം കിട്ടാനുള്ള ബുദ്ധിമുട്ടുകൾ.
4. അടിസ്ഥാന സൗകര്യങ്ങളുടെ പ്രധാനമായും വൈദ്യുതിയുടെ കുറവും സ്ഥലത്തിന്റെ അമിത വിലയും.
5. വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ്.
6. വ്യവസായ മേഖലയുമായുള്ള സമ്പർക്കക്കുറവ്.
7. വ്യവസായ സംസ്ക്കാരത്തിന്റെ അഭാവം.
8. വ്യവസായ വൽക്കരണത്തിനുള്ള ആസൂത്രണശ്രമങ്ങൾ ഇല്ലാതെ പോയത്.
9. പരമ്പരാഗത വ്യവസായങ്ങളിലെ കൂലിക്കുറവും വിപണന പ്രശ്നങ്ങളും.

## സാദ്ധ്യതകൾ

വ്യവസായ രംഗത്തേക്കു വരാൻ തല്പരരായ നിരവധി പേർ ഈ പഞ്ചായത്തിലുണ്ട്. കഴിഞ്ഞ വർഷം പഞ്ചായത്ത് തലത്തിൽ നടത്തിയ വ്യവസായ സെമിനാറിൽ നിരവധി പേർ പങ്കെടുക്കുകയും ഈ രംഗത്തേക്കു വരാൻ താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തു. അവർക്ക് ആവശ്യമായ പ്രോത്സാഹനവും സഹായവും നൽകുകയാണെങ്കിൽ കുറെപ്പേരെ ഈ മേഖലയിലേക്കു കൊണ്ടു വരാൻ കഴിയും. വ്യക്തമായ ഒരു കർമ്മ പദ്ധതിയിലൂടെ ഇതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം. പഞ്ചായത്തിൽ വിജയ സാധ്യതയുള്ള ചില വ്യവസായങ്ങൾ പട്ടിക ഘലഘല ൽ കൊടുത്തിട്ടുണ്ട്.

പട്ടിക II

## പഞ്ചായത്തിൽ വിജയ സാധ്യതയുള്ള ചില വ്യവസായങ്ങൾ

| | ഉൽപ്പന്നം | ഏകദേശ പദ്ധതി ചെലവ് (ലക്ഷം രൂപയിൽ) | ആവശ്യമായ വൈദ്യുതി (എച്ച്.പി) | ആവശ്യമായ ജോലിക്കാർ |
|---|---|---|---|---|
| 1. | റബ്ബർ പാൽ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ | 10 30 | 8 | |
| 2. | ലാറ്റക്സ് ത്രെഡ് | 16 | 22 | 13 |
| 3. | ബലൂൺ | 3 | 5 | 10 |
| 4. | ഓട്ടോമോബൈൽ റബ്ബർ കോംപോനെന്റ്സ് | 15 | 50 | 12 |
| 5. | റബ്ബർ തടി സംസ്ക്കരണം | 35 | 25 | 19 |
| 6. | ഡെസികേറ്റഡ് കോക്കനട്ട് | 18 | 25 | 19 |
| 7. | കറിപൗഡർ | 3 | 10 | 5 |
| 8. | പിക്കിൾ, ജാം, സ്ക്വാഷ് | 12 | 50 | 17 |
| 9. | മരം കൊണ്ടുള്ള ഫർണീച്ചർ | 12 | 8 | 16 |
| 10. | പേപ്പർ ബാഗ് | 8 | 30 | 15 |
| 11. | റെഡിമെയ്ഡ് ഗാർമെന്റ്സ് | 6 | 10 | 15 |
| 12. | സ്റ്റീൽ ഫർണിച്ചർ | 12 | 15 | 10 |
| 13. | ഇലക്ട്രോണിക്സ് | 3 | 5 | 10 |
| 14. | എച്ച് എം/ എൽ ഡി പി ഇ ഫിലിം & ബാഗ് | 15 | 40 | 14 |
| 15. | ബ്ലാക്ക് ബോർഡ് നിർമ്മാണം | 3 | 5 | 8 |
| 16. | ഹോളോ ബ്രിക്സ് | 3.50 | 5 | 8 |
| 17. | പ്രീ ഫാബ്രിക്കേറ്റഡ് ബിൽഡിംഗ് മറ്റീരിയൽ | 12 | 10 | 40 |
| 18. | റക്സിൻ ബാഗ് | 1 | 1 | 9 |
| 19. | ഭക്ഷ്യ സംസ്ക്കരണം | 1 | 5 | 8 |
| 20. | പ്രിന്റിംഗും പേപ്പർ പ്രോഡക്ട്സും | 2 | 5 | 6 |
| 21. | കരകൗശല വ്യവസായം | 1 | 2 | 5 |

## ഖാദിമേഖല

ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിലുള്ള ഒരു പദ്ധതിയും നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.

## നിർദ്ദേശങ്ങൾ

കുറുവ പഞ്ചായത്തിനെ വ്യാവസായികമായി വളർത്തിക്കൊണ്ടുവരാൻ താഴെപ്പറയുന്ന പരിപാടികളിലൂടെ സാദ്ധ്യമാകും എന്നു കരുതുന്നു.

1. പഞ്ചായത്തിലെ പാങ്ങ് പ്രദേശത്ത് ഒരു വ്യവസായ വികസന പ്ലോട്ട് സ്ഥാപിക്കുക. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അഞ്ചേക്കറിൽ കുറയാത്ത ഭൂമി വാങ്ങി അവിടെ ഗതാഗതസൗകര്യവും വൈദ്യുതിയും വെള്ളവും എത്തിക്കുക. ഈ ഭൂമി ആവശ്യക്കാർക്ക് ഒന്നിച്ചോ തവണ വ്യവസ്ഥയിലോ വിലക്ക് വിൽക്കുക.

2. കുറുവ പ്രദേശത്ത് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുക. ഒരേക്കർ സ്ഥലം ഏറ്റെടുത്ത് അവിടെ 10 വ്യവസായ ഷെഡ്ഡുകൾ കെട്ടി റോഡ്, വെള്ള സൗകര്യങ്ങളും ഗതാഗത സൗകര്യവും ഏർപ്പെടുത്തുകയും ആവശ്യക്കാർക്ക് നൽകുകയും ചെയ്യുക.

3. ജില്ലാ വ്യവസായ കേന്ദ്രം, കിട്കോ, റബ്ബർ ബോർഡ്, സ്റ്റേറ്റ് പ്രോജക്റ്റ്, നാളികേര വികസന കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ തുടങ്ങാൻ സാദ്ധ്യമാകുന്ന വ്യവസായങ്ങളുടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക. ഈ വ്യവസായങ്ങൾക്കാവശ്യമായ സാങ്കേതിക വിദ്യ ഈ ഏജൻസികളുമായി ബന്ധപ്പെട്ട് ലഭ്യമാക്കണം. ഇതിനായി പഞ്ചായത്തുതലത്തിൽ ഒരു വ്യവസായ വികസന സമിതി രൂപീകരിക്കുക.

4. ഓരോ വാർഡിലും വ്യവസായം തുടങ്ങാൻ കഴിവും താൽപര്യവുമുള്ളവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും അവർക്ക് സംരംഭകത്വ കഴിവ് വർദ്ധിപ്പിക്കുന്നതിന്ന് പരിശീലന പരിപാടികൾ ഏർപ്പെടുത്തുകയും ചെയ്യുക.

5. ഒമ്പതാം പദ്ധതിക്കാലത്ത് ഓരോ വാർഡിലും 5 ലക്ഷത്തിൽ

കുറയാത്ത നിക്ഷേപമുള്ള 5 വ്യവസായങ്ങളെങ്കിലും സ്ഥാപിക്കപ്പെടണമെന്ന് ലക്ഷ്യമിടുകയും അതിന്നാവശ്യമായ സംവിധാനങ്ങൾ പഞ്ചായത്തു - തലത്തിൽ ഒരുക്കിക്കൊടുക്കുകയും ചെയ്യുക.

6. പഞ്ചായത്തിലെ മൺപാത്രത്തൊഴിലാളികൾക്ക് തൊഴിൽ ആധുനീകരിക്കാനും പുതുമയുള്ള ഉൽപന്നങ്ങളുണ്ടാക്കാനും പരിശീലനം നൽകുക.

7. സ്വയം തൊഴിൽ ചെയ്യാൻ താൽപര്യമുള്ള ഓരോ ഗ്രൂപ്പിനെ വീതം ഒരോ വാർഡിലും കണ്ടെത്തുകയും അവർക്ക് വിജയസാധ്യതയുള്ള ചെറുകിട വ്യവസായ യൂനിറ്റുകൾ ആരംഭിക്കാൻ പരിശീലനം നൽകുകയും ചെയ്യുക.

8. പഞ്ചായത്തിൽ കുറുവ ഭാഗത്ത് ഒരു ബാങ്ക് ബ്രാഞ്ച് സ്ഥാപിക്കാൻ അധികൃതരിൽ സമ്മർദ്ദം ചെലുത്തുക. പാങ്ങിലുള്ള എസ്. ബി. ടി. ബ്രാഞ്ചിനെ കൂടുതൽ സ്റ്റാഫിനെ ഏർപ്പെടുത്തി വികസിപ്പിക്കാനാവശ്യപ്പെടുക.

9. പാങ്ങ്, കുറുവ മേഖലകളിലായി വനിതകൾക്കായി രണ്ടു വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിക്കുക.

10. കരകൗശല മേഖലയുടെ പ്രോത്സാഹനം ലക്ഷ്യംവെച്ച് വർഷത്തിൽ 10 പേർക്ക് വീതം വിദഗ്ധ പരിശീലനം നൽകുക.

ഗ്രാമ സഭകളിൽ നിർദ്ദേശിക്കപ്പെട്ട മറ്റു വ്യവസായങ്ങൾ പട്ടിക 111ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 111**

| ക്രമ നമ്പർ | വ്യവസായത്തിന്റെ പേര് |
|---|---|
| 1 | നൂൽ നൂൽപ്പ് |
| 2 | കല്ലു വെട്ടൽ |
| 3 | കശുമാങ്ങ സംസ്കരണം |
| 4 | നാളീകേര സംസ്കരണം |
| 5 | പട്ടുനൂൽപ്പുഴു വളർത്തൽ |
| 6 | കയറും കയറുൽപ്പന്നങ്ങളും |
| 7 | സോപ്പ് |
| 8 | ഹവായ് ചെരുപ്പുകൾ |
| 9 | ചൂരൽ ഫർണീച്ചർ |
| 10 | പായ നെയ്ത്ത് |
| 11 | ഐസ് ഫാക്ടറി |
| 12 | ബ്ലാക്ക് ബോർഡ് നിർമ്മാണം. |










# വിദ്യാഭ്യാസം

ജില്ലാ ആസ്ഥാനമായ മലപ്പുറത്തുനിന്നും താലൂക്ക് ആസ്ഥാനമായ പെരിന്തൽമണ്ണയിൽനിന്നും വിട്ടുനിൽക്കുന്ന പ്രദേശമാണ് കുറുവ ഗ്രാമ പഞ്ചായത്ത്. പഴയ കുറുവ, പാങ്ങ് വില്ലേജുകൾ കൂടിച്ചേർന്ന ഈ പഞ്ചായത്തിന്റെ വിസ്തൃതി 3576.51 ഹെക്ടർ ആണ്. വയലുകളും തോടുകളും താണ്ടി വേണം പത്തും പതിനഞ്ചും കി. മീറ്റർ അകലെയുള്ള മലപ്പുറം, പെരിന്തൽമണ്ണ അങ്ങാടികളുമായി ബന്ധപ്പെടാൻ. ഈ പഞ്ചായത്തിൽ ഭൂരിഭാഗവും ദരിദ്രരും കർഷകരുമായിനാൽ വിദ്യാഭ്യാസ കാര്യത്തിൽ വലിയ ശ്രദ്ധ ചെലുത്തിയിരുന്നില്ല. പഴയ കാലത്ത് മനകളും കോവിലകങ്ങളും ആയിരുന്നു പല സ്ഥലങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചിരുന്നത്. അത്തരം മനകളോ കോവിലകങ്ങളോ ഈ പഞ്ചായത്തിൽ ഇല്ലായിരുന്നു. ഉന്നത വിദ്യാഭ്യാസം ലഭിച്ചവർ ആദ്യകാലത്ത് ഇല്ലാതിരുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെ ആരംഭിക്കാൻ വൈകിയതിനൊരു കാരണമാണ്. 1918 ൽ പാങ്ങിൽ ഒരു ഏകാദ്ധ്യാപക സ്കൂൾ തുടങ്ങിയതാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. പിന്നീട് പാങ്ങിൽതന്നെ വടക്കുഭാഗത്തും വറ്റല്ലൂരിൽ തോട്ടക്കരയിലും (1925) ഓരോന്നുകൂടി ലോക്കൽ ബോർഡിന്റെ കീഴിൽ സ്ഥാപിതമായി. ഈ മൂന്ന്

സ്ഥാപനങ്ങളും ലോക്കൽ ബോർഡും പിന്നീട് ജില്ലാ ബോർഡും നടത്തിയവയായിരുന്നു. 1926 ൽ കരിഞ്ചാപ്പാടി വറ്റല്ലൂർ അതിർത്തിയിൽ സ്വകാര്യ മാനേജുമെന്റിൽ ഒരു സ്കൂളും പിന്നീട് ചെറുകുളമ്പിൽ സ്വകാര്യ മാനേജുമെന്റിൽത്തന്നെ മറ്റൊരെണ്ണവും സ്ഥാപിതമായി. പാങ്ങ് സൗത്തിലും കുറുവയിലും പഴമള്ളൂരിലും ഓരോ സ്കൂളുകൾകൂടി സ്വാതന്ത്ര്യത്തിന് മുമ്പായി വന്നവയാണ്. ഇവയിൽ പഴമള്ളൂരിൽ ലോക്കൽ ബോർഡിന് കീഴിലും മറ്റുള്ളവ സ്വകാര്യ മാനേജുമെന്റിലും വന്നവയാണ്. പഞ്ചായത്തിലെ മറ്റെല്ലാ വിദ്യാലയങ്ങളും സ്വാതന്ത്ര്യാനന്തരം വന്നവയാണ്. വടക്കൻ പാങ്ങിൽ ലോക്കൽ ബോർഡ് എൽ. പി. സ്കൂൾ 1949 ൽ യു. പി. യാക്കി ഉയർത്തി. അതുവരെ ഉപരിപഠനത്തിന് പഞ്ചായത്തിന് പുറത്തുള്ള സ്ഥാപനങ്ങളെയാണ് ആശ്രയിച്ചിരുന്നത്.

കുറുവ എൽ. പി. സ്കൂൾ യു. പി. യാക്കി ഉയർത്തിയത് 1955 ലും ചെറുകുളമ്പിൽ യു. പി. സ്കൂൾ ആരംഭിച്ചത് 1975 ലുമാണ്. ചാക്കീരി അഹമ്മദുകുട്ടി സാഹിബ് വിദ്യാഭ്യാസ മന്ത്രിയായിരിക്കുമ്പോൾ മലപ്പുറം ജില്ലയിലെ എല്ലാ പഞ്ചായത്തിലും ഓരോ ഹൈസ്കൂൾ എന്ന ആശയം മുൻനിർത്തി 1973 ൽ ആരംഭിച്ചതാണ് പാങ്ങ് ഗവ: ഹൈസ്കൂൾ. പിന്നീട് ചെറുകുളമ്പിൽ സ്വകാര്യ മാനേജുമെന്റിൽ 1979 ൽ മറ്റൊരു ഹൈസ്കൂൾ കൂടി സ്ഥാപിക്കപ്പെട്ടു. 1991 ൽ ഈ ഹൈസ്കൂളിൽ ഹയർ സെക്കന്ററി കോഴ്സുകർ കൂടി ആരംഭിച്ചത് എടുത്തുപറയത്തക്ക ഒരു നേട്ടമാണ്. യു. പി. സ്കൂളും ഹൈസ്കൂളുകളും വരുന്നത് വരെ ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ പ്രൈമറി വിദ്യാഭ്യാസത്തോടെ പഠനം മതിയാക്കുകയായിരുന്നു. നാഴികകളോളം നടന്ന് പഞ്ചായത്തിന് പുറത്തുള്ള സ്കൂളിൽ പോയി പഠിക്കുന്നവർ വിരലിലെണ്ണാവുന്നവർ മാത്രം. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് വളരെ അകലെയുള്ള മലപ്പുറം, പെരിന്തൽമണ്ണ, കൊളത്തൂർ ഹൈസ്കൂളുകളിലേക്ക് നടന്ന് പോവേണ്ടതുള്ളതിനാൽ ഈ സാഹസത്തിന് അധികമാരും മുതിർന്നിരുന്നില്ല. ചുരുക്കത്തിൽ വിദ്യാസമ്പന്നരുടെ അഭാവവും ഭൗതിക സൗകര്യക്കുറവും കാരണം ആദ്യകാലത്ത് ഈ പഞ്ചായത്തിലെ വിദ്യാഭ്യാസനില വളരെ പിന്നിലായിരുന്നു. ഇപ്പോൾ 14 വിദ്യാലയങ്ങളിലായി 9099 വിദ്യാർത്ഥികൾ പഠിക്കുന്നു. കൂടാതെ പഞ്ചായത്തിന് പുറത്തുള്ള പുണർപ്പ യു. പി. സ്കൂൾ, മക്കരപ്പറമ്പ ഹൈസ്കൂൾ, കടുങ്ങപുരം ഹൈസ്കൂൾ എന്നിവയിലേക്ക് അഞ്ഞൂറോളം കുട്ടികൾ പോകുന്നുണ്ട്. പട്ടിക 9(ഏ) ൽ വിദ്യാർത്ഥികളുടെ വിശദവിവരം കൊടുത്തിരിക്കുന്നു.

വിദ്യാർത്ഥികളുടെ കണക്ക് പരിശോധിച്ചാൽ പ്രൈമറി തലത്തിൽ പെൺകുട്ടികൾ കുറവും ഹൈസ്കൂളിൽ കൂടുതലുമാണെന്ന് കാണാം. പട്ടിക 9(B) നോക്കുക.

പട്ടിക ജാതിക്കാരായ കുട്ടികൾ ഈ പഞ്ചായത്തിൽ അധികമില്ല. പട്ടിക 9(C). പട്ടിക വർഗ്ഗക്കാർ തീരെയില്ല.

ഉന്നത വിദ്യാഭ്യാസത്തിന്നുതകുന്ന കോളേജുകളൊന്നും ഈ പഞ്ചായത്തിലില്ലാത്തതും വലിയ പോരായ്മയാണ്. സാങ്കേതിക രംഗത്ത് ആകെയുള്ളത് പാങ്ങിൽ സ്വകാര്യ മേഖലയിലുള്ള ഒരു ഐ. ടി. സി. മാത്രമാണ്.

## പട്ടിക 9(ഏ) വിദ്യാർത്ഥികളും അദ്ധ്യാപകരും.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | വിദ്യാർത്ഥികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരു | സ്ത്രീ | ആകെ |
| 1 | A.M.L.P.S വറ്റല്ലൂർ | എയ്ഡഡ് | 78 | 83 | 161 | 2 | 3 | 5 |
| 2 | S.S.M.L.P.S പഴമള്ളൂർ | ,, | 158 | 151 | 309 | 7 | 4 | 11 |
| 3 | M.R.A.L.P.S ചെറുകുളമ്പ | ,, | 155 | 173 | 328 | 6 | 4 | 10 |
| 4 | A.L.P.S പാങ്ങ് വെസ്റ്റ് | ,, | 158 | 167 | 325 | 2 | 8 | 10 |
| 5 | A.M.L.P.S പാങ്ങ് സൗത്ത് | ,, | 269 | 244 | 513 | 5 | 8 | 13 |
| 6 | P.M.S.A.L.P.S കടന്നാമുട്ടി | ,, | 61 | 51 | 112 | 4 | 1 | 5 |
| 7 | G.L.P.S പാങ്ങ് | സർക്കാർ | 79 | 68 | 147 | 2 | 2 | 4 |
| 8 | G.L.P.S കുറുവ | ,, | 216 | 180 | 396 | 4 | 9 | 13 |
| 9 | G.L.P.S പഴമള്ളൂർ | ,, | 126 | 109 | 235 | 2 | 3 | 5 |
| 10 | G.U.P.S പാങ്ങ് | ,, | | | | | | |
| | | L.P.S | 167 | 146 | | | | |
| | | U.P.S | 569 | 540 | 1422 | 15 | 17 | 32 |
| 11 | A.U.P.S കുറുവ | എയ്ഡഡ് | | | | | | |
| | | L.P.S | 184 | 138 | | | | |
| | | U.P.S | 417 | 400 | 1139 | 15 | 23 | 38 |
| 12 | K.S.K.M.U.P.S ചെറുകുളമ്പ | ,, | 715 | 679 | 1394 | 19 | 19 | 38 |
| 13. | I.K.T.H.S ചെറുകുളമ്പ | ,, | | | | | | |
| | | H.S | 743 | 747 | | | | |
| | | H.S.S | 57 | 77 | 1624 | 36 | 28 | 64 |
| 14. | G.H.S പാങ്ങ് | സർക്കാർ | 494 | 500 | 994 | 13 | 10 | 23 |
| | | ആകെ | 4646 | 4453 | 9099 | 132 | 139 | 271 |

(അവലംബം സെക്കന്ററി ഡാറ്റ 1996)

## പട്ടിക 9(B) പെൺകുട്ടികളുടെ ശതമാനം

| എൽ. പി | | | | യു. പി | | | | ഹൈസ്ക്കൂൾ | | | |
|---|---|---|---|---|---|---|---|---|---|---|---|
| ആകെ | ആൺ | പെൺ | % | ആകെ | ആൺ | പെൺ | % | ആകെ | ആൺ | പെൺ | % |
| 3161 | 1651 | 1510 | 47.77 | 3320 | 1701 | 1619 | 48.76 | 2484 | 1237 | 1247 | 50.20 |

### പട്ടിക 9(ണ) പട്ടികജാതിക്കാരുടെ ശതമാനം

| എൽ. പി | | | യു. പി | | | ഹൈസ്ക്കൂൾ | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 3161 | 170 | 5.38 | 3320 | 178 | 5.36 | 2484 | 117 | 4.71 |

സാമ്പത്തിക സാമൂഹ്യ കാരണങ്ങളാൽ ചെറിയ ശതമാനം കുട്ടികൾ ഇടക്കുവെച്ച് പഠനം നിർത്തിയതായി കാണുന്നു. കഴിഞ്ഞ 5 വർഷത്തെ കൊഴിഞ്ഞുപോയവരുടെ കണക്ക് പരിശോധിച്ചാൽ ഏറ്റവും കുട്ടികൾ കൂടുതൽ പഠനം നിർത്തിയത് പ്രൈമറി വിഭാഗത്തിൽ പാങ്ങ് ജി. യു. പി. സ്കൂളിൽനിന്നും, ഹൈസ്കൂൾ വിഭാഗത്തിൽ ചെറുകുളമ്പ I.K.T.H.S. ൽ നിന്നുമാണെന്ന് കാണാം. പഠനം നിർത്തിയവരുടെ കണക്ക് പട്ടിക 9(D) ൽ കൊടുത്തിരിക്കുന്നു.

### പട്ടിക 9(അ) പഠനം നിർത്തിയ കുട്ടികൾ

| | പട്ടികജാതിക്കാർ | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|
| വിഭാഗം | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| എൽ.പി | ....... | 2 | 2 | 44 | 22 | 66 |
| യു.പി | 8 | 4 | 12 | 129 | 71 | 200 |
| ഹൈസ്ക്കൂൾ | ...... | 1 | 1 | 87 | 72 | 159 |

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും കുട്ടികളെ പൊതു വിദ്യാലയത്തിൽ പറഞ്ഞയക്കുന്നവരാണ്. എങ്കിലും അടുത്ത കാലത്തായി ഇംഗ്ലിഷ് മീഡിയം സ്കൂളുകളിൽ പറഞ്ഞയക്കുന്നവരുടെ എണ്ണം സാധാരണക്കാർക്കിടയിൽ പ്പോലും കൂടി വരികയാണ്. പഞ്ചായത്തിന് പുറത്തുള്ള ഇംഗ്ലിഷ് മീഡിയം സ്കുളുകളിൽ നൂറോളം വിദ്യാർത്ഥികളും പാങ്ങിൽത്തന്നെയുള്ള 2 ഇംഗ്ലിഷ് മീഡിയം സ്കുളുകളിൽ 179 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. നേഴ്സറി ക്ലാസിലെ കുട്ടികൾ ഈ കണക്കിൽ പെട്ടിട്ടില്ല.

### പട്ടിക 9(ആ) ഇംഗ്ലീഷ് മീഡിയം സ്ക്കൂളിലെ കുട്ടികൾ

| സ്ക്കൂളിന്റെ പേര് | നേഴ്സറി കുട്ടികൾ | | | പ്രൈമറി കുട്ടികൾ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. അൽ ഫാറൂക്ക് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, പാങ്ങ് | 34 | 5 | 39 | 27 | 21 | 58 |
| 2. നിബ്രാസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, പാങ്ങ് | 41 | 23 | 64 | 74 | 47 | 121 |
| ആകെ | 75 | 28 | 103 | 111 | 68 | 179 |

ഇംഗ്ലിഷ് മീഡിയം സ്കൂളുകളിലേക്ക് കുട്ടികളെ ആകർഷിക്കുന്നത് മൂലം പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ കുറഞ്ഞു വരുന്നതായി കാണാം.

പഠനനിലവാരത്തെ സംബന്ധിച്ച വിവരങ്ങൾ കാണിക്കുന്നത് നിലവാരം പൊതുവെ തൃപ്തികരമല്ലെന്നാണ്. 3 മുതൽ 10 വരെയുള്ള കുട്ടികളിൽ പാദവാർഷിക പരീക്ഷയുടെ അടിസ്ഥാനത്തിലുള്ള നിലവാരവും S.S.L.C ക്ക് കഴിഞ്ഞ 5 വർഷത്തെ വിജയ ശതമാനവും പട്ടിക 9(F), 9(G) എന്നിവയിൽ കൊടുത്തിരിക്കുന്നു.

### പട്ടിക 9(ഇ) 1995 96 ലെ പാദവാർഷിക പരീക്ഷയിലെ മാർക്ക് ( ശതമാനം )

| ക്ലാസ്സ് | ആകെ കുട്ടികൾ | 30% ത്തിൽ താഴെ മാർക്ക് ലഭിച്ചവർ | 30-40% ലഭിച്ചവർ | 40-50% ലഭിച്ചവർ | 50-60% ലഭിച്ചവർ | 60%ത്തിന് മീതെ കിട്ടിയവർ |
|---|---|---|---|---|---|---|
| 3 | 824 | 243 | 199 | 171 | 117 | 94 |
| 4 | 840 | 254 | 190 | 167 | 124 | 105 |
| 5 | 1047 | 322 | 317 | 230 | 102 | 76 |
| 6 | 1092 | 544 | 251 | 148 | 88 | 61 |
| 7 | 1152 | 530 | 319 | 151 | 97 | 55 |
| 8 | 968 | 621 | 202 | 77 | 47 | 21 |
| 9 | 847 | 479 | 227 | 69 | 47 | 25 |
| 10 | 629 | 419 | 137 | 35 | 22 | 16 |

### പട്ടിക 9(ഉ) S S L C വിജയ ശതമാനം

| സ്ക്കൂളിന്റെ പേര് | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| G.H.S പാങ്ങ് | ഇല്ല | 16% | 25% | 19% | 20% |
| I.K.T.H.S ചെറുകുളമ്പ | 38% | 36% | 32% | 28% | 19% |

രണ്ട് ഹൈസ്കൂളുകളിലേയും S.S.L.C വിജയശതമാനം താരതമ്യേന കുറവാണ്. എല്ലാ ഭൗതിക സൗകര്യങ്ങളും പഠനോപകരണങ്ങളും ഉണ്ടായിട്ടും ചെറുകുളമ്പ I.K.T.H.S. ലെ നിലവാരം കുറഞ്ഞുവരുന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽനിന്ന് ശേഖരിച്ച സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിലും ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും തയ്യാറാക്കിയതാണ് ഈ

റിപ്പോർട്ട്. ഭൗതിക സൗകര്യങ്ങളുടേയും പഠനോകരണങ്ങളുടേയും കുറവ്, അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിലെ വർദ്ധന, പാഠപുസ്തകങ്ങളുടെ ലഭ്യതയിൽ വരുന്ന കാലതാമസം, രക്ഷാകർത്തൃ സമിതിയുടെ അശ്രദ്ധ, മതിയായ പരിശീലനം ലഭിക്കാത്ത അദ്ധ്യാപകരുടെ കുറവ്, മാനേജുമെന്റിന്റെ താൽപര്യക്കുറവ് തുടങ്ങി പല കാരണങ്ങളും നിലവാരം താഴാൻ ഇടയാക്കി. മാനേജർമാരുടെ താൽപര്യമില്ലായ്മ കാരണം മോശമായ രണ്ടു പ്രൈമറി സ്കൂളുകളും രക്ഷിതാക്കളുടെ അശ്രദ്ധ മൂലം നിലവാരം കുറഞ്ഞ ഒരു പ്രൈമറിയും ഒരു ഹൈസ്കൂളും ഈ പഞ്ചായത്തിലുണ്ട്. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയാണ് സർക്കാർ സ്കൂളുകളിലെ നിലവാരം മോശമാവാനുള്ള പ്രധാന കാരണം. കൂടാതെ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 3 സർക്കാർ എൽ. പി. സ്കൂളുകൾ സർക്കാർ ഏറ്റെടുത്ത് സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. പാഠപുസ്തകങ്ങളും അദ്ധ്യാപകരേയും വർഷാരംഭത്തിൽത്തന്നെ ലഭിക്കാത്തതും നിലവാരത്തകർച്ചക്ക് കാരണമാണ്. സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങളുടേയും അക്കാദമിക് സൗകര്യങ്ങളുടേയും പട്ടികകൾ 9(H), 9(K) കൊടുത്തിരിക്കുന്നു.

## പട്ടിക 9(ഫ) ഭൗതിക സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്ക്കൂളിന്റെ പേര് | കെട്ടിട സൗകര്യം | സ്റ്റാഫ് റൂം | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | A.M.L.P S വറ്റല്ലൂർ | വേണ്ടത്ര ഇല്ല | ഇല്ല | 1 | 1 | ഉണ്ട് | ഇല്ല |
| 2 | S.S.M.L.P പഴമള്ളൂർ | ഉണ്ട് | ഉണ്ട് | 3 | ഇല്ല | ഉണ്ട് | ഉണ്ട് |
| 3 | M.R.A.L P.S | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 4 | A.L.P.S പാങ്ങ്(N) | ഉണ്ട് | ഇല്ല | 3 | 2 | ഉണ്ട് | ഇല്ല |
| 5 | A.M.L.P.S പാങ്ങ്(S) | ഇല്ല | ഇല്ല | 1 | 1 | ഉണ്ട് | ഇല്ല |
| 6 | കടന്നാമുട്ടി L.P.S | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7 | G.L.P.S പാങ്ങ് | ഇല്ല | ഇല്ല | 1 | ഇല്ല | ഇല്ല | ഇല്ല |
| 8 | G.L.P.S കുറുവ | ഇല്ല | 1 | ഇല്ല | 1 | ഉണ്ട് | ഇല്ല |
| 9 | G.L.P.S പഴമള്ളൂർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 10 | G.H.P.P.S പാങ്ങ് | ഇല്ല | ഇല്ല | 1 | 1 | ഉണ്ട് | ഉണ്ട് |
| 11 | A.U.P.S കുറുവ | ഉണ്ട് | 2 | 2 | 1 | ഉണ്ട് | ഉണ്ട് |
| 12 | K.S.K.M U.P.S ചെറുകുളമ്പ | ഉണ്ട് | 1 | 1 | 1 | ഉണ്ട് | ഉണ്ട് |
| 13 | I.K.T.H.S ചെറുകുളമ്പ | ഉണ്ട് | 3 | 3 | 1 | ഉണ്ട് | ഉണ്ട് |
| 13 | G.H.S പാങ്ങ് | ഇല്ല | ഉണ്ട് | 4 | 4 | ഉണ്ട് | ഉണ്ട് |

( അവലംബം : സെക്കന്ററി ഡാറ്റ )

പഞ്ചായത്തിലെ ഭൂരിഭാഗം സ്കൂളുകളും സ്വകാര്യ മേഖലയിലായതിനാലും അദ്ധ്യാപകരുടെ നിയമനം മെറിറ്റടിസ്ഥാനത്തിൽ അല്ലാത്തതിനാലും സ്വകാര്യ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ രക്ഷിതാക്കൾക്ക് മടിയാണ്. എന്നാൽ സർക്കാർ സ്കൂളുകൾക്ക് രക്ഷിതാക്കൾ പലനിലയിലും സഹായങ്ങൾ നൽകുന്നുണ്ട്. മാനേജർമാർ വേണ്ടത്ര താൽപര്യം കാണിക്കാത്ത സ്വകാര്യ സ്കൂളുകളിലും രക്ഷിതാക്കൾ താൽപര്യം കാണിച്ചാൽ മാത്രമേ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും നിലവാരം ഉയർത്താനും കഴിയുകയുള്ളൂ.

പല വിദ്യാലയങ്ങളിലും ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ തീരെയില്ല. ലൈബ്രറി, ലാബറട്ടറി എന്നിവയുടെ പ്രവർത്തനം തൃപ്തികരമല്ല. പല സ്കൂളുകളിലുമുള്ള മൂത്രപ്പുരകളും കക്കൂസുകളും ഉപയോഗ്യമല്ലാത്തവയാണ്. കുടിവെള്ള സംവിധാനവും തൃപ്തികരമല്ല.

മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകുന്ന കാര്യത്തിലും പല വിദ്യാലയങ്ങളിലേയും രക്ഷിതാക്കൾ അമാന്തിക്കുന്നു. കുറുവ ജി. എൽ. പി. സ്ക്കൂളിൽ വർഷം തോറും 200 രൂപയുടെ എന്റോവ്മെന്റ് ഏർപ്പെടുത്തിയ തൊഴിച്ചാൽ ഈ പഞ്ചായത്തിൽ മറ്റെവിടെയും യാതൊരവാർഡും കുട്ടികൾക്ക് നൽകുന്നില്ല. മറ്റെല്ലാ സ്ക്കൂളുകളിലും രക്ഷിതാക്കളും പഞ്ചായത്തടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതിയും എന്റോവ്മെന്റുകൾ ഏർപ്പെടുത്തേണ്ടതാണ്.

ഗ്രാമസഭകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വരുന്ന 5 വർഷത്തേക്ക് നടപ്പാക്കേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

1. ഒന്നാം വാർഡിലെ പഴയ കൂട്ടിലങ്ങാടി, നാലാം വാർഡിലെ നെച്ചിക്കുത്ത് പറമ്പ്, അഞ്ചാം വാർഡിലെ പരവക്കൽ, ആറാം വാർഡിലെ മേക്കുളമ്പ്, എട്ടാം വാർഡിലെ പൊന്നാരം പള്ള്യാൽ, ഒമ്പതാം വാർഡിലെ ചന്തപ്പറമ്പ്, ചേങ്ങോട്ടൂർ, പതിനൊന്നാം വാർഡിലെ തോണിക്കല്ല്, പതിമൂന്നാം വാർഡിലെ അമ്പലപ്പറമ്പ് എന്നിവിടങ്ങളിൽ ഓരോ എൽ. പി സ്ക്കൂൾ അനുവദിക്കുക.

2. മൂന്നാം വാർഡിലെ SSMLP സ്കൂൾ, 13 ാം വാർഡിലെ പാങ്ങ് വെസ്റ്റിൽ ഒരു യു. പി. സ്കൂൾ സ്ഥാപിക്കുക, കുറുവ ജി. എൽ. പി സ്കൂൾ എന്നിവ യു. പി. സ്കൂളുകളായും ഒന്നാം വാർഡിലെ കുറുവ യു. പി. സ്കൂൾ , 11 ാം വാർഡിലെ പാങ്ങ് ജി. യു. പി. സ്കൂൾ എന്നിവ ഹൈസ്കൂളുകളായും ഉയർത്തുക.

3. ഈ പഞ്ചായത്തിലെ 2, 5, 8 വാർഡുകളിലെ കുട്ടികൾക്ക് പ്രയോജനപ്പെട്ടതും പഞ്ചായത്തിനോട് ചേർന്ന് മറ്റു പഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്നതുമായ പെരിങ്ങോട്ടുപുലം ജി. എൽ. പി, പടപ്പറമ്പ PKHMLP എന്നിവ അപ്ഗ്രേഡ് ചെയ്ത് യു. പി. ആക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുക.

4. ആറാം വാർഡിലെ മേക്കുളമ്പിലും 12 ാം വാർഡിലെ റേഷൻഷാപ്പിന് സമീപവും എർ. പി. സെക്ഷനോട് കൂടിയ ഓരോ യു. പി. സ്കൂളുകൾ അനുവദിക്കുക.

5. പാങ്ങ് ഗവ: ഹൈസ്കൂളിനോടനുബന്ധിച്ച് യു. പി. സെക്ഷൻ കൂടി അനുവദിക്കുക.

6. കുറുവ ജി. എൽ. പി. സ്കൂളിനോടനുബന്ധിച്ച് നേഴ്സറി ക്ലാസ് അനുവദിക്കുക.

7. പാങ്ങിൽ പൂക്കോട് എന്ന സ്ഥലത്ത് കുറഞ്ഞ വിലക്ക് കൂടുതൽ ഭൂമി ലഭിക്കുന്നതുനാൽ അവിടെ ഒരു കോളേജ് സ്ഥാപിക്കുക.

8. അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ നിർത്തലാക്കുക.

9. ഏഴാം വാർഡിൽ ഒരു സഹകരണ കോളേജും 11 ാം വാർഡിൽ ഒരു ജൂനിയർ കോളേജും ആരംഭിക്കുക.

10. പാങ്ങ് I.T.C. യിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കുക.

11. സ്കൂളുകളിൽ വർഷാരംഭത്തിൽത്തന്നെ പാഠപുസ്തകങ്ങൾ എത്തിക്കാൻ നടപടി സ്വീകരിക്കുക. സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ വർഷാരംഭത്തിൽത്തന്നെ നികത്തുക.

12. ലോവർ പ്രൈമറി തലത്തിലെങ്കിലും ഉച്ചക്കഞ്ഞി പരിപാടി ചിട്ടയായി നടപ്പാക്കാനുള്ള ഉത്തരവാദിത്തം പഞ്ചായത്ത് ഏറ്റെടുക്കുക.

13. അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം കുറക്കുക.

14. ക്ലാസ്സു റൂം PTA കളും മറ്റു സമിതികളും സജീവമാക്കുക. മാസാന്ത പരീക്ഷകൾ കൃത്യമായി നടത്തുകയും പ്രോഗ്രസ് കാർഡ് കൊടുത്തയക്കുന്നതുനപകരം സ്കൂളിൽ പ്രോഗ്രസ് കാർഡ് വെച്ച് രക്ഷിതാക്കൾ നേരിൽ വന്ന് ഒപ്പിടാനുള്ള സംവിധാനം ഏർപ്പെടുത്തുക.

15. സ്കൂൾ പാർലിമെന്റ്, ക്ലാസ്സു തലത്തിലും സ്കൂൾ തലത്തിലുമുള്ള സാഹിത്യസമാജങ്ങൾ എന്നിവ സജീവമാക്കുക. പഞ്ചായത്ത് തലത്തിൽ എല്ലാ സ്കൂളുകളേയും പങ്കെടുപ്പിച്ചുകൊണ്ട് സ്കൂൾ കോംപ്ലക്സ് പുനർജിവിപ്പിക്കുക.

16. അങ്കനവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുക കളിപ്പാട്ടങ്ങൾ എല്ലാ അങ്കനവാടികൾക്കും നൽകുകയും ചെയ്യുക. 5 ാം വാർഡിലെ വാലവാടി കെട്ടിടം അടയന്തിരമായി അറ്റകുറ്റപ്പണി നടത്തുക. ഒന്നാം വാർഡിലെ പൂഴിക്കുന്ന്, കുന്നുംപുറം, ഏഴാം വാർഡിലെ ഈസ്റ്റ്, 11 ാം വാർഡിലെ മേക്കുളമ്പ്, മൈലാടി എന്നിവിടങ്ങളിൽ പുതിയ അംഗൻവാടികൾ അനുവദിക്കുക.

17. ഒന്നാം വാർഡിലെ കുറുവ സ്കൂൾ പടിയിൽ ഒരു കമ്പ്യൂട്ടർ സെന്ററും മുല്ലപ്പള്ളി പ്രദേശത്ത് ഒരു ടെയ്ലറിംഗ് ഇൻസ്റ്റിറ്റ്യൂട്ടും, പഴയ കൂട്ടിലങ്ങാടിയിൽ ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും അനുവദിക്കുക. രണ്ടാം വാർഡിലും ഒരു ടെക്നിക്കൽ സെന്ററും, അഞ്ചാം വാർഡിൽ ഒരു ടെയ്ലറിംഗ് ഇൻസ്റ്റിറ്റ്യൂട്ടും, കമ്പ്യൂട്ടർ സെന്ററും, ഏഴാം വാർഡിൽ ഒരു കമ്പ്യൂട്ടർ സെന്ററും തുടങ്ങുക.

ഔപചാരിക വിദ്യാഭ്യാസ രംഗത്ത് മുമ്പ് പ്രവർത്തിച്ചിരുന്ന വായനശാലകളും, ഗ്രന്ഥശാലകളും പലതും പ്രവർത്തനം നിലച്ചുപോയിട്ടുണ്ട്. 11 ാം വാർഡിൽ ഒരു ഗ്രന്ഥശാല മാത്രമേ ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂ. ഇതിന് കെട്ടിടവും ഫർണീച്ചറും അത്യാവശ്യവുമാണ്. മറ്റു സ്ഥലങ്ങളിലും വായനശാലകളും, ഗ്രന്ഥശാലകളും അനുവദിച്ച് അനൗപചാരിക വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

സാക്ഷരതാ പവർത്തനം വഴി കാര്യമായ മാറ്റമൊന്നും ഈ പഞ്ചായത്തിൽ വന്നിട്ടില്ല. ഇപ്പോഴുണ ചില വാർഡുകളിൽ 25 ഉം 30 ഉം ശതമാനം വരെ നിരക്ഷരർ ഉള്ളതായി കാണുന്നു. അതുകൊണ്ട് സാക്ഷരതാ പവർത്തനത്തിന് അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ മുന്നിട്ടിറക്കി പവർത്തിക്കേണ്ടതാണ്. തുടർ സാക്ഷരതാ പവർത്തനം നടക്കാത്തതിനാൽ നിസാക്ഷരർ ക്രമേണ നിരക്ഷരരായി മാറുന്ന പ്രവണതയും കണ്ടുവരുന്നു.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്ക് റിഫ്രഷൻ കോഴ്സുകൾ നടത്തുകയും വിദ്ധ്യാത്ഥികളുടെ കലാ - കായിക മത്സരങ്ങൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുകയും അതിനായി എല്ലാവർക്കും സൗകര്യപ്രദമായ സ്ഥലത്ത് ഒരു സ്റ്റേഡിയം നിർമ്മിക്കുകയും ചെയ്യേണ്ടതാണ്.

ചുരുക്കത്തിൽ സ്കൂൾ മാനേജുമെന്റും രക്ഷിതാക്കളും അദ്ധ്യാപകരും സന്നദ്ധ സംഘടനകളും ചേർന്നു കൂട്ടായ പ്രവർത്തനം വഴി ഇന്ന് വിദ്യാഭ്യാസ മേഖലയിൽ കാണുന്ന ശോച്യാവസ്ഥ നമുക്ക് പരിഹരിക്കാനാവും.

5




# കുടിവെള്ളവും പൊതുജനാരോഗ്യവും

## A കുടിവെള്ളം

ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം ഒരു ജനതയടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണിവ. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 90% ജനങ്ങളും കിണറുകളെയാണാശ്രയിക്കുന്നത്. 3016 കിണറുകളുള്ളതിൽ 2090 കിണറുകൾ വെള്ളമില്ലാത്തവയാണ്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 60% ശതമാനവും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് (8.34 ച.കി.മീ. അവലംബം സെസ്സ് റിപ്പോർട്ട്) കേരളാ വാട്ടർ അതോറിറ്റിയുടെ വറ്റലൂർ ബോർവെൽ സ്കീം എന്ന ഒരു ചെറുശുദ്ധജല പദ്ധതി മാത്രമാണ് പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നത്. അതുതന്നെ 6,4 വാർഡുകളിലെ ഒരു ചെറിയ ഭാഗത്തുമാത്രമാണ് പ്രയോജനം ചെയ്യുന്നത്. വറ്റലൂർ എൽ.പി.സ്കൂൾ പടി, മേക്കുളമ്പ്, ചെറുകുളമ്പ്, പാലാറാംകുന്ന് എന്നീ പ്രദേശങ്ങളിൽ പൊതുവിതരണ ടാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പലസമയത്തും ജലവിതരണം തൃപ്തികരമല്ലാത്ത അവസ്ഥയാണ്. വിവിധ വാർഡുകളിലായി 8 കുഴൽകിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് വേണ്ടവിധം പ്രയോജനപ്പെടുന്നില്ല. നിലവിൽ 3016 സാധാരണ കിണറും 212 കുളങ്ങളും ഒരു നദിയും 6 ചെറു തോടുകളും 16 പൊതു ടാപ്പുകളുമാണ് കുടിവെള്ള സ്രോതസ്സുകളായുള്ളത്.

വിവിധ വാർഡുകളിലായി 8 കുഴൽകിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് വേണ്ടവിധം പ്രയോജനപ്പെടുന്നില്ല. പഞ്ചായത്തിലെ ജനസംഖ്യയുടെ 70%വും ശുദ്ധജലക്ഷാമം അനുഭവിക്കുന്നു.

## ശുദ്ധജലസ്രോതസ്സുകൾ

പട്ടിക 1

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യകിണറുകൾ | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | | |
| 2 | 8 | 98 | 2900 | 8 | 3016 |

പട്ടിക 2

KWA പദ്ധതികൾ

| വറ്റലൂർ | മേക്കുളമ്പ് | നെച്ചിക്കുത്ത്പറമ്പ് | തോട്ടക്കര | ചെറുകുളമ്പ് | | മൊത്തംടാപ്പുകൾ |
|---|---|---|---|---|---|---|
| 3 | 4 | 2 | 2 | 5 | | 16 |

46 കുടിവെള്ളം ശേഖരിക്കുന്നതിനായി 1 മുതൽ 4 കി.മി. വരെ ദൂരെ സഞ്ചരിക്കേണ്ടി വരുന്നു. വിശേഷാൽ ഗ്രാമസഭകളിൽ നിന്നുയർന്നു വന്നതായ പ്രശ്നപരിഹാരങ്ങളും പഞ്ചായത്ത്തലത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നതും ചർച്ചയിലൂടെ രൂപപ്പെട്ടുവന്നിട്ടുള്ളുതുമായ നിർദ്ദേശങ്ങളും സൂഷ്മ വിശകലനത്തിനായി ഇതിൽ ചേർത്തിരിക്കുന്നു.

പട്ടിക 3

കുടിവെള്ള പ്രശ്നപ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗം |
|---|---|---|
| 1 | കുന്നുംപുറം, മുല്ലപ്പള്ളി, പഴയ കുട്ടിലങ്ങാടി, മൊട്ടകുന്ന്, ചുങ്കത്തപ്പാറ, കുറുവ ഇല്ലത്ത്പടി | കടലുണ്ടി പുഴയിൽ നിന്നും വെള്ളം പമ്പ് ചെയ്ത് പൈപ്പ്ലൈൻ സ്ഥാപിക്കുക, കുഴൽകിണർ സ്ഥാപിക്കുക. |
| 2 | ഭൂരിപക്ഷംസ്ഥലത്തും കുടിവെള്ളക്ഷാമമാണ്. നെല്ലിക്കാംപാറക്കൽ, കിഴക്കയിൽ കുളമ്പ്, കോഴിയൂർകുന്ന്, രായിപറമ്പ്, അച്ചമ്പർകോളനി. | പൈപ്പ്ലൈൻ സ്ഥാപിക്കുകയും പൊതുകിണർ കുഴിക്കുവാനും കടലുണ്ടിപുഴയിൽ നിന്നും വെള്ളം എടുത്ത്കൊണ്ട് മിനാർകുഴി നിരപ്പിൽ ടാങ്ക് കെട്ടി പരിസരപ്രദേശത്തെ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്. |
| 3 | വല്ലാംകുളം,കുട്ട്യാപാറ,പഴമള്ളൂർ സിറ്റി.സമുസപ്പടി,നുറാംകുന്ന്, കടംപോട്ട് | പഴംകുളം ചോല റിപ്പേർ ചെയ്ത് ടാങ്ക് വെച്ച് ഈ പ്രദേശത്തെ 1400 ൽപരം ജനങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാം. |
| 4 | കുഴിപ്പള്ളി കുളമ്പ്, നെച്ചിക്കുത്ത്പറമ്പ്, കള്ളികളയൻകുളമ്പ്, പള്ളിയാറാൻ കുന്ന്,തോട്ടക്കര, ഓട്ടുപാറ, കക്കേങ്ങൽകുളമ്പ്, പാറകുത്ത് വളപ്പ്, ആമത്തോട്. | പുഴയിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളം സപ്ലൈ ചെയ്യുക. കക്കേങ്ങൽ കുളമ്പിൽ നിർമിച്ച കിണറിൽ നിന്ന് ശുദ്ധജല വിതരണത്തിന് സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസിന് വൈദ്യുതി ലഭ്യമാക്കുക. |
| 5 | ലക്ഷംവീട് കോളനി, ചൊവ്വാണ ഹരിജൻ കോളനി, ആശാരി കുളമ്പ്, വട്ടപ്പറമ്പ് കോളനി, പടിഞ്ഞാറെക്കര, പൊരുന്നുമ്മൽ നാല് സെൻറ് കോളനി,വറ്റലൂർ എൽ. പി. സ്കൂളിൻെറമുകൾഭാഗം, ചുള്ളിക്കോട്. കക്കേങ്ങൽ കുളമ്പ്. | ചെറുപുഴയിൽ നാറാണത്ത് പുഴയിൽ കിണർ കുഴിച്ച് പമ്പ് ചെയ്ത് ഉയർന്ന പ്രദേശമായ പൊരുന്നം പറമ്പിൽ ടാങ്കിൽ ശേഖരിച്ച് ചുറ്റുമുള്ള പ്രദേശങ്ങളിൽ വിതരണം ചെയ്യുക. ആവശ്യമായ സ്ഥലങ്ങളിൽ കുഴൽകിണറുകൾ നിർമ്മിക്കുക. |
| 6 | പൊതുവെ ക്ഷാമമാണ് | കശാംകാട്ടിൽ കുമൻകല്ല് ഭാഗത്ത്വാട്ടർടാങ്ക് കെട്ടി വെള്ളം സപ്ലൈ ചെയ്യാൻസാധിക്കും. |
| 7 | ചെറുകുളമ്പ് വെസ്റ്റ്, ചെർക്കാച്ചോല, നരിയൻകുന്ന്, കാരാകുന്ന്. | ഇപ്പോഴുള്ള ടാങ്ക് മാറ്റി വലിയ ടാങ്ക് സ്ഥാപിക്കുക. ഹൗസ് കണക്ഷൻ കൊടുക്കുവാനുള്ള നടപടിയെടുക്കുക. ചെറുകുളമ്പ് വെസ്റ്റ്, ചെർക്കാച്ചോല ഹരിജൻ കോളനി എന്നിവിടങ്ങളിൽ കുഴൽകിണർ കുഴിക്കുക. ചെറുകുളമ്പ്, ചെർക്കാച്ചോല നരിയൻകുന്ന് എന്നിവിടങ്ങളിൽ പൊതുകിണർ കുഴിക്കുകയും ഇപ്പോൾ വാർഡിലുള്ള പൊതുകിണർ ഉപയോഗ്യമാക്കുകയും ചെയ്യുക. |

| | | |
|---|---|---|
| 8 | പുളിയംകാട്, വാഴക്കോട് പന്നിക്കുണ്ട്, പൊന്നാരം പള്ള്യേൽ | കോളനിവരെ എത്തിനിൽക്കുന്ന ശുദ്ധജല വിതരണപദ്ധതി മറ്റുഭാഗങ്ങളിലേക്കും നീട്ടിത്തരിക. |
| 9 | കുട്ടിനിരപ്പ്, ചന്തപ്പറമ്പ്, മൂച്ചിക്കൽ, കരിമ്പനക്കുന്ന്, ചന്ദനപ്പറമ്പ്, വടക്കേക്കുണ്ട്, പള്ളിപ്പറമ്പ് ത്രാട്ട്, കരുവള്ളിച്ചാൽ, പനിച്ചെട്ടി | കുട്ടിനിരപ്പിൽ പൊതുകിണർ നന്നാക്കുക. പള്ളിപറമ്പ് കുഴൽകിണറിൽനിന്നും പമ്പ് ചെയ്യുനന മൈക്രോ വാട്ടർ സ്കീം നടപ്പിലാക്കുക. ചന്തപ്പറമ്പ് ഏരിയായിൽ പൊതുകിണർ കുഴിക്കുക. അടുത്തുള്ള പഞ്ചായത്ത് പൊൻമള ആക്കപറമ്പിൽ വന്നുനിൽക്കുന്ന പൈപ്പ് ലൈൻ നീട്ടി ചന്ദനപ്പറമ്പ് വടക്കൻപാങ്ങ് പ്രദേശത്തെ പ്രശ്നം പരിഹരിക്കാം. പട്ടിണിച്ചിറ, വാഴക്കോട് എന്നീഭാഗങ്ങളിൽ കുഴൽകിണർകുഴിച്ച് പമ്പ്ചെയ്ത് ചന്തപ്പറമ്പ് ഏരിയായിൽ വിതരണം ചെയ്യുക. |
| 10 | പൊട്ടിക്കല്, ചെറുകാട്, തെക്കൻ പാങ്ങ്, കൈപങ്ങാതിരുത്ത് , മാഞ്ചീരിപ്പടി, പള്ളിപ്പറമ്പ് ജി എൽ പി സ്കൂൾ പരിസരം | പൊട്ടിക്കല്ലുങ്ങൽ തൊക്കംപാങ്ങ്, കൈപ്പങ്ങാതിരുത്ത്, മാഞ്ചീരിപ്പടി യുപിസ്കൂൾ പരിസരം, തോറ എന്നിവിടങ്ങളിൽ കുഴൽകിണർ കുഴിക്കുക. അടുത്ത പഞ്ചായത്തിൽപ്പെട്ട ആക്കപ്പറമ്പിൽ എത്തിനിൽക്കുന്നക പൈപ്പ് ലൈൻ നീട്ടുക. |
| 11 | കച്ചേരിപ്പടി, ഇഞ്ചിക്കൻ കുളമ്പ് മതിൽ കെട്ടി പുത്തറോഡ് ഹരിജൻ കോളനി മാങ്ങാടത്തുകുളമ്പ്, കുമ്പളംകുന്ന്, തോണിക്കല്ല്, തെക്കൻ പാങ്ങ്, പുളിവെട്ടി, രാമൻചോല | പുത്തൻകുളം റിപ്പയർ ചെയ്ത് ഉയർന്ന പ്രദേശമായ മൂച്ചിക്കൽ ടാങ്ക് കെട്ടി പരിസര പ്രദേശത്ത് വിതരണം ചെയ്യുക. കമ്പനിപ്പടിയിൽ ടാങ്കും പളംകുളത്തിൻെറ അവിടെ കുഴൽകിണറും കുഴിച്ച് പമ്പ് ചെയ്യുകയാണങ്കിൽ പാങ്ങ് മേഖലയിൽ കുടിവെളക്ഷാമം പരിഹരിക്കാം. |
| 12 | പരവത്തടം, പള്ളിപ്പടി, പൂക്കോട് നിരപ്പ്, പൊറ്റേങ്ങൽപ്പടി | യാറത്തിൽ തിരിച്ചിപുറങ്ങാട്ട്, ചെട്ടിപ്പടി, കാലടി, കല്ലുവെട്ടുപ്പറമ്പ് എന്നിവിടങ്ങളിൽ കുഴൽകിണറുകൾ കുഴിക്കുക. പൊതുകിണർ കുഴിക്കുക. കാലടിചോല നന്നാക്കി ബണ്ടുപണി നടത്തി പൈപ്പ് ലൈൻ വഴി വിതരണം ചെയ്താൽ പ്രദേശത്തെകുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. |
| 13 | കൊളങ്ങരപ്പള്ളിയാൽ, കൊടക്കാട്, മുണ്ടിയനാൽ, പെരുപള്ളിയാൽ, കടന്നാമുട്ടി, എടക്കുന്ന്, അമ്പലപ്പറമ്പ് | ഉയർന്നു കിടക്കുന്ന പൂക്കോട് പ്രദേശത്തെ എല്ലാകാലങ്ങളിലും ഒഴുകികൊണ്ടിരിക്കുന്ന പ്രകൃതിദത്തമായ വെള്ളം തടഞ്ഞുനിർത്തി എല്ലാ ഭാഗത്തും എത്തിക്കാൻ കഴിയും. |

## 2. ചെറുകിട ശുദ്ധജല പദ്ധതികൾ

ചെറുകിട പദ്ധതികളെ കുറിച്ചു എല്ലാ വാർഡുകളിൽനിന്നും പരാമർശം ഉണ്ടെങ്കിലു 3,9,12 എന്നീ വാർഡുകളിൽ നിന്നാണ് വ്യക്തമായ നിർദ്ദേശങ്ങൾ വന്നിട്ടുള്ളത്. 3--ാം വാർഡിലെ പഴംകുളം ചോല റിപ്പേർ ചെയ്ത് പൈപ്പ് വഴി ജല വിതരണം നടത്താവുന്നതാണ്. 9-ാം വാർഡിലെ ചന്തപ്പറമ്പ് ശുദ്ധജലവിതരണത്തിനുള്ള മൈക്രോവാട്ടർ സ്കീം 12-ാം വാർഡിലെ ശുദ്ധജല വിതരണപ്പദ്ധതിയും ഇതിൽഉൾപ്പെടുത്താവുന്നതാണ്.

## 3. ഇടത്തരം പദ്ധതികൾ

1,2,3, എന്നീ വാർഡുകളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് 1-ാം വാരഡിൽ കടലുണ്ടിപ്പുഴയിൽ ചെറുപുഴയിൽ കോകയത്തിൽ കിണർകുഴിച്ച് പമ്പ് ചെയ്ത്കൊണ്ട് 2-ാം വാർഡിൽ ഉയർന്ന പ്രദേശമായ രായിപ്പറമ്പിൽ ടാങ്ക് കെട്ടി വിതരണം നടത്തിയാൽ പരിഹരിക്കാവുന്നതാണ്.

4-ാം വാർഡിലെ ചെറുപുഴയിൽ നിന്ന് വെള്ളം സ്വീകരിച്ചുകൊണ്ട് ഉയർന്നപ്രദേശമായ വട്ടപ്പറമ്പിൽ ടാങ്ക് നിർമ്മിച്ച് വിതരണം നടത്തിയാൽ 4-ാം വാർഡിൻെറ പകുതിഭാഗവും 5,6,7,8 വാർഡിൻെറ അൽപ്പംഭാഗത്തുമുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

9-ാം വാർഡിൽ നോൺകവറേജ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി പി എച്ച് ഡി യിൽ നിന്നും പ്രപ്പോസൽ തയ്യാറായിട്ടുള്ള താഴ്ന്ന പ്രദേശമായ വടക്കൻകുണ്ട് തോട്ടിൽ കിണർകുഴിച്ച് ഉയർന്നപ്രദേശമായ ചന്തപ്പറമ്പിൽ ടാങ്ക് കെട്ടി പരിസരപ്രദേശത്ത് വിതരണം നടത്തുന്ന സ്കീം നടപ്പിലാക്കിയാൽ 8-ാം വാർഡിൻെറ അൽപ്പഭാഗവും 9-ാം വാർഡ് മുഴുവനും 10,11 എന്നീ വാർഡുകളുടെ അൽപ്പഭാഗത്തുള്ള കുടിവെള്ളക്ഷാമം

പരിഹരിക്കാവുന്നതാണ്.

12-ാം വാർഡിലെ ഉയർന്ന പ്രദേശമായ പൂക്കോടിൽ കാലടിച്ചോല നന്നാക്കി പ്രകൃദിദത്തമായി ഒഴുകിക്കൊണ്ടിരിക്കുന്ന വെള്ളത്തെ ബണ്ടുകെട്ടി തടഞ്ഞുനിർത്തി പൈപ്പുവഴി വിതരണം നടത്തുകയാണെങ്കിൽ 10,11,12,13 വാർഡുകൾ ഉൾപ്പെട്ട പാങ്ങ് പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. കൂടുതൽ ജനങ്ങൾക്ക് ഉപകാരം കിട്ടുന്നതും നിർമ്മാണച്ചെലവ് ചുരുങ്ങിയതുമായ ഈ പദ്ധതി പരിഹരിക്കാവുന്നതാണ്.

## പഞ്ചായത്ത് തല പദ്ധതികൾ

പഞ്ചായത്തിന്റെ അതിർത്തിയിലുള്ള കോങ്കായത്തിൽ നിന്നും വെള്ളമെടുത്ത് ഡബിൾ ലിഫ്റ്റിംഗ്‌വഴി വിടപ്പറമ്പ് ഏരിയായിൽ ടാങ്ക് കെട്ടി വിതരണം നടത്തുകയാണെങ്കിൽ പഞ്ചായത്തിന്റെ മുവുവൻ പ്രശ്നങ്ങളും പരിഹരിക്കാവുന്നതാണ്.

## മേജർ പദ്ധതികൾ

മുമ്പ് സർവ്വെ നടത്തീട്ടുള്ള മൂന്ന് പഞ്ചായത്തുകൾ ഉൾപ്പെടുത്തി മോതിക്കയം സ്ക്കീം നടപ്പിലാക്കുകയാണെങ്കിൽ പ്രസ്തുത പഞ്ചായത്തുകളുടെ പ്രശ്നം പരിഹരിക്കാവുന്നതാണ്.

# B ആരോഗ്യം

1965 വരെ പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും പ്രഗത്ഭരായ പാരമ്പര്യവൈദ്യന്മാരെയാണ് ആശ്രയിച്ചിരുന്നത്. മരുന്നിനോടൊപ്പം ആത്മാർത്ഥമായ പ്രാർത്ഥനയും കൂടി ഉണ്ടായിരുന്നഅന്നത്തെ ചികിത്സാ രീതിക്ക് വളരെ ഫലം ലഭിച്ചിരുന്നു. അചഞ്ചലമായ ദൈവഭക്തിയിൽനിന്നും ഉരുത്തിരിയുന്ന നിസ്വാർത്ഥമായ പ്രാർത്ഥന കൊണ്ട് ആധുനിക വൈദ്യ ശ്ശാസ്ത്രത്തിനുപോലും ഉത്തരംകിട്ടാത്ത പല അസുഖങ്ങളും അന്നും സുഖപ്പെട്ടിരുന്നു എന്നറിയുമ്പോൾ നമുക്കു അത്ഭുതം തോന്നും. എന്തായാലും ഇന്നത്തേക്കാളേറെ ആരോഗ്യവും ആയുസ്സും ഉള്ളവരായിരുന്നു അന്നെന്ന് നമുക്കു മനസ്സിലാകുന്നു.1964 ൽ പാങ്ങ് ചന്തപ്പറമ്പിൽ സ്ഥാപിതമായ ഫാമിലി വെൽഫെയർ സെൻററാണ് പഞ്ചായത്തിലെ ആധുനിക ചികിത്സാ രംഗത്തെ പ്രഥമ സ്ഥാപനം. ഇന്ന് ഒരു ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറിയടക്കം 8 സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. ഇവക്ക് പുറമെ സ്വകാര്യമേഖലയിൽ ഒരു അലോപതിയും ഡിസ്പെൻസറിയും രണ്ട് ആയുർവ്വേദ ചികിത്സാ സൗകര്യങ്ങളും ചെറിയ തോതിൽ നടത്തുന്നു. ചികിത്സ നടത്തുന്ന 7 പാരമ്പര്യ വൈദ്യന്മാരും 6 അലോപ്പതി ഡോക്ടർമാരും 2 ഹോയിയോ ഡോക്ടർമാരുടേയും സേവനങ്ങൾ പഞ്ചായത്തിനു കിട്ടുന്നുണ്ട്. പഞ്ചായത്തിന്റെ ജനസംഖ്യാടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ പഞ്ചായത്തിലെ ചികിത്സാ സൗകര്യങ്ങൾ വളരെ കുറവാണെന്നും അടിയന്തിര ശ്രദ്ധ ഈ കാര്യത്തിൽ അത്യാവശ്യമാണെന്നും മനസ്സിലാകുന്നു.

1995 - 96 വർഷത്തിൽ 1076 ജലജന്യരോഗങ്ങളും 934 ആയുജന്യരോഗങ്ങളും 816 പ്രാണിജന്യരോഗങ്ങളും 32 മറ്റു രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു.

പഞ്ചായത്തിലെ ജനന നിരക്ക് .. ഉം മരണനിരക്ക് . ആണ്. ശരാശരി കുടുംബവലിപ്പം . ആണ്. പഞ്ചായത്തിൽ കിടത്തി ചികിത്സിക്കാനുള്ള ആശുപത്രിയില്ല. ഇതിനായി ഏകദേശം 8 കി.മി. മുതൽ 30 കി.മീ. വരെയും വിദഗ്ദ ചികിത്സക്കായി ഏകദേശം 105 കി.മീ. സഞ്ചരിക്കേണ്ടതായിട്ടുണ്ട്.

## സ്ഥാപനങ്ങളും സേവനങ്ങളും

മെയിൻ സെൻറർ - 1
ഐ പി പി ഉപകേന്ദ്രങ്ങൾ - 5
ഫാമിലി വെൽഫെയർ സെൻറർ - 1
ഹോമിയോ ഡിസ്പെൻസറി - 1
ഇവയിലെല്ലാം കൂടി 14 ജീവനക്കാരാണുള്ളത്.

പട്ടിക (ആരോഗ്യം) 1
### പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ഫാമിലി വെൽഫെയർ സെൻറർ, പാങ്ങ് | 9 | 1964 | 1 |
| 2 | സബ് സെൻറർ, പഴമള്ളൂർ | 3 | 1967 | 1 |
| 3 | മെയിൻ സെൻറർ, പാങ്ങ് | 13 | 1968 | 2 |
| 4 | ഐ പി പി സബ് സെൻറർ, കരിഞ്ചാപ്പടി | 5 | 1968 | 2 |
| 5 | ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറി, വറ്റലൂർ | 4 | 1982 | 4 |
| 6 | ഐ പി പി സബ് സെൻറർ, തെക്കൻ പാങ്ങ് | 12 | 1968 | 21 |
| 7 | ഐ പി പി സബ് സെൻറർ, കുറുവ | 1 | 1968 | 2 |
| 8 | സബ് സെൻറർ, ചെങ്ങോട്ടൂർ | 9 | 1990 | 1 |

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മുഴുവൻ സമയവും ഡോക്ടർമാരുടെ സേവനങ്ങൾ ലഭ്യമാകുന്നില്ല. അത്യാവശ്യമരുന്നുകൾ കിട്ടുന്നില്ല. ഈ അവസ്ഥ പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ഫീൽഡ് വർക്കർമാരിൽ ഭൂരിഭാഗത്തിലും കാണുന്ന നിഷ്ക്രിയത്വം ബോധവത്ക്കരണ പ്രസ്ഥാനത്തെ സാരമായി ബാധിക്കുന്നു. പൊതു ആരോഗ്യസ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖതയും എടുത്തുപറയേണ്ടതാണ്. ഇവയെ യഥാപൂർവ്വം ബന്ധപ്പെടുത്തി ആരോഗ്യ രംഗത്ത് ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള ജനസംഖ്യാ ആനുപാതത്തിനനുസരിച്ച് ആശുപത്രികളും ഡോക്ടർമാരോ പാരാമെഡിക്കൽ ജീവനക്കാരേയോ കാണുന്നില്ല. അതിനാൽ ഇത്തരം ഭാഗങ്ങളിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യം കാര്യമാണ് ശുചിത്വം. ഇതിൽ പരിസര ശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ടതൊന്നാണ് കക്കൂസ്. പഞ്ചായത്തിലൊ 80% ശതമാനം വീടുകളിൽ നിലവിൽ കക്കൂസില്ല. ഇതിനാൽ വിരശല്യം, വയറിളക്ക രോഗം എന്നിവ താരതമ്യേന കൂടുതൽ കണ്ടുവരുന്നു. 1995-96 വർഷത്തെ കണക്കു പ്രകാരം പഞ്ചായത്തിൽ ... പേർക്ക് ജലജന്യ രോഗങ്ങൾ ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഗ്രാമസഭകളുടെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും താഴെ കാണുന്ന പ്രകാരം സംഗ്രഹിക്കാം.

| കാരണം | പരിഹാരം |
|---|---|
| 1. സാമ്പത്തിക പാരാധീനത | സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സഹായം നടത്താവുന്നതാണ്. |

## പരിസര ശുചിത്വം

വ്യവസായ വത്ക്കരണം വളരെക്കുറഞ്ഞ പ്രദേശമാകയാൽ പരിസര മലിനീകരണം ഗുരുതരമല്ല എന്നിരിക്കലും പഞ്ചായത്തിൻെറ മിക്കഭാഗങ്ങളിലും ശുചീകരണത്തിൻെറ അഭാവത്തെക്കുറിച്ചുള്ള പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ഈ വിഷയത്തിൽ പാടെ അശ്രദ്ധ വന്നാൽ ഭാവിയിൽ പ്രശ്നം കൂടുതൽ രൂക്ഷമാകാൻ ഇടയാകാനുള്ള സാധ്യതയുണ്ട്. കോഴിയിറച്ചി വിൽപ്പനക്കാരെ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. പൊതുവായി ശുചീകരണ പ്രവർത്തനത്തിൽ പഞ്ചായത്തിൽ ജീവനക്കാരെ സ്ഥിരമായി നിയമിക്കുകയും കുറുവ ഗ്രാമ പഞ്ചായത്ത് ക്ളീൻ പഞ്ചായത്തെന്നൊരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുകയുമാണ് വേണ്ടത്. ഗ്രാമസഭകളിൽ ഈ വിഷയത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരങ്ങളും താഴെ പറയും പ്രകാരം ശ്രമപ്പെടുത്താവുന്നതാണ്.

റോഡുകൾക്ക് ഓടകൾ നിർമ്മിക്കുക. മത്സ്യം , ഇറച്ചി കച്ചവടക്കാർക്ക് പ്രത്യേകം ഷെഡ്ഡുകൾ അനുവദിക്കുക. ഹോട്ടൽ, ശീതള പാനീയ കച്ചവടം എന്നിവയിൽ നൽകുന്ന ഭക്ഷണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക. ഇറച്ചികച്ചവടം നടത്തുന്നവർക്ക് സ്വന്തമായി അവശിഷ്ടങ്ങൾ ഒഴിവാക്കുന്നതിന് സ്വന്തമായ ഭദ്രതയുള്ള കുഴിയുള്ളവർക്കുമാത്രം കച്ചവട ലൈസൻസ് നൽകുക. പ്രസ്തുത അവശിഷ്ടം പൊതു സ്ഥലത്ത് ഒഴിവാക്കുന്നതു തടയാൻ കർശനമായ സമീപനം സ്വീകരിക്കുക. 7ാം വാർഡിലെ ചെറുകുളമ്പിലും 13ാം വാർഡിലെ ചേണ്ടിയിലും നിലവിൽ മലിനീകരണം ഉള്ളതിനാൽ പ്രസ്തുത പ്രദേശത്തെ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ വേണ്ടിയിരിക്കുന്നു.

## പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കുന്ന നിർദ്ദേശങ്ങൾ

പഞ്ചായത്തിലെജനങ്ങളുടെ കായിക പരിശീലനത്തിനുവേണ്ടിയുള്ള പരിശീലന കേന്ദ്രം, പ്ലേ ഗ്രൗണ്ട് എന്നിവ പഞ്ചായത്തിൻെറ കീഴിൽ സ്ഥാപിക്കുക. ശരിയായ പരിശീലനം കൊടുക്കുക വഴി ജനതയുടെ കായികവും മാനസികവുമായ ആരോഗ്യോ മെച്ചപ്പെടുത്താൻ സാധിക്കും.

## വയോജന ആരോഗ്യ കേന്ദ്രം

സമൂഹത്തിലെ ഒരു മുഖ്യ ആശ്രിത വിഭാഗമായ വൃദ്ധജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു വയോജന ആരോഗ്യ കേന്ദ്രം സ്ഥാപിക്കേണ്ടതാണ്. പ്രായമായവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യുവാൻ പരിശീലനം നേടിയവരെ ഉപയോഗിച്ച് അവരുടെ ആരോഗ്യപരവും മാനസികവുമായ ഉയർച്ചയ്ക്ക് ആവശ്യമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്.

## ഹെൽത്ത് കാർഡ് സംവിധാനം

ചികിത്സാ രംഗത്ത് വളരെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ്. ചികിത്സക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യ നിലയെക്കുറിച്ചുള്ള വിവരങ്ങൾ രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതാക്കുവാനും സഹായിക്കുന്നു. ആരോഗ്യ പ്രവർത്കരെയും സന്നദ്ധപ്രവർത്തകരെയും ഒരുമിച്ചു ഇരുന്ന് നടപ്പിലാക്കാവുന്നതാണ് രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ എല്ലാം കാടർഡിൽ രേഖപ്പെടുത്തുകയും ഇതിൻെറ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## കാലഹരണപ്പെട്ട നിയമങ്ങൾ

പ്രായോഗിക ക്ഷമത നഷ്ട്ടപ്പെട്ടതും കാലഹരണപ്പെട്ടതുമായ മദ്രാസ് ഹെൽത്ത് ആക്ട്, ട്രാവൻകൂർ - കൊച്ചിൻ പബ്ളിക് ആക്ട് എന്നീ നിയമാവലികൾ കാരോചിതമായി പുതുക്കി ആരോഗ്യ രംഗത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം കടുതൽ ഫലപ്രദമാകാനുതകുന്ന നിയമനിർമ്മാണങ്ങൾ നടപ്പാക്കേണ്ടതാണ്.

## പാരമ്പര്യ വൈദ്യമേഖല

വാമൊഴിയും വരമൊഴിയും തലമുറകളിലൂടെ പകർന്നുകിട്ടുന്ന അറിവുകളുടെ സംഗ്രഹമാണ് പാരപര്യവൈദ്യം. ഏകദേശം പത്തുകുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഈ രംഗത്ത് സേവനമനുഷ്ഠിക്കുന്നു. ഇവരുടെ കൂടിച്ചേരൽ സംഘടിപ്പിക്കക വഴി പലതായി ചിതറിക്കിടക്കുന്ന വൈദ്യവിജ്ഞാനം ഏകോപിപ്പിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ആയുർവ്വേദരംഗത്ത് രൂക്ഷമായി വരുന്ന ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്ത് തല ഔഷധ സസ്യ സൊസൈറ്റി രൂപികരിക്കേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ തരിശായികിടക്കുന്നതും പുറംപോക്ക്

സ്ഥലങ്ങളിലും ഇതിനായി ഉപയോഗപ്പെടുത്തണം. 11-ാം വാർഡിലുള്ള വിഷവൈദ്യനെ കൂടുതൽ പരീക്ഷണത്തിനും നിരീക്ഷണത്തിനും അവസരവും പ്രോത്സാഹനവും കൊടുക്കുകയാണെങ്കിൽ ഇതിനോടനുബന്ധമായ ഒരു വിഷചികിത്സാ കേന്ദ്രം തന്നെ ആരംഭിക്കാൻ കഴിയും.

പഞ്ചായത്ത് നിവാസികളുടെ പൊതുആരോഗ്യ സ്ഥിതി മെച്ചപ്പെടുത്താനുള്ള പുകവലി, പുകവലി കൂട്ടിയുള്ള മുറുക്കാൻ, മദ്യപാനം എന്നിവ പ്രചരണ ബോധവത്ക്കരണങ്ങൾ വഴി നിയന്ത്രണവിധേയമാക്കേണ്ടതുണ്ട്. രക്തദാനത്തെക്കുറിച്ച് നിലവിലുള്ള ഭയാശങ്കകൾ ദൂരീകരിക്കുകയും യഥാസമയങ്ങളിൽ മെഡിക്കൽചെക്കപ്പ് നടത്തുന്നതിനുള്ള ബോധവത്ക്കരണം നടത്തുക എന്നിവ അടിയന്തിര പ്രാധാന്യമർഹിക്കുന്നു.

## പഞ്ചായത്തിലെ ആരോഗ്യ രംഗവും തിരിച്ചുള്ള സ്ഥിതി വിശേഷവും വാർഡ്

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| 1 | ഒരു ഐ.പി.പി. സെൻററിൻെറകുറവ് | സ്വകാര്യ മേഖലയിലും ആരോഗ്യ സ്ഥാപനങ്ങളിലും | പനി,ക്ഷയരോഗം, ആസ്ഥമ, ചെങ്കണ്ണ് | ഒട്ടും തൃപ്തികരമല്ല. മാസത്തിൽ ഒരാഴ്ച പോലും ഡോക്ടർ ക്ലിനിക്കിൽ വരുന്നില്ല. ആവശ്യവുള്ള മരുന്നുകൾ ഇല്ല. | ഹെൽത്ത്സെൻററിൽ ഒരു മുഴുവൻ സമയയം ഡോക്ടറുടെ സേവനം ലഭ്യമാക്കണം. പ്രവർത്തനം ശ്രദ്ധിക്കാൻ ഹെൽത്ത് സെൻററിൽ വികസന സമിതി ഉണ്ടാക്കി കാര്യക്ഷമമാക്കണം. |
| 2 | ആരോഗ്യ സ്ഥാപനങ്ങളൊന്നും തന്നെയില്ല. | സ്വകാര്യ മേഖലയിലും ആരോഗ്യ സ്ഥാപനങ്ങളില്ല. | ചർദ്യാതിസാരം, പനി, മലേറിയ, | അടുത്തുള്ള സബ്സെൻററിൽ ഡോക്ടറില്ല. അത്യാവശ്യ മരുന്നുകൾ പോലും കിട്ടുന്നില്ല. | വാർഡിൽ അത്യാവശ്യമായി സബ്സെൻെറർ സ്ഥാപിക്കുക. |
| 3 | പി.എച്ച്സി. സബ് സെൻറർ | സ്വകാര്യ മേഖലയിലും ആരോഗ്യ സ്ഥാപനങ്ങളില്ല. | ചെങ്കണ്ണ്, പനി, ചപ്പട്ട | ജനങ്ങളുടെ വികാരങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നില്ല. | ആഴ്ചയിൽ 3 ദിവസങ്ങളെങ്കിലും ചുരുങ്ങിയത് സെൻററിൽ ഡോക്ടർ രോഗികളെ പരിശോധിച്ച് ചികിൽസിക്കുക അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കുക. |
| 4 | ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറി ഒന്ന് | സ്വകാര്യ മേഖലയിലും ആരോഗ്യ സ്ഥാപനങ്ങളില്ല. | 5-ാം. പനി, ചപ്പട്ട, വയറിളക്കം, വാതരോഗം | വളരെ തൃപ്തികരമാണ്. | ഫർണിച്ചർ ഒന്നുമില്ല. മരുന്നു സൂക്ഷിക്കാൻ സ്റ്റോർ റൂം ഇല്ല, മൂത്രപ്പുരയും കക്കൂസും ഇല്ല. കരൻറും, വെള്ളവും ഇല്ല. |
| 5 | പി.എച്ച്.സി: കരിഞ്ചാപടി, പടിഞ്ഞാറെക്കര എന്ന സ്ഥാപനം | സ്വകാര്യ മേഖലയിലും ആരോഗ്യ സ്ഥാപനങ്ങളില്ല. | പനി, വയറുവേദന, ചർദി | വളരെ മോശമാണ് | സ്വന്തമായി കെട്ടിട മുണ്ടാക്കണം ഡോക്ടറുടെ സേവനം ഉണ്ടാക്കണം. അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കണം. |
| 6 | ആരോഗ്യ സ്ഥാപനങ്ങളൊന്നും തന്നെയില്ല | സ്വകാര്യ മേഖലയിലും ആരോഗ്യ സ്ഥാപനങ്ങളില്ല. | പനി, ചപ്പട്ട, ചെങ്കണ്ണ്, ചൊറി, ചർദി | അടുത്തള്ള സബ് സെൻററിൽ ഡോക്ടർ ഇല്ല. അത്യാവശ്യ മരുന്നുകൾ പോലും കിട്ടുന്നില്ല. | വാർഡിൽ അത്യാവശ്യമായി സബ്സെൻെറർ സ്ഥാപിക്കുക. |

49

| | | | | | |
|---|---|---|---|---|---|
| 7 | ആരോഗ്യ സ്ഥാപനങ്ങളൊന്നും തന്നെയില്ല | സ്വകാര്യ മേഖലയിലും ആരോഗ്യ സ്ഥാപനങ്ങളില്ല. | പനി, ചപ്പട്ട, ചെങ്കണ്ണ്, ചൊറി, ചർദി | അടുത്തുള്ള സബ് സെൻററിൽ ഡോക്ടർ ഇല്ല. അത്യാവശ്യ മരുന്നുകൾ പോലും കിട്ടുന്നില്ല. | വാർഡിൽ അത്യാവശ്യമായി സബ്സെൻറർ സ്ഥാപിക്കുക. |
| 8 | വാർഡ് അതിർത്തിയിൽ ചേങ്ങോട്ടൂരിൽസബ് .സെൻറർ ഉണ്ട്. | പടപ്പറമ്പിൽ ചെറിയ ക്ലീനിക്കുണ്ട്. ഒരു ആയുർവ്വേദ ചികിത്സാ കേന്ദ്രമുണ്ട് | പനി, വയറിളക്കം, ചെങ്കണ്ണ്, ചർദി. | ചേങ്ങോട്ടൂർ സബ്സെൻററിന് സ്വന്തമായി കെട്ടിടമില്ല. ഡോക്ടറുടെ സേവനം കിട്ടുന്നില്ല. അത്യവശ്യ ഫർണീച്ചറുകൾ ഇല്ല. | സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സർക്കാരിന് വിട്ടുതന്നിട്ടുള്ള സ്ഥലത്ത് അടിയന്തരമായി കെട്ടിടം നിർമ്മിക്കുക. അത്യവശ്യം മരുന്നുകളും ഫർണീച്ചറുകളും അനുവദിക്കുക. ആഴ്ചകളിൽ ചുരുങ്ങിയത് മൂന്ന് ദിവസമങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കണം. |
| 9 | ഫാമിലി വെൽഫെയർ സെൻറർ, സബ്സെൻറർ ചേങ്ങേറ്റൂർ. | ഒന്നും ഇല്ല. | പനി, ക്ഷയം. | അത്യവശ്യാസമയത്ത് ഡോക്ടറുടെ സേവനം കിട്ടുന്നില്ല. | ചന്തപറമ്പിലെ സെൻറർ റിപ്പേയർ ചെയ്യുക. ഫുൾടൈം ഡോക്ടറുടെ സേവനം ലഭ്യമാക്കുക. കിടത്തി ചികിൽസിക്കാനുള്ള സൗകര്യം ഉണ്ടാക്കുക അത്യവശ്യഫർണ്ണിച്ചറുകളും മരുന്നുകളും ലഭ്യമാക്കുക. |
| 10 | ആരോഗ്യസ്ഥാപനങ്ങൾ ഒന്നും ഇല്ല | സ്വകാര്യസ്ഥാപനങ്ങൾ ഇല്ല. | പനി, ചപ്പട്ട ചർദി. | അടുത്തുള്ള സെൻററിൽ നിന്നുള്ള സേവനം കിട്ടുന്നില്ല. | വാർഡിൽ അത്യവശ്യമായി സബ്സെൻറർ സ്ഥാപിക്കുക. അടുത്ത പ്രദേശമായ ചേരിയിൽ നിലവിലുള്ള സെൻററിൻെറ മോശമായ അവസ്ഥ ശരിയാക്കുക. കിടത്തിചികിൽസിക്കാനുള്ള വാർഡിൻെറ പണി പൂർത്തികരിച്ച് കൊണ്ട് ഇതിൻെറ പ്രവർത്തനം അടിയന്തരമായി നടപ്പിലാക്കുക. ഡോക്ടറുടെ സേവനം കിട്ടാത്തതുപോലത്തെ സ്ഥിതിമാറ്റുക. |
| 11 | " | " | " | " | " |
| 12 | ഐ.പി.പി. സബ്സെൻറർ എന്ന കേന്ദ്രമുണ്ട്. | സ്വകാര്യസ്ഥാപനങ്ങൾ ഇല്ല. | വിരശല്യം, വയറിളക്കം, പനി,ഹൃദയ സമ്പന്തമായ ക്യാൻസർ | മോശമാണ്. | വാർഡിൽ അത്യവശ്യമായി സബ് സെൻറർ സ്ഥാപിക്കുക.ഒരു നേഴ്സിൻെറ സേവനം 24 മണിക്കൂറും കിട്ടണം, അത്യാവശ്യം മരുന്നും ഫർണീച്ചറും അനുവദിക്കുക. |
| 13 | മെയിൻ സെൻെറർ പാങ്ങ്. | ആയുർവേദ ആശുപത്രിയുണ്ട്. | പനി,ജല ദോഷം, വയറുവേദന. | സ്ഥിരമായി ഡോക്ടറില്ല. കിടത്തിചികിൽസിക്കാനുള്ള വാർഡ് തുടങ്ങിയിട്ടില്ല. പ്രസവവാർഡിൽ ലേഡീഡോക്ടർ ഇല്ലാത്തതിനാൽ ഉപയോഗ ശൂന്യമായിക്കിടക്കുന്നു. | സ്ഥിരമായി ഡോക്ടർ വേണം, വേണ്ടവിധത്തിൽ കിടത്തി ചികിൽസിക്കാനുള്ള സൗകര്യമുണ്ടാക്കണം. ആവശ്യമുള്ള മരുന്നുകൾ ലഭ്യമാക്കണം. ഇതിനോടനുബന്ധിച്ചുള്ള പ്രസവ വാർഡ് ലേഡീഡോക്ടറുടെ സേവനം ലഭ്യമാക്കണം. |

# 6




# ഗതാഗതം
# ഊർജ്ജം
# മാർക്കറ്റ്



## ഗതാഗതം

ഇന്ത്യയിലെ മൊത്തം റോഡിൻെറ 40%മാത്രമാണ് ഗതാഗത യോഗ്യമായുള്ളത് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. റോഡു ട്രാഫിക് കണക്കു പ്രകാരം ജനങ്ങളുടെ സഞ്ചാരത്തിൽ 80ശതമാനവും ചരക്കു കടത്തിൽ 60ശതമാനവും റോഡുകളെയാണ് ആശ്രയിക്കുന്നത്.

ഗതാഗതം നാടിൻെറ വികസനത്തിനും സംസ്കാരിക സമന്വയത്തിനും മുഖ്യ പങ്കു വഹിക്കുന്നു. ജനങ്ങളുടെ കൂട്ടിച്ചേരലിനും അതിൻെറ കരുത്ത് വർദ്ധിപ്പിക്കുന്നതിനും ഗതാഗതം ഒഴിച്ച് കൂടാനാവാത്ത ഒരു ഘടകമാണ്. അതിലേക്ക് റോഡുകൾ മുഖ്യ പങ്കുവഹിക്കുന്നു.

കുറുവ പഞ്ചായത്തിൻെറ പ്രതേക ഭ്രുപ്രകൃതി കാരണം റോഡ് ഗതാഗതമൊഴിച്ച് മറ്റൊരു ഗതാഗത സൗകര്യവും സാധ്യമല്ല. അതുകൊണ്ട് തന്നെ മറ്റു പഞ്ചായത്തുകളേക്കാൾ കുറുവ പഞ്ചായത്തിൽ റോഡു ഗതാഗതത്തിന് പ്രതേക പിരഗണനന നൽകേണ്ടതാണ്.

1957ൽ ആണ് കുറുവ പഞ്ചായത്തിലെ ആദ്യത്തെ റോഡായ ചെറുകുളമ്പ്-കീരംകുണ്ട് റോഡ് .രൂപം കൊള്ളുന്നത്. മലപ്പുറം ജില്ലാരൂപീകരണത്തിന് ശേഷം പ്രത്യേകിച്ച് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ റോഡുകളുടെ ശൃംഖല തന്നെ വന്നെങ്കിലും വേണ്ടത്ര യാത്രാസൗകര്യങ്ങൾ ഇപ്പോഴും പഞ്ചായത്തിൽ കൈവന്നിട്ടില്ല. കുറുവ പഞ്ചായത്തിലെ പാങ്ങ് ഭാഗത്തെ സാമൂഹിക സാംസ്കാരിക മാറ്റങ്ങൾക്ക് ഏറെ പങ്കു വഹിച്ച ആദ്യത്തെ ഒരു റോഡാണ് പടപ്പറമ്പ്-പള്ളിപ്പറമ്പ്-കാടാമ്പുഴ റോഡ്. പഞ്ചായത്തിൻെറ തെക്കെ അറ്റത്തു നിന്ന്

വടക്കെ അറ്റത്ത് എത്തണമെങ്കിൽ 20കിലോമീറ്റർ സഞ്ചരിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ പതിമൂന്ന് വാർഡിലും കൂടി വാഹന ഗതാഗതയോഗ്യമായി ആകെ 115.25കി.മീറ്റർ റോഡാണുള്ളത്. അതായത് ഒരു ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണത്തിൽ ശരാശരി 3.22കി.മി രോഡ് സംസ്ഥാന ശരാശരിയായ 3.2കി.മീ.ചതു.മിറ്റർ ഒപ്പം നിൽക്കുന്നു. പഞ്ചായത്തിൽ പൊതുമരാമത്ത് വകുപ്പിൻെറ 28.4കി.മീറ്റർ റോഡും പഞ്ചായത്തിൻെറ 6.15കി.മീറ്റർ റോഡും ചേർന്ന് ആകെ 34.55 കി.മീറ്റർ റോഡാണ് ടാറിട്ടതായുള്ളത്. അതായത് ഒരു ചതുരശ്ര കി.മീറ്റർ വിസ്തീർണ്ണതിന് ഒരു കിലോമീറ്ററിനും താഴെ മാത്രമാണ് ടാർ റോഡുള്ളത്. പഞ്ചായത്തിലെ ആളോഹരിടാർ റോഡ് 96 സെൻെറിമീറ്റർ മാത്രമാണുള്ളത്. റെയിൽ ഗതാഗതം തുടങ്ങിയ ഗതാഗതമാർഗ്ഗങ്ങളൊന്നും ലഭ്യമല്ലാത്ത ഒരവസ്ഥയിൽ പോലും ഇതാണ് ശരാശരിയെന്നത് ഗതാഗതരംഗത്ത് പഞ്ചായത്തിൻെറ അവസ്ഥ വളരെ പരിതാപകരമണെന്ന് വ്യക്തമാക്കുന്നു. അത് കൊണ്ട് തന്നെ എതാണ്ടെല്ലാഗ്രാമസഭകളിൽ നിന്നും റോഡുകൾക്ക് വേണ്ടിയാണ് കൂടുതൽ നിർദ്ദേശങ്ങൾ വന്നിട്ടുള്ളത്.

52

പഞ്ചായത്തിൽ ഒറ്റ ബസ് സ്റ്റേഷനോ ടെർമിനലോ ഇല്ല. പഞ്ചായത്തിൽ മൂന്ന് ഓട്ടോപാർക്കിംഗ് സ്റ്റേഷനുകൾ ഉണ്ടെങ്കിലും ഓട്ടോസ്റ്റാൻറുകൾ ഒന്നും തന്നെയില്ല കീരംകുണ്ട് -എടയൂർ, പരവക്കൽ-പടപ്പറമ്പ്-ചട്ടിപ്പറമ്പ്,പടപ്പറമ്പ്-കോണിക്കൽ എന്നീ റോഡുകളിലായി 45ഓളം ബസുകളും അനേകം മറ്റ് വാഹനങ്ങളും സർവ്വീസ് നടത്തുന്നു.

പഞ്ചായത്തിൽ നിലവിലുള്ള ടാർറോഡുകൾ, അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രസൗകര്യങ്ങൾ എന്നിവ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ (പട്ടിക.1) കാണിക്കുന്നു.

**പട്ടിക.1**
**പഞ്ചായത്തിലെ ടാർ റോഡുകൾ**

| | റോഡിൻെറ പേര്. | ഉടമ സ്ഥത | ദൂരം കി.മി. | വീതി മീ. | ബസ്സ് യാത്രാ സൗകര്യം |
|---|---|---|---|---|---|
| 1. | ചെറുകുളമ്പ്-കീരൻകുണ്ട്. | PWD | 5.20 | 8.00 | ഉണ്ട്. |
| 2. | ചുള്ളിക്കോട്-ചട്ടിപ്പറമ്പ്. | PWD | 2.80 | 8.00 | ഉണ്ട്. |
| 3. | പടപ്പറമ്പ്-പലകപ്പറമ്പ്. | PWD | 3.00 | 8.00 | ഉണ്ട്. |
| 4. | മൂച്ചിക്കൽ-കോണിക്കൽ. | PWD | 5.10 | 8.00 | ഉണ്ട്. |
| 5. | ചേണ്ടി-എടയൂർ. | PWD | 5.40 | 8.00 | ഉണ്ട്. |
| 6. | പടപ്പറമ്പ്-ചന്തപ്പറമ്പ്. | PWD | 1.20 | 8.00 | ഉണ്ട്. |
| 7. | തെക്കൻപാങ്ങ്-കുളത്തൂർ. | PWD | 3.90 | 8.00 | ഉണ്ട്. |
| 8. | ചട്ടിപ്പറമ്പ്-സമൂസപ്പടി. | PWD | 1.80 | 8.00 | ഇല്ല. |
| 9. | കല്ലുവെട്ട്പറമ്പ്-ഐ.ടി.സി. | പഞ്ചായത്ത് | 0.65 | 3.50 | ഇല്ല. |
| 10 | മദ്രസപ്പടി-കടുന്നാമുട്ടി. | ,, | 0.30 | 4.00 | ഇല്ല. |
| 11 | പള്ളിപ്പറമ്പ്-ആക്കപ്പറമ്പ്. | ,, | 0.60 | 6.00 | ഇല്ല. |
| 12 | പള്ളിപ്പറമ്പ്-യു.പി.സ്ക്കൂൾ. | ,, | 0.40 | 3.00 | ഇല്ല. |
| 13 | കുറുവ-ചാഞ്ഞാൽ. | ,, | 0.60 | 3.00 | ഇല്ല. |
| 14 | പരവക്കൽ-നാറാണത്ത്. | ,, | 0.40 | 3.50 | ഇല്ല. |
| 15 | വറ്റലൂർ-മക്കരപ്പറമ്പ്. | ,, | 3.00 | 3.50 | ഇല്ല. |
| 16 | പുളിവെട്ടി-അയ്യാത്തപ്പടി. | ,, | 0.20 | 3.00 | ഇല്ല. |

റോഡ് ശൃംഖല തീരെ മോശവും ഉള്ള റോഡുകളുടെ അവസ്ഥ തീരെ ശോചനീയവുമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. മിക്കറോഡുകളും കയറ്റിറക്കത്തോടു കൂടിയവയാണ്. ഡ്രെയിനേജ് പ്രവർത്തികൾ ആവശ്യത്തിന് ഫണ്ടില്ലാത്തതിനാൽ യഥാസമയം നടത്താൻ കഴിയുന്നില്ല. വർഷകാലങ്ങളിൽ മിക്കറോഡുകളുടേയും മദ്ധ്യത്തിലൂടെയാണ് വെള്ളം ഒഴുകുന്നത്. ഓവുചാലുകളുടേയും കലുങ്കുകളുടേയും അഭാവമാണ് കാരണം. റോഡരികിലെ വയലുകൾ നിക്കത്തി തോട്ടമാക്കിയവർ റോഡിന് കുറുകെ ഒഴുകിയിരുന്ന വെള്ളത്തിന് തടസ്സം വരത്തകവിധം മതിലുകൾ നിർമ്മിക്കുന്നതും വെള്ളം ദിശമാറി റോഡിലൂടെ ഒഴുകാൻ കാരണമാകുന്നു. റോഞുകൾ കേടുവരുന്നതിനും അതുമൂലം പഞ്ചായത്തിന് ഭീമമായ സംഖ്യ നഷ്ടം വരുത്തുന്നതിനും ഇതു കാരണമാകുന്നു.ഇതിനെതിരെ ഏതാനും പരാതികളും പൊതുജനങ്ങളിൽ നിന്നുയർന്നു വന്നിട്ടുണ്ട്.

# പ്രശ്നങ്ങൾ.

## 1-റോഡുനിർമ്മാണം.

### a ടാർ റോഡുകളുടെ പ്രശ്നങ്ങൾ

നിലവിലുള്ള റോഡുകളുടെ അപര്യാപ്തതയാണ് ഒരു പ്രധാന പ്രശ്നം. ഉള്ളവ തന്നെ ഗതാഗതയോഗ്യമല്ല. റോഡുകളുടെ വീതി കുറവ് അപകടമുണ്ടാക്കാവുന്ന വളവുകൾ,കയറ്റിറക്കങ്ങൾ എന്നിവ ഗതാഗതത്തിന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. റോഡുകളുടെ പാർശ്വങ്ങളിൽ നടപ്പാതകളുടെ അഭാവവും ഒരു വലിയ പ്രശ്നമാണ്.

### b പുതിയ റോഡുകൾ

പുതുതായി ധാരാളം റോഡുകൾക്കുള്ള നിർദ്ദേശങ്ങൾ എല്ലാ ഗ്രാമ സഭകളിൽ നിന്നും ഉയർന്ന് വന്നിട്ടുണ്ട്. പഞ്ചായത്തിലെ ഏക തൊഴിലധിഷ്ഠിത വിദ്യഭ്യാസ സ്ഥാപനത്തിലേക്ക് യാത്രാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും റോഡുകൾ നിർമ്മിക്കുന്നതിന് ശക്തമായ നിർദ്ദേശങ്ങൾ ഉയർന്ന് വന്നിട്ടുണ്ട്.

### c മൺറോഡുകളുടെ ശോചനീയാവസ്ഥ.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലേക്കും ഒരേസ്വരത്തിലുള്ള ആവശ്യം നിലവിലുള്ള മൺറോഡുകളുടെയും മെറ്റൽ റോഡുകളുടെയും ശോചനീയാവസ്ഥ പരിഹരിക്കണമെന്നതാണ്. മെറ്റൽ ചെയ്യാനും ടാർ ചെയ്യാനും നിരവധി നിർദ്ദേശങ്ങൾ വന്നട്ടുണ്ട്. ഇവ അനുബന്ധം എ യിൽ കൊടുത്തിട്ടുണ്ട്. വാർഡ് തിരിച്ചുള്ള പട്ടികയിലെ മുൻഗണനാ ക്രമം തയ്യാറാക്കിയത് ഗ്രാമ സഭാ നിർദ്ദേശങ്ങളിൽ നിന്നും അവ വ്യക്തമല്ലാത്ത സന്ദർഭങ്ങളിൽ മെമ്പർമാരുടെ നിർദ്ദേശമനുസരിച്ചുമാണ്.

### d പുതിയ മൺ റോഡുകൾ

പുതിയ മൺറോഡുകൾ നിർമ്മിക്കുന്നതിന് 81 നിർദ്ദേശങ്ങളാണ് പതിമൂന്ന് വാർഡിൽ നിന്നും ഉയർന്ന് വന്നിട്ടുള്ളത്. മിക്കവയും ഇടവഴികൾ റോഡാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങളാണ്. അവ അനുബന്ധം ബി.യിൽ വിവരിക്കുന്നു.

### e പരിസ്ഥിതി പ്രശ്നം.

റോഡ് വികസനം നാടിന്റെ പുരോഗതിക്ക് ഗതിവേഗം കൂട്ടിയെങ്കിലും നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമായിട്ടുണ്ട്. നശീകരണം ഒരു പ്രധാന പ്രശ്നമായി നില്ക്കുന്നു. ഇടവഴികളുടെ അരികിലുള്ള മരങ്ങൾ വെട്ടിമാറ്റിയാണ് റോഡുകൾ നിർമ്മിക്കുന്നത്. ഇത് മണ്ണൊലിപ്പിന് കാരണമാക്കുന്നു. മാത്രമല്ല റോഡ് നിർമ്മാണം പഴയ നീർചാലുകൾക്കും ചെറിയ തോടുകൾക്കും ഗതിമാറ്റം വരുത്തുന്നു.

## സാധ്യതകൾ

റോഡു ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ നിന്നുയർന്നു വന്നിട്ടുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ താഴെ പറയുന്ന സാധ്യതകൾ ഉരുത്തിരിയുന്നു.

1. ഗതാഗതതിരക്കുള്ള റോഡുകളിൽ ഇടുങ്ങിയ വളവുകൾ അപകടങ്ങൾക്ക് കാരണമാകുന്നു. എടയൂർ-പാങ്ങ് റോഡിലെ പൂക്കോട് വളവ്, പടപ്പറമ്പ്-കീരംകുണ്ട് റോഡിലെ ചെറുകുളമ്പ് വളവ് എന്നിവ വീതികൂട്ടേണ്ടതാണ്. പള്ളി പറമ്പ് കയറ്റവും, പൂക്കോട് കയറ്റവും പരവക്കലിൽ നിന്ന് പടപ്പറമ്പിലേക്കുള്ള കയറ്റവും വാഹന ഗതാഗതത്തിന് വളരെ അധികം ബുന്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. മാത്രമല്ല ഇത്തരം ഭാഗങ്ങളിൽ അപകടങ്ങളും വളരെ കൂടുതലാണ്.

2. ടാർ ചെയ്ത ഭാഗത്തിന്റെ വീതി വർദ്ധിപ്പിക്കുക, റോഡരികുകളിൽ നടപ്പാത നിർമ്മിക്കുക, റോഡുവക്കുകളിലെ സ്ഥിരം സ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കുക, ഇലക്ട്രിക് പോസ്റ്റുകൾ,ടെലഫോൺ പോസ്റ്റുകൾ, ബസ്സ്റ്റോപ്പുകൾ, എന്നിവ ചുരുങ്ങിയത് ആറടിയെങ്കിലും അകറ്റിസ്ഥാപിക്കുക, എന്നിവകളിൽ ശ്രദ്ധ പതിയേണ്ടിരിക്കുന്നു.

3. വെള്ളമൊഴുകുന്നതിന് തടസം വരത്തക്കവിധത്തിൽ റോഡരുകളിൽ മതിലുകളും മറ്റും നിർമ്മിച്ചതുകാരണം റോഡുകൾക്ക് നടുവിലൂടെ വെള്ളമൊഴുകി റോഡുകൾ കേടുവരുവാൻ ഇടവരുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുക.

4. പുതിയ ഏതാനും റോഡുകൾ അടിയന്തരമായി നിർമ്മിക്കുക.

i. തോറ-ഐ.ടി.സി.-യാറത്തിൻനിരപ്പ് പൂക്കോട് റോഡിന്റെ നിർമ്മാണം പഞ്ചായത്തിലെ ഏക സാങ്കേതിക സ്ഥാപനത്തിലേക്കുള്ള യാത്രാസൗകര്യവും ആ പ്രദേശത്തിന്റെ വികസനവും ലാക്കാക്കിയുള്ളതാണ്. ഈ റോഡു കൊണ്ട് പടപ്പറമ്പ് ഭാഗത്തുനിന്നും വളാഞ്ചേരി ഭാഗത്തേക്ക് കയറ്റിറക്കമില്ലാതെ യാത്രചെയ്യുന്നതിനും ദൂരം കുറയുന്നതിനും സാധിക്കും.

ii. വല്ലീരിൽപടി-സ്ക്കൂൾപടി-പടിപ്പുരക്കൽ റോഡിന്റെ നിർമ്മാണം കരിഞ്ചാപ്പടിയിൽ നിന്ന് പഴമള്ളൂർ വഴി കോട്ടക്കൽ ഭാഗത്തേക്കുള്ള ദൂരം 3കി.മീറ്ററിലധികം കുറക്കുന്നു. മാത്രമല്ല ഈ പ്രദേശത്തിന്റെ മൊത്തം വികസനത്തിനും ഇതു കാരണമാകുന്നതാണ്.

ഇതു പോലെ പ്രാധാന്യമർഹിക്കുന്ന റോഡുകൾ നിരവധിയാണ്. ചേണ്ടി-കടന്നാമുട്ടി റോഡിന്റെ ടാറിംഗ് പ്രവർത്തി നടത്തുക, വാഴേങ്ങൽപടി -കയ്പങ്ങാതിരുത്ത് റോഡ്, പള്ളിപ്പറമ്പ്-ജി.എൽ.പി സ്ക്കൂൾ റോഡ്, നെച്ചിക്കുത്ത്പറമ്പ്-ആയനിക്കുഴി റോഡ്, പരവക്കൽ-നാറാണത്ത് റോഡ്, ചന്തപ്പറമ്പ്-ആക്കപ്പറമ്പ് റോഡ്, എന്നിവ അത്യാവശ്യമായി ടാർ ചെയ്യേണ്ടുന്ന റോഡുകളിൽ ചിലതുമാത്രമാണ്.

5. മക്കരപ്പറമ്പ്-കുറുവ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കഴുത്തുവെട്ടി-പടിപ്പുരകൾ-പോരുന്ന റോഡും ചാത്തപ്പൻ റോഡ് ചെറുപുഴയിൽ മേലെ പാത്തി ഭാഗത്ത് പാലവും നിർമ്മിക്കുക.

6. ഓട്ടുപ്പാറ-കുറുവ റോഡിലും, മുളക്കൻ-കട്ടുപ്പാറ റോഡിലും,മീനാർകുഴി-കുറുവ-കൂട്ടിലങ്ങാടിറോഡിലും പാലങ്ങൾ നിർമ്മിക്കുക.

7. മേലെ ഒളിയാൽ റോഡിൽ പാർശ്വസംരക്ഷണ ഭിത്തികെട്ടുക.

8. 13ാം വാർഡിൽ തോടിന് നടപ്പാലം നിർമ്മിക്കുക.

9. പള്ളിപ്പറമ്പ്,ചെറുകുളമ്പ്,പഴമള്ളൂർ തുടങ്ങിയ എല്ലാസ്റ്റോപ്പുകളിലും ബസ് വെയ്റ്റിംഗ് ഷെഡ് കെട്ടുക.

10. കാരാട്ട ചിറ, ദേവശ്വംകുളം, മാടത്തൊടിപടി, നാറാണത്തിരുത്ത് റോഡ്, തട്ടാർമണ്ണ് എന്നി വിടങ്ങളിലേക്ക് നടപ്പാത നിർമ്മിക്കുക.

11. പിരാന്തൻകാവ്.-ഹരിജൻകോളനിയിൽ പൊതുകുളം നിർമ്മിക്കുക.

12. പെറുകുളമ്പ് അങ്ങാടിയിൽ കോൺക്രീറ്റ് അഴുക്ചാൽ നിർമ്മിക്കുക.

13. പെരിന്തൽമണ്ണ- കുളത്തൂർ- തെക്കൻപാങ്ങ്-പടപ്പറമ്പ്-മലപ്പുറം റൂട്ടിൽ KSRTC ബസ്സുകൾ ഓടിക്കുക.

14. തിരൂർ-അങ്ങാടിപ്പുറം റയിൽവെ ലൈൻ സ്ഥാപിക്കുക.

15. ചെറുപുഴയിൽ തൂക്കുപാലം നിർമ്മിക്കുക.

16. ടെൻറർ നടന്നിട്ടും പണി തുടങ്ങുന്നതിന് സർക്കാർ വിലക്കേർപ്പെടുത്തിയിരിക്കുന്ന നാറാണത്ത്-ചുള്ളിക്കാട്-തെക്കൻപാങ്ങ്-പലകപറമ്പ്റോഡ് പണിക്കുള്ള തടസം നീക്കുക.

17. 1,2,11,13, വാർഡുകളിലെ നീർകെട്ടിന് പരിഹാരം കാണുക.

## മെറ്റൽ റോഡുകളും പ്രധാനമൺറോഡുകളും,

### 1-ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ.

നിലവിലുള്ള ടാർറോഡുകളുടെ ദൂരത്തോടൊപ്പം ടാർ ചെയ്യേണ്ട മെറ്റൽ റോഡുകളുടെ ദൂരം പട്ടിക-3 കൂടി കൂട്ടുമ്പോൾ ആകെ ദൂരം 38.15 കി.മി 34.55 3.60

മാത്രമാണെന്ന് കാണാം. ഇത് ആവശ്യമായതിൻെറ ചെറിയൊരംശം മാത്രമേ വരുന്നുള്ളു. ഇതിൽ നിന്നും പട്ടിക 3ൽ കാണിച്ചിട്ടുള്ള റോഡുകൾ ടാർ ചെയ്യുന്നതിന് അടിയന്തര പ്രാധാന്യം കൊടുക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു.

പട്ടിക-3

### ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

| നമ്പർ | കോഡ് | റോഡിൻെറ പേര് | ടാർചെയ്യേണ്ട ദൂരം കി.മി | വീതി മീറ്റർ |
|---|---|---|---|---|
| 1 | 1002 | പള്ളിപ്പറമ്പ്-ജി.എൽ.പി.സ്ക്കൂൾ | 0.80 | 3.00 |
| 2 | 1003 | വാഴേങ്ങൽ-കയ്പക്കാതിരുത്ത് | 0.20 | 3.00 |
| 3 | 0701 | ചെളുകുളമ്പ്വെസ്റ്റ്-പഴമള്ളൂർ | 0.40 | 3.00 |
| 4 | 0202 | മുളക്കൻ-കട്ടുപ്പാറ | 0.50 | 3.00 |
| 5 | 0504 | പരവക്കൽ-നാറാണത്ത് | 0.40 | 3.00 |
| 6 | 0801 | പഴമള്ളൂർ-ഹൈസ്ക്കൂൾപടി | 0.20 | 3.00 |
| 7 | 0702 | ചെറുകുളമ്പ്-പിരാന്തൻകാവ് | 0.50 | 3.00 |
| 8 | 0802 | ചെറുകുളമ്പ്-കരാകുണ്ട്-പെന്നാരൻവള്ള്യാൽ | 0.60 | 4.00 |

കോഡിലെ ആദ്യത്തെ രണ്ടക്കങ്ങൾ വാർഡിനേയും തുടർന്നുള്ള രണ്ടക്കങ്ങൾ വാർഡിൽ റോഡിനുള്ള മുൻഗണനയെയും സൂചിപ്പിക്കുന്നു. അനുബന്ധം 4 കാണുക.

### 2- മറ്റു പ്രധാന മൺറോഡുകൾ.

ഇവിടെ പോലെ തന്നെ അടിയന്തിര പ്രാധാന്യത്തോടെ തന്നെ മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ ഉണ്ട്. ഓരോ വാർഡിൽ നിന്നും ഓരോ റോഡെങ്കിലും തെരഞ്ഞെടുക്കാവുന്ന വിധത്തിൽ മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകളുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക-4

### മെറ്റൽചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | കോഡ് | റോഡിൻെറ പേര് | ദൂരം കി.മി | വീതി മീറ്റർ |
|---|---|---|---|---|
| 1 | 0102 | പള്ളിപ്പറമ്പ്-പുളിവെട്ടി റോഡ് | 3.20 | 6.00 |
| 2 | 0203 | മീനാർകുഴി-കുറുവ-കൂട്ടിലങ്ങാടി | | |
| 3 | 0301 | കടൂപുറം-പഴയകുളം റോഡ് | | |
| 4 | 0405 | ജി.എൽ.പി.കുറുവ-വറ്റലൂർ പള്ളിറോഡ് | | |
| 5 | 0501 | വല്ലീരിൽപടി-സ്ക്കൂൾപടി-പടിപ്പുരക്കൽറോഡ് | 2.00 | 4.00 |
| 6 | 0603 | ചട്ടിപ്പറമ്പ്-കൂട്ടിലങ്ങാടി റോഡ് | | |
| 7 | 0703 | ചെവുകുളമ്പ്-കടലിപ്പറമ്പ് റോഡ് | | |
| 8 | 0803 | ഹരിജൻകോളനി റോഡ് | | |
| 9 | 0903 | ചന്തപ്പറമ്പ്-ചേങ്ങാട്ടൂർ റോഡ് | 2.00 | 6.00 |
| 10 | 1006 | കയ്പങ്ങാതിരുത്ത്-ശങ്കരത്ത് കുളമ്പ് | 0.90 | 6.00 |
| 11 | 1102 | പള്ളിപറമ്പ്-പുളിവെട്ടി റോഡ് | 3.20 | 6.00 |
| 12 | 1201 | കല്ലുവെട്ടുപറമ്പ്-ഐ.ടി.സി രണ്ടാംഘട്ടം | 1.20 | 5.00 |
| 13 | 1303 | മദ്രസപ്പടി-കടുന്നാമുട്ടി റോഡ് | 0.90 | 6.00 |

## റോഡ് വികസനം.

ലഭ്യമാകുന്ന ഫണ്ടിൻെറ സിംഹഭാഗവും റോഡുകൾക്ക് ചിലവഴിച്ചിട്ടും റോഡുകളുടെ ആവശ്യകത നിറവേറ്റാൻ കഴിയുന്നില്ല. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ഈ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാനും പല പദ്ധതികൾക്കും തുടക്കം കുറിക്കാനും കഴിഞ്ഞു എന്നത് എടുത്തു പറയത്തക്കനേട്ടമാണ്. ഇക്കാര്യത്തിൽ സർക്കാരിൻെറയും പ്രതേകിച്ച് സ്ഥലം MLAയുടേയും പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

റോഡുകളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ നമുക്കില്ല. മാത്രമല്ല റോഡുകളെ സംബന്ധിച്ച വിവരങ്ങൾ പലപ്പോഴും വസ്തു നിഷ്ഠവുമാണ്. പഞ്ചായത്തിൽ നിലവിലുള്ള റോഡ് രജിസ്റ്റർ അശാസ്ത്രീയമായ ഘടനയാലും കാര്യക്ഷമമായി സൂക്ഷിക്കാതിരിക്കുന്നതിനാലും റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്ക് അടിസ്ഥാന മായി പരിഗണിച്ച് കൂടാനാവാത്തതാണ്. പഞ്ചായത്തിൽ നിലവിലുള്ളPWD,പഞ്ചായത്ത് ടാർ റോഡുകൾ, മൺറോഡുകൾ എന്നിവയുടെ ഒരു ആധാരിക പട്ടിക പട്ടിക-A സൂക്ഷിക്കേണ്ടതാണ്. ഈ പട്ടിക വാർഡടിസ്ഥാനത്തിൽ റോഡുകൾക്ക് നൽകേണ്ട മുൻഗണന അനുസരിച്ചാണ് തയ്യാറാക്കേണ്ടത്. എല്ലാ റോഡുകൾക്കും കോഡ് നമ്പർ നൽക്കേണ്ടതാണ്. മുമ്പ് പ്രസ്ഥാവിച്ചതു പോലെ കോഡ് നമ്പറുകൾ നൽക്കാവുന്നതാണ്.

ചുരുങ്ങിയത് പത്തടിയെങ്കിലും വീതിയുള്ള വഴികളെ റോഡുകൾ എന്ന് പറയാവുന്നത്.റോഡുകൾക്ക് പണം അനുവദിക്കുന്നത് അവയുടെ വീതിയെ അടിസ്ഥാനപ്പെടുത്തിയാണ്. അതുകൊണ്ട് റിപ്പോർട്ടിൽ റോഡിൻെറ വീതി കൂടികാണിക്കേണ്ടത് അത്യാവശ്യമാണ്. നിലവിലുള്ള റോഡുകളുടെ സമഗ്രമായ പട്ടിക തയ്യാറാക്കുമ്പോൾ താഴെ ചേർക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തണം.

പട്ടിക-A

1-വാർഡ് 2-കോഡ് 3-പേര് തുടക്കം,ഒടുക്കം,ജഗ്ഷൻ എന്നിവ കാണിക്കണം 4-ദൂരം 5.വീതി 6-ടാർ ചെയ്ത ദൂരം 9-ഓവുചാൽ. നിലവിലുള്ള ദൂരം 10-ഓവുചാൽആവശ്യമായ ദൂരം 11- പാർശ്യസംരക്ഷണ ഭിത്തി നിലവിലുള്ള ദൂരം 12- പാർശ്യ സംരക്ഷണ ഭിത്തി ആവശ്യമായ ദൂരം 13- നിലവിലുള്ള കലുങ്കിൻെറ എണ്ണം 14-ആവശ്യമായ കലുങ്കിൻെറ എണ്ണം 15-തന്നാണ്ടിൽ ചെലവഴിച്ച പൊതു ഫണ്ട് 16-സഞ്ചിത തുക (15+മുൻവർഷം16)

ഈ പട്ടിക വർഷം തോറും പുതുക്കേണ്ടതാണ്. ഇത് പോലെ പുതുതായി നിർമ്മിക്കേണ്ട മൺറോഡുകളുടെ പട്ടികയും പട്ടിക-ബി തയ്യാറാക്കേണ്ടതാണ്.

നിർമ്മാണത്തിന് ശേഷം പട്ടിക ജയിലേക്ക് മാറ്റേണ്ടതാണ്.

## പരിസ്ഥിതി പ്രശ്നങ്ങളും സാധ്യതകളും.

പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ പഞ്ചായത്ത് ഫണ്ട് ചിലവഴിക്കപ്പെടുമ്പോൾ പാർശ്യങ്ങളിൽ മരങ്ങൾ നടത്തുന്നതായി ബോധ്യപ്പെടുത്തണമെന്ന് പഞ്ചായത്ത് നിഷ്കർഷിച്ചാൽ വന്ന നശീകരണത്തിനും അതുമൂലം ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്കും ഒരു പരിഹരമാക്കും.

പാർശ്വസംരക്ഷണ ഭിത്തികളും ഓടകളും ആവശ്യമായ രോഡുകൾക്ക് ചുരുങ്ങിയത് പതിനാലടി വീതിയെങ്കിലും മെറ്റൽ റോഡിനും മൺറോഡിനും വേണമെന്ന് നിഷ്കർഷിക്കണം.

## താഴ്ന്ന പ്രദേശങ്ങളിലെ റോഡ് നിർമ്മാണം

സമതലത്തിലും താഴ്ന്ന പ്രദേശങ്ങളിലും റോഡ് നിർമ്മിക്കുന്നതിന് ഭിത്തി കെട്ടി മണ്ണു നിറച്ച് റോഡ് നിർമ്മിക്കാൻ ഭീമമായ സംഖ്യവേണ്ടിവരുന്നു. അത് കുറക്കുന്നതിന് സമനിരപ്പായ മൺറോഡ് നിർമ്മിച്ച് ഒരടി കനത്തിൽ കരിക്കൽ പാളി പാകി അതിനുമുകളിൽ രോഡുനിർമ്മിക്കുക എന്നതാണ് പുതിയ നിർദേശം. ഇതുമൂലം ഓടകളുടെ ആവശ്യം ഒഴിവാക്കിന്നു. അറ്റകുറ്റ പണികളും ഇല്ലാതാക്കാൻ കളിയുന്നതാണ്.

## മൺറോഡുകളുടെ വികസനവും നിർമാണവും

പട്ടിക 2ൽ നിർദേശിച്ച എല്ലാ റോഡുകളും എത്രയും വേഗം നിർമ്മിക്കേണ്ടവയാണ്.ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറക്ക് പട്ടിക3,പട്ടിക4 എന്നിവയിൽ കാണിച്ചിട്ടുള്ള റോഡുകൾ ഏറ്റെടുക്കേണ്ടവയാണ്. അവയ്ക്കു ശേഷം അനുബന്ധം ജയിലേയുംഝയിലേയും കൂടുതൽ മുൻഗണന കൊടുത്തിട്ടുള്ള റോഡുകൾ തെരഞ്ഞെടുക്കീവുന്നതാണ്.

ഗ്രാമ പഞ്ചായത്തിൻെറ തീരുമാനമനുസരിച്ച് പൊതു ഫണ്ടുകളിൽ നിന്ന് വിർഡുകളിൽ ചെലവഴിക്കപ്പെടുന്ന തുക അവയുടെ ജനസംഖ്യക്ക് ആനുപാതികമായ തോതിൽ ആയിരിക്കേണ്ടതാണ്.

### പട്ടിക -2

### പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

അനുബന്ധം Bനോക്കുക.

| നമ്പർ | കോഡ് | റോഡിറെ പേര് | ദൂരം കി.മി | വീതി മീറ്റർ |
|---|---|---|---|---|
| 1 | 1311 | ഇല്ലിച്ചോലക്കാട് | | |
| 2 | 1213 | യാറത്തിൻ നിരപ്പ്-ഐ.ടി.സി. | 0.90 | 6.00 |
| 3 | 1107 | തോറ-ഐ.ടി.സി. | 0.80 | 6.00 |
| 4 | 1009 | കയ്പങ്ങാതിരുത്ത്-പാല യിലാക്കണ്ടം | 1.20 | 6.00 |
| 5 | 0907 | പട്ടിണിച്ചിറ-ആക്കപ്പറമ്പ് | 1.20 | 6.00 |
| 6 | 0804 | പൊന്നാരം പള്ളിയാൽ-പട്ടിണിച്ചിറ | | |
| 7 | 0704 | ചെറുകുളമ്പ്-ചേർക്കാകുണ്ട്-വലിയവളവ്വ് | | |
| 8 | 0611 | വകലൂർ പടപ്പറമ്പ്-പാത്തിക്കൽ ഇടവഴി | | |
| 9 | 0506 | പടിപ്പുരക്കൽ-സ്ക്കൂൾപടി-കൂരിപറമ്പ് | 1.80 | 4.00 |
| 10 | 0406 | പൊരുന്ന-കഴുത്തുവെട്ടി ചാത്തപ്പൻറോഡ് | 1.70 | 4.00 |
| 11 | 0306 | ചട്ടിപറമ്പ്-പഴമള്ളൂർ | | |
| 12 | 0205 | പൂകൈത-മൊട്ടമ്മൽ | 0.05 | 6.00 |
| 13 | 0115 | കുറുവ ഹരുജൻ കോളനി-കോടൂർ ഹരിജൻ കോളനി | 1.50 | 6.00 |

ഇതിലെ കോഡുകളും മുൻസൂചന പ്രകാരം പരിഗണിക്കേണ്ടതാണ്.

## ജന പങ്കാളിത്തവും വികസനവും

ജനങ്ങൾ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്ന വികസന മേഖല റോഡ് ഗതാഗതമാകുന്നതിനാൽ വർദ്ധിച്ചതോതിലുള്ള ജനപങ്കാളിത്തം ഇക്കാര്യത്തിൽ ഉണ്ടാകും എന്നത് തീർച്ചയാണ്. അതു മൂലം റോഡ് നിർമ്മാണത്തിൽ സംഭവിക്കാൻ സാധ്യതയുള്ള ക്രമക്കേടുകൾ ഇല്ലാതാക്കാനും ചുരുങ്ങിയ സംഖ്യ കൊണ്ട് കൂടുതൽ ഫലപ്രദമായി പ്രവർത്തികൾ നടത്താനും സാധിക്കുന്നതാണ്. 2,1.4കിലോമീറ്റർ നീളവും 8മീറ്റർ വീതിയും വരുന്ന ചേണ്ടി-കാടാംകുളങ്ങര റോഡ് നാട്ടുകാർ ശ്രമദാനമായി നിർമ്മിച്ചത്, പാങ്ങ് ഗവർമെൻറ് ഹൈസ്ക്കൂളിന് സ്ഥലം വാങ്ങി ബിൽഡിംഗ് നിർമ്മിച്ച് നൽകിയത്, പാങ്ങ് ഗവ. ഡിസ്പെൻസറിക്ക് ഒരേക്കർ സ്ഥലം വിലക്കുവാങ്ങി ബിൽഡിംഗ് നിർമ്മിച്ച് കൊടുത്തത്, വല്ലീരിൽപടി-സ്ക്കൂൾപടി റോഡ് നിർമ്മാണ്ണത്തിന് പഞ്ചായത്തിൽ നിന്ന് അനുവദിച്ചതിൽ കൂടുതൽ സംഖ്യ ജനങ്ങളിൽ നിന്ന് സമാഹരിച്ച് ചിലവഴിച്ചത്, നാറാണത്തു പാലത്തിന് അധികം വരുന്ന സംഖ്യ പിരിച്ചെടുത്ത് നിർമ്മിച്ചത് തുടങ്ങി കുറുവ പഞ്ചായത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയ പദ്ധതികൾനിരവധിയാണ്. എല്ലാ ഗ്രാമസഭകളിൽ നിന്നും ജനങ്ങൾ ഇക്കാര്യത്തിൽ ശ്രമദാനം സംഘടിപ്പിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളത് ജനകീയ വികസന പ്രവർത്തനങ്ങളുടെ സാധ്യത വ്യക്തമാക്കുന്നു.

# അനുബന്ധം. എ.

## നിലവിലുള്ള റോഡുകൾ

ഗ്രാമസഭ റിപ്പോർട്ടുകൾ, വാർഡിലെ മെമ്പർമാർ, പ്രധാന പ്രവർത്തകർ എന്നിവരിൽ നിന്നും ശേഖരിച്ച വിവരങ്ങൾ കോഡിൻെറ ആദ്യത്തെ രണ്ടക്കം വാർഡിനേയും തുടർന്നുള്ള രണ്ടക്കങ്ങൾ വാർഡിലെ മുൻഗണനയേയും സൂചിപ്പിക്കുന്നു.

| | വാർഡ് | കോഡ | റോഡിൻെറ പേര് | ദൂരം.കി.മി | വീതി.മി | ഒരു വർഷത്തിൽ ചെലവഴിച്ച ഫണ്ട് | ചെയ്തത് | ചെയ്യാത്തത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | അറ്റകുറ്റപ്പണി | ഒരു വർഷത്തിൽ ശ്രമദാനം: സംഭാവന രൂപ | ശ്രമദാനം ദിനം | ആകെ രൂപ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | | 0101 | കുറുവ-മക്കരപ്പറമ്പ് | | 8 | | ടാർ | | | | | | | | | |
| 2. | | 0102 | മുലപ്പള്ളി-ഉപ്പേരിപ്പറമ്പ് എൽ. പി. സ്കൂല റോഡ് | | | | | | | | | | | | | |
| 3. | | 0103 | കുറുവ-കാച്ചിനിക്കട് | | | | | | | | | | | | | |
| 4 | | 0104 | കുന്നുംപുറം-ചീനാർകുഴി | | | | | | | | | | | | | |
| 5. | | 0105 | കോഡൂർ ഹരിജൻ കോളനി-വാധാലിപറമ്പ് | | | | | | | | | | | | | |
| 6. | | 0106 | പൂഴികുന്ന് എച്ച്.സി-പഴയകൂട്ടിലങ്ങാടി | | | | | | | | | | | | | |
| 7. | | 0107 | മുല്ലപ്പള്ളി-കുന്നുംപുറം | | | | | | | | | | | | | |
| 8. | | 0108 | ചുങ്കത്തുപാറ-പുല്ലേങ്ങൽകുന്ന് | | | | | | | | | | | | | |
| 9. | | 0109 | കുറുവ-വറ്റല്ലൂർ എച്ച്.സി | | | | | | | | | | | | | |
| 10. | | 0110 | കുന്നുംപുറം-വെഞ്ജെറാം തോട് | | | | | | | | | | | | | |
| 11. | | 0111 | മുല്ലപ്പള്ളി-ചീനാർകുഴി | | | | | | | | | | | | | |
| 12. | | 0112 | കുറുവ-അമ്പലം റോഡ് | | | | | | | | | | | | | |
| 13. | | 0113 | കീരംകുണ്ട്-കുറുവ റോഡ് | | | | | | | | | | | | | |
| 14. | 2 | 0201 | കുറുവ-ചാഞ്ഞാൽ | | | | ടാർ | | | | | | | | | |
| 15. | | 0202 | ചുളക്കൽ-കടുപ്പാറ | | | | | | | | | ✓ | | | | |
| 16. | | 0203 | ചീനാർകുഴി-കുറുവ കൂട്ടിലങ്ങാടി | | | | | | | | | ✓ | | | | |
| 17. | | 0204 | ചീനാർകുഴി-പയ്യൂർതൊടി | | | | | | | | | | | | | |
| 18. | 3 | 0301 | കടുപ്പാറ-പഴകുളം റോഡ് | | | | | | | | | | | | | |
| 19. | | 0302 | അരീക്കത്ത്കുളമ്പ്-ചീനാർകുഴി | | | | | | | | | | | | | |
| 20. | | 0303 | സമൂസ്സപ്പടി | | | | ടാർ | | | | | | | | | |
| 21. | | 0304 | പഴമല്ലൂർ-കടുപ്പാറ-ചാഞ്ഞാൻ | | | | | | | | | | | | | |
| 22. | 4 | 0401 | മക്കരപ്പറമ്പ്-വറ്റല്ലൂർ-മേക്കുളമ്പ് | | | | ടാർ | | | | | | | | | |
| 23. | | 0402 | നെച്ചിക്കുത്ത്-അയനിക്ക എച്ച്.സി. | | | | | | | | | | | | | |
| 24. | | 0403 | ചൊരുന്ന-പടിപ്പുര-കഴുത്തുവെട്ടി | | | | | | | | | | | | | |
| 25. | | 0404 | ഓട്ടുപ്പാറ | | | | | | | | | | | | | |
| 26. | | 0405 | ജി.എൽ.പി.സ്ക്കൂൾ-കുറുവ-പറ്റല്ലൂർ | | | | | | | | | | | | | |
| 27. | 5 | 0501 | നാറാണത്ത്-ചുള്ളിക്കോട് റോഡ് | .4 | 4 | | | | | | | | | 5000 | 2500 | 7500 |
| 28. | | 0502 | സ്കൂൾ പടി-വല്ലിരിൻപടി-നെച്ചിക്കുത്ത് | 1.5 | 4 | | | | | | | | | 10000 | 5000 | 15000 |
| 29. | | 0503 | പരവക്കൽ-നാറാണത്ത് | 4 | 3 | | | | | | | | | | | |
| 30. | | 0504 | ചൊവ്വാണ സ്കൂൾ-പരവക്കൽ | 1.3 | 3 | | | | | | | | | | | |
| 31. | | 0505 | കുന്നുംപുറം-ചൊവ്വാണ-വഴിക്കടവ് | 2 | 4 | | | | | | | | | | | |
| 32. | 6 | 0601 | പഴമല്ലൂർ-ഹൈസ്കൂൾപടി | | | | | | | | | | | | | |
| 33. | | 0602 | പഴമല്ലൂർ-കൂട്ടിലങ്ങാടി | | | | | | | | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 34. | | 0603 | ചട്ടിപ്പറമ്പ്-കൂട്ടിലങ്ങാടി | | | |
| 35. | | 0604 | ഹൈസ്കൂൾ-കുഴിഞ്ഞരപ്പടി | | | |
| 36. | | 0605 | തെക്കേകുളമ്പ്-കമ്പ്യൂട്ടറിൻെറ പേര് | | | |
| 37. | | 0607 | മേലേഒളിയാക്കൻ റോഡ് | | | |
| 38. | | 0608 | പുത്തൻ പള്ളിയാൻ റോഡ് | | | |
| 39. | | 0609 | മേക്കുളമ്പ്-പഴമള്ളൂർ. | | | |
| 40. | 7 | 0701 | ചെറുകുളമ്പ് വെസ്റ്റ്-പഴമള്ളൂർ | | | |
| 41. | | 0702 | ചെറുകുളമ്പ്-കാരക്കുന്ന്-ചിനന്തനക്കാവ് | | | |
| 42. | | 0703 | ചെറുകുളമ്പ്-കടലിപ്പറമ്പ് | | | |
| 44. | | 0801 | ചെറുകുളമ്പ്-ഭ്രാന്തൻകാവ് | | | |
| 44. | | 0802 | ചെറുകുളമ്പ്-കാരക്കുന്ന്-പൊന്നാരംവള്ള്യാൻ | | | |
| 45. | | 0803 | ഹരിജൻ കോളനി റോഡ് | | | |
| 46. | | 0901 | ചന്തപ്പറമ്പ്-കട്ടിനെരവ് | | | |
| 47. | | 0902 | ചേങ്ങോട്ടൂർ ബ്രാഞ്ച് മദ്രസ പടിഞ്ഞാറെതല | | | |
| 48. | | 0903 | ചന്തപ്പറമ്പ്-ചേങ്ങോട്ടൂർ | | | |
| 49. | | 0904 | പടപ്പറമ്പ്-ആക്കപ്പറമ്പ് | | | |
| 50. | | 0905 | മൂച്ചിക്കൽ-പള്ളിപ്പറമ്പ് | | | |
| 51. | | 0906 | ചേങ്ങോട്ടൂർ-ആക്കപ്പറമ്പ് | | | |
| 52. | 10 | 1001 | പള്ളിപ്പറമ്പ്-ചേണ്ടി | | | |
| 53. | | 1002 | പള്ളിപ്പറമ്പ്-ജി.എൽ.പി.സ്കൂൾ | | | |
| 54. | | 1003 | വാടേങ്ങൽ-കൈപങ്ങാതിരുത്ത് | | | |
| 55. | | 1004 | പള്ളിപ്പറമ്പ്-ആക്കപറമ്പ് | | | |
| 56. | | 1005 | പള്ളിപ്പറമ്പ് ജി.യു.പി. സ്കൂൾ. | | | |
| 57. | | 1006 | കൈപങ്ങാതിരുത്ത്-ശങ്കരത്തു കുളമ്പ് | | | |
| 58: | 11 | 1101 | വാടേങ്ങൽ-തെക്കൻപാങ്ങ്പള്ളിപ്പടി. | | | ടാർ |
| 59. | | 1102 | പള്ളിപറമ്പ്-പുളിവെട്ടിറോഡ് | | | |
| 60. | | 1103 | പുത്തംകുളം-മങ്ങാടത്തു | | | |
| 61. | | 1104 | അയ്യാത്തപ്പറമ്പ്-കണിയാംപറമ്പ് | | | |
| 62. | | 1105 | വട്ടപ്പറമ്പ്-വല്ലംകുളം റോഡ് | | | |
| 63. | | 1106 | തോറ-പുത്രോടുകോളനി | | | |
| 64. | | 1107 | കപ്പനിപ്പടി-അയ്യത്തപ്പറമ്പ് | | | ടാർ |
| 65. | 12 | 1201 | കള്ളുവെട്ടിപ്പറമ്പ്-ഐ.ടി.സി. റോഡ് ഒന്നാംഘട്ടം | | | |
| 66. | | 1203 | വടക്കേകുണ്ട്-താനഴിറോഡ് | | | |
| 67. | | 1204 | പള്ളിപ്പടി-എഴയൂർ റോഡ് | | | ടാർ |
| 68. | | 1205 | പെട്ടിപ്പടി-അമ്പലപ്പറമ്പ് | | | |
| 69. | | 1206 | പൂക്കോട്-ഓണംപറമ്പ് | | | |
| 70. | | 1207 | പൂക്കോട്-നാഗേരി റോഡ് | | | |
| 71. | | 1208 | ഓണംപറമ്പ്-പെരുംചോല-മുക്ക് | | | |
| 72. | | 1209 | താനഴി-തോട്ടക്കോലപറമ്പ്-ചെട്ടിപ്പടി | | | |
| 73. | | 1210 | തെക്കൻപാങ്ങ്-നിരപ്പ്റോഡ് | | | |
| 74. | | 1211 | അമ്പലപ്പറമ്പ്-ഹരിജൻകോളനി | | | ടാർ |
| 75 | 13 | 1301 | അമ്പലപ്പറമ്പ്-ചേണ്ടി-കോണിക്കൻ | | | |
| 76. | | 1302 | ചേണ്ടി-കടന്നമുട്ടി | | | |
| 77. | | 1303 | മദ്രസ്സപ്പടി-കടന്നമുട്ടി | | | |
| 78. | | 1304 | എരുമത്ത്യം | | | |
| 79. | | 1305 | കടന്നമുട്ടി-ചെറുപറമ്പ് സ്കൂൾ | | | |
| 80. | | 1306 | കല്ലുവളപ്പ്-ഉപ്പുകല്ല് റോഡ് | | | |
| 81. | | 1307 | പൊന്നോഹറ-വലിയചോലറോഡ് | | | |
| 82. | | 1308 | പടിഞ്ഞാറ്റുമുറി-താണിക്കോട് | | | |
| 83. | | 1309 | കൊരങ്ങനപ്പളിയാൻ-പൊന്നുംഞ്ചിറ | | | |
| 84. | | 1310 | ഇല്ലതൊടി-മുണ്ടിയാനാൻ റോഡ് | | | |

## അനുബന്ധം. ബി.
## പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ

| വാർഡ് | കോഡ് | നിർദേശിക്കുന്ന പേര് | ദൂരം |
|---|---|---|---|
| 1. | 0115 | കുറുവ ഹരിജൻ കോളനി-കോഡൂർ ഹരിജൻ കോളനി | |
| | 0116 | നാട്ടാർയജ്ഞ ഇടവഴി | |
| | 0117 | മൊട്ടക്കുന്ന്-കാക്കത്തോട് | |
| | 0118 | കുറുവ-പൂഴിക്കുന്ന് | |
| | 0119 | കുറുവ-ചീനാർകുഴി | |
| 2. | 0205 | അമ്പലക്കുളം-ചീനാർകുഴി | 1.00. കി.മീ. |
| | 0206 | പൂകയ്ത-മൊട്ടമ്മൽ | 0.50. കി.മീ. |
| | 0207 | ഹരിജൻ കോളനി-പാലൊളികുളമ്പ് | 1.50. കി. മീ. |
| | 0208 | പയ്യർതൊടി-പെരിങ്ങോട്ടു പുഴ | 1.00. കി. മീ |
| | 0209 | ചീനാർകുഴി-കൊങ്ങൻപാറ | 1.00. കി. മീ |
| 3 | 0305 | കല്ലറക്കുഴി-മുളക്കരിയൻ കുണ്ട് | |
| | 0306 | ചട്ടിപ്പറമ്പ്-പഴമള്ളൂർ | |
| | 0307 | മീനാർകുഴി | |
| | 0308 | പഴയെടത്ത്കോളനി | |
| | 0309 | മുഴിയലക്കോട് ഇടവഴി | |
| 4 | 0406 | പൊരുന്നൻകുന്ന്-കടത്തുവെട്ടി-ചാത്തപ്പൻ റോഡ് | |
| | 0407 | പാറകുത്ത്കുളമ്പ്-നെച്ചിക്കുത്ത്പറമ്പ് | |
| | 0408 | തോട്ടക്കര-ചെറുമ്പഞ്ഞൊടി | |
| | 0409 | കള്ളിക്കളയൻകുന്ന്-പൻമള്ളൂർ | |
| | 0410 | ഓട്ടുപാറ-കുറുവ | |
| | 0411 | പടലാംകുന്ന് കോളനി | |
| | 0412 | താഴത്തെകുളമ്പ്-വറ്റല്ലൂർ | |
| 5 | 0506 | സ്ക്കൂൾപ്പടി-കൂരിപ്പറമ്പ് | 0.40 |
| | 0507 | മഞ്ജാർപ്പടി-പഴയ റേഷൻഷാപ്പ് | 0.35 |
| | 0508 | പള്ള്യാർതൊടിപ്പടി-പൊരുന്ന കോളനി | 1.15 |
| | 0509 | വാടയിൽപടി-വട്ടപ്പറമ്പ്-ഖ്ചാടലപ്പറമ്പ് | 0.75 |
| | 0510 | വട്ടപ്പറമ്പ്-മദ്രസ്സപ്പടി-ചോലക്കൻപ്പരമ്പ് | 0.60 |
| | 0511 | എണക്കാംകുഴി-പറയാംകുഴി | 1.00 |
| | 0512 | ശവപ്പറപ്പ്റോഡ് | 0.45 |
| | 0513 | മണാർപ്പടി-നിസ്ക്കാരപ്പള്ളി | 0.30 |
| | 0514 | വറ്റലൂർ-കക്കേങ്ങൽപടി-പടിപ്പുര | 0.95 |
| | 0515 | ചൊവ്വാണ-രാമപുരം (പുഴക്കാട്ടിരിസ്ക്കൂൾ) | 1.20 |
| | 0516 | പരവക്കൻ-നായർകുളമ്പ് | 1.00 |
| | 0517 | പള്ളിയാൻപടി-ലക്ഷംവീട് | 1.50 |
| 6. | 0610 | കോരൻകുണ്ട് | |
| | 0611 | വറ്റലൂർ-പടപ്പറമ്പ്-പണിക്കൽ ഇടവഴി | |
| | 0612 | മേക്കുളമ്പ്-മുണ്ടേക്കോട് | |

| | | | |
|---|---|---|---|
| | 0613 | വറ്റലൂർ-മേക്കുളമ്പ്-ചെറുകുളമ്പ് റോഡ് | |
| 7 | 0704 | ചെറുകുളമ്പ്-ചെർക്കാകുണ്ട്-വലിയവളപ്പ് | |
| | 0705 | ചെറുകുളമ്പ്-ചെരുംകല്ല് പറമ്പ്-വലിയവളപ്പ് | |
| | 0706 | മേലെകുളമ്പ്-വലിയവളപ്പ്-സ്കൂൾപ്പടി | |
| 8 | 0804 | പൊന്നാരംപള്ളിയാൽ-പട്ടിണിച്ചിറ | |
| | 0805 | കോളനി-കാരാകുണ്ട്റോഡ് | |
| 9 | 0907 | പട്ടിണിച്ചിറ-ആക്കപ്പറമ്പ് റോഡ്,മാലാകല്ല്-പടപ്പറമ്പ് | |
| | 0908 | പറക്കോട് | |
| | 0909 | കരിമ്പനകുണ്ട് | |
| | 0910 | കരുവള്ളിച്ചാല് | |
| | 0911 | നായാടിക്കുണ്ട് | |
| | 0912 | അത്തായക്കോട് | |
| | 0913 | കുട്ടിനിരപ്പ്-ചെറുകോട് | |
| | 0914 | പനിച്ചേട് | |
| | 0915 | ചെങ്ങോട്ടൂർ | |
| 10 | 1007 | ചന്ദനപറമ്പ്-പള്ള്യായാർതോട് ഹൈസ്കൂൾ റോഡ് | |
| | 1008 | പള്ളിപ്പറമ്പ് പള്ള്യായാർതോട് ഹൈസ്കൂൾ റോഡ് | |
| | 1009 | കയ്പങ്ങാതിരുത്ത്-ചാലിലാകണ്ടം | |
| | 1010 | കയ്പങ്ങാതിരുത്ത്-പൊതാംചിറ-കല്ലുപാലം | |
| | 1011 | പരവക്കുണ്ട്-ജി.യു.പി.സ്കൂൾ | |
| 11 | 1107 | തോറ-ഐ.ടി.സി. | |
| | 1108 | കുമ്പളേംകൂന്ന് | |
| | 1109 | അയനിത്തടം | |
| | 1110 | കച്ചേരിപ്പടി | |
| | 1111 | പൊതുവാൻച്ചിറ-കയ്പങ്ങാതിരുത്ത് | |
| | 1112 | കണിയാംപറമ്പ് | |
| | 1113 | പള്ളിയാംപറമ്പ്-പള്ളിപ്പടി | |
| 12 | 1212 | കല്ലുവെട്ട്പറമ്പ്-ഐ.ടി.സി.റോഡ് രണ്ടാംഘട്ടം | 1.2കീ.മീ. |
| | 1213 | യാറത്തിൻ നിരപ്പ്-ഐ.ടി.സി.റോഡ് | 0.90കീ.മീ. |
| | 1214 | പൂക്കോട്-യാറത്തിൻനിരപ്പ് | 1.00കീ.മീ. |
| | 1215 | കുലസ്സൻപ്പടി-പൂപറമ്പ്റോഡ് | 0.80കീ.മീ. |
| | 1216 | പറച്ചീരിക്കുഴി-പൊറ്റങ്ങൻപടി റോഡ് | 1.00കീ.മീ. |
| | 1217 | പെരുംചോല റോഡ് | |
| | 1218 | നെച്ചങ്കാട്-അങ്കപ്പള്ള്യാൻ റോഡ് | ദ.80കീ.മീ. |
| 13 | 1311 | ഇല്ലിച്ചോലക്കാട് | |
| | 1312 | പൊന്നുംപാറ റോഡ് | |
| | 1313 | അയനിക്കുണ്ട് റോഡ് | |
| | 1314 | കടന്നമുട്ടി-പുള്ളിക്കൻ പള്ളിയാൻ | |
| | 1315 | വരിക്കോട്ടുപടി-മേലെ പള്ളിയാൻ | |
| | 1316 | അമ്പലപ്പറമ്പ്-മേലെ പള്ളിയാൻ | |

# ഊർജ്ജം

മലപ്പുറം ആസ്ഥാനത്ത് വൈദ്യുതി വരുന്നതിന് എത്രയോ മുമ്പ് കുറുവ പഞ്ചായത്തിലൂടെ വറ്റല്ലൂർ കുറുവ ഭാഗങ്ങളിൽ വൈദ്യുതി വെട്ടം കുറഞ്ഞവീട്ടുകളിൽ പ്രകാശം ചൊരിഞ്ഞിരുന്നു. കൃഷി ആവശ്യത്തിലേക്കാൾ പ്രസ്തുത ഭാഗങ്ങളിൽ വൈദ്യുതി എത്തുന്നത്.

അതിന് ശേഷം കൊല്ലങ്ങളോളം കഴിഞ്ഞിട്ടും കുറവ പഞ്ചായത്തിലെ ഒരു വാർഡിലും വൈദ്യുതി എത്താത്ത പല ഭാഗങ്ങളും ഇന്നുണ്ട്.

പഞ്ചായത്തിൻെറ ഭ്രുപ്രദേശത്ത് ഒരു സെക്ഷൻ വേണ്ടതിലേറെ 3400ൽ അധികം ഉപഭോക്താക്കൾ ഉണ്ടായിട്ടും വൈദ്യുതി ബോഡിൻെറ ഓഫീസുകൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല എന്നത് ഈ പ്രദേശത്തോടുള്ള അവഗണനയാണ്. മലപ്പുറം ജില്ലയിലെ മുണ്ടുപറമ്പ് 220ദ0സബ്സ്റ്റേഷനിൽ നിന്നാണ് കുറുവ പഞ്ചായത്തിലേക്ക് വൈദയുതി ലഭിക്കുന്നത്. മലപ്പുറം മക്കരപ്പറമ്പ് സെക്ഷൻ ഓഫീസുകളിൽ നിന്നാണ് വൈദ്യുതി വിതരണം നടക്കുന്നത്. പഞ്ചായത്തിലെ ഉപഭോക്താക്കൾ കറൻറ് ചാർജ്ജ് അടക്കുന്നതിന് വേണ്ടി 5മുതൽ 15വരെ കി.മീറ്റർ അകലങ്ങളിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ പോകേണ്ടിയിരിക്കുന്നു. മൂവ്വീയിരത്തിനാനൂറോളം ഉപഭോക്താക്കളിൽ 84%വും ഗീർഹിക ഉപഭോക്താക്കളാണ്. കാർഷിക ഉപഭോക്താക്കൾ 6%വും വ്യവസായ ഉപഭോക്താക്കൾ 1%വും വ്യാപാരുപഭോക്താക്കൾ 9%വും വരും ദമഠത്ധകണക്ക് അധികൃതരുടെ കണക്കുകൾ അനുസരിച്ച് പഞ്ചായത്തിൽ നിലവിലുള്ള 23 ട്രാൻസ്ഫോർമറുകളിൽ ഒന്നു പോലും അധികഭാരം വഹിക്കുന്നവയല്ല. പക്ഷേകാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെ സംബന്ധിച്ച് പരാധിയുള്ളവരാണ്. അത്കൊണ്ട് തന്നെ മിക്ക ഗ്രാമ സഭകളിലും പുതിയ ട്രാൻസ് പോർമറുകൾ വേണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്.

| നമ്പർ | കപ്പാസിറ്റി | പേര് | നമ്പർ | പേര് | കപ്പാസിറ്റി |
|---|---|---|---|---|---|
| 1 | 100KVA | കുറുവ | 13 | പാകപ്പറമ്പ് | |
| 2 | 100ദറജ | പഴമള്ളൂർ | 14 | തോറ | |
| 3 | 100ദറജ | മീനാർകുഴി | 15 | അജ്മൻ ചന്തപ്പടി | |
| 4 | 100ദറജ | കൂട്ടിലങ്ങാടി | 16 | പള്ളിപറമ്പ് | |
| 5 | 63ദറജ | കൽബ | 17 | പടിഞ്ഞാറ്റുമുറി | |
| 6 | 100 | മക്കരെപറമ്പ് | 18 | അമ്പലപ്പറമ്പ് | |
| 7 | | ചെറുകുളമ്പ് വെസ്റ്റ് | 19 | പെരിംചോല, കുളമ്പ് | |
| 8 | | ചെറുകുളമ്പ് | 20 | സൗത്ത്പാങ്ങ് | |
| 9 | | വറ്റല്ലൂർ ട്യൂബ്വെൽ | 21 | ചുള്ളിക്കോട് | |
| 10 | | പിരാന്തൻകാവ് | 22 | മുല്ലപ്പള്ളി | |
| 11 | | പടപ്പറമ്പ് | 23 | മുണ്ടക്കോട് | |
| 12 | | മൈക്രാഡ് | | | |

60

### പഞ്ചായത്തു പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും

പഞ്ചായത്തിലെ നാല് പട്ടികജാതി കോളനികളിലായി 49 കുടുംബങ്ങൾക്ക് വൈദ്യുതി ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ആകെ 50 സ്ട്രീറ്റ്ലൈറ്റ്കളേ ഉള്ളൂ

**പ്രശ്നങ്ങൾ.**

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
2. വൈദ്യുതി ബോർഡിൻെറ രണ്ടു ഓഫീസുകളുടെ പരിധിയിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ആയതിനാൽ ഉപഭോക്താക്കൾക്ക് ഉണ്ടക്കുന്ന വുശമങ്ങൾക്ക് പുറമെ ജന പ്രതിനിധികൾക്കും സാമൂഹ്യ പ്രവർത്തകർക്കും പരിനാമം കാണാൻ വിഷമം അനുഭവപ്പെടുന്നു.
3. പ്രേഷണ വിതരണ രംഗങ്ങളിലെ ബോർഡിൻെറ ശ്രദ്ധക്കുറവ്വ് -പ്രത്യേകയ്ക്ക് മരച്ചില്ലകളും മറ്റും മുറിക്കാതിരിക്കുന്നത് ഒരു പ്രശ്നമായി തുടരുന്നു.
4. പഞ്ചായത്തിൽ4പട്ടികജാതി കോളനികൾ വൈദ്യൂതികരിച്ചു.
5. ഒരു വാർഡിന് ശരാശരി 4 എന്ന നിലയിൽ സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല.
6. ദമഠത്ധറജിസ്റ്ററിൽ കാണുന്നതിനേകാൾ എത്രയോ അധികം വൈദ്യുതി ഉപയോഗിക്കുന്നു.
7. സ്റ്റെപ്-അപ് ഉപയോഗം അത് ഇല്ലാത്ത വീട്ടുകാർക്ക് ദോഷം ചെയ്യുന്നു.
8. ബോർഡ് ജിവനക്കാരുടെ അനാസ്ഥ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖത അഴിമതി എന്നിവയും ഉള്ള വിഷമങ്ങൾ കൂടുന്നു.

**സാധ്യതകൾ.**

വൈദ്യുതി ഓഫീസുകളിലെ റജിസ്റ്ററിൽ ഉള്ളതിനേക്കാൾ എത്രയോ അധികമാണ് യതാർത്ഥ വൈദ്യുതി ഉപഭോഗം സ്റ്റെപ്-അപ് നിയന്ത്രണമില്ലാതെ ഉപയോഗിക്കുന്നതു കാരണം മറ്റു വീട്ടുകളിൽ വോൾഡേജ് കുറയുന്നു. പ്രേഷണവിതരണ രംഗങ്ങളിൽ വരുന്ന തകരാറുകളും വൈദ്യുതി നഷ്ടത്തിന് കാരണമാകുന്നു.

മരച്ചില്ലകളും മറ്റും ഉണ്ടാകുന്ന തടസ്സങ്ങളും വൈദ്യുതി വിതരണ രംഗത്തെ സ്ഥിരം സംഭവങ്ങളാണ്.ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുവാൻ മാത്രമായി പ്രത്യേക സംവിധാനം പ്രാദേഗിക തലത്തിൽ വേണം,

പഞ്ചായത്തിൻെറ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ ഏകദേശം 15കി.മീറ്റർ 11കെ.പി ലൈനുകളും 18കീ.മീറ്റർ ത്രീഫേസ് ലൈനുകളും 25കീ.മീറ്റർ സിംഗിൾ പേയിസ് ലൈനുകളും വലിക്കേണ്ടതുണ്ട്.

മിക്ക വേദികളും സ്ട്രീറ്റ് ലൈറ്റിന് വേണ്ടി ആവശ്യപ്പെട്ടിട്ടുണ്ട്.

ബോർഡിൻെറ പ്രവർത്തനം ജനകീയ പരിശോധനയ്ക്ക് വിധേയമാക്കാനുള്ള സംവിധാനം

ഉണ്ടാക്കുക. തദ്ദേശ സ്ഥാപനങ്ങൾക്ക് വൈദ്യുതി മേഖലയിൽ അതതുസ്ഥലങ്ങളിൽ നിയന്ത്രണം ഉണ്ടായിരിക്കുക അസാധ്യമാണ്.

പഞ്ചായത്തിൽ ഒരു സബ്എഞ്ചിനിയർഓഫീസ് തുറക്കണം.

പഞ്ചായത്തിൽ മിക്ക വീട്ടുകളും പാചകത്തിന്ഉപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. ഗ്യാസ്,മണ്ണെണ്ണ,വൈദ്യുതി തുടങ്ങിയവ ഉപയോഗിച്ച് പാചകം നടത്തുന്നവർ നന്നേ കുറവാണ്. പുകയില്ലാത്ത അടുപ്പുകളെ പറ്റിയും വൈദ്യുതി ബോർഡിൻെറയും അനർട്ടിൻെറയും സഹകരണത്തോടെ ഇവരണിൻെറയും പ്രചരണത്തിന്നു വേണ്ടി പഞ്ചായത്ത് മുൻകൈ എടുത്ത് വിപുലമായ ബോധ വൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്.

വാർഡ് പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ ലൈനിൻെറ സ്വഭാവം ലൈനുകൾ ട്രാൻസ് ഫോർമറുകൾ പ്രതീക്ഷിക്കാവുന്നചിലവുകൾ.

| വാർഡ് | പുതിയ ലൈനുകൾ വയ്ക്കേണ്ട സ്ഥലങ്ങൾ. | ലൈനിൻെറ സ്വഭാവം. | ട്രാൻസ് ഫോർമറുകൾ | ഏകദേശ ചിലവ് |
|---|---|---|---|---|
| 1. | 1,കുന്നുംപുറം | ത്രിഫെയിസ് | 2ടി | 300000. |
| | 2,വെണ്ണൂറാംതോട് | " | " | " |
| | 3,പഴയകൂട്ടിലങ്ങാടി, 4,മുല്ലപ്പള്ളിഭാഗം | സിംഗിൾഫേയിസ് | " | " |
| 3. | 1,കടമ്പോട്, 2,അരീക്കുന്ന്കുളമ്പ് | 1ലൈൻത്രീഫെയിസ് | 1ടി | 150000 |
| | 3, പുളിയൻകോട്, | സിംഗിൾഫേയിസ് | " | " |
| 3. | 1,കിളന്തൻകാട് 2,പൂക്കാട്ഭാഗം | ത്രീഫെയിസ് | | 50000 |
| 4. | 1,ചെറുമ്പൻതൊടികോളനി 2,പറകുത്തുകുളമ്പ് | ത്രീഫെയിസ് | 1 | 150000 |
| | 3,പാലാംകുന്ന് | | | |
| 5. | 1,പൊരുന്നൻകുളമ്പ്കോളനി 2,കുളമ്പ്, | | | |
| | 3,ലക്ഷംവീട്കോലനി | | 75000 | |
| 6. | 1,പഴമള്ളൂർ 2,മഞ്ഞളാംചോല 3,തെക്കേകുളമ്പ് | | | |
| | 4, കുഴിഞ്ഞരപറമ്പ് | | | |
| 7. | 1,ചെറുകുളമ്പ് അങ്ങാടി മുതൽ ഹരിയൻകുന്ന് വരെ | ത്രീഫെയിസ് | | 90000 |
| 8. | 1,കോളനിയിലെ ബാക്കി ഭാഗം | സിംഗിൾഫെയിസ് | | |
| 9. | 1,കോണാപറമ്പ് 2,അട്ടിനിരപ്പ് 3,അത്തായക്കോട് | | | |
| | 4,കരുവള്ളിച്ചാല് 5,കരിമ്പനകുന്ന് 6,ചന്ദ്രത്തിൻപടി | | | |
| | 7,നിയാടികൻതോട് 2 കി.മീറ്റർ | ത്രീഫെയിസും | | |
| | 4 കീ.മീ | സിംഗിൾഫെയിസ് | 2.ടി | 450000 |
| 10. | 1,ശങ്കരത്ത് കുളമ്പ് | സിംഗിൾഫെയിസും | | |
| | | ത്രീഫെയിസും | 1ടി | 75000 |
| 11. | 1,മലബാർപോളിമേഴ്സിന് സമീപം 2,മതിലുവെട്ടി | | | |
| | 3,വടക്കേകുണ്ട് 4,മങ്ങാടത്ത് 5, അയ്യാത്തപറമ്പ് | | | |
| | 6,തോണിക്കല്ല് 7,കുമ്പളോത്ത് 2 കീ.മീ | ത്രീഫെയിസ് | | |
| | 4 കീ.മീ | സിംഗിൾഫെയിസ് | 3ടി | 600000 |
| 12. | 1,യാറത്തിൽനിരപ്പ് 2,പൂക്കോട് 3,പള്ളിപ്പടി | | | |
| | 4,ഓണംപറമ്പ് 2 കീ.മീ | ത്രീഫെയിസ് | | |
| | 3 കീ.മീ | സിംഗിൾഫെയിസ് | 2ടി | 500000 |
| 13. | 1,ഇല്ലിച്ചോലക്കാട് 2,എരുമത്തടം 3,ചെറുപറമ്പ് | ത്രീഫെയിസ് | 2ടി | 100000 |

വൈദ്യുതി രംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനും ഓഫീസും ഫീൽഡുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനും ഉള്ള നടപടിക്രമങ്ങളും ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തൻെറ മുഴുവൻ പ്രദേശങ്ങളിലും നല്ലപോലെ സൂര്യപ്രകാശം ലഭിക്കുന്നതിനാൽ വീടുകളിലെ ഉപയോഗത്തിനു കവല വിളക്കായും സോളാർ ലാമ്പുകളെ ആധാരമാക്കിയുള്ള ഒരു പഞ്ചാത്തു തല സംവിധാനം നടപ്പാക്കാവുന്നതാണ്.

മാർക്കറ്റ്.

കുറുവ പഞ്ചായത്തിൽ 25 കൊല്ലങ്ങൾക്കു മുമ്പുവരെ 9-ാം വാർഡിൽ ഒരു ചന്ത നിലനിന്നിരുന്നു. അവിടം ഇപ്പോഴും ചന്തപ്പറമ്പ് എന്നാണ് വിളിക്കുന്നത്. നാളികേരം, നേന്ത്രവാഴ, കശുവണ്ടി, അടക്ക, നെല്ല്, കഴങ്ങു വർഗ്ഗങ്ങൾ തുടങ്ങിയവയാണ് പ്രധാനപ്പെട്ട കാർഷിക വിളകൾ. ഇവയിൽ പ്രധാനപ്പെട്ട ഉൽപന്നമായ നാളികേരത്തിന് തന്നെ ഒരു പൊതു വിപണിയോ സഹകരണ വിപണിയോ വിശ്വസിക്കാവുന്ന വിപുലമായ സ്വകാര്യ വിപണിയോ പഞ്ചായത്തിൽ ഇല്ലെന്നതാണ് പരിതാപകരമായ വസ്തുത. ആഴ്ച ചന്തയോ മാർക്കറ്റോ സ്ഥാപിക്കണമെന്ന് ഭൂരിഭാഗം വാർഡുകളിൽ നിന്നും നിർദേശം വന്നിട്ടുണ്ട്. വിഷു സീസണിൽ തൃസൂർ മുനിസിപ്പൽ മാർക്കങ്ങൽ വിറ്റഴിക്കപ്പെടുന്ന വെള്ളരി, മറ്റു പച്ചക്കറികൾ എന്നിവയിൽ നല്ലൊരു ശതമാനം ഈ പഞ്ചായത്ത് കൃഷി ചെയ്തുണ്ടാക്കിയതാണ്. പഞ്ചായത്തിൽ പൊതുമാർക്കറ്റുകൾ വരുന്ന പക്ഷം കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കാനും അതു മൂലം സാമ്പത്തിക വളർച്ച കൈവരിക്കാനും സാധിക്കുന്നതാണ്.

7




# പാർപ്പിടവും സാമൂഹ്യക്ഷേമവും

കുറുവ വില്ലേജ്, കോഡൂർ വില്ലേജിന്റെ കുറച്ചു ഭാഗം എന്നിവ ഉൾപ്പെട്ട അതി വിസ്തൃതമായ ഒരു പഞ്ചായത്താണ് കുറുവ ഗ്രാമപഞ്ചായത്ത്.

## എ. പാർപ്പിടം.

ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയെ സ്വാധീനിക്കുന്ന സുപ്രധാനമായ ഘടകങ്ങൾ വിദേശത്ത് ജോലി ചെയ്യുന്നവരുടെ വരുമാനവും, കാർഷികമേഖലയിൽ നിന്നുള്ള വരുമാനവുമാണ്. ഗൾഫ് മേഖലയിൽ നിന്നുള്ള വരുമാനം പ്രത്യുൽപാദനപരമായ രംഗങ്ങളിൽ നിക്ഷേപിക്കുന്നതിനു പകരം കോൺക്രീറ്റു കെട്ടിടങ്ങളുടേയും, കരിങ്കൽ മതിലുകളുടേയും നിർമ്മാണത്തിനാണ് ഉപയോഗിക്കുന്നത്.

ജനങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും കൂലിവേല ചെയ്യുന്നവരാണ്. അതിനാൽ ഈ പഞ്ചായത്തിൽ ഇടത്തരം വീടുകളും, കുടിലുകളുമാണ് ഭൂരിഭാഗവും. എന്നാൽ വിദേശങ്ങളിൽ ജോലി ചെയ്യുന്നവർ നിർമ്മിക്കുന്ന വീടുകളിൽ ഭൂരിഭാഗവും കോൺക്രീറ്റു കെട്ടിടങ്ങളാണ്.

പഞ്ചായത്തിൽ മൊത്തം 6845 വീടുകളുണ്ട്. ഗ്രാമസഭാ കണക്കു പ്രകാരം ഇതിൽ 2267 വീടുകൾ ടെറസും, 1845 വീടുകൾ കുടിലുകളും, ബാക്കി ഓട് മേഞ്ഞവയുമാണ്.

പൊതുവെ എല്ലാവാർഡുകളിലും പുതിയ വീടുകൾ ധാരാളം നിർമ്മിക്കുന്നുണ്ടെങ്കിലും ഇതിൽ നിന്നും വിഭിന്നമായി 7-ാം വാർഡിൽ പുതിയ വീടുകളുടെ നിർമ്മാണം തുലോം കുറവാണ്. പുതിയ വീടുകളിൽ ഭൂരിഭാഗവും വിദ്യാലയങ്ങളുടേയും, റോഡുകളേയും കേന്ദ്രീകരിച്ചാണ്

ഉണ്ടാക്കുന്നത്. മെയിൻ റോഡുകൾക്കു സമീപം വൻതുകകൾ ചിലവഴിച്ചുള്ള വീടുകളാണ് നിർമ്മിക്കുന്നത്. ഈ പഞ്ചായത്തിൽ ഭവന നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഒന്നും തന്നെയില്ല. സ്വന്തമായി വീടില്ലാത്ത 880 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട് ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സംഘങ്ങൾ ഇല്ലാത്തതു കാരണം സർക്കാർ ഏജൻസികൾ വഴി കൂടുതൽ വീടുകൾ ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തിലെ 5,6,8 എന്നീ വാർഡുകളിൽ മാത്രമാണ് ലക്ഷം വീടു കോളനികൾ ഉള്ളത്. അഞ്ചാം വാർഡിലുള്ള ലക്ഷം വീടുകോളനിയിലെ വീടുകൾ വളരെ പഴക്കം ചെന്നവയാണ്. അവ പുനർനിർമ്മാണം നടത്തേണ്ട അവസ്ഥയിലാണ്. മറ്റു ലക്ഷം വീടു കോളനികളിലേയും സ്ഥിതി വളരെ പരിതാപകരമാണ്. വൈദ്യുതി, കക്കൂസ് എന്നിവയുടെ ലഭ്യത ഒരു കോളനിയിലും ആവശ്യത്തിനില്ല. 4,5,8, 9,11,12,13, എന്നീ വാർഡുകളിൽ ഹൗസിംഗ് കോളനികൾ നിർമ്മിക്കുവാൻ പറ്റുന്ന സ്ഥലങ്ങളുണ്ട്. ഐ. ആർ. ഡി. പി. സർവെ പ്രകാരം 1009 വീടുകൾ പഞ്ചായത്തിൽ ആവശ്യമാണെന്നിരിക്കെ വെറും 200 വീടുകളാണ് വിവധ പദ്ധതിയനുസരിച്ചു ലഭിച്ചിട്ടുള്ളത്. അതിൽ തന്നെ 186 എണ്ണത്തിൻെറ പണി മാത്രമാണ് പൂർത്തിയായിട്ടുള്ളത്. പഞ്ചായത്തിലെ രണ്ട് മേഖലകളിലായി ഭവന നിർമ്മാണത്തെ സംബന്ധിച്ച വിവരം പട്ടിക 1-ൽ കൊടുത്തിട്ടുണ്ട്.

**പട്ടിക 1**

**ഭവന വിർമ്മാണത്തെ സംബന്ധിച്ച വിവരം**

| ക്രമനമ്പർ | വാർഡ് നമ്പർ | വീട്ആവശ്യമായ കുടുംബങ്ങളുടെ എണ്ണം: | വിവധപരിപാടി യനുസരിച്ച് അനു വദിച്ച വീടുകൾ. | പൂർത്തീകരിച്ച വീടുകൾ. | പൂർത്തീകരിക്കാത്ത വീടുകൾ. | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം. |
|---|---|---|---|---|---|---|
| 1 | 1 to 6 | 519 | 92 | 88 | 4 | 427 |
| 2 | 7to13 | 490 | 108 | 98 | 10 | 382 |
| ആകെ | | 1009 | 200 | 186 | 14 | 809 |

അവലംബം : ഐ.ആർ.ഡി.പി. സർവ്വെ.

കൂലിയിലെ ക്രമാതീത വർദ്ധനവും, ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കാരണം ദുർബല വിഭാഗങ്ങൾക്ക് സ്വന്തമായി വീടുണ്ടാക്കാൻ കഴിഞ്ഞില്ല. വിവിധ കാരണങ്ങളാൽ ധാരാളം പേർ ഭവന രഹിതരാണ്.

അടുത്ത കാലത്ത് നിർമ്മിച്ച കെട്ടിടങ്ങളിൽ ഭൂരിഭാഗവും കോൺക്രീറ്റ് കെട്ടിടങ്ങളാണ്. ഗൾഫിൽ നിന്നും വരുന്ന പണത്തിൻെറ സിംഹഭാഗവും ഇത്തരം വീടുകൾ നിർമ്മിക്കുന്നതിലും കരിങ്കൽ ഭിത്തികൾ നിർമ്മിക്കുന്നതിനും ഉപയോഗിക്കുന്ന ചില സ്ഥലങ്ങളിൽ പാടത്ത് വരമ്പ് കെട്ടുന്നതിന്പോലും കരിങ്കൽ ഉപയോഗിക്കുന്നു. ഇതിനെതിരെ ശക്തമായി ബോധവൽക്കരണം ആവശ്യമാണ്. രണ്ടര ലക്ഷത്തിന് മുകളിൽ ചിലവു വരുന്ന വീടുകളുടെ നിർമ്മാണത്തിന് നിയന്ത്രണമേർപ്പെടുത്തുകയും പ്രത്യേകം നികുതി ചുമത്തേണ്ടതുമാണ്. 1,5,11 എന്നീ വാർഡുകളിൽ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഹോളോബ്രിക്സ്, മൺക്കട്ട(ഇഷ്ടിക) എന്നിവ നിർമ്മിക്കുന്നുണ്ട്. കെട്ടിട നിർമ്മാണ തൊഴിലാളികളെ വേണ്ടത്ര കിട്ടാനുണ്ട്. നിർമ്മാണ തൊഴിലാളികളുടെ കൂലിനിരക്ക് പരുഷൻമാർക്ക് 125 രൂപയും സ്ത്രീകൾക്ക് 70 രൂപയും ഭക്ഷണവുമാണ് . പുതുതായി നിർമ്മിക്കുന്ന. കോൺക്രീറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം പൂർണ്ണമായും കോൺട്രാക്റ്റ് സമ്പ്രദായത്തിലാണ് നടക്കുന്നത്. പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കുന്നതിനും ഭവന രഹിതർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിനും സർക്കാർ വിവിധ ഏജൻസികളിലൂടെ നടപ്പിലാക്കി വരുന്ന പദ്ധതികൾകൊണ്ടും സഹായങ്ങൾകൊണ്ടും കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ പഞ്ചായത്തു തലത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തിയാലേ ഇതിൽ എന്തെങ്കിലും പുരോഗതിക്കു സാധ്യതയുള്ളൂ. അതോടൊപ്പം തന്നെ വാർഡു തലത്തിലും പ്രത്യേകസമിതികൾ രൂപീകരിച്ചു കഴിയാവുന്നത്ര വിഭവ സമാഹരണം നടത്തി ജനപങ്കാളിത്തത്തോടുകൂടി ഏറ്റവും അർഹരായവർക്ക് വീട് നിർമ്മിച്ചു കൊടുക്കാവുന്ന പരിപാടികളും ആസൂത്രണം ചെയ്യേണ്ടതുണ്ട്.

## പരിഹാരനിർദേശങ്ങൾ

പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. ഭവന നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന ഒരു സ്ഥാപനം പഞ്ചായത്തിൽ സഹകരണമേഖലയിൽ ആരംഭിക്കുക. അതിലൂടെ ദീർഘകാല വായ്പകൾ കുറഞ്ഞ പലിശനിരക്കിൽ അർഹരായവർക്ക് വിതരണം ചെയ്യുക.

2. ഇപ്പോൾ ഭവനനിർമ്മാണ വായ്പകൾ നൽകുന്ന ഭവന നിർമ്മാണബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിലൂടെ നൽകിവരുന്ന വായ്പകൾക്ക് വേണ്ടി സമീപിക്കുന്ന അപേക്ഷകരെ അനാവശ്യമായി നിസ്സാരമായ കാര്യങ്ങൾക്ക് പോലും സാങ്കേതികത്വം പറഞ്ഞ് ബുദ്ധിമുട്ടിപ്പിക്കുന്ന പ്രവണത തുടർന്നു വരുന്നു. ഇതു മൂലം പല അപേക്ഷകരും അർഹതയുണ്ടായിട്ടും വളരെയധികം സമയവും പൈസയും ചിലവഴിച്ചതിനുശേഷം പോലും നിരാശയോടെ വായ്പ ലഭ്യമാകുന്നതനുള്ള ശ്രമത്തിൽ നിന്ന് പിന്തിരിയുന്ന അവസ്ഥയാണുള്ളത്. ആയതിനാൽ ഭവന നിർമ്മാണ വായ്പകൾ ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക, വായ്പ അനുവധിക്കുന്നതിനുള്ള ചുമതല അതാതു ഗ്രാമപഞ്ചായത്തുകളെ ഏൽപിക്കുക എന്നീ കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

3. വീടു വെക്കാൻ സ്വന്തമായി സ്ഥലമില്ലാത്തവർക്കു പഞ്ചായത്തുകൾ മുഖേന ഭൂമി പതിച്ചു നൽകുക.

4. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ ഗവൺമെൻറു ഏജൻസികൾ ഇടപെടുക. ദാരിദ്ര്യരേഖകയ്ക്കു താഴെയുള്ളവർക്കു സബ്സിഡി നിരക്കിൽ ഭവന നിർമ്മാണ സാധനങ്ങൾ ലഭ്യമാക്കുക.

5. ഭവനനിർമ്മാണത്തിനനുവദിക്കുന്ന വായ്പ തുക വർധിപ്പിക്കുക.

6. ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

## ബി. സാമൂഹ്യക്ഷേമം

ഈ പഞ്ചായത്തിൽ പ്രധാനമായും രണ്ട് വിധത്തിലുള്ള സാമൂഹ്യക്ഷേമ പരിപാടികളാണ് നടപ്പാക്കി കൊണ്ടിരിക്കുന്നത്. ദാരിദ്രരേഖയ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള ദാരിദ്ര നിർമ്മാണ പദ്ധതിയും, വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻ ധനസഹായ പദ്ധതിയും.

ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 2904 ആണ്. അതിൽ തന്നെ 928 കുടുംബങ്ങൾക്ക് മത്രമാണ് നാളിതുവരെ സാമ്പത്തികസഹായം ലഭിച്ചിട്ടുള്ളത്. 1976 കുടുംബങ്ങൾക്ക് ഒരു സഹായവും ലഭിച്ചിട്ടില്ല. ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ കണക്കുകളും സഹായം ലഭ്യമായിട്ടുള്ളവരുടെ കണക്കുകളും പട്ടിക 2-ൽ കൊടുത്തിരിക്കുന്നു.

പട്ടിക-2

**ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം.**

| ക്രമ നമ്പർ | വാർഡു നമ്പർ | സർവ്വെ പ്രകാരമുള്ള കുടുംബങ്ങളുടെ എണ്ണം. | | ഇതുവരെ സഹായം ലഭിച്ചിട്ടുള്ളവർ | | സഹായം ലഭിച്ചതു വഴി ദാരിദ്രരേഖയ്ക്ക് മുകളിൽ എത്തിയ കുടുംബങ്ങൾ |
|---|---|---|---|---|---|---|
| | | SC/ST | മറ്റുള്ളവർ | SC/ST | മറ്റുള്ളവർ | |
| 1 | 1to6 | 295 | 1289 | 260 | 60 | 295 |
| 2 | 7to13 | 241 | 1079 | 248 | 360 | 352 |
| ആകെ | | 536 | 2368 | 508 | 420 | 647 |

ദേശസാൽകൃത ബാങ്കുകൾക്ക് ഈ സ്കീം അനുസരിച്ചു വായ്പ നൽകുന്നതിൽ വലിയ താൽപര്യമല്ല. കൂടുതൽ പേർക്ക് സഹായം ലഭ്യമാക്കാൻ സർക്കാർ തലത്തിൽ നടപടി ആവശ്യമാണ്. അതുപോലെ സഹകരണ ബാങ്കുകൾക്ക് ഫണ്ട് അനുവദിച്ചു ഈ മേഖലയിലെ ഗുണഭോക്താക്കളെ സഹായിക്കാൻ ഗവർമെണ്ട് നടപടി സ്വീകരിക്കണം.

സാമൂഹ്യക്ഷേമ രംഗത്ത് വിവിധ പദ്ധതികളിലൂടെ പഞ്ചായത്തിൽ നടപപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്ന.

### 1.ട്രൈസം

18 മുതൽ 35 വയസ്സു വരെയുള്ള യുവതീ യുവാക്കൾക്കു സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം. വളരെ ചുരുക്കം പേർക്ക് മാത്രമേ ഈ പദ്ധതി പ്രകാരം പരിശീലനം ലഭിക്കുന്നുള്ളു. പരിശീലനം ലഭിച്ചവരിൽ 37% പേർക്ക് മാത്രമാണ് മേഖലകളിൽ തൊഴിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്. പഞ്ചായത്തിൽ ട്രൈസം-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം പട്ടിക 2-ൽ കൊടുത്തിട്ടുണ്ട്.

പട്ടിക 2

**ട്രൈസം-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം**

| ക്രമ നമ്പർ | പരിശീലനവിഷയത്തിൻെറ പേർ. | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽകണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലിൽഏർപ്പെട്ടിരിക്കുന്നവരുടെഎണ്ണം |
|---|---|---|---|---|
| 1 | അമ്പർ ചർക്ക | 11 | -- | 11 |
| 2. | പ്രിൻറിംഗ് | 9 | | 9 |
| 3. | തയ്യൽ | 29 | 10 | 19 |
| 4. | വയറിംഗ് | 5 | 3 | 8 |
| 5. | വെൽഡിംഗ് | 13 | 5 | 1 |
| 6. | എംബ്രോയിഡറി ആൻറ് കൊട്ട മുടയൽ | 2 | 2 | - |
| 7. | ഫിലിം ഓപ്പറേറ്റിംഗ് | 2 | | 2 |
| 8. | മരപ്പണി | 1 | 1 | - |
| 9. | ഡ്രൈവിംഗ് ആൻറ് ഓട്ടോമൊബൈൽ | 11 | 10 | 1 |
| | ആകെ | 83 | 31 | 52 |

കൂടുതൽ പേർക്ക് പരിശീലനത്തിലൂടെ തൊഴിൽ കണ്ടെത്താൻ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ആരംഭിക്കാൻ ഉദാരമായ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുക
2. കൂടുതൽ തൊഴിൽ സാധ്യതയുള്ള മേഖലയിൽ പരിശീലനം നൽകുക.
3. പരിശീലനത്തിനെത്തുന്നവർക്കു നൽകുന്ന സ്റ്റൈപൻറ് വർദ്ധിപ്പിക്കുക.
4. അഭിരുചിയുള്ളവരെ കണ്ടെത്തി അവർക്കു മാത്രം പരിശീലനം നൽകുക.

## സി.ആർ.എസ്.പി.

ദാരിദ്രരേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ്. സി.ആർ.എസ്.പി. 95-96 വർഷം നമ്മുടെ പഞ്ചായത്തിൽ 82000 രൂപ സഹായം അനുവദിച്ചു 41 കക്കൂസുകൾ മാത്രമാണ് നിർമ്മിച്ചിട്ടിള്ളത് ഇത് മൊത്തം ആവശ്യക്കാരിൽ വളരെ ചെറിയ ശതമാനത്തിന് മാത്രമാണ് ലഭിക്കുന്നതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. കൂടുതൽ ആളുകൾക്ക് കക്കൂസുകൾ ലഭ്യമാക്കുകയും സംഖ്യ പർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

# വിവിധ പെൻഷനുകൾ-ധനസഹായം

## 1. വിധവാ പെൻഷൻ

വിധവകൾക്കായുള്ള ഈ പദ്ധതിയുടെ പ്രയോജനം അർഹരായ പലർക്കും ലഭിക്കുന്നില്ല. പെൻഷൻ അനുവദിച്ചു കിട്ടുന്നതിനുള്ള നടപടിക്രമങ്ങളുടെ കാലതാമസമാണ് ഒരു പ്രധാന കാരണം. കൂടാതെ പ്രായപൂർത്തിയായ ആൺമക്കളുള്ളവർക്കു (അവർ വീട്ടു കാര്യത്തിൽ ശ്രദ്ധിക്കാതെ തോന്നിയ പോലെ ജീവിക്കുന്നവരായാൽ പോലും) സാമ്പത്തിക ദുരിതമനുഭവിക്കുകയാണെങ്കിൽപോലും പെൻഷൻ ലഭിക്കകയില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. 1995-96 വർഷത്തിൽ പഞ്ചായത്തിൽ 233 പേർക്കു വിവധ പെൻഷൻ ലഭിച്ചിട്ടുണ്ട്.

## 2. വികലാംഗ പെൻഷൻ.

ഈ പെൻഷനും അർഹരായ പലർക്കും ലഭിക്കുന്നില്ല. വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ ലഭിക്കാനുള്ള പ്രയാസം നടപടിക്രമങ്ങളുടെ കാലതാമസം തുടങ്ങിയവയാണ് പ്രധാന കാരണങ്ങൾ. 1995-96 വർഷത്തിൽ പഞ്ചായത്തിൽ 45 പേർക്കു പെൻഷൻ ലഭിച്ചിട്ടുണ്ട്.

## 3. കർഷകതൊഴിലാളി പെൻഷൻ.

അനർഹമായ ധാരാളം പേർക്കു പെൻഷൻ ലഭിക്കുമ്പോഴും അർഹരായ പലർക്കും പെൻഷൻ നിഷേധിക്കുന്ന സമീപനമാണ് ബന്ധപ്പെട്ടവരിൽ നിന്ന് കാണുന്നത്. വിദ്യാഭ്യാസം കുറഞ്ഞവരും ദാരിദ്രരുമായതിനാൽ അർഹമായ പരിഗണന പോലും ചില ഉദ്യോഗസ്ഥർ നൽകുന്നില്ല. കഴിഞ്ഞ ഒരു വർഷത്തിനിടക്ക് ആർക്കും തന്നെ പുതുതായി കർഷകതൊഴിലാളി പെൻഷൻ ലഭിച്ചതായി കാണുന്നില്ല. പുതിയ അപേക്ഷകൾ എവിടെ കൊടുക്കണമെന്ന് വ്യക്തമല്ലാത്തതിൽ ഇക്കാര്യത്തിൽ കൂടുതലൊന്നും ചെയ്യാനും സാധിക്കുന്നില്ല. 1995-96 വർഷത്തിൽ 531 പേർക്ക് പെൻഷൻ ലഭിക്കുകയുണ്ടായി, അർഹരായ വളരെയധികം പേർ പെൻഷനർഹരായുള്ളതിനാൽ അവർക്ക് പെൻഷൻ ലഭിക്കുവാനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതാണ്.

## തൊഴിലില്ലായ്മാ വേതനം.

അനർഹരായി തൊഴിലില്ലായ്മാ വേതനം പറ്റുന്നവർ വളരെ കൂടുതലുണ്ട് ഈ പഞ്ചായത്തിൽ. കഴിഞ്ഞ വർഷം 125 പേർക്ക് തൊഴിലില്ലായ്മാ വേതനം ലഭിക്കുകയുണ്ടായി.

കുറുവ പഞ്ചായത്തിൽ വിവിധ പെൻഷനുകൾ ലഭിക്കുന്നവരുടെ കണക്കു താഴെ കാണിച്ചിരിക്കുന്നു. (പട്ടിക-3). കുറുവ, കോഡൂർ വില്ലേജുകളെ വേറെ വേറെ കാണിച്ചിരിക്കുന്നു.

പട്ടിക-3
വിവിധ പെൻഷനുകൾ

| വില്ലേജ് | വർഷം | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ കാല പെൻഷൻ | ക്ഷയരോക പെൻഷൻ | കർഷക തൊഴിലാളിപെൻഷൻ | തൊഴിലില്ലായ്മാ വേതനം |
|---|---|---|---|---|---|---|---|
| കുറുവ | 1991-92 | 195 | 24 | 15 | - | 515 | 38 |
| | 1992-93 | 196 | 26 | 1 | - | 563 | 102 |
| | 1993-94 | 204 | 29 | 18 | - | 538 | 97 |
| | 1994-95 | 203 | 31 | 20 | 4 | 522 | 113 |
| | 1995-96 | 212 | 34 | 23 | 4 | 502 | 107 |
| കോഡൂർ | 1991-92 | 16 | 5 | 3 | - | 26 | 12 |
| | 1992-93 | 18 | 6 | 2 | - | 34 | 11 |
| | 1993-94 | 19 | 8 | 4 | - | 29 | 14 |
| | 1994-95 | 19 | 10 | 5 | -- | 27 | [illegible] |
| | 1995-96 | 21 | 11 | 4 | - | 29 | 18 |
| | ആകെ | 1103 | 184 | 95 | 8 2755 | 578 | |

അർഹരായവർക്ക് ധനസഹായം ലഭിക്കുന്നതിന് സർവ്വെ നടത്തുകയും, ബോധവൽക്കരണം നടത്തുകയും താഴേക്കിടയിലുള്ള ജനകീയ സമിതികൾക്ക് അധികാരം കൈമാറുകയും ചെയ്യേണ്ടതാണ്.

## അംഗൻവാടികൾ.

നമ്മുടെ പഞ്ചായത്തിൽ 13 വാർഡുകളിലായി മൊത്തം 33 അംഗൻവാടികൾ ഉണ്ട്. അംഗൻവാടികൾ 2.കി.മി. ഉള്ളിൽ ഇല്ലാത്ത പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അംഗൻ വാടികളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. സ്വന്തമായി കെട്ടിടങ്ങളോ പഠനോപകരണങ്ങളോ ഇല്ലാത്തതും പോഷകാഹാര വിതരണം കൃത്യമായി നടപ്പാക്കാത്തവുയുമാണ് പലതും. ഭാവി തലമുറയെ വാർത്തെടുക്കുന്നതിൽ. സുപ്രധാന പങ്കു വഹിക്കുന്ന ഈ സ്ഥാപനങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കേണ്ടതാണ്.

ഇതിനായി പഞ്ചായത്ത് മിച്ച ഭൂമികൾ അംഗൻവാടി നിർമ്മാണത്തിന്നു വിട്ടു കൊടുക്കുക. കെട്ടിടങ്ങൾ നർമ്മിക്കുന്നതിനുള്ള സഹായം അനുയോജ്യമായ ഫണ്ടിൽനിന്നും നൽകേണ്ടതാണ്. ഡി. ഡബ്ലിയു.സി.ആർ.എ. യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ ഒരു നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകേണ്ടതാണ്. തുച്ഛമായ വേതനം വർദ്ധിപ്പിക്കുക അവരെ സ്ഥിരപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അംഗൻവാടികളിൽ കുട്ടികൾക്ക് പോഷകാഹാരത്തിനു നൽകുന്ന സംഖ്യ വർദ്ധിപ്പിക്കേണ്ടതാണ്.

### ക്ഷേമനിധികൾ

നിർമ്മാണതൊഴിലാളി ക്ഷേമനിധിപോലുള്ള പദ്ധതികളുടെ നടത്തിപ്പ് ഇനിയും കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. ഈ രംഗത്തു പ്രവർത്തിക്കുന്ന ധാരാളം പേർ ഇനിയും ഈ പദ്ധതിയിൽ അംഗങ്ങളായിട്ടില്ല. ഇവരെ അംഗങ്ങളാക്കേണ്ടതാണ്. ജോലിഭാരം കഠിനമായതുകൊണ്ട് ഇവരുടെ പെൻഷൻപ്രായം നിലവിലുള്ളതിൽനിന്നും കുറക്കേണ്ടതാണ്. ആഭരണതൊഴിലാളികളും മറ്റു വിദഗ്ദതൊഴിലാളികളും ഉണ്ടെങ്കിലും അവർ പൂർണ്ണമായും ക്ഷേമനിധിയിൽ അംഗങ്ങളല്ല.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട പലകാര്യങ്ങളും ജനങ്ങൾക്ക് അറിയുകയില്ല. നിലവിലുള്ള ക്ഷേമനിധികളെ കുറിച്ചു പലരും ബോധവാൻമാരല്ല. അതിനാൽ ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് വേണ്ടി വാർഡുകൾ കേന്ദ്രീകരിച്ച് ജനകീയകമ്മറ്റികൾ രൂപീകരിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു വൃദ്ധമന്ദിരം സ്ഥാപിക്കേണ്ടതാണ്.

66

## പൊതു വിതരണം.

പഞ്ചായത്തിൽ 11 റേഷൻഷാപ്പുകളും (പൊതുവിതരണ കേന്ദ്രങ്ങൾ) പ്രവർത്തിക്കുന്നു. ഇതിൽ 4763 കാർഡുകളുണ്ട്. ഒരൊറ്റമാവേലിസ്റ്റോറു പോലും പഞ്ചായത്തിലില്ല.

### റേഷൻഷാപ്പ് (പൊതുവിതരണ കേന്ദ്രം).

കുറുവ പഞ്ചായത്തിലെ 11 റേഷൻ ഷാപ്പുകളിലായി 35214 പേർക്കാണ് പൊതുവിതരണ സംവിധാനത്തന്റെ ആനുകൂല്യം ലഭിക്കുന്നത്. പഞ്ചായത്തിൽ പലർക്കും റേഷൻകാർഡില്ല. അർഹതയുണ്ടായിട്ടും കാർഡു കിട്ടാത്തതു മൂലം പലരും വളരേയധികം പ്രയാസങ്ങൾ അനുഭവിക്കുന്നു. മാത്രമല്ല ഉള്ള കാർഡിൽതന്നെ എല്ലാ അംഗങ്ങളേയും ചേർത്തുകിട്ടാനും സാധിക്കുന്നില്ല. വളരെയധികം പരാതികളുണ്ടെങ്കിലും സാധാരണക്കാരന് പൊതുവിതരണ കേന്ദ്രം ഒരു വലിയ ആശ്വാസ കേന്ദ്രമാണ്.

പൊതുവിതരണകേന്ദ്രങ്ങളുടെ ഫലപ്രദമായ നടത്തിപ്പിന് അവ പരിശോധിക്കുന്നതിനും കൃത്രിമം കണ്ടെത്തുകയാണെങ്കിൽ നടപടികൾ സ്വീകരിക്കുന്നതിനും അർഹരായവർക്ക് കാർഡുകൾ നൽകുന്നതിനുമുള്ള അധികാരം അതാതു ഗ്രാമ പഞ്ചായത്തുകൾക്ക്. നൽകുക, ഓരോ വാർഡിലും അതാതു വാർഡിലെ പൊതുവിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് വാർഡ് മെമ്പറുടെ നേതൃത്വത്തിൽ പ്രവർത്തനാധികാരമുള്ള ജനകീയ സമിതി രൂപീകരിക്കുക എന്നിവ പ്രത്യേകം പരിഹരിക്കേണ്ട കാര്യങ്ങളാണ്. കുറുവ ഗ്രാമ ത്തിലെ പൊതുവിതരണ സംവിധാനത്തെ സംബന്ധിച്ച വിവരം പട്ടിക 4ൽ കൊടുത്തിട്ടുണ്ട്.

പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ ആരംഭിക്കണം. ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കേണ്ടതാണ്.

പട്ടിക 4
പൊതുവിതരണ സംവിധാനത്തെ കുറിച്ചുള്ള വിവരങ്ങൾ

| വർഷം | കാർഡുകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (കിൻറൽ) | | | | | മണ്ണെണ്ണ (ലിറ്റർ). | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | NE | E | ആകെ | മേജർ (12വയസ്സിനു മുകളിൽ) | മൈനർ | ആകെ | അരി | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റുവഴി വിതരണം | കാർഡിന് |
| 1991-92 | 2914 | 1905 | 4819 | 26397 | 7070 | 33467 | 25563 | 5274 | 136 | 517 | 1477 | 177 | 223515 | 22450 |
| 1992-93 | 2912 | 1804 | 4716 | 26401 | 7077 | 33478 | 25854 | 5541 | 198 | 642 | 1522 | 190 | 224645 | 23376 |
| 1993-94 | 2910 | 1804 | 4714 | 25497 | 7076 | 32573 | 25842 | 5394 | 229 | 706 | 1515 | 204 | 224750 | 25491 |
| 1994-95 | 2941 | 1812 | 4753 | 25708 | 6983 | 32691 | 25946 | 5526 | 293 | 812 | 1530 | 213 | 207460 | 26365 |
| 1995-96 | 2951 | 1812 | 4763 | 28991 | 6223 | 35214 | 25983 | 5754 | 366 | 858 | 1556 | 219 | 226376 | 26630 |




8

# സംസ്കാരം



പഴയ വള്ളുവനാട് രാജ്യത്തിൻെറ ഭാഗമായിരുന്ന കുറുവ പഞ്ചായത്ത് ഉദാത്തമായ ഒരു സാംസ്കാരിക പൈതൃകത്തിന് വേരോട്ടം കിട്ടിയ പ്രദേശമാണ്. ഈ പ്രദേശം ഭരിച്ചിരുന്ന രാജകുടുംബത്തിൻെറ ആസ്ഥാന കേന്ദ്രമായിരുന്ന ''കുറുവ കോവിലകം'' എന്ന നാമത്തിൽ നിന്നാണ് ഈ പഞ്ചായത്തിന് കുറുവ എന്ന പേര് ലഭിച്ചത്.

വിവിധ വിഭാഗത്തിലുള്ള ആളുകൾ ഇടത്തിങ്ങി താമസിക്കുന്ന ഇവിടം മതസൗഹാർദ്ദത്തിനും സഹവർതിത്വത്തിനും പണ്ടുമുതലേ പേരുകേട്ടതാണ്. ചരിത്രത്തിൻെറ ഏടുകളിൽ ഉജ്വലമായ സായുധ സമരങ്ങളും ഒളിപ്പോരുകളും നടന്ന പ്രദേശമായ പടപ്പറമ്പ് ഇന്ന് ഈ പഞ്ചായത്തിൻെറ ആസ്ഥാനമാണ്. നാട്ടു രാജാക്കന്മാരായ സാമൂതിരിയും വള്ളുവനാട് രാജാവും തമ്മിലുള്ള യുദ്ധം നടന്നത് ഈ പടപ്പറമ്പിൽ വെച്ചാണ്. വള്ളുവനാടിൻെറ ജനറൽ ''കരുവായൂർ മൂപ്പിൽ'' സാമൂതിരിയുടെ സേനയോട് പോരാടി നിരവധി യോദ്ധാക്കളോടൊപ്പം മൃതിയടഞ്ഞ പ്രദേശം കൂടിയാണ് പടപ്പറമ്പ്.

വിദ്യാഭ്യാസ പരമായി മുമ്പു വളരെ പിന്നോക്കം നിന്നിരുന്ന പഞ്ചായത്താണെങ്കിലും നിർവധി മഹാരഥൻമാരുടെ തീവ്രമായ പരിശ്രമം കൊണ്ട് വിദ്യാഭ്യാസ പ്രചരണം നടത്തുവാനും ഒരു പരിധിവരെ ആ പി

ന്നോക്കാവസ്ഥ പരിഹരിക്കാനും സാധിച്ചു. ഈ പഞ്ചായത്തിൻെറ പ്രഥമ പ്രസിഡൻറും വള്ളുവനാട് രാജാവിൻെറ മകനുമായ യശ:ശരീരനായ ശ്രീ.കൊളപ്പുറത്ത് കേശവൻ നായർ, രണ്ടാമത്തെ പഞ്ചായത്ത് പ്രസിഡൻറായിരുന്ന ശ്രീ.പി.കെ.ബാപ്പുട്ടി സാഹിബ് എന്നിവർ അവരിൽ പ്രധാനികളാണ്. ശ്രീ.കരുവള്ളി മുഹമ്മത് മൗലവിയെ പോലുള്ള വിദ്യാഭ്യാസ വിദഗ്ധരുടെ നിസ്വാർത്ഥമായ സേവനംകൊണ്ട് വിദ്യാഭ്യാസ രംഗം ഇന്നും പ്രശോഭിതമാണ്.

ഈ പഞ്ചായത്തിൻെറ വിദ്യാഭ്യാസ പരവും സാംസ്കാരികവുമായ ഉന്നമനത്തിൻെറ സ്രോതസ്സുകളായി വർത്തിച്ച നിരവധി ഔപചാരിക അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഉയർന്നു നിൽക്കുന്ന ദീപസ്തംഭങ്ങളായി ഇന്നും കാണാവുന്നതാണ്.

യോഗാസനാ വിദഗ്ധൻ പരേതനായ ഹിസ് ഹോളിനസ്സ് യോഗി പത്മനാഭൻ ഈ പഞ്ചായത്തിൻെറ കായിക രംഗത്തെ അത്യുന്നതിയിലേക്ക് ഉയർത്തിയ അത്ഭുത പ്രതിഭാ ശാലിയാണ്.

ബ്രിട്ടീഷ് തേർവാഴ്ചക്കെതിരെ സമരം നടത്തിയ പ്രസ്ഥാനങ്ങളിൽ ഈ പ്രദേശത്തെ ധീരരായ പല ആളുകളും ഉണ്ടായിരുന്നു. ബ്രിട്ടീഷ് പോലീസ് ഉദ്യോഗസ്ഥനെ കൊലപ്പെടുത്തി കുടകിലേക്ക് ഒളിവിൽ പോയ പരേതനായ ശ്രീ.പാറച്ചോടൻ മൊയ്തീൻകുട്ടി ഈ പ്രദേശത്തിൻെറ വീരപുത്രനാണ്.

ഇത്രയൊക്കെ മഹത്തായ ഗ്രാമീണ സംസ്കൃതിയുള്ള ഈ പഞ്ചായത്തിൻെറ ഇപ്പോഴത്തെ സാംസ്കാരിക നിലയിലൂടെ ഒന്നു കണ്ണോടിച്ചു നോക്കാം.

## മതങ്ങളും സംസ്കാരവും

വിവിധ മതങ്ങളും സംഘടനകളും അവയുടെ കീഴിൽ നടത്തപ്പെടുന്ന ആചാരാനുഷ്ടാനങ്ങളുമെല്ലാം ഈ പഞ്ചായത്തിനെ സംസ്കാര സമ്പന്നമാക്കുന്നു. ഏകദേശം അമ്പതിനായിരത്തോളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ഹിന്ദു,മുസ്ലീം മതങ്ങളിൽപ്പെട്ടവരാണ് കൂടുതലും. ക്രിസ്ത്യാനികളും ഇല്ലാതില്ല. ഈ മതസ്തർക്കിടയിലെ ആരാധനാ കർമ്മങ്ങളും ആചാര അനുഷ്ടാനങ്ങളുമെല്ലാം സജീവമായിതന്നെ നടന്നുവരുന്നു. കൂടാതെ ആഘോഷങ്ങളായ ഓണം,പെരുന്നാൾ, ക്രിസ്തുമസ്, വിഷു എന്നിവയും ആഹ്ലാദപൂർവ്വം തന്നെ കൊണ്ടാടാറുണ്ട്.

വിവിധ മതങ്ങളും അവയുടെ കീഴിൽ ജാതികളും വിഭാഗങ്ങളുമെല്ലാം ഉണ്ടെങ്കിലും അവക്കെല്ലാം അതീതമായി എല്ലാവരും ഒരുമയോടെ, സൗഹാർദ്ദത്തോടെ കഴിയുന്നു എന്നത് കുറുവ പഞ്ചായത്തിൻെറ ഒരു സവിശേഷതയാണ്.

ആരാധനാലയങ്ങളായ മസ്ജിദുകളും ക്ഷേത്രങ്ങളും മറ്റു പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ധാരാളം കാണാവുന്നതാണ്. അവയുടെ കീഴിൽ വാർഷികാഘോഷം,നബിദിനാഘോഷം, താലപ്പൊലി, അയ്യപ്പൻ വിളക്ക്, തേർപൂജ, കളിയാട്ടങ്ങൾ എന്നിവയെല്ലാം സമുചിതമായി ആഘോഷിക്കാറുണ്ട്. ആരാധനാലയങ്ങളുടെ കീഴിൽ പ്രത്യേക കമ്മിറ്റി ഉണ്ടാക്കി വിവിധ മതസ്ഥരുടെ സഹകരണത്തോടെ വളരെ സൗഹാർദ്ദപ്പൂർവ്വം അവയെല്ലാം കൊണ്ടാടാറുണ്ട്.

## കലാരംഗം

കോൽക്കളി, തിരുവാതിരക്കളി, ഭരതനാട്യം, ചവിട്ടുകളി, കുമ്പാരക്കളി, ദഫ്മുട്ട്, പരിചമുട്ട്, ചാടിമുട്ട്, പകിടകളി, മലമർക്കളി, ചെറുമക്കളി, ഒപ്പന, മാപ്പിളപ്പാട്ട്, കല്യാണപ്പാട്ട്, മൈലാഞ്ചിപ്പാട്ട് തുടങ്ങിയ വിവിധ കലാരൂപങ്ങൾ ഈ പഞ്ചായത്തിൽ നിലനിൽക്കുന്നു, എന്നാൽ ഇവയിൽ പലതും ഇന്ന് അപൂർവ്വമായി മാത്രമേ കാണപ്പെടുന്നുള്ളൂ എന്നത് ഈ രംഗം പ്രോത്സാഹിപ്പിക്കേണ്ടതിലേക്ക് വിരൽ ചൂണ്ടുന്നു.

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പല കലാസാംസ്കാരിക സംഘടനകളുടെയും സ്ഥാപനങ്ങളുടെയും കീഴിൽ വിവിധ കലാപ്രദർശനങ്ങളും മത്സരങ്ങളുമെല്ലാം നടക്കാറുണ്ടെങ്കിലും അവയൊന്നും തന്നെ അടുക്കും ചിട്ടയോടും കൂടി സ്ഥിരമായി നടക്കാറില്ല. മനുഷ്യർക്കിടയിലെ സഹവർത്തിത്വവും സാഹോദര്യബോധവും വളർത്തുന്നതും നമ്മുടെ സാംസ്കാരിക പൈതൃകം നിലനിർത്തിപ്പോരുന്നതുമായ ഇത്തരം കലാരൂപങ്ങൾ കണ്ണറഞ്ഞു പോകുന്നത് നിസ്സാരമായി കാ

ണാൻ പറ്റില്ല.

കലാകായിക രംഗങ്ങളിൽ നിന്നെല്ലാം അനേകം പ്രതിഭകളേയും പ്രഗത്ഭരേയും വളർത്തിയെടുക്കാൻ പറ്റുന്ന ഒരു പഞ്ചായത്താണിത്. ഓരോ പ്രദേശത്തും ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്ന അനേകം ആളുകളെ നമുക്കു കാണാവുന്നതാണ്. വേണ്ടതരത്തിലുള്ള അംഗീകാരവും പ്രോത്സാഹനവും ലഭിക്കാത്തതു കൊണ്ടാവാം അവരെല്ലാം ഒന്നുമല്ലാതായി തീരുകയാണ്. താഴെതലത്തിൽ(പഞ്ചായത്ത് തലത്തിൽ)അവർക്ക് വേണ്ടത് ചെയ്ത്കൊടുത്ത് ഉന്നതങ്ങളിലേക്ക് ഉയരാനുള്ള സാഹചര്യം ഒരുക്കികൊടുക്കണം. വിവിധ കലാരൂപങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് ബഹുജന പങ്കാളിത്തത്തോടെ എല്ലാവർഷവും പഞ്ചായത്ത് തലത്തിൽ മേളകൾ നടത്തണം. കൂടാതെ ഇത്തരം മേളകളുടെ പൂർണ്ണമായ വിവരം പഞ്ചായത്തിൽ സൂക്ഷിക്കുകയും വേണം.

സ്ഥിരമായി പ്രവർത്തിക്കുന്ന പ്രൊഫഷണൽ നാടകസംഘങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ കാണപ്പെടുന്നില്ല. അതുകൊണ്ട് ഈ രംഗത്ത് പ്രവർത്തിക്കാൻ കഴിവുള്ള കലാകാരന്മാരെ കണ്ടെത്തി വേണ്ട സഹായംചെയ്തുകൊടുത്ത് ഇത്തരത്തിലുള്ള കലാസംഘങ്ങൾ വളർത്തിയെടുക്കാവുന്നതാണ്.

## കായികരംഗം

കുറുവപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ രംഗം അനുദിനം നിർജ്ജീവാവസ്ഥയിലേക്ക് നീങ്ങുന്ന ഒരു കാഴ്ചയാണ് ഇന്നു കാണുന്നത്. മുൻകാലങ്ങളിൽ നിലനിന്നിരുന്ന പല കായിക വിനോദങ്ങളും ഇന്നു കാണാൻ പ്രയാസമാണ്. കബടി, പടാളി, ബാറ്റ്മിൻറൻ, വോളിബോൾ എന്നുതുടങ്ങി ഫുട്ബാൾ വരെയുള്ള കായിക വിനോദങ്ങൾ ക്രിക്കറ്റിനു വഴിമാറികൊടുത്ത അവസ്ഥയാണ് ഇപ്പോൾ കാണുന്നത്.

കൊയ്ത്തു കഴിഞ്ഞപാടങ്ങളിൽ മുമ്പെല്ലാം ഇത്തരം കളികൾ പലതും നടന്നിരുന്നു. എന്നാൽ ഇന്നു നെൽപാടങ്ങളെല്ലാം മറ്റു കൃഷികളും കെട്ടിങ്ങളും കൈയടക്കിയതുകൊണ്ട് ഗ്രൗണ്ടുകളുടെ അഭാവം അനുഭവപ്പെടുകയാണ്. ഈ കാര്യത്തിൽ നമ്മളുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതു ആവശ്യമാണ്. ഓരോപ്രദേശത്തും കാണപ്പെടുന്ന പൊതുസ്ഥലങ്ങൾ ഗ്രൗണ്ടുകൾ ഉപയോഗിക്കാൻ ജനങ്ങൾക്ക് വിട്ടുകൊടുക്കണം. അതോടൊപ്പം തന്നെ പഞ്ചായത്ത് തലത്തിൽ ഒരു സ്റ്റേഡിയം സ്ഥാപിക്കേണ്ടതും ആവശ്യമാണ്.

കായിക രംഗത്ത് ശോഭിക്കുന്ന ആളുകളെ കണ്ടെത്താൻ വേണ്ടി പഞ്ചായത്ത് തലത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുകയും അവർക്കു വേണ്ടുന്ന എല്ലാപ്രോത്സാഹനവും നൽകുകയും വേണം. അതോടൊപ്പം തന്നെ വിദ്യാർത്ഥികളുടെയും കായിക ശക്തി വർദ്ധിപ്പിക്കാൻ വിദ്യാലയങ്ങളോടനുബന്ധിച്ച് സ്പോർട്സ് ഡിവിഷൻ ആരംഭിക്കണം. ഇതെല്ലാം ചെയ്ത്കൊണ്ട് ഈ പഞ്ചായത്തിലെ ജനങ്ങളുടെ കായിക ശക്തി വർദ്ധിപ്പിക്കാവുന്നതാണ്.

## കലാകായികസാംസ്കാരിക സംഘടനകൾ

കലാ കായിക സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന പല സമിതികളും ക്ലബ്ബുകളുമെല്ലാം പഞ്ചായത്തിൻെറ പല വാർഡുകളിലും ഉണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ അത്ര കണ്ട് കാര്യക്ഷമമാണെന്ന് പറയാൻവയ്യ. കുറുവയിലെ K.Y.C.A(രജി: നമ്പർ 535/95), K.W.C.A,പാങ്ങിലെ ജ്ഞാനോദയാ, 13-ാം വാർഡിലെ ബ്ലാക്ക് ആൻഡ് വൈറ്റ് ക്ലബ്ബ്, ചെറുകുളമ്പിലെ യുവ ഭാവനാ സാംസ്കാരിക സമിതി ആൻറ് ലൈബ്രറി(രജി:നമ്പർ160/96)താണിക്കോടിലെ P.K.B.S,അമ്പലപറമ്പിലെ 'പുലരി' ഏഴാം വാർഡ് ക്രസൻറ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് എന്നിവയെല്ലാം ഇത്തരത്തിലുള്ള സംഘടനകളാണ്. പൊതുജനങ്ങളിൽ നിന്ന് സംഭാവനകളും മറ്റും വാങ്ങിയാണ് ഇവയിൽ പലതും നിലനിന്ന് പോകുന്നത്. കലാകായികസാംസ്കാരിക രംഗങ്ങളിലുള്ള ഇവയുടെ പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്.

കുറുവ പഞ്ചായത്തിൻെറ ചരിത്രം പരിശോധിച്ചാൽ ഇത്തരം സംഘടനകളുടെ പ്രവർത്തനം മുൻ കാലങ്ങളിൽ ഇന്നത്തേതിലേറെ സജീവമായി





KERALA INSTITUTE OF ... LIBRARY

രുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. സാമ്പത്തിക പ്രതിസന്ധിയും ജനങ്ങളുടെ താൽപര്യമില്ലായ്മയും കൊണ്ടാവാം കാലക്രമേണ അവയെല്ലാം നിർജ്ജീവമായി കൊണ്ടിരിക്കുകയാണ്. ഒമ്പതാം പദ്ധതിയിലൂടെ ലഭിക്കുന്ന ഫണ്ടിൻെറ ഒരു ഭാഗം ഇത്തരം സംഘടനകളുടെ പ്രവർത്തനത്തിനും പുരോഗത്തിക്കും വേണ്ടി നീക്കിവെക്കേണ്ടതാണ്. കൂടാതെ ഇവയുടെ പ്രാധാന്യത്തെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും വേണം.

സാംസ്കാരിക രംഗത്തിൻെറ കേന്ദ്രമായി വർത്തിക്കുന്ന സാംസ്കാരിക നിലയം ഈ പഞ്ചായത്തിലില്ല. ആയതുകൊണ്ട് എത്രയും പെട്ടെന്ന് തന്നെ അതിനു വേണ്ടുന്ന നടപടികാ എടുത്ത് സാംസ്കാരിക രംഗം സജീവമാക്കേണ്ടതാണ്.

## മാധ്യമങ്ങളും സംസ്കാരവും.

ഒരു സമൂഹത്തിൻെറ സംസ്കാരത്തിൽ മാധ്യമങ്ങാക്കുള്ള സ്വാധീനം വളരെ വലുതാണ്. അതുകൊണ്ട് തന്നെ ഒരു പ്രദേശത്തെ വാർത്താമാധ്യമങ്ങളുടെയും മറ്റും ലഭ്യതയും അവയുടെ സ്വാധീനവും വിലയിരുത്തപ്പെടേണ്ടത് തന്നെയാണ്. പുസ്തകങ്ങാ, ദിനപ്പത്രങ്ങാ, റേഡിയോ,ടി.വി. തുടങ്ങിയ മാധ്യമങ്ങാ എല്ലാം ഈ പഞ്ചായത്തിലെ ആളുകാ ഉപയോഗിച്ച് വരുന്നു. സാമ്പത്തിക ശേഷിയുള്ള ആളുകാ ദിനപ്പത്രങ്ങളും ടി.വി പോലുള്ള ഇലക്ട്രോണിക് മാധ്യമങ്ങളും സ്വന്തമാക്കി ഉപയോഗിക്കുന്നുണ്ടെങ്കിലും സമൂഹത്തിലെ ഭൂരിഭാഗം വരുന്ന സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന ആളുകാക്ക് ഇവയെല്ലാം അപ്രാപ്യമാണ്. അവർക്ക് ഏക ആശ്രയം ചായക്കടയിലെ ദിനപത്രങ്ങളും അയൽവീടുകളിലെ ടി.വി യുമാണ്. ഇതിന് ഒരു പരിഹാരമെന്ന നിലക്ക് പഞ്ചായത്ത് തലത്തിൽ പലതും ചെയ്യാൻ സാധിക്കും. പൊതു ജനങ്ങാക്ക് ഉപകാരപ്പെടുന്ന തരത്തിൽ ഓരോ പ്രദേശത്തും ഒരു പൊതു വേദിയുണ്ടാക്കി (ഉള്ളവ സജീവമാക്കിയാലും മതി) അതിലേക്ക് സൗജന്യമായി പത്രമാസികകളും മറ്റും നൽകുകയും ടി.വി.പോലുള്ളവ സ്ഥാപിക്കാവുന്നതുമാണ്.

മാധ്യമങ്ങാ പലതരത്തിൽ ഉപകാരപ്പെടുന്നുണ്ടെങ്കിലും ചില സന്ദർഭങ്ങളിൽ അവ ഉപദ്രവമാവാറുണ്ട്. അവയുടെ അമിതോപയോഗവും ദുരുപയോഗവും തന്നെ ആതിന് കാരണം. ടി.വി.പോലുള്ള മാധ്യമങ്ങാ ഇന്നത്തെ അവസ്ഥയിൽ ഒഴിവാക്കാൻ പറ്റുന്നവയല്ലെങ്കിലും അവയുടെ അമിതോപയോഗം വിദ്യാർത്ഥികളുടെ പഠനത്തെ വളരെയധികം ബാധിക്കുന്നതായി പൊതുവെ കണ്ട് വരുന്നുണ്ട്.വിദ്യാർത്ഥികളുടെ രക്ഷിതാക്കാക്ക് മാത്രമേ ഇത് നിയന്ത്രിക്കുവാൻ കഴിയുകയുള്ളൂ എന്നതുകൊണ്ട് ആ നിലക്കുള്ള ഒരു ശ്രമം മാത്രമേ വിജയപ്രദമാകയുള്ളൂ. ഈ കാര്യങ്ങളെ ആസ്പദമാക്കി വാർഡ് തലത്തിലും പഞ്ചായത്തു തലത്തിലുമൊക്കെ ബോധവൽക്കരണ ക്ലാസ്സും സെമിനാറുകളുമൊക്കെ സംഘടിപ്പിക്കാവുന്നതാണ്.

നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന ഗ്രന്ഥശാലകാ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഒരിടത്തും ഇല്ല. ചിലപ്രദേശങ്ങളിൽ സമിതികളുടേയും മറ്റും കീഴിൽ ഗ്രന്ഥ ശേഖരണമുണ്ടെങ്കിലും അവയൊന്നും തന്നെ വേണ്ടത്ര കാര്യക്ഷമമായി പൊതുജനത്തിന് ഉപകരിക്കപ്പെടുന്നില്ല. ജനങ്ങളിൽ നിന്ന് കാശ് പിരിച്ചെടുത്താണ് ഇവയുടെ എല്ലാം നടത്തിപ്പ്. അത് കൊണ്ട് ഓരോ വാർഡിലും ഗ്രന്ഥശാലകാ സ്ഥാപിച്ചും ഉള്ളവർക്ക് ഗ്രാൻറും മറ്റും നൽകി പുനരുജ്ജീവിപ്പിച്ചും ഈ പ്രശ്നത്തിന് പരിഹാരം കാണണം.

പുരുഷൻമാരോട് താരതമ്യം ചെയ്ത് നോക്കുകയാണങ്കിൽ സ്ത്രീകളുടെ ഇടയിൽ വായനശീലം വളരെ കുറവാണെന്ന് കാണാവുന്നതാണ്. അതിന് ചില കാരണങ്ങളുണ്ടെങ്കിലും അവയെല്ലാം പരിഹരിക്കാവുന്നതേയുള്ളൂ. അതിൽ ഒന്ന് അവർക്ക് വായിക്കാൻ വേണ്ട പുസ്തകങ്ങാ ലഭിക്കുന്നില്ല എന്നതാണ്. പൊതുവായനശാലകളിലും മറ്റും വരുന്നതിന് അവർക്ക് സ്ത്രീ എന്ന പരമിതിയുമുണ്ടല്ലോ?. അത് കൊണ്ട് അവർക്ക് മാത്രമായി പ്രത്യേക വായനശാലകാ തുടങ്ങുകയും വായനയുടെ പ്രാധാന്യത്തെ കുറിച്ച് അവരെ ബോധവൽക്കരിക്കുന്നതും ആകാവുന്നതാണ്.

## പ്രശ്നപരിഹാരമാർഗങ്ങൾ

1. വിവിധ മതവിഭാഗങ്ങളുടെ ആഘോഷങ്ങൾ പഞ്ചായത്ത് തലത്തിൽ പൊതുവേദിയിൽ കൊണ്ട് വന്ന് അത് വഴി മതസൗഹാർദ്ദം ഊട്ടി ഉറപ്പിക്കാവുന്നതാണ്.

2. മതസംസ്കാരങ്ങളുമായി ബന്ധപ്പെട്ട കലകളെ നില നിർത്താൻ പ്രത്യേകശ്രദ്ധ ചെലത്തുക.

3. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പൊതുജനങ്ങളുടെ സഹകരണത്തോടെ കലാസമിതികൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ കാലാ കാലങ്ങളിൽ അധികൃതർ പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും വേണം.

4. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു ഓപ്പൺഎയർതിയ്യറ്റർ, ഒരു പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ എന്നിവ നിർമ്മിക്കുക.

5. വിവിധ കലകളെ പരിപോഷിപ്പിക്കുന്നതിന് അതാത് കലകളിൽ പ്രാവീണ്യം നേടിയവരുടെ സേവനം ലഭ്യമാക്കുക.

6. പഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക.

7. പഞ്ചായത്ത് തലത്തിൽ നടത്തപ്പെടുന്ന കലാമത്സരങ്ങൾ വളരെയധികം സജീവമായും ജനപങ്കാളിത്തത്തോടും കൂടി വിപുലമായി നടത്തുക.

8. പഞ്ചായത്തിനെ മൂന്ന് മേഖലകളായി തിരിച്ച് ഈ മൂന്ന് മേഖലകളിലെ പ്രധാന സ്ഥലങ്ങളായ പഴമള്ളൂർ,ചെറുകുളമ്പ്,പാങ്ങ് എന്നിവിടങ്ങളിൽ പൊതു കളിസ്ഥലങ്ങൾ നിർമ്മിക്കുക.

9. പഞ്ചായത്ത് ആസ്ഥാനത്ത് എല്ലാ കായികവിനോദങ്ങൾക്കും അനുയോജ്യമായ ആദുനികരീതിയിലുള്ള ഗ്രൗണ്ടും സ്റ്റേഡിയവും സ്ഥാപിക്കുക.

10. ഗവൺമെൻറ് ഹൈസ്ക്കൂൾ (പാങ്ങ്) ഐ.കെ.ടി.ഹയർ.സെക്കണ്ടറിസ്ക്കൂൾ(ചെറുകുളമ്പ്), എ.യു.പി.എസ്(കുറുവ)എന്നിവയോടനുബന്ധിച്ച് ഒരു സ്പോർട്സ് ഡിവിഷൻ ആരംഭിക്കുക.

11. വിദഗ്ദരായ കോച്ചുകളുടെ സേവനം കായികരംഗത്ത് ലഭ്യമാക്കുക.

12. കായിക വിനോദത്തിൻെറ ഭാഗമായി എല്ലാ വാർഡുകളിലും കുട്ടികളുടെ പാർക്ക് നിർമ്മിക്കുക.

13. എല്ലാ വാർഡുകളിലും ചെറുകളിസ്ഥലങ്ങൾ നിർമ്മിക്കുക.

14. ഗവൺമെൻറ് അംഗീകൃത ഗ്രന്ഥശാലകൾ എല്ലാവാർഡുകളിലും സ്ഥാപിക്കുക. ഈ ഗ്രന്ഥശാലകൾക്ക് ഓരോ ടി.വി. പ്രധാനപ്പെട്ട മൂന്ന് ദിനപ്പത്രം,ശാസ്ത്രമാസികകൾ, സർക്കാർ ഗസറ്റ്, മറ്റ് സർക്കാർ പ്രസിദ്ധീകരണങ്ങൾ എന്നിവ ലഭ്യമാക്കുക. കൂടാതെ ഈ ഗ്രന്ഥശാലകളിലേക്ക് ഓരോ ലൈബ്രേറിയനെ നിയമിക്കുക.

15. പഞ്ചായത്തിൽ ചരിത്ര-ശാസ്ത്രമ്യൂസിയം,ഗവേഷണകേന്ദ്രം എന്നിവ സ്ഥാപിക്കുക.

16. സാംസ്കാരിക ജീർണ്ണതക്കെതിരെ ജനപങ്കാളിത്തത്തോടെ ബോധവൽക്കരണ ക്ലാസ്സ് നടത്തുക.

20-ാം നൂറ്റാണ്ടിൽ നിന്ന് 21-ാം നൂറ്റാണ്ടിലേക്ക് പോയിക്കൊണ്ടിരിക്കുന്ന മാനവസമൂഹത്തിൻെറ സർവ്വതോന്മുഖമായ സാംസ്കാരിക ഉന്നമനത്തിനും ജീവിതത്തിൻെറ നാനാതുറകളിലുള്ള ഗുണപരമായ മാറ്റത്തിനും ഈ ജനകീയ പദ്ധതിയായ ഒമ്പതാം പദ്ധതിയിലൂടെ സാധിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

അമൂല്യങ്ങളായ സനാതന മൂല്യങ്ങൾക്ക് ജീവൻ നൽകാനും അതിലൂടെ ഉയർന്ന തലത്തിലുള്ള ഒരു സമൂഹത്തെ വളർത്തിയെടുക്കാനും നമുക്ക് കഴിയേണ്ടതുണ്ട്. സാംസ്കാരിക ചൈതന്യത്തെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്ന പ്രതിലോമശക്തികളെ ചെറുത്ത് തോൽപ്പിക്കാൻ ഒരു വമ്പിച്ച ജനകീയ മുന്നേറ്റം തുടങ്ങുകയാണ് നമ്മുടെ മൗലിക കർത്തവ്യം.







# വനിത

ഒരു കാലത്ത് എവിടെയും അടിച്ചമർത്തപ്പെട്ട ഒരു വർഗമായിരുന്നു സ്ത്രീകളെങ്കിലും ഇന്ന് ആ അവസ്ഥയ്ക്ക് അല്പമെങ്കിലും മാറ്റം വന്നിട്ടുണ്ട്. പക്ഷേ കഴിവും സന്നദ്ധതയും ഉണ്ടെങ്കിൽ തന്നെ പൊതു രംഗത്ത് പ്രത്യക്ഷപ്പെടാൻ സ്ത്രീ താല്പര്യപ്പെടുന്നില്ല. ഈ സത്യം വിസ്മരിക്കാതെ തന്നെ പറയട്ടെ, പലയിടത്തും സ്ത്രീകൾ ക്രൂരമായി, തിരസ്ക്കരിയ്ക്കപ്പെടുകയാണ്. അർഹതക്കുള്ള അംഗീകാരം പലപ്പോഴും അവളെ തേടിയെത്തുന്നില്ല. സ്ത്രീയായത് കൊണ്ട് മാത്രം സ്ഥാനമാനങ്ങൾ നിഷേധിക്കപ്പെടുന്നു. തങ്ങളുടെ അവകാശങ്ങളെ കുറിച്ച് വനിതകൾക്കുള്ള അജ്ഞത ഒരു പരിധി വരെ ഇതിന് കാരണമാണ്.

നൂറു ശതമാനം സാക്ഷരത നേടി എന്നഭിമാനിക്കുന്ന കേരളത്തിൽ ഇന്നും എത്രയോ പേർ നിരക്ഷരരാണ്. അതിൽ ഏറെയും സ്ത്രീകളും, വനിതാവിമോചനപ്രസ്ഥാനങ്ങളും, സ്ത്രീസമത്വവാദങ്ങളുമെല്ലാം നഗരത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ഗ്രാമീണ വനിതകളിൽ പലർക്കും അതിനെക്കുറിച്ച് വ്യക്തമായ അറിവ് തന്നെ ഉണ്ടായിക്കൊള്ളമെന്നില്ല. തങ്ങളുടെ ജീവിതം അടുക്കളച്ചുമരുകൾക്കുള്ളിലാണ് എന്നുറച്ച് വിശ്വസിക്കുന്ന ഒരു സ്ത്രീസമൂഹമാ

ണ് നമ്മുടെ നാട്ടിൻ പുറങ്ങളിലുള്ളത്. തങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരെ പ്രതിഷേധിക്കാൻ, നിഷേധിക്കപ്പെടുന്ന അവകാശങ്ങൾ നേടിയെടുക്കാൻ അവർ അശക്തയാകുന്നു. നമ്മുടെ പഞ്ചായത്തും ഇക്കാര്യത്തിൽ ഒട്ടും വ്യത്യസ്തത പുലർത്തുന്നില്ല.

കുറുവ പഞ്ചായത്തിൽ പുരുഷന്മാരെക്കാൾ സ്ത്രീകളാണ് കൂടുതൽ. പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണ 17146 ഇത് മൊത്തം ജനസംഖ്യയുടെ 51ശതമാനം വരും.

വിദ്യാഭ്യാസം ഇന്നും ഈ പഞ്ചായത്തിലെ പെൺകുട്ടികൾക്ക് നിഷേധിക്കപ്പെടുന്നു. പ്രാഥമിക വിദ്യാഭ്യാസം നൽകാൻ ആരും മടിക്കാറില്ലെങ്കിലും ഹൈസ്ക്കൂൾ കഴിയുന്നതോടെ മിക്ക പെൺകുട്ടികളുടെയും വിദ്യാഭ്യാസം അവസാനിക്കുകയാണ്. കോളേജിലയക്കാൻ തൽപര്യപ്പെടുന്ന രക്ഷിതാക്കൾ വളരെ ചുരുക്കമാണ്. വിവാഹപ്രായമെത്തി എന്ന ചിന്തയാണ് മാതാപിതാക്കളെ പിറകോട്ട് വലിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ എത്രയോ അധികം പെൺകുട്ടികൾ 18 തികയുന്നതിനു മുമ്പേ വിവാഹിതരാകുന്നു. ഈ വിവാഹസങ്കൽപം പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനൊരു വിലങ്ങു തടിയാണെന്നു പറയാം. എങ്കിലും ബിരുദാരിണികളും, വിരളമായി ബിരുദാനന്തര ബിരുദം നേടിയവരും ഈ ഗ്രാമീണ സമൂഹത്തിലുണ്ടെന്നുള്ളത് ആശക്കു വക നൽകുന്നു. അനതി വിദൂരഭാവിയിൽ സ്ത്രീകൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നതിന് അനുകൂലമായ മനോഭാവം ജനങ്ങളിലുണ്ടാവുമെന്നു പ്രത്യാശിക്കാം.

അഭ്യസ്തവിദ്യരും ഉദ്യോഗസ്ഥകളും കുറവാണെങ്കിലും പൊതുവെ സ്ത്രീകളോട് മാന്യമായ പെരുമാറ്റമാണ് ജനങ്ങൾക്കുള്ളത്. സ്ത്രീകൾക്കെതിരെയുള്ള അധിക്രമങ്ങൾ വളരെ കുറവാണ്. കുടുംബത്തിൽ മാന്യമായ സ്ഥാനമാണവർക്കുള്ളത്. ഈ പഞ്ചായത്തിലെ 25% വീടുകളും സ്ത്രീകളുടെ നിയന്ത്രണത്തിലാണ്. സ്ത്രീധന മരണങ്ങളും മറ്റും തീരെ ഇല്ലെന്നു തന്നെ പറയാം. എന്നാൽ സ്ത്രീ പീഡനങ്ങൾ ഇടക്കിടെ റിപ്പോർട്ടു ചെയ്യുന്നുണ്ട്. മദ്യം ഇതിനു പ്രധാന പങ്കു വഹിക്കുന്നു. മദ്യപാനികളുടെ വീട്ടിലാണ് സ്ത്രീപീഡനങ്ങൾ നടക്കുന്നതെന്ന് സാമാന്യമായി കരുതാം. ചാരായ നിരോധനം വലിയൊരളവ് വരെ ഇതിന്റെ തോത് കുറക്കാൻ സഹായകമായിട്ടുണ്ട്.

തൊഴിൽ മേഖലയിലാണ് സ്ത്രീകൾ പ്രധാനമായും അവഗണിക്കപ്പെടുന്നത്. കാർഷികമേഖലയിലും മറ്റും പുരുഷനോടൊപ്പം ഒരേ ജോലിചെയ്യുന്ന സ്ത്രീകൾ, പുരുഷന്മാരെക്കാൾ കുറഞ്ഞ വേതനമാണ് കൈപറ്റുന്നത്. പുരുഷതൊഴിലാളികളുടെ വേതനത്തിന്റെ 25ശതമാനമെങ്കിലും കുറച്ചാണ് വനിതകൾക്ക് കൊടുക്കുക.

വിദ്യാലയങ്ങളിൽ അധ്യാപകതസ്തികയിലും മറ്റും വനിതാ പ്രാതിനിധ്യം ആവശ്യത്തിനുണ്ട്. പഞ്ചായത്തിലെ സ്കൂളുകളിൽ ആകെയുള്ള 271 അധ്യാപകരിൽ 139പേർ സ്ത്രീകളാണ്. സ്ത്രീകൾക്കുമാത്രമായുള്ള തൊഴിൽ സംരംഭങ്ങളുണ്ട് ഈ പഞ്ചായത്തിൽ. വനിതാ ശിശുവികസന യൂണിറ്റിന്റെ കീഴിൽ ഇവ ബേധപ്പെട്ട നിലയിൽ പ്രവർത്തിച്ചു വരുന്നു. കുറുവ പഞ്ചായത്തിലെ കുറുവ മേഖലയിൽ പെൺകുട്ടികൾക്കുമാത്രമായുള്ള തുന്നൽ പരിശീലനകേന്ദ്രം ഈയിടെ ആരംഭിച്ചു. ജോലിചെയ്യാൻ താൽപര്യമുള്ളവരെങ്കിലും അതിനു വേണ്ട വിദ്യഭ്യാസമോ സാങ്കേതികമായ അറിവോ യോഗ്യതയോ ഇല്ലാത്തവരാണ് ഇവിടുത്തെ സ്ത്രീകൾ.

സാമൂഹ്യ പ്രവർത്തന രംഗത്തും മറ്റ് പൊതുവേദികളിലും പങ്കു കൊള്ളാൻ പൊതുവെ വിമുഖതകാണിക്കുന്നു. ഉത്തരവാദിത്തമുള്ള ജോലികൾ ഏറ്റെടുക്കാൻ മടികാണിക്കുന്നുണ്ടെങ്കിലും ഏറ്റെടുത്ത ജോലി ഭംഗിയായി കൈകാര്യം ചെയ്യാൻ അവർക്കു കഴിയാറുണ്ട്. ഇപ്പോൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്കു നടന്ന തെരെഞ്ഞെടുപ്പിൽ തന്നെ സംവരണ സീറ്റായതു കൊണ്ടുമാത്രമാണ് സ്ത്രീകൾ മത്സര രംഗത്തെത്തിയത്. സ്ഥാപനങ്ങളുടെയോ സംഘടനകളുടെയോ നേതൃസ്ഥാനത്ത് സ്ത്രീകൾ വളരെ വിരളമാണ്.

പ്രധാനമായും മൂന്ന് മഹിളാ സമാജങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവയിൽ പ്രർത്തിക്കാനും മറ്റുംസ്ത്രീകൾ താൽപര്യം പ്രകടി

പ്പിക്കുന്നു. മഹിളാ സമാജങ്ങളില്ലാത്ത സ്ഥലങ്ങളിൽ അവ നിർബന്ധമായും സംഘടിപ്പിക്കണമെന്ന് മിക്കവരും ആഗ്രഹിക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ സ്ത്രീകൾ തൽപരരാണെന്നതാണ് മറ്റൊരു വസ്തുത. വിദ്യാലയങ്ങളിൽ വിളിച്ചുകൂട്ടുന്ന മാതൃ സംഘമങ്ങളിൽ സ്ത്രീകൾ ഉത്സാഹത്തോടെ പങ്കെടുക്കുകയും ഉന്നയിക്കപ്പെടുന്ന നിർദേശങ്ങളിൽ മതിപ്പു പ്രകടിപ്പിക്കുകയും ചെയ്യുന്നു.

മധ്യപാനത്തെ ശക്തമായെതിർക്കുന്ന സ്ത്രീകൾ ചാരായനിരോധനത്തെ പൂർണ്ണമനസ്സോടെ സ്വാഗതം ചെയ്തു. സമ്പൂർണ്ണമായ മദ്യ നിരോധനം ആവശ്യപ്പെടുന്നവരാണതികവും ഗവൺമെൻറു തന്നെ മുൻകയ്യെടുത്ത് നിരോധനം നടപ്പിൽ വരുത്തണമെന്നാണവരുടെ ആവശ്യം. സ്ത്രീധന സമ്പ്രദായം വ്യാപകമായി നിലനിൽക്കുന്നു എന്നത് ഈ നാടിന്റെ പ്രധാന ന്യൂനതയാണ്. ഭീമമായ സംഖ്യ സ്ത്രീധനമായി നൽകാനില്ലാത്തതിനാൽ വിവാഹം കഴിക്കാനാവാത്ത എത്രയോ യുവതികളുണ്ട് നമ്മുടെ സമൂഹത്തിൽ. ഗവൺമെൻറ് നിരോധിച്ചതെങ്കിലും നിർബാധം തുടരുന്ന ഈ പൈശാചിക സമ്പ്രദായത്തിന് കടിഞ്ഞാണിടാൻ യുവതലമുറ തന്നെ യത്നിക്കണം. സ്ത്രീയോടൊപ്പം കയ്യിലൊതുങ്ങാത്ത പണവും നൽകുന്ന ഏർപ്പാട് തനിക്ക് സ്വീകാര്യമല്ലെന്ന് പ്രഖ്യാപിക്കാനും പ്രാവർത്തികമാക്കാനും ഒരു യുവാവെങ്കിലുമുണ്ടായാൽ നമ്മുടെ നാടിൻെറ ദുർദശക്ക് എന്നെങ്കിലും വിരാമമുണ്ടാവുമെന്ന് ആഗ്രഹിക്കാം. ഈ സമ്പ്രദായത്തെ അനുകൂലിക്കുന്ന ഒരു യുവതി പോലും ഇല്ലെങ്കിലും നിസ്സഹായതയോടെ നാട്ടുനടപ്പിന് വിധേയരാവുകയാണവർ. വായിക്കാനും അറിവു നേടിക്കാനുമുള്ള സൗകര്യം സ്ത്രീകൾക്കില്ല. അവർക്കായി ലൈബ്രറിയോ വായനശാലയോ ഈ പഞ്ചായത്തിലില്ല. വായനശാലകൾ പഞ്ചായത്തിൻെറ പലഭാഗങ്ങളിലുമുണ്ടെങ്കിലും പുരുഷന്മാരുടെ മാത്രം സങ്കേതമായതിനാൽ അവ് പ്രയോജനപ്പെടുത്താൻ സ്ത്രീകൾക്കാവുന്നില്ല.

വനിതാക്ഷേമത്തിനുതകുന്ന സർക്കാർ പദ്ധതികളെ കുറിച്ചോ അവയുടെ പ്രയോജനത്തെ കുറിച്ചോ വ്യക്തമായ ധാരണയില്ലാത്തതിനാൽ അവ നേടിയെടുക്കാനുള്ള ശ്രമം നടക്കുന്നില്ല. അവകാശങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ സ്ത്രീകളെ ദോഷകരമായി ബാധിക്കും. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വനിതകൾക്ക് മാർഗ്ഗ നിർദേശമാകുന്നു എന്നത് ഖേദകരം തന്നെ. പെൺകുട്ടികളുടെ വിദ്യാഭ്യാസമില്ലായ്മയും തൊഴിൽരാഹിത്യവുമാണ് മുഖ്യമായ പ്രശ്നം. അവനേരിടാൻ ചില നിർദേശങ്ങൾ സമർപ്പിക്കുന്നു.

1. പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിൻെറ പ്രസക്തിയും പ്രാധാന്യവും രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക. അതിലൂടെ പെൺകുട്ടികളുടെ വിദ്യാഭ്യാസ നിലവാരമുയർത്താം.

2. സ്ത്രീകൾക്കായി സ്വയം തൊഴിൽ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുക.

3. എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ രൂപീകരിച്ചു അവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്തു പരിഹാരം കാണുക.

4. വനിതാക്ഷേമത്തിനു ബോധവൽക്കരണം നടത്തുക. വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

5. സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുക.

6. ഭക്ഷ്യവസ്തുക്കൾ, സോപ്പ്, കൗതക വസ്തുക്കൾ എന്നിവയുടെ നിർമ്മാണത്തിൽ പരിശീലനം നൽകിയാൽ ഒട്ടേറെസ്ത്രീകൾക്ക് അതുകൊണ്ടുള്ള പ്രായോജനം ലഭിക്കും.

7. വേതനത്തിൽ സ്ത്രീപുരുഷഭേദം നിലവിലുണ്ട്. അത് നീക്കം ചെയ്യുക. തുല്ല്യജോലിക്ക് തുല്ല്യ വേതനം ഉറപ്പു വരുത്തേണ്ടത് അത്യാവശ്യം.

8. സ്ത്രീകൾക്കെതിരെയുള്ള അതിക്രമത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കുക.

9. എല്ലാ വാർഡുകളിലും സ്ത്രീകൾക്ക് പ്രയോജനപ്പെടത്തക്കവിധം ലൈബ്രറിയോ വായനശാലയോ സ്ഥാപിക്കുക.

10. അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം ഏർപ്പെടുത്തുക. അവയുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.







# സഹകരണം

മദ്ധ്യവർത്തികളുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടി ഒരു സംവിധാനം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് 1844ൽ ഇംഗ്ലണ്ടിലെ റോക്ക് സെയിലിൽ 28 കമ്പിളി നെയ്തുകാർ ഓരോപവൻ ഓഹരി എടുത്ത് ഒരു സഹകരണ ഉപഭോക്തൃ സംഘം രൂപീകരിച്ചു. ഇതാണ് ലോകത്തിലാദ്യമായി സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കാനിടയാക്കിയ സംഭവം.

1883ൽ റോബർട്ട് ഓവൻ ഇംഗ്ലണ്ടിൽ സഹകരണ തത്വങ്ങൾ പ്രചരിപ്പിച്ചു. ഇന്ത്യയിൽ സഹകര പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത് 1904ൽ ആണ്. അംഗങ്ങളുട ഇടയിൽ മിതവ്യയം, സ്വയം പ്രാപ്തതാ ബോധം, പരസ്പര സേവന ബുദ്ധി എന്നീ ഗുണങ്ങൾക്ക് പ്രോൽസാഹനം നൽകുകയും അതിലേക്ക് വേണ്ട പദ്ധതികൾ ഉണ്ടാക്കുകയും, പ്രായോഗികമാക്കുകയും ചെയ്യുക എന്നതാണ് ഇതിൻെറ പ്രധാന ഉദ്ദേശങ്ങൾ. ഓരോരുത്തരും എല്ലാവർക്കും, എല്ലാവരും ഓരോരുർത്തർക്കും എന്നതാണ് സഹകരണത്തിൻെറ പ്രധാനതത്വം.

കുറുവ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ പാങ്ങ് സർവ്വീസ് സഹകര ബാങ്ക്, ഹരിജൻ സഹകരണ സൊസൈറ്റി, രണ്ടു സ്കൂൾ സഹകരണ സംഘം എന്നിവയാണ് പ്രവർത്തിച്ചു വരുന്നത്.

### 1.പാങ്ങ് സർവ്വീസ് സഹകരണ ബേങ്ക്.

കുറുവ പഞ്ചായത്തിലെ പാങ്ങ് ദേശംപ്രവർത്തന പരിധിയായി 1947ൽ

ആണ് പാങ്ങ് ഐക്യ നാണയ സംഘം എന്ന പേരിൽ ഈ സ്ഥാപനം പ്രവർത്തനം തുടങ്ങിയത്. കുറുവ പഞ്ചായത്തിൽപ്പെട്ട വറ്റല്ലൂർ, പഴമള്ളൂർ, കരിഞ്ചാപ്പാടി എന്നീ സ്ഥലങ്ങൾ മക്കരപറമ്പ് സർവ്വീസ് സഹകര ബേങ്കിൻെറ പരിധിയിൽ ഉൾപ്പെടുന്നു.

1.പാങ്ങ് സർവ്വീസ് സഹകരണ ബേങ്കിൻെറ ആദ്യകാല പ്രവർത്തകർ പി.എൻ.കെ.പണിക്കർ, അപ്പം കളത്തിൽ കൃഷ്ണനുണ്ണി പിഷാരോടി. എസി.നീലകണ്ഠൻ നമ്പൂതിരിപ്പാട്, തെക്കെപ്പുറത്ത് കൃഷ്ണൻ നായർ, അപ്പം കളത്തിൽ കൃഷ്ണനുണ്ണി, മൈലംപാടത്ത് മൊയ്തീൻ മൊല്ല, പി.കെ.കുഞ്ഞി പോക്കർ, സി.കെ.ഗോവിന്ദനുണ്ണി പണിക്കർ എന്നിവരായിരുന്നു.

1964ൽ ഇത് സർവ്വീസ് സഹകരണ ബേങ്കായി ഉയർത്തപ്പെട്ടു. പി.കെ.ബാപ്പുട്ടി സാഹിബ്, പി.കെ.കുഞ്ഞിപോക്കർ, ഇ.കെ.ഉമ്മർ, കെ.കെ. കോയിമ്മർ മാസ്റ്റർ, പി.കെ.അബ്ദുള്ളകുട്ടി എന്ന കുഞ്ഞു, വാടേങ്ങൽ ഹൈദ്രസ് എന്ന ബാപ്പുട്ടി, പി.കെ.മുഹമ്മത് എന്ന കുഞ്ഞാപ്പു എന്നിവരെല്ലാം വിവിധ കാലഘട്ടങ്ങളിൽ ബേങ്കിൻെറ വളർച്ചക്കായി പ്രവർത്തിച്ചവരാണ്. നരിങ്ങാ പറമ്പിൽ സായികുട്ടി ബേങ്കിൻെറ ആദ്യകാല സെക്രട്ടറിയായിരുന്നു. പി.കെ.അബ്ദുൽ അസീസ് പ്രസിഡണ്ടായും പി.വി.അബ്ദുൽ അസീസ് സെക്രട്ടറിയായും ബേങ്കിൻെറ പ്രവർത്തനം മുന്നോട്ടു പോകുന്നു. 14 ജീവനക്കാർ ഇപ്പോൾ ബേങ്കിൽ ജോലി ചെയ്തു വരുന്നു. ബേങ്ക് ക്ലാസ്സ് ഒന്നിൽ പ്രവർത്തിക്കുന്നു.



### സാമ്പത്തിക രംഗം

ഈ ബേങ്കിൻെറ പരിധിയിൽ പെട്ടവരും അല്ലാത്തവരുമായവരിൽ നിന്നും . നിക്ഷേപങ്ങൾ സ്വീകരിക്കുന്നു. ബേങ്കിൽ രണ്ടര കോടി രൂപ മൊത്തം നിക്ഷേപമായിട്ടുണ്ട്.

### വായ്പാ രംഗം

തുടക്കത്തിൽ 5ക ഓഹരി സംഖ്യയും 25പൈസ പ്രവേശന ഫീസുമായി ബേങ്കിൽ മെമ്പർ ആകുന്ന ഒരാൾക്ക് 40ക യായിരുന്നു കടം അനുവദിച്ചിരുന്നത്. ആയത് ഇപ്പോൾ 10000ക കാർഷിക കടവും 25000ക വരെ കാർഷികേതര കടങ്ങളും അനുവദിച്ചുവരുന്നു. ബേങ്കിൻെറ പരിധിയിൽ പെടാത്ത കറേക്കാട്, കാടാമ്പുഴ, ഇടയൂർ മൂർക്കനാട്, വട്ടപ്പറമ്പ്, ചാപ്പനങ്ങാടി എന്നീ സ്ഥലങ്ങളിൽ നിന്നും പണ്ടം പണയത്തിന് ആളുകൾ ഈ ബേങ്കിനെയാണ് ആശ്രയിക്കുന്നത്. ബേങ്കിൻെറ പരിധിയിൽ ഉൾപ്പെട്ട ആളുകൾക്ക് (അതായത് എ ക്ലാസ്സ് മെമ്പർമാർക്ക്) കാർഷിക കടങ്ങൾക്കു പുറമെ, സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വിദേശയാത്രാ ആവശ്യങ്ങൾക്കും ഭവന നിർമ്മാണത്തിനും കക്കൂസ് നിർമ്മാണത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും വായ്പകൾ അനുവദിക്കുന്നു.

### വിപണനം

കേര ഫെഡിൻെറ ഏജൻറായി കർഷകരിൽ നിന്നും നേരിട്ട് കൊപ്രസംഭരിക്കുന്നതിലും താങ്ങു വിലപ്രകാരം കൊപ്രസംഭരണം നടത്തിയത് കർഷകർക്ക് വളരെ പ്രയോജനമുള്ള കാര്യമായിരുന്നു. സംസ്ഥാനത്ത് 1990,1991എന്നീവർഷങ്ങളിൽ ഏറ്റവും കൂടുതൽ കോപ്ര സംഭരിച്ചത് ഈ സഹകരണ സ്ഥാപനമാണ്. രണ്ടു തവണ ആയതിന് സർക്കാരിൽ നിന്നും ബേങ്കിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ കശുവണ്ടി കുത്തക സംഭരണവും ബേങ്ക് നടത്തി വൻവിജയപ്രദമാക്കിയിട്ടുണ്ട്.

ചുരുക്കത്തിൽ പാങ്ങ് സർവ്വീസ് സഹകരണ ബേങ്ക് അതിൻെറ പരിധിയൽപെട്ട കർഷകരുടെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരങ്ങൾ നൽകി വരുന്നു.

പട്ടിക.1

| ക്രമ നമ്പർ | പ്രവർത്തനം ആരംഭിച്ച കൊല്ലം | ഓഹരി മൂലധനം | കടം | വായ്പകൾ: കാർഷിക കടം | വായ്പകൾ: കാർഷികേതരകടം | പ്രവർത്തന മൂലധനം | ലാഭം നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|
| 1 | 15.11.49 | പാങ്ങ് വില്ലേജ് | 18228 | 38 ലക്ഷം | 32 ലക്ഷം | 354 ലക്ഷം | 5 ലക്ഷം | 14 |

ഈ സ്ഥാപനം 1990മുതൽ തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ചു വരുന്നു. മെമ്പർമാർക്ക് 20%വരെ ഡിവിഡണ്ട് നൽകി വരുന്നു. കേരള സംസ്ഥാന സഹകരണ വിദ്യാഭ്യാസ ഫണ്ടിലേക്കും സംസ്ഥാന സർക്കാർ

ഓഹരിയിലേക്കും 20% പ്രകാരം ഡിവിഡണ്ട് നൽകി വരുന്നു. പാങ്ങ് ഗവർമെൻറ് ആശുപത്രിക്ക് വേണ്ടി നാട്ടുകാർ നിർമ്മിച്ച കെട്ടിടത്തിലേക്ക് ആവശ്യമായ കട്ടിലുകളും ബേങ്ക് സംഭാവന നൽകിയിട്ടുണ്ട്. പൊതു ഫണ്ടിൽ നിന്നും പാങ്ങ് പാറമ്മൽ എൽ.പി.സ്കൂൾ, വടക്കൻ പാങ്ങ് യു.പി.സ്കൂൾ, ഗവർമെൻറ് ഹൈസ്കൂൾ എന്നീ പൊതു സ്ഥാപനങ്ങളിലേക്ക് ഫർണിച്ചറുകളും മറ്റു സൗകര്യങ്ങളും സൗജന്യമായി നൽകി വരുന്നു.

## 2.ഹരിജൻ ഗിരിജൻ സഹകരണ സംഘം.

1989ൽ വറ്റല്ലൂരിൽ ആണ് ഇത് പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ ആകെ 104മെമ്പർമാർ ഉണ്ട്. 1993-94കൊല്ലകാലത്ത് സർക്കാരിൽ നിന്നും 160000രൂപ പ്രവർത്തന ഗ്രാൻറായി ലഭിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും ഒരു ട്രാക്ടറും സൗജന്യമായി കിട്ടിയിട്ടുണ്ട്.

മെമ്പർമാർക്ക് വായ്പകൾ അനുവദിച്ചിരുന്നു എന്നാൽ കുടിശ്ശിക വന്നതുകൊണ്ട് ഇപ്പോൾ വായ്പാ വിതരണം നിർത്തിയിരിക്കുകയാണ്.

മെമ്പർമാർക്ക് തൊഴിൽ നൽകുന്നതിന് വേണ്ടി 25000ക മുടക്കി ഒരു മെറ്റൽ യൂണിറ്റ് തുടങ്ങി .എന്നാൽ കൂലി കൂടുതലുള്ള മറ്റു മേഖലകളിലേക്ക് തൊഴിലാളികൾ പോയതുകൊണ്ട് പ്രസ്തുത യൂണിറ്റും ഇപ്പോൾ നിർത്തിയിരിക്കുകയാണ്.

സർക്കാർ സഹായം നൽകുകയാണെങ്കിൽ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ഇഷ്ടിക നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ഹോളോ ബ്രിക്സ് നിർമ്മാണം എന്നീ രംഗങ്ങളിലേക്ക് വ്യാപിപ്പിക്കണമെന്ന് ഉദ്ദേശിക്കുന്നുണ്ട്.

പരമ്പരാഗതമായ തൊഴിലുകളിൽ നിന്നും വരുമാനം കൂടുതലുള്ള മറ്റു നിർമ്മാണ രംഗത്തേക്ക് ആളുകൾ പോകുന്നതു കാരണം ആ രംഗത്ത് ഇപ്പോ ആരും ജോലി എടുക്കുന്നില്ല. ഇതിനു പ്രധാന കാരണം പരമ്പരാഗതമായ തൊഴിലുകൾക്കാവശ്യമായ അസംസ്കൃത സാധനങ്ങൾ കിട്ടാത്തതാണ്. മറ്റു തൊഴിലുകളിൽ നിന്നും കൂടുതൽ വേതനം ലഭിക്കുന്നതും ഈ മേഖലയുടെ തകർച്ചക്ക് ആക്കം കൂട്ടുന്നു.

## 3. സ്കൂൾ സൊസൈറ്റികൾ

രണ്ടു സ്കൂൾ സഹകരണ സംഘങ്ങളാണ് ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നത്. അവ കുട്ടികൾക്കാവശ്യമുള്ള ടെസ്റ്റു ബുക്കുകളും നോട്ടു ബുക്കുകളും അതാത് സമയങ്ങളിൽ കൊണ്ടു വന്ന് വിൽപന നടത്തുന്നു. മറ്റു മേഖലകളിൽ അവയുടെ പ്രവർത്തനങ്ങൾ ഒന്നും തന്നെ ഇല്ല.

**നിർദ്ദേശങ്ങൾ**

1. കുറുവ പഞ്ചായത്തിൽ പെട്ട കരിഞ്ചാപാടി, വറ്റല്ലൂർ, പഴമള്ളൂർ, അയനിക്കാട് എന്നിവ ഉൾപ്പെടുത്തി ഒരു സഹകരണ ബേങ്ക് ആരംഭിക്കുക.

2. കുറുവ പഞ്ചായത്തിൻെറ പരിധിയിൽ പെട്ട കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിൽക്കുന്നതിനാവശ്യമായ വിപണന കേന്ദ്രം പടപ്പറമ്പ് ആസ്ഥാനമാക്കി തുടങ്ങുക.

3. പാങ്ങ് സർവ്വീസ് സഹകരണ ബേങ്കിൻെറ പരിധിയിൽ പെടുന്ന എല്ലാ കർഷകരേയും ബേങ്കിൻെറ മെമ്പർമാരായി ചേർക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

4. സാധാരണക്കാരായ ജനങ്ങൾക്ക് പശു, ആട്, എരുമ എന്നിവ വാങ്ങുന്നതിനുള്ള ലോണുകൾ ബേങ്ക് മുഖാന്തരം വിതരണം ചെയ്യുക. ഇതിനാവശ്യമായ ഗ്രാൻറ് സർക്കാരിൽ നിന്നും ലഭ്യമാക്കുക.

5. കാർഷിക ആവശ്യങ്ങൾക്കു വേണ്ടി നൽകി വരുന്ന വായ്പാ പരിധി വർദ്ധിപ്പിക്കുക.

6. ബേങ്കിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ശാഖകൾ തുറന്നു പ്രവർത്തനം ആരംഭിക്കുക.

7. വായ്പകൾ നൽകുന്നതിന് നബാഡ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം നീക്കുക. ബേങ്കിൽ കാർഷിക കടത്തിന് കർഷകർ നൽകുന്ന കാർഷിക കട ഹർജികൾ പരിഗണിച്ച് തയ്യാറാക്കുന്ന കാർഷിക ക്രഡിറ്റ് ലിമിറ്റ് പ്രകാരമുള്ള മുഴുവൻ സംഖ്യയും ജില്ലാബേങ്കുകളിൽ നിന്ന് അനുവദിച്ചു കിട്ടുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

8. ലേബർകോൺട്രാക്ട് സഹകരണ സംഘം ആരംഭിച്ച് അസംഘടിതരായി നിൽക്കുന്ന തൊഴിലാളികളെ ആയതിലേക്ക് ആകർഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

9. കുറുവ പഞ്ചായത്തിലുള്ള തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടി സഹകരണ മേഖലയിൽ, കോഴിവളർത്തു കേന്ദ്രം, ഖാദി സഹകരണ സംഘം, ക്ഷീര വ്യവസായ സഹകരണ സംഘം, സഹകരണ മാവേലി സ്റ്റോറുകൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘം, സ്പിന്നിംഗ് മിൽ, ഡിറ്റർജൻറ് ഫാക്ടറികൾ എന്നിവ തുറന്ന് പ്രവർത്തനം തുടങ്ങുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുക.

10. ഹരിജൻ സൊസൈറ്റി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാരിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുക.

11. പാങ്ങ് അമ്പല പറമ്പ് കേന്ദ്രീകരിച്ച് ഹരിജൻ സൊസൈറ്റി രൂപീകരിക്കുക.

മേൽപറഞ്ഞ കാര്യങ്ങളിൽ അതീവ ജാഗ്രതയോടും, ശ്രദ്ധയോടും പ്രവർത്തിച്ചാൽ അടുത്ത അഞ്ചു വർഷംകൊണ്ട് കുറുവ പഞ്ചായത്തിൻെറ മുഖഛായ തന്നെ മാറ്റി എടുക്കുവാൻ കഴിയുന്നതാണ്. ആയതു കൊണ്ട് സർക്കാരിൻെറ, മേലധികാരികളുടേയും ശ്രദ്ധ ഈ കാര്യങ്ങളിൽ ഉണ്ടായിരിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

11




# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക കാരണങ്ങളാൽ വളരെയധികം പിന്നോക്കം നിൽക്കുന്ന വിഭാഗമാണ് പട്ടികജാതി വിഭാഗക്കാർ. മൊത്തം ജനസംഖ്യയിൽ 1947 പേർ പട്ടികജാതിക്കാരാണ്. ഒരു പട്ടികവർഗ്ഗ കുടുംബവും ഈ പഞ്ചായത്തിലില്ല. പത്ത് അംഗീകൃത കോളനികളിലും ഏഴ് അംഗീകാരമില്ലാത്ത കോളനികളിലുമായി 291 പട്ടിക ജാതി കുടുംബങ്ങൾ താമസിച്ചു വരുന്നു. (പട്ടിക-ഒന്ന്, രണ്ട്). ബാക്കി ഹരിജൻ കുടുംബങ്ങൾ ഒറ്റയ്ക്കും ചിന്നിച്ചിതറിയുമാണ് ജീവിച്ചു വരുന്നത്.

മനുഷ്യ സമൂഹത്തെ കാർന്നു തിന്നിരുന്ന തൊട്ടു കൂടായ്മയും, തീണ്ടി കൂട്ടായ്മയും ഇന്ന് പാടെ അപ്രത്യക്ഷമായിട്ടുണ്ട്. സമൂഹത്തിലെ എല്ലാ മേഖലയിലും, രംഗങ്ങളിലും അവർക്ക് അർഹമായ പരിഗണന ലഭിച്ചു വരുന്നുണ്ട് എന്നത് എടുത്തു പറയത്തക്ക ഒരു വസ്തുതയാണ്. രാഷ്ട്രീയ, വന.സാമൂഹ്യ സാംസ്കാരിക ചടങ്ങുകളും മറ്റും ഉച്ചനീചത്വം അവസാനിക്കുന്നതിന് സഹായകമായിട്ടുണ്ട്.

വിദ്യാഭ്യാസ പരമായും സാമൂഹ്യപരമായും അസൂയാർഹമായ പുരോഗതി നേടിയെടുക്കുവാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും, സാമ്പത്തിക. തൊഴിൽ രംഗങ്ങളിൽ വേണ്ടത്ര പുരോഗതി നേടിയെടുക്കുവാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒറ്റയ്ക്കും, കൂട്ടമായും വിവിധ ഏജൻസികളുടെ സഹായത്തോടു കൂടിയും, അല്ലാതെയും, നേരിട്ടും, പരോക്ഷമായും വിവിധതരം പദ്ധതികൾ പ്രസ്തുത വിഭാഗത്തിൻെറ ഉന്നമനത്തിനു വേണ്ടി ആവിഷ്കരിച്ചു നടപ്പാക്കികൊണ്ടിരിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത പദ്ധതികൾ

ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല എന്നത് ഒരു നഗ്ന യഥാർത്ഥ്യം മാത്രമാണ്. കേന്ദ്ര-സംസ്ഥാന സർക്കാറുകൾ നടപ്പിലാക്കുന്ന പദ്ധതികൾ അധികവും കോളനികളെ കേന്ദ്രീകരിച്ചാണ് നടന്നു വരുന്നത്. അതുകൊണ്ടാണ് കോളനി നിവാസികൾക്ക് പ്രസ്തുത സൗജന്യങ്ങൾ അനുഭവിക്കുവാനും നേട്ടങ്ങൾ കൈവരിക്കുവാനും കഴിഞ്ഞിട്ടുണ്ട്.എന്നാൽ കോളനിക്കു പുറത്ത് ഒറ്റപ്പെട്ടു കഴിയുന്ന പട്ടികജാതിക്കാർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ വിരളമായി മാത്രമേ ലഭിച്ചു വരുന്നുള്ളൂ. കോളനികളിൽ തന്നെ അനേകം പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ കിടക്കുന്നു. പ്രസ്തുത പ്രശ്നങ്ങളുടെ പട്ടിക അഞ്ചിലും മൂന്നിലും കൊടുത്തിട്ടുണ്ട്. പട്ടിക രണ്ടിൽകൊടുത്ത ഇതുവരെ അംഗീകരിക്കാത്ത കോളനികൾ അംഗീകരിച്ച് പ്രസ്തുത കോളനികളിൽ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സത്വരമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

## വിദ്യാഭ്യാസം

സർക്കാർ നൽകിവരുന്ന വിവിധതരം വിദ്യാഭ്യാസാനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തി വിദ്യാഭ്യാസനിലവാരം നേടികൊടുക്കുന്നതിനും ഉന്നത വിദ്യാഭ്യാസം നേടിയെടുക്കുന്നതിനും കഴിഞ്ഞില്ല എന്നത് എല്ലാവരും അംഗീകരിക്കുന്ന ഒരു വസ്തുതയാണ്. എസ്.എസ്.എൽ.സി. പരീക്ഷയിൽ തോറ്റുപോകുന്ന ദയനീയ കാഴ്ചയാണ് നമുക്കു ദർശിക്കുവാൻ കഴിയുന്നത്. (സൂചിക-പട്ടിക.4) ഉദാഹരണമായി 95-96 വർഷത്തിൽ എസ്.എസ്.എൽ.സി.പരീക്ഷയിൽ 72.34%കുട്ടികൾ തോറ്റുപോയിട്ടുണ്ട്. പലകുട്ടികളും എസ്.എസ്.എൽ.സി.ക്ലാസ്സിൽ എത്തുന്നതിനുമുമ്പു തന്നെ കൊഴിഞ്ഞുപോകുന്നു. ഈ പഞ്ചായത്തിൽ 1-ാം ക്ലാസ്സിൽമാത്രം 1995-96 വിദ്യാഭ്യാസ വർഷത്തിൽ 4%കുട്ടികൾ കൊഴിഞ്ഞുപോയിട്ടുണ്ട്. തുടക്കത്തിൽ തന്നെയുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഗൗരവമായികാണേണ്ടതുണ്ട്. രക്ഷിതാക്കളുടെ അശ്രദ്ധയും,പിരാന്തൻകാവ്,തെക്കൻ പാങ്ങ് ഭാഗങ്ങളിൽ ലോവർ പ്രൈമറി സ്കൂളുകളുടെ അഭാവവും ഇതിനുകാരണമാക്കിയിട്ടുണ്ട്. അത്തരത്തിലുള്ള കൊഴിഞ്ഞു പോകലുകൾ ഇല്ലായ്മ ചെയ്യുന്നതിന് ബോധവൽക്കരണം അത്യന്താപേക്ഷിതമാക്കിയിരിക്കുന്നു. കർശന നിയമ നടപടികൾ കൈകൊള്ളുകയാണെങ്കിൽ കൊഴിഞ്ഞു പോകൽ ഒരളവോളം പരിഹരിക്കാവുന്നതാണ്.

എസ്.എസ്.എൽ.സി.തോറ്റവർ വീണ്ടും പഠിക്കുവാനും ജയിച്ചവർ തുടർന്നു പഠിക്കുവാനും വലിയ താൽപര്യം കാണിക്കുന്നില്ല. ഇത് മാറ്റിയെടുക്കേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയ പട്ടികജാതി വിഭാഗക്കാർ വിരലിലെണ്ണാവുന്നവർ മാത്രമേയുള്ളൂ. അതുപോലെ തന്നെ ഉയർന്ന തൊഴിൽ ചെയ്യുന്നവർ ഇല്ലെന്നു തന്നെ പറയാം.

പട്ടിക 1

| ക്രമവാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1 1 | പൂഴിക്കുന്നുമ്മൽ | 18 | 107 |
| 2 2 | കോഴിയൂർകുന്ന് | 17 | 103 |
| 3 3 | അധികാരത്ത്ച്ചോല | 21 | 58 |
| 4 4 | കളത്തിൽച്ചാല | 30 | 183 |
| 5 4 | പടലാംകുന്നുമ്മൽ | 14 | 108 |
| 6 5 | കരിഞ്ചാപ്പാടി | 32 | 186 |
| 7 6 7 | അയനിക്കുത്തുച്ചാല | 19 | 144 |
| 8 8 | പിരാന്തൻകാവ് | 13 | 85 |
| 9 9 | പുത്രോട്ട്കോളനി | 26 | 157 |
| 10 13 | അമ്പലപ്പറമ്പ് | 42 | 241 |

പട്ടിക 2

അംഗീകാരം ഇല്ലാത്ത കോളനികൾ

| ക്രമവാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | നെച്ചിക്കുത്ത്പറമ്പ് | 13 | 88 |
| 2 | കടന്നാമുട്ടി | 11 | 71 |
| 3 | കാശാവുംകാട്ടിൽ കോളനി | 9 | 63 |
| 4 | വടമ്മൽ | 6 | 21 |
| 5 | കാക്കച്ചോല | 6 | 26 |
| 6 | കാരത്തോട്ട് കോളനി | 6 | 39 |
| 7 | പെരിച്ചോലകുളമ്പ് | 8 | 27 |

## തൊഴിൽ

മുൻകാലത്ത് പട്ടികജാതിക്കാർ കാർഷിക വൃത്തിയെ ആശ്രയിച്ചായിരുന്നു ഉപജീവനം കഴിച്ചിരുന്നത്. ഇന്ന് ആ അവസ്ഥമാറിയിരിക്കുന്നു. കാർഷിക രംഗംവിട്ട് നിർമ്മാണ രംഗത്താണ് ഇന്ന് ഭൂരി ഭാഗവും തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്നത്. പ്രായം ചെന്നവർമാത്രമാണ് ഇന്ന് കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നത്. കാർഷിക മേഖലയുടെ തകർച്ചയും നിർമ്മാണരംഗത്ത് ലഭിക്കുന്ന കൂടുതൽ ആകർഷകമായ കൂലിയുമാണ് അവരെ കാർഷിക രംഗം വിടാൻ പ്രേരിപ്പിച്ചത്. അതുപോലെതന്നെ പരമ്പരാഗതമായ പായ നെയ്ത്, കൊട്ടമൊടയൽ തുടങ്ങിയ കുടിൽ വ്യവസായങ്ങളിൽ അവർ ഏർപ്പെട്ടിരുന്നു. അതും ഇന്ന് നിലച്ചമട്ടിലാണ്. കൈത ഓലയുടെ ദൗർല്ലഭ്യം, വിറ്റഴിക്കാനുള്ള വിപണിയുടെ അഭാവം തുടങ്ങിയവ പതന കാരണങ്ങളാണ്. അതുകൊണ്ട് അവർക്ക് പുതിയ

പട്ടിക.4

## പട്ടികജാതി-വിദ്യഭ്യാസ സ്ഥിതി വിവരക്കണക്ക് 1995-96

| സ്കൂളിൻെറപേര് | ക്ലാസ്സ് | ആൺകുട്ടികൾ | | പെൺകുട്ടികൾ | | ആകെ | കൊഴിഞ്ഞു പോയവർ | | തോറ്റവർ | | ജയിച്ചവർ | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | % | എണ്ണം | % | | എണ്ണം | % | എണ്ണം | % | എണ്ണം | % | |
| എൽ.പി. | 1 | 10 | 40% | 15 | 60% | 25 | 2 | 4% - | - | 23 | 96% | 25 | |
| സ്കൂൾ | 2 | 14 | 48.3% | 15 | 51.7% | 29 | - | - | 2 | 7% | 27 | 93% | 29 |
| | 3 | 15 | 53.6% | 13 | 45.4% | 28 | - | - | 3 | 10.7% | 25 | 89.3 | 28 |
| | 4 | 12 | 41.4% | 17 | 58.6% | 29 | 1 | 3.4% | 2 | 7% | 26 | 89.6 | 29 |
| യു.പി. | 5 | 28 | 55% | 23 | 45% | 51 | - | - | 6 | 11.8% | 45 | 88.24% | 61 |
| സ്കൂൾ | 6 | 35 | 57.4% | 26 | 42.6% | 61 | - | - | 7 | 11.5% | 54 | 88.5 | 61 |
| | 7 | 30 | 46% | 35 | 54% | 65 | 1 | 1.5% | 10 | 15.5% | 54 | 83% | 65 |
| ഹൈ | 8 | 30 | 49.2% | 31 | 50.8% | 61 | 2 | 3.3% | 9 | 14.7% | 50 | 82% | 61 |
| സ്കൂൾ | 9 | 17 | 54.8% | 14 | 45.2% | 31 | 3 | 9.7% | 9 | 29% | 19 | 61.3% | 31 |
| | 10 | 25 | 52.3% | 22 | 46.80% | 47 | 2 | 4.26 | 34 | 72.34% | 11 | 23.4 | 47 |

മേഖലകൾ കണ്ടുപിടിക്കുന്നതിനുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ അടിയന്തിരമായി ചെയ്തു കൊടുക്കേണ്ടിയിരിക്കുന്നു. സഹകരണ രംഗത്ത് വറ്റലൂർ കേന്ദ്രമാക്കി ഒരു പട്ടികജാതി സൊസൈറ്റി പ്രവർത്തിച്ചു വരുന്നുണ്ട്. സർക്കാരിൽ നിന്നും സൗജന്യമായി ഒരു ട്രാക്ടറും. മറ്റു പലിശ രഹിത വായ്പകളും മറ്റും ലഭിച്ചു വരുന്നുണ്ട്. എങ്കിലും ലാഭകരമായി പ്രവർത്തിക്കുവാൻ അതിന് ഇതുവരെ കഴിഞ്ഞിട്ടില്ല. അതിൻെറ പ്രവർത്തനം തൊഴിൽ മേഖലകളിലേക്കു കൂടി വ്യാപിപ്പിച്ച് മെച്ചപ്പെട്ടപ്രവർത്തനം കാഴ്ചവെക്കാൻ ശ്രമിക്കേണ്ടിയിരിക്കുന്നു.

പട്ടിക.3

| ക്രമ നമ്പർ | കോളനിയുടെ പേര് | വീടുകളുടെ സ്വഭാവം | | | ആവശ്യമുള്ള വീടുകളുടെഎണ്ണം | കക്കൂസ് ആവശ്യമില്ലാത്തവർ | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | | | |
| 1 | പൂഴിക്കുന്നുമ്മൽ | - | 16 | 2 | 2 | 9 | 9 |
| 2 | കോഴിയൂർകുത്ത് | - | 12 | 5 | 5 | 5 | 12 |
| 3 | അധികാരത്ത്ചാല | - | 17 | 4 | 4 | 2 | 19 |
| 4 | കളത്തിൽച്ചാല | - | 26 | 4 | 4 | 20 | 10 |
| 5 | പടലാകുന്നുമ്മൽ | - | 13 | 1 | 1 | 10 | 3 |
| 6 | കരിഞ്ചാപ്പാടി | - | 32 | - | - | 30 | 2 |
| 7 | അയനിക്കുത്തുചാല | - | 19 | 3 | 3 | 5 | 14 |
| 8 | പിരാന്തൻ കാവ് | - | 12 | 1 | 1 | 10 | 3 |
| 9 | പുത്രോട്ടു കോളനി | - | 20 | 6 | 6 | 5 | 21 |
| 10 | അമ്പലപ്പറമ്പ് | - | 34 | 8 | 8 | 25 | 17 |

## പാർപ്പിടം

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പുനരധിവാസ പദ്ധതികൾ മൂലം പാർപ്പിട പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ അധികവും അംഗീകൃത കോളനികളെ ചുറ്റിപ്പറ്റിയായതുകൊണ്ട് അംഗീകാരം ലഭിക്കാത്ത കോളനി നിവാസികൾക്കും, ഒറ്റപ്പെട്ടു കഴിയുന്നവർക്കും അതിൻെറ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. സർക്കാർ വീടു നിർമ്മാണത്തിനു കൊടുക്കുന്ന തുകപണി പൂർത്തിയാക്കുവാൻ അപര്യാപ്തമായതുകൊണ്ട, പല വീടുകളുടെ പണിയും യഥാസമയം പൂർത്തിയാക്കുവാൻ വിഷമം അനുഭവപ്പെടുന്നുണ്ട്. വർദ്ധിച്ച നിർമ്മാണച്ചിലവു കണക്കിലെടുത്തുപുനരധിവാസ പദ്ധതി പ്രകാരം വീടുകൾക്കു അനുവധിക്കുന്ന തുക വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. സ്വന്തമായി സ്ഥലം കൈവശമുള്ളവർക്കു മാത്രമേ അത്തരത്തിലുള്ള വീടുകൾ അനുവദിച്ചു കൊടുക്കുന്നുള്ളൂ. എന്നാൽ സ്വന്തമായി സ്ഥലമില്ലാത്തവർക്കും തൻെറ കൈവശത്തിലുള്ള ഭൂമിക്കു രേഖ നൽകുവാൻ കഴിയാത്തവർക്കും പുനരധിവാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമല്ല. ഈ സ്ഥിതി മാറ്റി എടുക്കേണ്ടിയിരിക്കുന്നു. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വീടുവെക്കാനാവശ്യമായ സ്ഥലവും, വീടിനുള്ള ധന സഹായവും ലഭ്യമാക്കിയെങ്കിൽ മാത്രമേ പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെടുകയുള്ളൂ.

പലകോളനികളിലും ആവശ്യത്തിന് കക്കൂസില്ല. ഇത് ആരോഗ്യ പരവും കുടുംബപരവുമായ പല പ്രശ്നവും ഉണ്ടാക്കുന്നുണ്ട്. അതു കൊണ്ട് ഓരോവീടിനും പ്രത്യേക കക്കൂസ് അനുവദിച്ച് കൊടുത്ത് പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്. കക്കൂസ് നിർമ്മാണത്തിന് അനുവദിക്കുന്ന സർക്കാർ സഹായം പണിപൂർത്തിയാക്കുന്നതിന് തികച്ചും അപര്യാപ്തമാണ്. ഭാവിയിൽ കക്കൂസുകൾക്ക് തുക അനുവദിക്കുമ്പോൾ

കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണ്. അതുപോലെ ഒറ്റപ്പെട്ടു കഴിയുന്ന പട്ടികജാതികുടുംബങ്ങൾക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കേണ്ടതാണ്.

## വൈദ്യുതി

മിക്ക കോളനികളിലും വൈദ്യുതി വെളിച്ചം ഇതുവരെ എത്തിനോക്കിയിട്ടില്ല. അമ്പലപ്പറമ്പ്, പിരാന്തൻകാവ്, കളത്തിൽചാല്, കരിഞ്ചാപ്പാടി തുടങ്ങിയ കോളനികളാണ് ഇപ്പോൾ വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത കോളനികളിൽ തന്നെ വൈദ്യുതീകരിക്കപ്പെടാത്ത വീടുകൾ 15 എണ്ണം ഉണ്ട്. അയനിക്കുത്തു ചാലിൽ ഹരിജൻ കോളനിയിൽ വയറിംഗ് പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും കണക്ഷൻകൊടുക്കുവാൻ വേണ്ടി അധികൃതർ ഉണ്ടാക്കിയ എസ്റ്റിമേറ്റ് ചുവപ്പുനാടയിൽ കുടുങ്ങി വെളിച്ചം കാണാതെകിടക്കുകയാണ്. കോഴിയൂർകുന്ന് ഹരിജൻ കുന്ന് വൈദ്യുതികരിക്കുന്നതിന് വേണ്ടി അധികൃതർ ചെയ്ത എസ്റ്റിമേറ്റിൻെറ സ്ഥിതിയും മറിച്ചല്ല. ഈ സ്ഥിതി മാറ്റിയെടുക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## ശുദ്ധജലം

പഞ്ചായത്തിലെ കോളനികളിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. പ്രശ്നപരിഹാരത്തിന് പഞ്ചായത്തും ബ്ലോക്കും ഒറ്റക്കും കൂട്ടായും കിണർ കുഴൽകിണർ തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്വെങ്കിലും അപര്യാപ്തമാണ്.പല കിണറുകളും വേനലിൽ വറ്റി പോകുന്നു. രൂക്ഷമായ ശുദ്ധജലക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണേണ്ടിയിരിക്കുന്നു. കോഴിയൂർകുന്ന്, പുഴിക്കുന്നുമ്മൽ. അധികാരത്ത്ചാല തുടങ്ങിയ കോളനികളിൽ ശുദ്ധജലമെത്തിക്കുന്ന പദ്ധതിക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകിയിട്ടുണ്ട്വെങ്കിലും ടെൻഡർ ക്ഷണിച്ച് പ്രവർത്തി ഇതുവരെ ആരേയും ഏൽപ്പിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ ശാപമോക്ഷത്തിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതുപോലെ പിരാന്തൻകാവ്, അയനികുത്ത്ചാലിൽ കോളനികളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള ലൈൻപ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്വെങ്കിലും പമ്പു ഹൗസിനു വൈദ്യുതി കണക്ഷൻ ലഭിക്കാത്തതു കാരണം പ്രവർത്തനം തുടങ്ങിയിട്ടില്ല. പുത്രോട്ട്, അമ്പലപ്പറമ്പ് ഹരിജൻ കോളനികളിൽ ശുദ്ധജലമെത്തിക്കുന്നതിന് വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൻെറ അനുമതി കാത്ത് കഴിയുകയാണ്. കരിഞ്ചാപ്പാടികോളനിയിൽ ശുദ്ധജലമെത്തിക്കുന്നതിന് കിണർ, ടാങ്ക് തുടങ്ങിയ പ്രവർത്തികൾക്ക് കരാർ നൽകിയിട്ടുണ്ട്വെങ്കിലും ശേഷിച്ച പ്രവർത്തികൾക്ക് ഇതുവരെ ടെൻഡർ നൽകിയിട്ടില്ല. ബന്ധപ്പെട്ടവർ യുദ്ധകാലാടിസ്ഥാനത്തിൽ ശ്രമിച്ചാൽ മാത്രമെ മേൽകൊടുത്ത അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാവുകയുള്ളൂ.

## പ്രശ്നങ്ങൾ, പരിഹാരങ്ങൾ

### പ്രശ്നങ്ങൾ

1. വിദ്യഭ്യാസ രംഗത്ത് ആശാവഹമായ പുരോഗതി ഉണ്ടായിട്ടില്ല. കുട്ടികൾ ഒന്നാം ക്ലാസ്സ് മുതൽക്കുതന്നെ കൊഴിഞ്ഞുപോകുന്നു.
2. ഉന്നത വിദ്യാഭ്യാസം നേടാൻ അധികം താൽപര്യം കാണിക്കുന്നില്ല.
3. കാർഷിക മേഖലയിൽ നിന്ന് നിർമ്മാണ രംഗത്തേക്കുള്ള ഒഴിച്ചുപോക്ക് തുടരുന്നു.
4. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർ കോളനികളും മറ്റും ഒറ്റപ്പെട്ടുകഴിയുന്നുണ്ട്.
5. കുടിവെള്ളം, ആരോഗ്യ വിദ്യഭ്യാസ ഗതാഗത സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.
6. സ്വന്തമായി ശ്മശാനം ഇല്ലാത്തകോളനികൾ.
7. സർക്കാരിൽ നിന്ന് കിട്ടുന്ന ആനുകൂല്യങ്ങളും മറ്റും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
8. സർക്കാരും, ഏജൻസികളും നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ചുള്ള അജ്ഞത.
9. അഭ്യസ്ത വിദ്യരായവർ തൊഴിലില്ലാതെ വിഷമിക്കുന്നു.
10. സാമ്പത്തിക പരമായി പുരോഗതി പ്രാപിച്ചിട്ടില്ല.

### പരിഹാരമാർഗ്ഗങ്ങൾ

1. പ്രശ്ന പരിഹാരങ്ങളെ കുറിച്ചും, വിവിധ പട്ടികജാതി ക്ഷേമ പദ്ധതികളെ കുറിച്ചും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.
2. പ്രൈമറി വിദ്യാഭ്യാസത്തെപോലെതന്നെ ഉന്നത വിദ്യഭ്യാസവും നിർബന്ധമാക്കാവുന്നതാണ്.
3. ലോവർ പ്രൈമറി സ്കൂളില്ലാത്ത പിരാന്തൻകാവ്, തെക്കൻ പാങ്ങ് തുടങ്ങിയ സ്ഥലങ്ങളിൽ സ്കൂൾ അനുവദിക്കുക.
4. ഹരിജൻ കുട്ടികൾക്കു വേണ്ടി സ്കൂളിൽ വെച്ച് നടത്തുന്ന സ്പെഷൽ കോച്ചിംഗ് ക്ലാസ്സുകൾ കോളനികളിൽ കേന്ദ്രീകരിച്ച് തൊഴിലില്ലാത്ത അഭ്യസ്ത വിദ്യരെ കൊണ്ടോ, റിട്ടയേർഡ് അദ്ധ്യാപകരെ കൊണ്ടൊ നടത്തുന്നതാവും കൂടുതൽ നല്ലത്.
5. കാർഷിക മേഖലയെ കൂടുതൽ വിപുലമാക്കി കാർഷിക ഉൽപ്പന്നങ്ങൾക്ക് വിപണി ഉറപ്പു വരുത്തി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുക.
6. പായ, കൊട്ട, പരമ്പ് നെയ്ത്ത് തുടങ്ങിയ പരമ്പരാഗത കുടിൽ വ്യവസായങ്ങൾക്ക് പലിശ രഹിത വായ്പകൾ നൽകി പ്രോൽസാഹിപ്പിക്കുകയും, അവരുടെ ഉൽപന്നങ്ങൾക്ക് വിപണി ഉറപ്പു വരുത്തുകയും ചെയ്യുക.
7. സ്വന്തമായി സ്ഥലവും, വീടും ഇല്ലാത്തവർക്ക് അവ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.
8. ഗതാഗത, ആരോഗ്യ, വിദ്യാഭ്യാസ സൗകര്യങ്ങൾ, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
9. കുടിള്ള ക്ഷാമം പരിഹരിക്കുക.
10. സ്വന്തമായി ശ്മശാനം ഇല്ലാത്ത കോളനികൾക്ക് സ്ഥലം അക്വയർ ചെയ്യുക.
11. ചെറുകിട വ്യസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിച്ച് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുക.
12. കോളനികളിലെ സ്ത്രീകൾക്കും, അഭ്യസ്ത വിദ്യർക്കും വിവിധതരം ട്രെഡുകളിൽ തൊഴിൽ പരിശീലനം നൽകുക.
13. വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുത്ത് അതിനുള്ള പ്രചോദനവും പ്രോൽസാഹനവും നൽകുക. അവർ ഉൽപാദിപ്പിക്കുന്ന സാധനങ്ങൾക്ക് വിപണി ഉറപ്പാക്കി കൊടുക്കുക.






# വിഭവ സമാഹാരണം



## ആമുഖം

നമ്മുടെ പഞ്ചായത്തിൽ 13 വാർഡുകളും എടയൂർ മുതൽ കൂട്ടിലങ്ങാടി വരെ വിസ്ത്രതവുമായ ഒരു പ്രദേശമാണ്. കുറെ ജനങ്ങളും കുറെ ഭൂപ്രദേശമുള്ള സ്ഥലം എന്നൊഴിച്ചാൽ കാര്യമായ വിഭവങ്ങൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. 1996 ലെ ഐ.സി.ഡി.എസ്. കനേഷുമാരി പ്രകാരം ആകെ 35650 ജനങ്ങളാണ് താമസിക്കുന്നത്. എന്നാൽ നാം ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ ഈ അവസ്ഥയിൽ നിന്നും മാറ്റം വരുത്താൻ സാധിക്കും എന്നതിൽ സംശയമില്ല.

## ജനങ്ങളും വിഭവങ്ങളും

നമ്മുടെ പഞ്ചായത്തിൽ 90% ജനങ്ങളുടേയും ജീവിതമാർഗ്ഗം കൃഷിയാണ്. മുഖ്യമായിട്ടുള്ളതും കൃഷിയിൽനിന്നുമുള്ള വരുമാനവുമാണ്. എന്നാൽ വ്യവസായികമായി നമുക്ക് വളരാൻ സാധിച്ചിട്ടില്ല. നമ്മുടെ ജനങ്ങളിൽ ഏകദേശം 2000ത്തോളം ആളുകൾ ഗൾഫിൽ ജോലിചെയ്യുന്നു. അവരെ ആശ്രയിച്ചു ഏകദേശം 6000 ആളുകൾ ജീവിക്കുന്നു.

വളരെ വികസനം കുറഞ്ഞ ഒരു പഞ്ചായത്താണ് നമ്മുടേത്. എന്നാൽ തുച്ഛമായ വീട്ടുവാടകയും സർക്കാരിൽ നിന്നു ലഭിക്കുന്ന ഗ്രാൻറുകളും ഉപയോഗിച്ച് കഴിയുന്നത്ര വാർഡുകളിൽ വികസനം നടത്തുവാൻ പഞ്ചായത്ത് ശ്രമിച്ചിട്ടുണ്ട്. എന്നാൽ ജനങ്ങൾക്ക് ആവശ്യമായ വികസനം നടത്തുവാൻ നമുക്ക് സാധിച്ചിട്ടില്ല എന്ന സത്യം എല്ലാവരും അംഗീകരിക്കുന്ന ഒന്നാണ്.

## കെട്ടിടനികുതി

പഞ്ചായത്തിനു സ്വന്തമായിട്ടുള്ള മുഖ്യ വരുമാന മാർഗ്ഗം കെട്ടിട നികുതിയാണ്. എന്നാൽ ഈ നികുതിയും കൃത്യമായി ലഭിക്കാത്തതിലുള്ള ബുദ്ധിമുട്ടുകൾ വളരെ കൂടുതലാണ്. കൃത്യമായി നികുതി ലഭിക്കാനുള്ള സംവിധാനം നാം ചെയ്യേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ നില താഴെ പറയുന്ന പ്രകാരമാണ്.

| വാർഡ് | ഒന്നിൽ കൂടുതൽ നിലയുള്ളവ | കോൺക്രീറ്റ് | ഓട് മേഞ്ഞവ | ഓല മേഞ്ഞവ | ആകെ കെട്ടിടങ്ങൾ |
|---|---|---|---|---|---|
| 1 | 35 | 71 | 425 | 88 | 619 |
| 2 | 10 | 10 | 287 | 92 | 399 |
| 3 | 48 | 60 | 308 | 62 | 478 |
| 4 | 45 | 40 | 407 | 148 | 640 |
| 5 | 85 | 28 | 338 | 162 | 613 |
| 6 | 106 | 31 | 217 | 103 | 457 |
| 7 | 142 | 116 | 410 | 114 | 782 |
| 8 | 110 | 31 | 342 | 126 | 609 |
| 9 | 144 | 33 | 339 | 235 | 751 |
| 10 | 147 | 45 | 372 | 305 | 869 |
| 11 | 148 | 123 | 440 | 145 | 856 |
| 12 | 211 | 60 | 321 | 265 | 857 |
| 13 | 150 | 80 | 341 | 255 | 326 |
| ആകെ | 1381 | 728 | 4547 | 2100 | 8756 |

മേൽ കെട്ടിടങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ 95-96ൽ പിരിച്ചനികുതി 18173.05കയും സർവ്വീസ് ചാർജ്ജ് ഇനത്തിൽ പിരിച്ചത് 9273.50കയുംകൂടി ആകെ 197446.59ക.യാൽ ഇത് നമ്മുടെ പഞ്ചായത്തിലെ 100% പിരിവാണ്. എന്നാൽ നമ്മുടെ കെട്ടിട നികുതി ശരാശരി ഒരു കെട്ടിടത്തിന് വസൂലാക്കുന്നത് 22.55ക.യാണ്. ഇത് കെട്ടിടങ്ങളുടെ വലിപ്പം അനുസരിച്ച് മാത്രമാണ്. എന്നാൽ ആയതു സൗകര്യങ്ങൾകൂടി കണക്കിലെടുത്ത് കുറച്ചുകൂടി വർദ്ധിപ്പിക്കേണ്ടതും അതിനു വേണ്ട ബോധവൽക്കരണങ്ങൾ വാർഡു അടിസ്ഥാനത്തിൽ നടത്തേണ്ടതുമാണ്. നികുതിപിരിവ് ലഘൂകരിക്കുവാൻ ഓരോ പ്രദേശത്തും പിരിക്കുവാനുള്ള സമയവും സ്ഥലവും നിശ്ചയിച്ചു ആളുകളുടെ സഹായത്തോടു കൂടി നടത്തിയാൽ നികുതി പിരിവിനു വേണ്ട സമയവും ചിലവുകൾ കുറക്കുവാൻ ഉതകുന്നതാണ്.

## തൊഴിൽ നികുതി.

പഞ്ചായത്തിനുള്ള മറ്റൊരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. നമ്മുടെ പഞ്ചയത്തിൽ തൊഴിൽ നികുതി ലഭിക്കേണ്ടുന്ന സ്ഥാപനങ്ങൾ കുറവാണ്. ഈ വർഷം വരെ നമ്മുടെ പഞ്ചായത്തിൽ തൊഴിൽ നികുതി പിരിക്കാവുന്ന സ്ഥാപനങ്ങൾ താഴെ പറയുന്നപ്രകാരമാണ്. 83

| സ്കൂളുകൾ | ആരോഗ്യ സ്ഥാപനങ്ങൾ | ചെറുകിട | കച്ചവടം സ്ഥാപനങ്ങൾ | ആകെ |
|---|---|---|---|---|
| 16 | 2 | 21 | 211 | 250 |

ഇതിൽ നിന്നുമായി നമുക്കു ലഭിച്ച വരുമാനം 108280ക.യാണ്. എന്നാൽ പ്രൈവറ്റ് മേഖലകളിലുള്ള പല ചെറിയ സ്ഥാപനങ്ങളും ഇതിൽ പെടാതെ പോകുന്നുണ്ട്. അതു കുറക്കുവാൻ നമ്മുടെ പഞ്ചായത്തിലെ പാങ്ങു, ചേങ്ങി, പടപ്പറമ്പ്, ചെറുകുളമ്പ്,ചട്ടിപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ ചെറുകിട വാഹനങ്ങൾക്ക് സ്റ്റാൻറ് സൗകര്യം ചെയ്ത് തൊഴിൽ നികുതിയൊ, വാഹന നികുതിയൊ ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ ഇറച്ചി കട നടത്തുന്നവർ, മത്സ്യം വിതരണം ചെയ്യുന്നവർ എന്നിവർക്കു കൂടി ചെറിയ നിരക്കിൽ നികുതി ചുമത്താവുന്നതാണ്.

എല്ലാതൊഴിൽ ചെയ്യുന്നവരേയും തൊഴിൽ നികുതി പരിധിയിൽ കൊണ്ടു വരാവുന്നതും അതു പ്രകാരം തൊഴിൽ നികുതി വരുമാനം കൂട്ടാവുന്നതാണ്.

## വിനോദ നികുതി

വിനോദ നികുതി വളരെ കുറഞ്ഞ ഒരു പഞ്ചായത്താണ് നമ്മുടേത്. ഈ നികുതിയിൽ ലഭിക്കുന്നത് ചട്ടിപ്പറമ്പിലുള്ള സിനിമാ തിയേറ്ററിൽ നിന്നുമാത്രമാണ്. 95-96ൽ ലഭിച്ച ആകെ വിനോദ നികുതി 69596.30ക.മാത്രമാണ്. അതായത് ഒരു ദിവസത്തിൽ ആവറേജ് ലഭിക്കുന്ന നികുതി 190.67ക.യാണ്. എന്നാൽ ഇതുകൂട്ടുവാനുള്ള സാഹചര്യം പരിശോധിക്കേണ്ടതാണ്. കൃത്യമായി പരിശോധന പഞ്ചായത്ത് മെമ്പർ മാരും മറ്റും നടത്തേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളിൽ പരിശോധന ഒരു പ്രധാന ഘടകമാണ്. കൂടാതെ പഞ്ചായത്ത് തലത്തിൽ ഗ്രൗണ്ട് സജ്ജമാക്കിയാൽ അതിൽ നിന്നും വരുമാനം കൂട്ടുവാൻ കഴിയും. പൊതുവെ ഫുട്ബോൾ രംഗത്തും, ക്രിക്കറ്റ് രംഗത്തും തൽപരായുള്ള ജനങ്ങളാണുള്ളത്. അതിനുള്ള സൗകര്യം ഉണ്ടായാൽ വിനോദ നികുതി വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്.

## മറ്റു ധനാഗമ മാർഗ്ഗങ്ങൾ

മറ്റു ധനാഗമ മാർഗ്ഗങ്ങൾ എന്നു പറയാൻ നമുക്കു ഒന്നും തന്നെയില്ല. റവന്യു ഡിപ്പാർട്ടുമെൻറിൽ നിന്ന് വർഷങ്ങൾക്കു തരിശ്ശായ ചില ഭൂമികൾ പഞ്ചായത്തിനു കൈമാറിയിട്ടുണ്ട്. അവ ഏതെന്ന് തിട്ടപ്പെടുത്തി പഞ്ചായത്തിനു ലീസ് നൽകുകയോ മറ്റു ആവശ്യക്കാരെ ഏൽപ്പിച്ചു വരുമാനം ഉണ്ടാക്കാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൻെറ മധ്യഭാഗത്തിൽ കൂടി പെരിന്തൽമണ്ണ-കോട്ടക്കൽ റോഡ് കടന്നു പോവുന്നു. ഒരു മണിക്കൂറിൽ 72ഓളം വാഹനങ്ങൾ ചെറുതും വലുതുമായി കടന്നു പോകുന്നു. എന്നാൽ പഞ്ചായത്ത് ബസ്സ്റ്റാൻറ് ടാകസി, ഓട്ടോറിക്ഷാ സ്റ്റാൻറുകൾ ഈ റോഡിൽ ഉണ്ടാകുന്ന പക്ഷം ദിവസവും നല്ലൊരു വരുമാനം പഞ്ചായത്തിനു ഉണ്ടാക്കാവുന്നതാണ്.

34

നമ്മുടെ പഞ്ചായത്തിൽ 31 കരിങ്കൽ ക്വാറികൾ ഉള്ളതായി കാണുന്നു. ഈ ക്വാറിയിൽ നിന്നും ലഭിക്കുന്ന കല്ലുകൾ പരിസരപ്രദേശങ്ങളിൽ കെട്ടിടനിർമ്മാണത്തിനായി പോയിക്കൊണ്ടിരിക്കുന്നു. എന്നാൽ ഇതിൽ നിന്നും ഇപ്പോൾ പഞ്ചായത്തിനു യാതൊരു വരുമാനവും ഇല്ല. അങ്ങിനെയുള്ള കരിങ്കൽ ക്വാറികൾക്ക് കല്ല് കച്ചവടത്തിനുള്ള ലൈസൻസ് നൽകുകയും ക്വാറിയുടെ വരുമാനം കണക്കാക്കി നികുതി പിരിക്കാവുന്നതുമാണ്.

ഇതുപോലെ മെഷിനറി ഉപയോഗിച്ച് നടത്തുന്ന 19ചെങ്കൽ ക്വാറികൾക്കും മേൽ പറഞ്ഞ രൂപത്തിലുള്ള നികുതിയിനത്തിൽ പഞ്ചായത്തിനു വരുമാനം കൂട്ടാവുന്നതാണ്.

## ബേങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ പാങ്ങ് ഭാഗം പാങ്ങ് സർവ്വീസ് ബേങ്കിൻെറ കീഴിലും കുറുവ ഭാഗം മക്കരപ്പറമ്പ ബാങ്കിൻെറ കീഴിലും പ്രവർത്തിക്കുന്നു. കൂടാതെ എസ്.ബി.ടി. യുടെ ഒരു ശാഖ പാങ്ങിൽ പ്രവർത്തിക്കുന്നു. വളരെയധികം ആളുകൾ ഗൾഫുനാടുകളിൽ ജോലി ചെയ്യുന്നവരാണ്. അവരിൽ നിന്നും പഞ്ചായത്തിനു സ്വന്തമായി ഒരു ഡെപ്പോസിറ്റ് സ്കീം തുടങ്ങി 10വർഷത്തെക്കോ മറ്റോ ബാങ്കിൽ നിക്ഷേപിച്ച് ആകെ കിട്ടുന്ന പലിശയിൽ 50% പഞ്ചായത്തിനും 50% ഡെപ്പോസിറ്റർക്കും താലൂക്കായാൽ 50% ധനംമാത്രം പഞ്ചായത്തിൻെറ സ്വന്തമായ വരുമാനമാക്കാം. അതേ സമയം നമ്മുടെ സഹകരണ രംഗത്തും ആയത് ഒരു ഗുണകരമായിതീരും. ഇതിൽ പ്രഗത്ഭരായ ഒരു ടീം പ്രവർത്തിച്ചാൽ തീർച്ചയായും വലിയൊരുവരുമാനം നമുക്കു ലഭിക്കും. കൂടാതെ ബേങ്കിൽ നിന്നും ലഭിക്കുന്ന അറ്റാദായത്തിൽ നിന്നും നിർബന്ധമായും ഒരു വിഹിതം പഞ്ചായത്തിനു ലഭിക്കേണ്ടതാണ്.

## ചിലവുകൾ

നമ്മുടെ പഞ്ചായത്തിൻെറ വരവു ചിലവുകൾ താഴെ പറയും പ്രകാരമാണ്.

| ഗ്രാൻറ് ലഭിച്ചത് | | | | | | |
|---|---|---|---|---|---|---|
| വി.ആർ.എം. | എം.പി. | കടസ്ഥാപന നികുതി | ജെ.ആർ.വൈ | | അൺ എയ്ഡ്ഡ് | ആകെ |
| 35514.00 | 15000.00 | 327592.00 | 288249.00 | 262465.00 | 328500.00 | 1257320.00 |

| വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചത് | | | | | |
|---|---|---|---|---|---|
| പൊതു മരണം | ആരോഗ്യം | കൃഷി | ഹരിജന ക്ഷേമം | മറ്റുള്ളവ | ആകെ |
| 183765.00 | 31015.00 | 589751.00 | 545.00 | 5200.00 | 816276.00 |

| ചിലവുകൾ | | | | | | |
|---|---|---|---|---|---|---|
| ഭരണം | പൊതു മരാമത്ത് | വിദ്യാഭ്യാസം | ജല വിതരണം | തെരുവു വിളക്കുകൾ | മറ്റുള്ളവ | ആകെ |
| 387066.25 | 320378.00 | 1245.00 | 21034.00 | 27348.00 | 512829.00 | 1269901.25 |

**പൊതു സാമ്പത്തിക നില**

| | |
|---|---|
| ആകെ വരവ് | 1530199.85 |
| ആകെ ചിലവ് | 1269901.25 |

നമ്മുടെ ചിലവിൽ ഭരണത്തിനു വേണ്ടി 30% ഉം, പൊതു മരാമത്തിനു വേണ്ടി 25.23% ഉം ചിലവഴിച്ചിരുന്നു. ഏറ്റവും വലിയ ചിലവുകളും ഇവതന്നെയാണ്.

## ചില നിർദ്ദേശങ്ങൾ

നമ്മുടെ പഞ്ചായത്തിനു സ്വന്തമായി വരുമാനം വളരെ കുറവാണ്. ആയതിനു നാം ഒത്തൊരുമിച്ച് ശ്രമിച്ചാൽ വലിയ മാറ്റം വരുത്തുവാൻ സാധിക്കും.

നമ്മുടെ പഞ്ചായത്തിൽ വയലുകൾ ധാരാളമുണ്ട്. ഈ വയലുകളിൽ അധികവും രണ്ടു വിളകളാണ് കൃഷിചെയ്യുന്നത്. എന്നാൽ ഇവ മുഴുവൻ എല്ലാകാലത്തും ഏതെങ്കിലും കൃഷി പ്രത്യേകിച്ച് പച്ചക്കറി കൃഷി വളരെ ഉചിതമാണ്. ആയതിനു പഞ്ചായത്തു വകയായി വയലുകളിൽ കൂടി ഒഴുകുന്ന തോടുകളുടെ ഇരു വശവും പടുത്ത് വെള്ളം ശേഖരിച്ചു അവ കൃഷിക്കു ഉപയോഗപെടുത്തിയാൽ വെള്ളം നൽകുന്നതിനുള്ള നികുതിയായി പഞ്ചായത്തിനു വരുമാനം ഉണ്ടാക്കാൻ കഴിയും. അതെസമയം പച്ചക്കറി നമ്മുടെ നാട്ടിലെ ഒരു വിൽപന ഇനമാക്കി ജനങ്ങളുടെ സൗകര്യവും സാമ്പത്തിക സ്ഥിതിയും ഉയർത്തുവാൻ കഴിയും.

ഇപ്പോൾ നല്ല സ്ഥലങ്ങളിൽ പലതും പുഞ്ചസ്ഥലമായി മാറിയിരിക്കുന്നു. അങ്ങിനെ സ്ഥലം മാറ്റിയിട്ടുള്ള സ്ഥലക്കാർക്ക് ഭൂസെസ്സ് ഏർപ്പെടുത്തിയും ചെറിയ വരുമാനം ഉണ്ടാക്കാൻ കഴിയും.

വ്യവസായികമായി നമ്മുടെ പഞ്ചായത്ത് വളരെ പിന്നിലാണ്. കണക്കു പ്രകാരം നമ്മുടെ പഞ്ചായത്തിലെ ചെറുകിട വ്യവസായങ്ങൾ 21എണ്ണം മാത്രമാണ്. വ്യവസായ വളർച്ച ഏതൊരു സ്ഥലത്തിൻെറയും വികസനത്തിന് വളരെ സഹായകമായ ഒരു ഘടകമാണ്. ആയതിൽ പഞ്ചായത്ത് ചെറിയ വിലക്ക് ലഭിക്കുന്ന ഭൂമി കൂടുതലായി വാങ്ങി അവിടേക്ക് വെള്ളവും വൈദ്യുതിയും ഗതാഗത സൗകര്യവും ഏർപ്പെടുത്തിയാൽ വ്യവസായം തുടങ്ങുവാൻ ആളുകൾ സന്നദ്ധരാവും. അങ്ങനെയുള്ള വ്യവസായ എസ്റ്റേറ്റുകൾ ഒന്നോ രണ്ടോ നമ്മുടെ പഞ്ചായത്തിലും സ്ഥാപിക്കാവുന്നതാണ്. അങ്ങിനെ വരുമ്പോൾ കെട്ടിട നികുതി, ലൈസൻസും, തൊഴിൽ നികുതി തുടങ്ങിയ ഇനങ്ങളിൽ പഞ്ചായത്തിനു വരുമാനമുണ്ടാക്കുവാൻ കഴിയും, കൂടാതെ റെഡിമെയ്ഡ് ഡ്രസ്സുകൾ, നാളികേര വ്യവസായം, റബ്ബർ അതീഷ്ടിതമായ വ്യവസായം തുടങ്ങിയ ചെറുകിട വ്യവസായങ്ങൾക്ക് രൂപം നൽകുവാൻ നമ്മുടെ പഞ്ചായത്തിൽ വളരെ സാദ്ധ്യതകളുണ്ട്.

നമ്മുടെ പഞ്ചായത്തിൽ കോഴിവളർത്തൽ ഒരു കുടിൽ വ്യവസായമായി തുടങ്ങാവുന്നതാണ്. അതിനു ആവശ്യമായ കോഴികുഞ്ഞുങ്ങൾ ഉൽപാദിപ്പിക്കുന്ന ഒരു ഹാച്ചറി തന്നെ നമ്മുടെ പഞ്ചായത്തിലെ 5-ാം വാർഡിൽ ഇന്നു പ്രവർത്തിക്കുന്നുണ്ട്.

## നിർദ്ദേശങ്ങൾ

ചുരുക്കത്തിൽ വരുമാനം കുറഞ്ഞ അഥവാ വിഭവ സമാഹരണത്തിൽ വളരെ പിന്നിലായ നമുക്ക് കുറെയൊക്കെ മുന്നോട്ടു പോകുവാൻ

1. കെട്ടിട നികുതികൾ പരിഷ്കരിക്കുക

2. പുതിയ വാഹന സ്റ്റാൻറുകൾക്ക് രൂപം നൽകുക

3.കളി സൗകര്യത്തിനുള്ള ഗ്രൗണ്ടുകളുണ്ടാക്കുക

4.ഗൾഫിൽ ജോലി ചെയ്യുന്നവരിൽ നിന്നും ഡെപ്പോസിറ്റ് സ്വീകരിച്ച് ബേങ്കിൽ നിക്ഷേപിക്കുക

86 5. നിലവിലുള്ള തോടുകളിൽ വെള്ളം സേകരിച്ച് കൃഷിക്കു വിതരണം നടത്തി നികുതി ഈടാക്കുക.

6. പാടങ്ങൾ തരം തിരിച്ച് വീടു വെച്ചവർക്കും ദീർഘകാല കൃഷിചെയ്യുന്നവർക്കും ഭൂസെസ്സ് ചുമത്തുക

7.വ്യവസായ എസ്റ്റേറ്റുകൾക്ക് രൂപം നൽകി നികുതികൾ വർദ്ധിപ്പിക്കുക

8.കരിങ്കൽ കോറികൾക്കും ചെങ്കൽകോറികൾക്കും സ്പെഷൽ നികുതി ചുമത്തുക, അതിന് ലൈസൻസ് നൽകാനുള്ള അധികാരം പഞ്ചായത്തുകൾക്കാക്കുക

9.പഞ്ചായത്തുകളിലെ റോഡു സൈഡുകളിൽ തേക്ക്, വീങ്ങ് തുടങ്ങിയ വൃക്ഷങ്ങൾ നട്ടുപ്പിടിപിപക്കുക

10.വിഭവസമാഹരണബോധവൽകരണം വ്യാപകമാക്കുക

11.ചെറുകിട വ്യവസായങ്ങൾക്ക് സൗകര്യവും പ്രോത്സാഹനവും നടത്തുക

12. പഞ്ചായത്തിൽ ആഴ്ച ചന്തകളും കന്നുകാലി ചന്തയും ഉണ്ടാക്കുക

13.പഞ്ചായത്തിൽ പുറംമ്പോക്ക് സ്ഥലങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിച്ച് വാടകക്ക് ലഭ്യമാക്കുക

14. കുന്നുംപ്രദേശങ്ങളിൽ ഹൗസിംഗ് കോംപ്ലക്സ് നിർമ്മിക്കുക. തുടങ്ങിയവക്കു രൂപം കൊടുത്താൽ നമ്മുടെവിഭവങ്ങൾ വർദ്ധിപ്പിക്കാൻ കഴിയും എന്ന കാര്യത്തിൽ സംശയമില്ല.

നമ്മുടെ പഞ്ചായത്ത് പ്രത്യേകമായി രണ്ടു ഭാഗമായി കിടക്കുകയാണ്. കുറുവ ഭാഗവും പാങ്ങ് ഭാഗവും. ഈ രണ്ട് ഭാഗങ്ങളിലും ചന്തകൾ പഞ്ചായത്ത് സ്ഥാപിച്ചാൽ പഞ്ചായത്തിന് വരുമാനവും ജനങ്ങൾക്ക് സൗകര്യവുമാവും. കൂടാതെ പൊതുവെ കന്നുകാലികളെ ഇഷ്ടപ്പെടുന്ന ആളുകളായതിനാൽ വിപുലമായ ഒരു കന്നുകാലി ചന്തക്കും നമ്മുടെ പഞ്ചായത്തിൽ വളരെ സാധ്യതയുണ്ട്.



## ഉപസംഹാരം

വികസനത്തെക്കുറിച്ച് ജനസാമാന്യത്തിൻെറ മനസ്സിലുള്ള ധാരണ മാറ്റിയെടുത്തേ പറ്റൂ. സ്കൂളും,റോഡും,പാലവും,കുടിവെള്ളവുമായാൽ ഒരു പ്രദേശം വികസിതമായി എന്നാണ് നാം ധരിച്ചുവെച്ചിരിക്കുന്നത്. സമൂഹത്തിൻെറ നാനാമുഖമായ അഭിവൃദ്ധിക്കു നൽകുന്ന ക്രമാനുസൃതവും, നിരന്തരവുമായ ഒരു പ്രക്രിയയാണ് വികസനം.

ഇന്നത്തെ വികസന സമ്പ്രദായം അശാസ്ത്രീയമാണെന്നതിൽ സംശയമില്ല. ഇന്ന് വികസനത്തിൻെറ കാര്യത്തിൽ വേണ്ടത്ര ജന പങ്കാളിത്തമില്ല എന്നാണതിനുള്ള പ്രധാന കാരണം. മറ്റൊന്ന് പദ്ധതികൾ ശരിയായ രൂപത്തിലും, ഭാവത്തിലും ആവിഷ്കരിക്കപ്പെടുന്നില്ല എന്നതും.

അധികാരം ഉപരിതലത്തിൽ കേന്ദ്രീകൃതമായതിനാൽ തൊട്ടതിനൊക്കെ വിവിധ വകുപ്പു മേധാവികളെ സമീപിക്കേണ്ട അവസ്ഥയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കുള്ളത്. ഇത് അവസാനിക്കണം. പരമാവധി അധികാരങ്ങൾ വികേന്ദ്രീകൃതമാവണം. ജനജീവിതത്തിൻെറ സമസ്ഥമേഖലകളേയും ചൂഴ്ന്നു നിൽക്കുന്ന അഴിമതികളിൽ നിന്നും 'വികസന മേഖല' പൂർണ്ണമായും വിമുക്തമാക്കപ്പെടണം.

സാമ്പത്തിക ഭദ്രതയാണ് വികസനത്തിൻെറ വഴിത്വരിതവും, സുഗമവുമാക്കുന്നത് എന്ന് നമുക്കറിയാം. സമൂഹത്തിലെ സാമ്പത്തിക ശേഷിയുള്ളവരിൽ നിന്നും, വിവിധ ഏജൻസികളിൽ നിന്നുമൊക്കെ ഫണ്ട് ശേഖരിച്ച് പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയണം. പഞ്ചായത്തിനകത്തെ യുവ ശക്തി ശ്രമദാനം തുടങ്ങിയ കൂട്ടായ യഞ്ജത്തിലൂടെ പ്രയോജന പ്പെടുത്താനും ശ്രമിക്കണം.

പദ്ധതികളാവിഷ്കരിക്കേണ്ടത് തികച്ചും വസ്തു നിഷ്ടമായ സമീപനത്തിലൂടെയാണ്. പൊതു രംഗത്തെ തർക്കങ്ങൾക്ക് പ്രധാനമായും കാരണമാകുന്നത് പ്രശ്നങ്ങൾ വസ്തു നിഷ്ടമായി വിലയിരുത്തപ്പെടുകയും, പരിഹരിക്കപ്പെടുകയും ചെയ്യുന്നില്ലാ എന്നതാണ്. പദ്ധതികൾക്ക് മുൻഗണന നൽകാനുള്ള മാനദണ്ഡം അതെത്രത്തോളം ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്നു എന്നതായിരിക്കണം.

നമ്മുടെ ഗ്രാമ പഞ്ചായത്തിൻെറ വിസ്തൃതി പദ്ധതികൾ നടപ്പാക്കുന്നേടത്ത് ചിലതടസ്സങ്ങൾ സൃഷ്ടിക്കുന്നതായി കാണുന്നു. രണ്ടു റവന്യൂ വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്ത് വലിപ്പത്തിൻെറ കാര്യത്തിൽ വളരെ മുൻ പന്തിയിലാണ്. പഞ്ചായത്ത് അടിയന്തിരമായി വിഭജിക്കപ്പെടണം. അതോടൊപ്പം തന്നെ കുറുവ വില്ലേജും വിഭജിക്കപ്പെടേണ്ടതുണ്ട്. ആസൂത്രിത പദ്ധതികളുടെ ത്വരിതഗതിയിലുള്ള നടത്തിപ്പിന് അത്യന്താപേക്ഷിതമാണ്.

റിപ്പോർട്ടുകളെഴുതാനുപയോഗിക്കുന്ന കടലാസുകളിലൊതുങ്ങിയ നിരവധി പരിപാടികളിലൂടെ ലജ്ജിപ്പിക്കുന്ന ഒരു ഭൂതകാലം നമ്മുടെ സംസ്ഥാനത്തിനും, രാജ്യത്തിനുമൊക്കെയുണ്ട്. എന്നാൽ അതുപോലുള്ള ഒരു മാമൂൽ പരിപാടിയല്ല ജനകീയാസൂത്രണ പ്രസ്ഥാനം. കേരളീയ ഗ്രാമങ്ങളിൽ സമൂലമായ പരിവർത്തനം ലക്ഷ്യമാക്കിയുള്ളതാണ് തികച്ചും വ്യത്യസ്ഥമായ ഈ ജനകീയ മുന്നേറ്റം. ഇത് പ്രാദേശിക കൈകുത്തിനും ദേശീയോദ്കരണത്തിനും കാരണമാകണം. ജനകീയ പ്രസ്ഥാനങ്ങളുടെ സമയ ബന്ധിതവും, അഴിമതി വിമുക്തവുമായ പരിഹാരങ്ങൾക്ക് ഈ പുത്തൻ വികസന രാഷ്ട്രീയം പ്രയോജനപ്പെടുമ്പോഴേ സംയുക്തമായ ഈ സംരഭത്തിന് ഫലപ്രാപ്തിയുണ്ടാകുന്നുള്ളൂ.

കക്ഷി രാഷ്ട്രീയത്തിനും, എല്ലാ അഭിപ്രായ വ്യത്യാസങ്ങൾക്കും അതീതമായി ആബാലവൃദ്ധം പങ്കെടുക്കുന്ന ഈ പരിപാടി നമ്മുടെ പഞ്ചായത്തിലെ ജനജീവിതത്തിൻെറ സമസ്ത മേഖലകളിലും ഒരു പൊളിച്ചെഴുത്തിന് വഴിതെളിയിക്കണം. അതിനായുള്ള സംരഭത്തിൽ സർവാത്മനാ സഹകരിക്കുമെന്ന് നമുക്കീയവസരത്തിൽ പ്രതിജ്ഞയെടുക്കാം.

കുറുവ ഗ്രാമ പഞ്ചയത്തിനെ വികസന രംഗത്ത് ഒരു മാതൃകയാക്കിമാറ്റാൻ നമുക്കു കഴിയുമെന്ന പ്രതീക്ഷയോടും, ഇതൊരുക്കാൻ ആത്മാർത്ഥമായി സഹകരിച്ച നല്ലവരായ എല്ലാവർക്കും നന്ദിപ്രകാശിപ്പിച്ചു കൊണ്ടും ഈ വികസന സെമിനാറിൽ സന്നിഹിതരായവരുടെ സജീവമായ ചർച്ചക്കും വേണ്ടി ഈ വികസന റിപ്പോർട്ട് സമർപ്പിക്കുന്നു.

എന്ന്
പി.സുബൈദ,
പ്രസിഡൻറ്,കുറുവ ഗ്രാമ പഞ്ചായത്ത്.

# Notes

# Notes

# Notes

# വികസന രേഖ തയ്യാറാക്കിയ വിദഗ്ദ്ധ സമിതി.

ജന: കൺവീനർ : കക്കേങ്ങൽ മുഹമ്മദ് ഹനീഫ.

**1, ആമുഖം,സാമൂഹിക സാംസ്കാരിക ചരിത്രം**
കെ.കെ. കോയിമർ മാസ്റ്റർ (കൺവീനർ)
താറയിൽ ഐദ്രു മാസ്റ്റർ
കെ.പി. അബ്ദുറഹിമാൻ
കെ.പി. അബ്ദുറഹിമാൻ കുട്ടി.

**2, ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി.**
കെ.പി. കുഞ്ഞലവി മാസ്റ്റർ (കൺവീനർ)
പി. അബൂബക്കർ

**3, കൃഷിയും, ജലസേചനവും.**
അനക്കോരത്ത് അബ്ദുൽകരീം (കൺവീനർ)
പി. ഹംസ മാസ്റ്റർ.
പി. സൈതലവി.

**4, മൃഗസംരക്ഷണവും, മത്സ്യബന്ധനവും.**
യു.എ. ജലീൽ (കൺവീനർ)
പി.കെ. മുഹമ്മദ് എന്ന കുഞ്ഞാപ്പു.
പി.കെ. അബ്ദുൽ അസീസ്

**5, വിദ്യാഭ്യാസം**
പി.പി. അബൂബക്കർ മാസ്റ്റർ (കൺവീനർ)
പി.വി. ഉണ്ണീൻ മാസ്റ്റർ
കരുവള്ളി വീരാൻ കുട്ടി മാസ്റ്റർ
പി. അബ്ദുല്ലത്തീഫ്

**6, കുടിവെള്ളവും, പൊതുജനാരോഗ്യവും**
വരിക്കോടൻ അബ്ദുൽ നാസർ (കൺവീനർ)
പി. മുഹമ്മദ് എന്ന കുഞ്ഞു.
പിലാത്തോട്ടത്തിൽ യൂസുഫ്
തലാപ്പിൽ അസീസ്.

**7, വ്യവസായം.**
എം. അബ്ദുൽ മജീദ് (കൺവീനർ)
എം.പി.അലവിക്കുട്ടി മാസ്റ്റർ
പി. ഉമർ.

**8, ഗതാഗതം ഊർജ്ജം മാർക്കറ്റ്**
പൂഴിത്തറ അശ്റഫ് (കൺവീനർ)
മുല്ലപ്പള്ളിയൂസുഫ്
പി.കെ. അഹമ്മദ്.
പി. അബ്ദുല്ലക്കുട്ടി.
കെ.പി. കുഞ്ഞാപ്പുട്ടി.

**9, പാർപ്പിടവും, സാമൂഹ്യക്ഷേമവും**
പടിക്ക ഉണ്ണീൻ (കൺവീനർ)
കെ. അബ്ദുറഹിമാൻകുട്ടി.
മുഖാരി മാസ്റ്റർ.
പഴേടത്ത് അലി.
എ.പി. ഉണ്ണികൃഷ്ണൻ.
കെ.ടി. റഫീഖ്

**10, സംസ്കാരം**
എം. ബഷീർ മാസ്റ്റർ (കൺവീനർ)
ചെറുകുഞ്ഞിക്കോയ തങ്ങൾ.
യു. ബീരാൻ

**11, വനിത.**
കോപ്പിലാൻ സുഹറാബി (കൺവീനർ)
പി. അബൂബക്കർ
പി. കമ്മാലി.

**12, സഹകരണ സംഘങ്ങൾ**
ഇ.പി. ഗോപിനാഥൻ (കൺവീനർ)
പൂഴിത്തറ ബഷീർ

**13, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം**
കെ.പി. കുഞ്ഞലവി മാസ്റ്റർ (കൺവീനർ)
വി.പി. ഗിരീഷ് കുമാർ
എ.പി. ഉണ്ണികൃഷ്ണൻ.

**14, വിഭവ സമാഹരണം.**
പാലത്തിങ്ങൽ അബൂബക്കർ (കൺവീനർ)
യു.എ. ജലീൽ
എം. ബഷീർ മാസ്റ്റർ.
പി. കുഞ്ഞിമുഹമ്മദ് എന്ന ബാപ്പുക.
വി. അബ്ദുൽ നാസർ


KURUVA GRAMA PANCHAYAT
BLOCK : MANKADA.
KOOTTILANGHADY GRAMA PANCHAYAT
N
KODOOR GRAMA PANCHAYA
MAKKARAPARAMBU. Pt.
PUZHAKKATTIRY PANCHAYAT
PONMALA PANCHAYAT
MOORKANAD PANCHAYAT
MARAKKARA PANCHAYAT
EDAYOOR PANCHAYAT.
VETTICHIRA KOOTTILANGHADY ROAD
1
2
3
4
5
6
7
8
9
10
11
12
13
PANCHAYAT BOUNDR
WARD BOUNDARY
ROADS
RIVER CANAL
JUNCTIONS
INSTITUTIONS.
DRAWN FOR DIST. TASKFORCE